# വരൾച്ചയും വളർച്ചയും

## പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 683 562

# വരൾച്ചയും വളർച്ചയും

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 683 562, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:
**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 682 311**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80

●

All rights reserved with the publisher

# ആമുഖം

Gladys Aylward ചൈനയിലെ ഒരു മിഷനറി ആയിരുന്നു. അവർ അവിടെ നൂറ് അനാഥ ബാലികമാരെ സംരക്ഷിച്ചുപോന്നു. ഏതാണ്ട് ഒരൻപതു വർഷം മുമ്പ് അവരുടെ താമസസ്ഥലമായ Yuncheng, ജപ്പാൻ സൈന്യം ആക്രമിച്ചു. ചൈനയുടെ സുരക്ഷിതമേഖലകളിലേക്ക് ഒരേ ഒരു സഹായിയോടുകൂടെ ഗ്ലാഡിസ് അനാഥ ബാലികമാരെ നൂറുപേരേയും കൂട്ടിക്കൊണ്ട് പർവ്വതങ്ങളുടെ മറപറ്റി ഓടിക്കൊണ്ടിരുന്നു. ആ മഹതി ആ യാത്രയിൽ വളരെ പരവശയായിത്തീർന്നു. ഭയം അവരെ ഗ്രസിച്ചു. ഉറക്കമില്ലാത്ത രാത്രികൾ!

ഒരു ദിവസം അവർ ഉണർന്നപ്പോൾ സുരക്ഷിതസ്ഥാനത്ത് എത്തുമെന്ന് പ്രത്യാശയില്ലാതെ കടുത്ത നിരാശയിൽ വിഷമിച്ചു കൊണ്ടിരുന്നു. അപ്പോൾ ആ ഗ്രൂപ്പിലുള്ള പതിമൂന്നു വയസ്സുള്ള ഒരു കുട്ടി മോശ യിസ്രായേൽ ജനത്തെ ചെങ്കടലിൽക്കൂടി നടത്തിയ കഥ പറഞ്ഞ് ഗ്ലാഡിസ്സിന്റെ ഭയമകറ്റാൻ ശ്രമിച്ചു. അതു കേട്ട് ഗ്ലാഡിസ് നെടുവീർപ്പോടെ പറഞ്ഞു: “ഞാൻ മോശയല്ലല്ലോ.” അപ്പോൾ ആ പെൺകുട്ടി പറഞ്ഞു: “തീർച്ചയായും മമ്മ മോശയല്ല. എന്നാൽ അന്നത്തെ ദൈവം തന്നെയാണ് ഇന്നത്തെ ദൈവം. ദൈവത്തിനു മാറ്റമില്ലല്ലോ.”

അതെ, ദൈവം മാറ്റമില്ലാത്തവനാണ്. ചെങ്കടൽ പിളർന്നവൻ! പാറയിൽ നിന്ന് വെള്ളം പുറപ്പെടുവിച്ചവൻ! മാറായിലെ കയ്പ്പ് വെള്ളത്തെ മധുരമാക്കിയവൻ! മരുപ്പറമ്പിൽ മേഘം കൊണ്ട് തണൽ വിരിച്ചവൻ! യോസേഫിനെ കാരാഗൃഹ

ത്തിൽ പതിമൂന്ന്കൊല്ലം കാത്തവൻ! ഏലിയാവിന്റെ യാഗപീഠത്തിൽ അഗ്നി ഇറക്കിയവൻ! ഭയചകിതരായ ശിഷ്യന്മാർക്കുവേണ്ടി കൊടുങ്കാറ്റിനേയും കടലിന്റെ ഓളത്തെയും ശാന്തമാക്കിയവൻ! ആ ദൈവം സർവ്വവല്ലഭനാണ്. അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ട്:

*"നിന്റെ ഭാരം യഹോവയുടെമേൽ വച്ചുകൊൾക; അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല."*

*സങ്കീർത്തനങ്ങൾ 55 : 22*

ഈ തിരുവചനം എന്നെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തതുകൊണ്ടാണ് ഞാൻ വീണ്ടും വീണ്ടും പുസ്തകങ്ങൾ എഴുതുന്നത്. തലമുറകൾ മാറും; കാലം മാറും. പുസ്തകങ്ങളിൽ കൂടെ പകരുന്ന സന്ദേശം ഒന്നുമാത്രം: ക്രിസ്തു ജീവിക്കുന്നു. ക്രിസ്തു ഇന്നും പ്രവർത്തിക്കുന്നു. ക്രിസ്തു ഇന്നും ആശ്വാസമരുളുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾ ക്ഷമിച്ചുതന്ന് വിശ്വാസത്തിലും വിശുദ്ധിയിലും സ്നേഹത്തിലും നമ്മെ നയിക്കുന്നു.

ക്രൂശിലെ നിസ്തുലസ്നേഹത്തിലേക്ക് നാമോരോരുത്തരും എത്തിച്ചേർന്നാൽ നമ്മുടെ ഐഹികജീവിതത്തിൽ ശാന്തിയും നിത്യതയിൽ സ്വർഗ്ഗസൗഭാഗ്യവും ലഭിക്കും. വരണ്ടുപോയ ജീവിതത്തിൽ പുതിയ ചൈതന്യം പ്രദാനംചെയ്യാൻ യേശുക്രിസ്തു ജീവിക്കുന്നു. വരൾച്ച മാറ്റി വളർച്ച തരുന്ന ക്രിസ്തുവിന്റെ അപ്രമേയ സ്നേഹത്തെ അനുഭവിച്ചതാണ് എന്റെ ഓരോ പുസ്തകവും വരച്ചുകാണിക്കുന്നത്. ഇപ്പോൾ ഇതാ, എന്റെ നൂറ്റിപ്പത്താമത്തെ പുസ്തകം നിങ്ങളുടെ കൈകളിലേക്ക് ഞാൻ തരികയാണ്.

ഈ ഗ്രന്ഥത്തിന്റെ പണിപ്പുരയിൽ നിദ്രാവിഹീനരായി, നിസ്തന്ദ്രമായി അദ്ധ്വാനിച്ച എന്റെ ആത്മീയസഹോദരങ്ങ

ളോട് നന്ദിപറയാൻ എനിക്ക് വാക്കുകളില്ല. അവരെ എല്ലാവരേയും കരുണയുള്ള കർത്താവിന്റെ കരങ്ങളിലേക്ക് അർപ്പണം ചെയ്യുകയാണ്. അവിടുത്തെ രണ്ടാമത്തെ വരവിൽ കർത്താവായ യേശുക്രിസ്തു അവർക്ക് പ്രതിഫലം കൊടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

സവിനയം,

**എം.വൈ. യോഹന്നാൻ സാറ്**

# ഒന്ന്

*"അത് അവനെ എവിടെവച്ചു പിടിച്ചാലും അവനെ തള്ളിയിടുന്നു; പിന്നെ അവൻ നുരച്ച് പല്ലുകടിച്ച് വരണ്ടുപോകുന്നു. അതിനെ പുറത്താക്കേണ്ട തിന്ന് ഞാൻ നിന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ട് അവർക്കു കഴിഞ്ഞില്ല എന്ന് ഉത്തരം പറഞ്ഞു."*

*മർക്കോസ് 9 : 18*

വളരെ ദയനീയമായ അനുഭവമുള്ള ഒരു മനുഷ്യൻ! വളരെ വിഷമിച്ച് തന്റെ മകനേയും കൊണ്ടാണ് വന്നിരിക്കുന്ന ത്. മകൻ ഒരു ദുരാത്മാവ് ബാധിച്ചവനാണ്. പക്ഷേ, നിർഭാഗ്യ വശാൽ അവർക്ക് യേശുവിനെ കാണാൻ കിട്ടുന്നില്ല. യേശു, താബോറിന്റെ മുകളിലേക്ക് കയറിപ്പോയിരിക്കുകയാണ്. എപ്പോഴാണ് വരുന്നത് എന്ന് അറിയില്ല.

അപ്പൻ മകനെ താഴ്വരയിൽ കർത്താവിന്റെ ശിഷ്യന്മാ രുടെ അടുക്കൽ കൊണ്ടുവന്നു. ഇവന്റെമേലുള്ള ദുരാത്മാ വിനെ ഒന്നു നീക്കിത്തരേണം എന്ന് അപേക്ഷിച്ചു. "ഇവന് ദുർഭൂതം ബാധിച്ചിരിക്കുകയാണ്. അശുദ്ധാത്മാവ്, ഇവനെ പലപ്പോഴും തള്ളിയിടുന്നു. വായിൽ നിന്ന് നുരയും പതയും വരുന്നു. അവൻ വരണ്ടുപോകുന്നു. ഇവനെ ഒന്നു സൗഖ്യമാ ക്കണം."

വരണ്ടുപോകുന്ന അനുഭവം! അനേകരുടെ ജീവിതത്തിൽ ഇന്നു വരൾച്ചയാണ്. ഒരു നാമ്പ് കിളിർക്കുമെന്ന പ്രതീക്ഷയില്ല. വരണ്ടുപോയി.

അനേകരുടെ ജീവിതത്തിൽ ഭാവിയെക്കുറിച്ച് ആശയ്ക്കു വകയില്ല. ഏതുവഴിക്ക് നോക്കിയാലും പ്രതീക്ഷയില്ല. എല്ലാ വാതിലും അടഞ്ഞു. എല്ലാ വഴിയും അടഞ്ഞു. ഒരു കൈത്താങ്ങൽ തരാൻ ആരുമില്ല. ഒരു നല്ല വാക്കു പറയാനും എന്റെ പ്രയാസത്തിൽ സഹതാപം കാണിക്കാനും ആരുമില്ല. ഞാൻ ഇന്ന് ഏകാകിയായി വലയുകയാണ്.; വരണ്ടിരിക്കുന്നു. എവിടെ നോക്കിയാലും എങ്ങനെ നോക്കിയാലും വരൾച്ചയാണ്.

കൈ വരണ്ടിരിക്കുന്നു. മോന് ഫീസ് കൊടുക്കണം. പൈസയില്ല. പിള്ളേർക്ക് ഡ്രസ്സ് വാങ്ങണം. പക്ഷേ, പൈസയില്ല. ആകെ വലഞ്ഞിരിക്കുന്നു. ചികിത്സിക്കാൻ പൈസയില്ല. മാറി മാറി രോഗം വരുന്നു. ചികിത്സയ്ക്കു മാർഗ്ഗമില്ല. വലിയ കടമാണ് വന്നുകൂടിയത്. കടം വീട്ടാൻ മാർഗ്ഗമില്ല. എല്ലാം വരൾച്ച.

ആരോഗ്യം വരണ്ടിരിക്കുന്നു! സമ്പത്ത് വരണ്ടിരിക്കുന്നു! സമാധാനം വരണ്ടിരിക്കുന്നു! സ്നേഹം വരണ്ടിരിക്കുന്നു! വിശ്വാസം വരണ്ടിരിക്കുന്നു! ആത്മീയജീവിതത്തിന്റെ പുഷ്ടിയെല്ലാം വരണ്ടുപോയിരിക്കുന്നു!

വരൾച്ച എന്നുപറഞ്ഞാൽ, കുറച്ചു വളർന്നു പിന്നെ മുരടിച്ചു നിൽക്കുകയാണ്. എവിടംവരെ വന്നോ അവിടെ മുരടിച്ചു നിൽക്കുന്നു. വരൾച്ചയിൽ വലയുന്ന ആളുകളുണ്ട്. വരൾച്ചയുടെ അനുഭവത്തിൽ വലഞ്ഞുപോയ കാലങ്ങളെക്കുറിച്ച് നിങ്ങൾക്കും ഓർക്കാം. രോഗംമൂലം വലഞ്ഞുപോയ കാലങ്ങൾ! ചികിത്സിച്ചു. പക്ഷേ, ആരോഗ്യം കിട്ടുന്നില്ല. രോഗം മാറുന്നില്ല.

സ്നേഹം വരണ്ടുപോയാൽ എന്തു ചെയ്യും? ഭർത്താവിന്റെ സ്നേഹം വരണ്ടുപോയി. ഒരു സമയത്തു സ്നേഹമുണ്ടായിരുന്നു. പക്ഷേ, ഇന്ന് അതെല്ലാം വരണ്ടുപോയി. ഭാര്യയ്ക്ക് കല്യാണം കഴിഞ്ഞ കാലങ്ങളിൽ എന്തു വിനയമായിരുന്നു! എത്ര ആർദ്രതയോടെയാണ് ഭർത്താവിന്റെ കാര്യം അന്വേഷിച്ചിരുന്നത്! മക്കളൊക്കെ ആയി. ഇപ്പോൾ എന്നോടുള്ള

സ്നേഹം കുറഞ്ഞുപോയി. എന്നോടുള്ള കരുതൽ കുറഞ്ഞു പോയി. സ്നേഹം വരണ്ടുപോയി.

വിശ്വാസം വരണ്ടുപോയി. ഒരുകാലത്തു നല്ല വിശ്വാസ മായിരുന്നു. ദൈവത്തിൽ വിശ്വാസം. ദൈവമക്കളിൽ വിശ്വാ സം. ദൈവവചനത്തിൽ വിശ്വാസം. നല്ല ഉത്സാഹമായിരുന്നു. ഇപ്പോൾ എന്താ എനിക്കിങ്ങനെ വന്നത്? എന്റെ കുടുംബം എന്താ ഇങ്ങനെ വരണ്ടുപോയത്? എനിക്ക് എന്താണ് ഒരു ആക്കം കിട്ടാത്തത്? ബിസിനസ്സിൽ പരാജയപ്പെടുന്നു. കുടും ബജീവിതത്തിൽ പരാജയപ്പെടുന്നു. പരീക്ഷകളിൽ പരാജയ പ്പെടുന്നു. ജോലിയിൽ പരാജയപ്പെടുന്നു. തൊടുന്നതിൽ എല്ലാം പരാജയപ്പെടുന്നു.

ദൈവം എന്റെ കാര്യം മറന്നുപോയിരിക്കുമോ? ദൈവം എന്റെ കാര്യം ഓർക്കുന്നില്ലായിരിക്കുമോ? ദൈവം എന്റെ കാര്യം അന്വേഷിക്കുന്നില്ലായിരിക്കുമോ? ഞാൻ പറയുന്ന തൊക്കെ ദൈവം കേൾക്കുന്നില്ലായിരിക്കുമോ? എന്റെ പ്രാർത്ഥന കർത്താവ് ശ്രദ്ധിക്കുന്നില്ലായിരിക്കുമോ? ഒരു കാലത്ത് നല്ല വിശ്വാസമായിരുന്നു. ഇന്നു വിശ്വാസം വരണ്ടുപോയി.

ഈ അപ്പൻ മോനേയും കൊണ്ടുവരുമ്പോൾ മോനേക്കു റിച്ച് അപ്പന് പറയാനുള്ളത് അവൻ വരണ്ടുപോകുന്നു എന്നാണ്. ജീവനുണ്ട്. ശ്വാസമുണ്ട്. പക്ഷേ, ചലനമില്ല. എന്തു സങ്കടമാണത്!

ഇന്ന് ക്രിസ്തീയ വിശ്വാസികൾ പലരും അങ്ങനെയാണ്. ജീവനുണ്ട്. പക്ഷേ, ചലനമില്ല. ചൈതന്യമില്ല. ഉത്സാഹമില്ല. ആത്മീയമായ കാര്യങ്ങളിൽ ഒരു കുതിപ്പില്ല. കുതിച്ചു മുന്നേറേ ണ്ടതാണ് ജീവിതം. പക്ഷേ, എല്ലാം തളർന്നുപോയി.

ഈ അപ്പൻ മോനേയും കൊണ്ടുവന്നു. ഒരു ഊമനായ ആത്മാവാണ് അവനെ പിടിച്ചിരിക്കുന്നത്. എന്റെ മോൻ മിണ്ടു കയില്ല, ശബ്ദം പുറത്തു വരികയില്ല. കുഞ്ഞായിരുന്നപ്പോൾ നല്ല ചടുലമായി സംസാരിക്കുന്നവനായിരുന്നു. നല്ല

ഉത്സാഹമുള്ളവനായിരുന്നു. പക്ഷേ, എപ്പോഴോ ഒരു ദുരാത്മാവ് അവനെ പിടിച്ചു, ബന്ധിച്ചു. ആ അപ്പന് സഹിക്കുന്നില്ല.

*"അവൻ ശിഷ്യന്മാരുടെ അടുക്കെ വന്നാറെ വലിയ പുരുഷാരം അവരെ ചുറ്റിനിൽക്കുന്നതും ശാസ്ത്രിമാർ അവരോടു തർക്കിക്കുന്നതും കണ്ടു. പുരുഷാരം അവനെ കണ്ട ഉടനെ ഭ്രമിച്ചു ഓടി വന്നു അവനെ വന്ദിച്ചു. അവൻ അവരോട്: നിങ്ങൾ അവരുമായി തർക്കിക്കുന്നത് എന്ത് എന്നു ചോദിച്ചു. അതിന്നു പുരുഷാരത്തിൽ ഒരുത്തൻ: ഗുരോ, ഊമനായ ആത്മാവുള്ള എന്റെ മകനെ ഞാൻ നിന്റെ അടുക്കൽ കൊണ്ടുവന്നു. അത് അവനെ എവിടെവച്ചു പിടിച്ചാലും അവനെ തള്ളിയിടുന്നു; പിന്നെ അവൻ നുരച്ചു പല്ലു കടിച്ചു വരണ്ടുപോകുന്നു. അതിനെ പുറത്താക്കേണ്ടതിന്നു ഞാൻ നിന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ട് അവർക്ക് കഴിഞ്ഞില്ല എന്നു ഉത്തരം പറഞ്ഞു."*

*മർക്കോസ് 9 : 14 – 18*

ഒരു ദുരാത്മാവ് ഏതുനേരത്ത് എവിടെ വച്ചുപിടിച്ചാലും അവനെ തള്ളിയിടുന്നു. പിന്നെ അവൻ നുരച്ചു പല്ലുകടിച്ച് വരണ്ടുപോകുന്നു.

വെട്ടിയിട്ട തടിപോലെ അവൻ അനങ്ങാതെ കിടക്കും. ശിഷ്യന്മാരോട് ഇവനെ സൗഖ്യമാക്കുവാൻ ആവശ്യപ്പെട്ടു. പക്ഷേ, സാധിച്ചില്ല.

*"അവിശ്വാസമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും? എത്രത്തോളം നിങ്ങളെ പൊറുക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു ഉത്തരം പറഞ്ഞു."*

*മർക്കോസ് 9 : 19*

യേശു ശിഷ്യന്മാരോടു പറയുകയാണ്: നിങ്ങൾ എന്റെ

കൂടെ നടന്നവരല്ലേ? ഈ വലിയ ശുശ്രൂഷ നിങ്ങളെയല്ലേ ഏല്പിച്ചത്? പാമ്പുകളേയും തേളുകളേയും ശത്രുവിന്റെ സകല ബലത്തേയും ചവിട്ടുവാൻ നിങ്ങൾക്ക് അധികാരം തരുന്നു എന്നു ഞാൻ നിങ്ങളോടു പറഞ്ഞതല്ലേ? നിങ്ങൾ ഇത്ര അവിശ്വാസികളായിപ്പോയല്ലോ. ഒരു അത്യാവശ്യക്കാരൻ വന്നപ്പോൾ സഹായിക്കാൻ കഴിയാതെ പോയല്ലോ.

ചിലർക്ക് അവിശ്വാസം; ചിലർക്ക് അല്പവിശ്വാസം; ചിലർക്ക് അന്ധവിശ്വാസം; ചിലർക്ക് സാക്ഷാൽ വിശ്വാസം, വലിയ വിശ്വാസം. അല്പവിശ്വാസമുള്ളവരുണ്ട്. പക്ഷേ, തികഞ്ഞ വിശ്വാസം - കടുകുമണിയോളം വിശ്വാസമില്ല. കടുകുമണി എത്ര ചെറുതാണെങ്കിലും അതിനകത്ത് കാമ്പ് നിറഞ്ഞുമുറ്റി നിൽക്കുകയാണ്.

ചിലർ അന്ധവിശ്വാസമുള്ളവരാണ്. കോതമംഗലം പള്ളിയിൽ കൊണ്ടുപോയി കുഞ്ഞിനെ മാമ്മോദീസ കഴി ച്ചാൽ പ്രത്യേക അനുഗ്രഹം, പരുമല പള്ളിയിൽ കൊണ്ടു പോയി മാമ്മോദീസ കഴിച്ചാൽ കൂടുതൽ അനുഗ്രഹം എന്നൊക്കെ ചിന്തിക്കുന്ന ആളുകൾ ഇന്നും ഉണ്ട്. ഇതെല്ലാം എത്ര മൗഢ്യമായ വിശ്വാസങ്ങളാണ്! ഏതു പള്ളി ആയാ ലെന്ത്? മാമ്മോദീസ ആത്മാവിൽ അനുഭവിക്കണം. തലതൊടു ന്നയാൾ ആ കുട്ടിക്കുവേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കുകയാണ്, ഈ കുട്ടി വളർന്നു വരുമ്പോൾ ഈ കുട്ടിയെ ഞാൻ അഭ്യസിപ്പിച്ചു കൊള്ളാം.

സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹായെ ഞാൻ സ്വീകരിക്കുന്നു എന്നു മൂന്നു പ്രാവശ്യം സമർപ്പണം പറഞ്ഞ്, കുട്ടിയെ സാത്താനെ ഉപേക്ഷിക്കുന്നവനായും മശിഹായെ സ്വീകരിക്കുന്നവനായും ഞാൻ വളർത്തിക്കൊള്ളാം എന്ന് ദൈവത്തോട് ഉടമ്പടി ചെയ്യുകയാണ്. തലതൊടുന്ന ആൾ ഇത് ചിന്തിക്കുന്നുണ്ടോ? ഒന്നും ചിന്തിക്കുന്നില്ല.

നിങ്ങൾക്ക് ഒരു വിശ്വാസം കിട്ടുന്നെങ്കിൽ മഹാഭാഗ്യമാണ്.

വിശ്വാസം ഒരു വരദാനമാണ്. വിശ്വാസം ദൈവം തരുന്ന ഒരു കൃപയാണ്. വിശ്വസിക്കുവാൻ സാധിക്കുന്നെങ്കിൽ മഹാഭാഗ്യ മാണ്. എന്നെ എപ്പോഴും കാണുന്ന എന്റെ യേശു ജീവിക്കു ന്നു. അവൻ എന്റെ പുറം മാത്രമല്ല ഹൃദയവും കാണുന്നു. ഒരു നാൾ അവൻ മടങ്ങിവരും. അവന്റെ ക്രൂശുമരണത്തിൽ ആശ്ര യിച്ച് തിരുരക്തത്തിൽ ശരണപ്പെട്ട് സത്യമാനസാന്തരം അനുഭ വിച്ചുകഴിഞ്ഞാൽ മാത്രമേ അവൻ രണ്ടാമതു വരുമ്പോൾ അവന്റെ അടുക്കലേക്ക് ഞാൻ ചേർക്കപ്പെടുകയുള്ളൂ.

നിത്യസ്വർഗ്ഗത്തിന്റെ അവകാശി ആകണമെങ്കിൽ അവന്റെ തിരുരക്തത്തിൽ ഞാൻ ആശ്രയിക്കുകയും വിശ്വസി ക്കുകയും ചെയ്യണം. ക്രിസ്തുവിൽക്കൂടി മാത്രമേ സ്വർഗ്ഗരാ ജ്യത്തിൽ പ്രവേശനം ഉള്ളൂ. എന്നിങ്ങനെയുള്ള പൂർണ്ണവിശ്വാ സം. അതാണ് ക്രിസ്തുവിലുള്ള വിശ്വാസം.

യേശുക്രിസ്തുവിൽ നിങ്ങൾ ആശ്രയിക്കണം. ഒരു ഭക്ത നിലോ, വിശുദ്ധനിലോ, കബറിടത്തിലോ ആശ്രയിച്ചു പോക രുത്. പരിശുദ്ധന്റെ കബറിടത്തിൽ ആശ്രയിച്ചാലും രക്ഷ പ്രാപിക്കാൻ പോകുന്നില്ല. പരിശുദ്ധന്മാരെ ഞാൻ ആദരിക്കു ന്നു. പക്ഷേ, ആരാധിക്കുകയില്ല. ആരാധനയ്ക്കു യോഗ്യൻ യേശുക്രിസ്തു മാത്രം. അവന്റെ ക്രൂശിലെ തിരുരക്തമാണ് എനിക്കു മോചനം തരുന്നത്.

> *“മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടു വാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇട യിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല.”*
>
> *അപ്പൊ. പ്രവൃത്തികൾ 4 : 12*

രക്ഷിക്കപ്പെടാൻ ഒരു നാമമുണ്ട്. അത് യേശുവിന്റെ നാമ മാണ്. യേശുവിനെ നിങ്ങൾ വിളിക്കുക. എന്റെ യേശുവേ, എന്റെ കുടുംബത്തിൽ ഒരു ശാപം വന്നിരിക്കുന്നു. എന്റെ മക്കൾക്ക് ഒരു ശാപം നേരിട്ടിരിക്കുന്നു. കർത്താവേ, ഞാൻ എവിടെ പോകും? ഞാൻ പള്ളികളിൽ പോയി. പെരുന്നാളുക

ൾക്ക് പോയി. തീർത്ഥാടനങ്ങൾക്കു പോയി. ഞാൻ പന്ത്രണ്ട് ശനിയാഴ്ചകളിൽ പ്രാർത്ഥനയ്ക്കുപോയി. ആണ്ടുനോമ്പു നോക്കി. അനേകർക്കു ധർമ്മം കൊടുത്തു. പക്ഷേ, യാതൊന്നിനും എന്നെ സഹായിക്കാൻ കഴിഞ്ഞില്ല.

ആത്മാവ് രക്ഷപ്പെടണമെങ്കിൽ ക്രിസ്തുവിന്റെ തിരുരക്തത്തിൽ ആശ്രയിക്കണം. സകല പാപവും പോക്കി ശുദ്ധീകരിക്കുന്ന യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ ആശ്രയിച്ചല്ലാതെ നിങ്ങൾക്കു മോചനമില്ല.

നിങ്ങൾ ഏതു സഭയിൽ ഉള്ളവരാണെങ്കിലും ആ സഭയിൽ തന്നെ ഉറച്ചു നിന്നുകൊള്ളൂ. സഭ മാറണ്ട പക്ഷേ, നിങ്ങളുടെ ഹൃദയം മാറണം. നിങ്ങളുടെ അന്ധവിശ്വാസങ്ങളും അബദ്ധാചാരങ്ങളും ദുരഭിമാനങ്ങളും ദുരാചാരങ്ങളും മാറണം. നിങ്ങളുടെ ജീവിതത്തിലെ അവിശ്വാസം മാറി ക്രിസ്തുവിൽ ഏകാഗ്രതയോടെ വിശ്വസിക്കാൻ നിങ്ങൾക്കു സാധിക്കണം. കാണേണ്ടവനെ കാണണം. കാണേണ്ടവൻ കർത്താവായ യേശുക്രിസ്തുവാണ്.

അന്ധവിശ്വാസത്തെ കർത്താവായ യേശുക്രിസ്തു ശാസിച്ചു മാറ്റും. സത്യവിശ്വാസം, യേശുക്രിസ്തുവിലുള്ള വിശ്വാസം, പാപിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകനിലുള്ള വിശ്വാസം പുന:സ്ഥാപിച്ചെടുക്കണം. യേശുക്രിസ്തുവിൽക്കൂടി മാത്രമേ രക്ഷയുള്ളൂ. രക്ഷിക്കപ്പെടുവാൻ യേശുവിന്റെ നാമം മാത്രമേയുള്ളൂ.

> *"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്ന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."*
>
> *യോഹന്നാൻ 3 : 16*

ഏകജാതനായ പുത്രനിൽക്കൂടി മാത്രമേ രക്ഷയുള്ളൂ. അവനിൽക്കൂടി മാത്രമേ നിത്യജീവൻ ഉള്ളൂ. ഒരു ദിവസം നാം

ഇവിടെനിന്ന് കടന്നുപോകും. ഒരുപക്ഷേ, അത് അടുത്താകാം; അകലെയാകാം. എപ്പോഴായാലും അത് രാജാധിരാജന്റെ മണവറയിലേക്കായിരിക്കണം. നാം സ്വർഗ്ഗരാജ്യത്തിലെത്തണം.

ഇന്ന് നമുക്ക് കർത്താവിനോട് വാക്കു പറയാം. എന്റെ കർത്താവേ, എന്നോടു മനസ്സലിയണമേ. എന്റെ പാപങ്ങളെല്ലാം ക്ഷമിക്കണമേ. എന്റെ അന്ധവിശ്വാസം ക്ഷമിക്കണമേ. എന്റെ അവിശ്വാസം ക്ഷമിക്കണമേ. എന്റെ അല്പവിശ്വാസം ക്ഷമിക്കണമേ. ഞാൻ പൂർണ്ണവിശ്വാസത്തോടെ തിരുമുമ്പാകെ വരുന്നു. എന്റെ കുടുംബത്തിന്റെ ശാപവും എന്റെ മേലുള്ള ശാപവും മാറ്റാൻ നിനക്കു മാത്രമേ കഴിയുകയുള്ളൂ. നിന്റെ തിരുരക്തത്തിനു മാത്രമേ എന്നെ വിടുവിക്കുവാൻ സാധിക്കുകയുള്ളൂ.

ദുഷ്ടപ്പിശാച് എന്റെ കുടുംബത്തെ വലയം ചെയ്തിരിക്കുന്നു. പിശാച് എന്റെ മക്കളെ വലിച്ചുകൊണ്ടുപോകുന്നു. എന്റെ ഭർത്താവിനെ, എന്റെ ഭാര്യയെ, എന്റെ മക്കളെ അവൻ വിഴുങ്ങുന്നു. ഭർത്താവിനെ മദ്യപാനത്തിലേക്കും, മോനെ കഞ്ചാവിലേക്കും, മോളെ പ്രണയക്കുരുക്കിലേക്കും വലിച്ചിഴച്ചുകൊണ്ടുപോകുന്നു. ദൈവമേ, ഞാൻ എന്തു ചെയ്യും? കുടുംബം നശിക്കുന്നല്ലോ. എന്റെ സമാധാനം പൊയ്പ്പോയല്ലോ.

കടം വന്നു മൂടുന്നു. രോഗത്തിനു ചികിത്സിച്ചിട്ടും ഫലം കിട്ടുന്നില്ലല്ലോ. ഞാൻ എന്തു ചെയ്യും? യേശുവേ, ഞാൻ ഇതാ, അഭയപ്പെട്ട് തിരുമുമ്പാകെ വരുന്നു. നിന്റെ തിരുമുമ്പാകെ ഞാൻ എന്റെ ജീവിതം അടിയറ വെക്കുന്നു. എന്നോടു മനസ്സലിയണമേ. എന്നെ അനുഗ്രഹിക്കണമേ. യേശുവേ, ഇന്നു നീ എന്നെ രക്ഷിച്ചാൽ ഇന്നുമുതൽ ഞാൻ നിന്റെ വകയായിരിക്കും.

ഇന്നുമുതൽ ഞാൻ സത്യവിശ്വാസിയായിരിക്കും. കർത്താവേ, ഞാൻ നിർമ്മലവിശ്വാസിയായിരിക്കും. ഞാൻ

നിന്നെ സ്നേഹിക്കുന്നവനായിരിക്കും. പാപത്തിന് എന്റെമേൽ അധികാരമുണ്ടായിരിക്കയില്ല. സാത്താനോട് ഞാൻ യാത്ര പറയുന്നു. എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകനായ യേശുവിനെ ഞാൻ സ്വീകരിക്കുന്നു. യേശുവിന്റെ കരങ്ങളിലേക്ക് ഞാൻ എന്റെ ജീവിതം സമർപ്പിക്കുന്നു.

യേശുക്രിസ്തു പരസ്യശുശ്രൂഷ ചെയ്തത് മൂന്നര വർഷമായിരുന്നു. എന്നാൽ ലോകമഹാന്മാർ പലരും ജനിച്ചിട്ടുണ്ട്, വളർന്നിട്ടുണ്ട്, ജീവിച്ചിട്ടുണ്ട്. സോക്രട്ടീസ്, നാൽപ്പതു വർഷം പ്രവർത്തിച്ചു. വലിയ തത്വജ്ഞാനിയായിരുന്നു. ദാർശികനായിരുന്നു.

പ്ലേറ്റോ, അൻപതു വർഷം പ്രവർത്തിച്ചു. അദ്ദേഹം വലിയ ചിന്തകനായിരുന്നു. അരിസ്റ്റോട്ടിൽ, നാൽപ്പതു വർഷം ജീവിച്ചു. അദ്ദേഹവും അങ്ങനെതന്നെ. ഇവർ ജീവിച്ചിരുന്ന 130 വർഷത്തേക്കാൾ എത്രയോ മഹത്തായ പ്രവർത്തനപദ്ധതിയാണ് മൂന്നര വർഷംകൊണ്ട് യേശു നിവർത്തിച്ചത്!

വെറും ഇരുന്നൂറ് മൈലിനുള്ളിൽ ഒതുങ്ങി കർത്താവ് പ്രവർത്തിച്ചു. എന്നാൽ ഇന്ന് ലോകമെങ്ങും യേശുവിന്റെ സ്നേഹത്താൽ ത്രസിച്ചുകൊണ്ടിരിക്കുന്നു. ലോകമെങ്ങും വിശ്വാസികൾ ഉണർന്നുകൊണ്ടിരിക്കുന്നു. വിശ്വാസികളെ നശിപ്പിക്കാൻ പീഡകളുണ്ടായി. വിശ്വാസികളെ ശരീരമാസകലം വസ്ത്രം ചുറ്റിയിട്ട് എണ്ണയൊഴിച്ചു ജീവനോടെ തീകത്തിച്ചു പന്തംപോലെ നിർത്തി. നീറോ ചക്രവർത്തിയുടെ കൊട്ടാരത്തിനു മുമ്പിലുള്ള ഉദ്യാനത്തിൽ ഓരോ ഭാഗത്ത് വിശ്വാസികൾ നിന്നു കത്തുന്നത് നീറോചക്രവർത്തി കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ നിന്ന് കണ്ടുരസിച്ചു.

ചക്രവർത്തി തെറ്റിദ്ധരിച്ചു. വിശ്വാസികൾ പറയുന്നു: മാംസവും രക്തവും ഉൾക്കൊണ്ടെങ്കിലേ ജീവനുള്ളൂ എന്ന്. കർത്താവായ യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അവർ സ്വീകരിച്ചത് - എന്താണു തിരുശരീരം, എന്താണു തിരു

രക്തം എന്ന് - ചക്രവർത്തിക്കു മനസ്സിലായില്ല. ആരെയോ കൊന്ന് മാംസവും രക്തവും അവർ അപഹരിക്കുകയാണ് എന്നു വിചാരിച്ചുപോയി. അവരെ വച്ചേക്കരുത് എന്നു തീരുമാനിച്ച് വിശ്വാസികളെ കൂട്ടത്തോടെ നീറോ കൊന്നൊടുക്കി.

പക്ഷേ, സുവിശേഷം കെട്ടുപോയില്ല. ചില കാലങ്ങളിൽ സുവിശേഷം മങ്ങിനിന്നിട്ടുണ്ട്, ശരിയാണ്. ചില വർഷങ്ങളിൽ സുവിശേഷം ഉണർന്നു ജ്വലിച്ചില്ല, ശരിയാണ്. എന്നാൽ പിന്നീട് ഇരട്ടി ശക്തിയോടെ ജ്വലിച്ചു മുന്നേറി. പിന്നെയും വളർന്നു. സുവിശേഷത്തിന്റെ വളർച്ച തടയാൻ ഒരു ശക്തിക്കും സാധിച്ചില്ല. വോൾട്ടയർ ഒരു നിരീശ്വരനായിരുന്നു. ദൈവവിശ്വാസമില്ലാത്തവനായിരുന്നു.

വോൾട്ടയർ ഒരിക്കൽ പറഞ്ഞു: “പന്ത്രണ്ട് ശിഷ്യന്മാരെക്കൊണ്ട് യേശുക്രിസ്തു വലിയ വേലയെല്ലാം ചെയ്തു. ഞാൻ ഒരാൾ മതി ഇതു മുഴുവൻ നശിപ്പിക്കാൻ. അൻപതു വർഷത്തിനുശേഷം ഈ ഭൂമിയിൽ വേദപുസ്തകം എന്നൊരു പുസ്തകം ഉണ്ടായിരിക്കുകയില്ല. ക്രിസ്തുവിന്റെ വചനം ഉണ്ടായിരിക്കുകയില്ല. ഈ പഴഞ്ചൻ പുസ്തകം ഉണ്ടായിരിക്കുകയില്ല.”

പക്ഷേ, വോൾട്ടയർ എവിടെ ഇരുന്ന് ഇതു പറഞ്ഞുവോ ആ സ്ഥലം ഇന്ന് ബൈബിൾ സൊസൈറ്റിയുടെ ഗോഡൗൺ ആണ്. പതിനായിരക്കണക്കിന് പുസ്തകങ്ങൾ അവിടെ സംഭരിച്ചിരിക്കുന്നു. വേദപുസ്തകത്തെ തകർക്കാൻ അനേകർ നോക്കി. ദൈവമക്കളെ തകർക്കാൻ നോക്കി. ദൈവമക്കളെ ഉപദ്രവിക്കാൻ നോക്കി. സുവിശേഷത്തെ തടയാൻ നോക്കി. സാദ്ധ്യമല്ല. സുവിശേഷത്തിനു പിന്നിൽ നിത്യനായ ദൈവമാണ്. യേശുക്രിസ്തുവിന്റെ സ്നേഹമാണ്. പാപിയെ വീണ്ടെടുക്കുന്ന സ്നേഹം.

“അസാദ്ധ്യം എന്നുള്ളത് വിഡ്ഢികളുടെ നിഘണ്ടുവിൽ മാത്രമുള്ള വാക്കാണ്” എന്നു പറഞ്ഞ നെപ്പോളിയൻ,

ഫ്രാൻസിന്റെ പ്രദേശങ്ങൾ മുഴുവൻ സ്വന്തമാക്കിയതിനുശേഷം യൂറോപ്പ് മുഴുവൻ കീഴടക്കണമെന്ന് തീരുമാനിച്ചു. എല്ലാം കീഴടക്കി ലോകം മുഴുവൻ തന്റെ വരുതിയിൽ ആകുമെന്ന് നെപ്പോളിയൻ വിചാരിച്ചു. പക്ഷേ, നെപ്പോളിയൻ ട്രഫാൾഗർ യുദ്ധത്തിൽ പിടിക്കപ്പെട്ടു.

നെപ്പോളിയനെ എൽബാ ദ്വീപിലേക്ക് നാടു കടത്തി. നെപ്പോളിയൻ അവിടെ ഇരുന്നുകൊണ്ടു പറഞ്ഞു. “Able was I ere I saw Elba” എൽബാ കാണുന്നതുവരെ ഞാൻ ശക്തനായിരുന്നു. പക്ഷേ, നെപ്പോളിയന് അദ്ദേഹത്തിന്റെ ഭാര്യ ജോസഫൈൻ എഴുതിയ ഒരു എഴുത്തു കിട്ടി. ജോസഫൈൻ എഴുതി: “ഞാൻ മരിക്കേണ്ടി വന്നാലും അങ്ങയുടെ അടുത്തുവന്ന് അങ്ങയെ ശുശ്രൂഷിക്കാം. എനിക്ക് അനുമതി കിട്ടിയാൽ മതി, ഞാൻ വരും.” ആ എഴുത്ത് നെപ്പോളിയനെ ആവേശം കൊള്ളിച്ചു. എന്നെ ഇപ്പോഴും സ്നേഹിക്കാൻ ഒരാളെങ്കിലുമുണ്ടല്ലോ. നെപ്പോളിയൻ മഹാസമുദ്രം പതിനെട്ട് മൈൽ നീന്തിക്കടന്ന് തിരികെ ഫ്രാൻസിൽ എത്തി.

വീണ്ടും പ്രതാപം തിരികെ പ്രാപിച്ചു. വീണ്ടും ശക്തനായിത്തീർന്നു. അങ്ങനെയാണ് ഇംഗ്ലണ്ട് കീഴടക്കാൻ ഒരുങ്ങിയത്. ഇംഗ്ലണ്ട് കീഴടക്കാൻ ഒരുങ്ങിയ ദിവസം രാവിലെ തന്റെ സർവ്വസൈന്യാധിപനെ വിളിച്ച് അദ്ദേഹം പറഞ്ഞു: “നെപ്പോളിയൻ ഒരു കാര്യം വിചാരിക്കുന്നു, അത് നിർവ്വഹിക്കുന്നു. ഇന്ന് വൈകുന്നേരം ഫ്രഞ്ച് സാമ്രാജ്യത്തിന്റെ കൊടി ലണ്ടൻ നഗരത്തിനു മുകളിൽ പാറിപ്പറക്കും. നാം ലണ്ടൻ പിടിച്ചടക്കും.”

സർവ്വസൈന്യാധിപൻ പറഞ്ഞു: “നെപ്പോളിയൻ ഒന്നു വിചാരിക്കുന്നു. ദൈവം മറ്റൊന്നു പ്രവർത്തിക്കുന്നു.” നെപ്പോളിയൻ വീണ്ടും പറഞ്ഞു: “നെപ്പോളിയൻ ഒന്നു വിചാരിക്കുന്നു, നെപ്പോളിയൻ അതു പ്രവർത്തിക്കും.” വലിയ അഹങ്കാരമായിരുന്നു. പക്ഷേ, അന്നു നെപ്പോളിയന്റെ സൈന്യം യുദ്ധത്തിനു തയ്യാറായി മുമ്പോട്ടു പോകുമ്പോൾ ഭയങ്കരമായ പെരു

മഴ! ഒരിഞ്ച് മുമ്പോട്ടു നീങ്ങാൻ പറ്റിയില്ല. സൈന്യം അന ങ്ങാതെ നിൽക്കേണ്ടി വന്നുപോയി. ആ തക്കത്തിന് വില്ലി ങ്ടൺ പ്രഭുവിന്റെ സൈന്യം വന്ന് 1815-ലെ വാട്ടർലൂ യുദ്ധ ത്തിൽ നെപ്പോളിയനെ തോല്പിച്ചു. വൈകുന്നേരമായപ്പോൾ നെപ്പോളിയൻ ബന്ധനസ്ഥനായി. നെപ്പോളിയനെ സെന്റ് ഹെലീന ദ്വീപിലേക്ക് നാടുകടത്തി.

അവർ ആർസനിക് എന്ന വിഷം നെപ്പോളിയന്റെമേൽ കുത്തിവച്ചു. നെപ്പോളിയന്റെ ശക്തി ക്ഷയിക്കാൻ തുടങ്ങി. ശരീരം വീർത്തു വീർത്തു വന്നു. ബലം ക്ഷയിച്ചു. ബുദ്ധി മന്ദിച്ചുവ ന്നു. നെപ്പോളിയൻ ഒരു ദിവസം വിതുമ്പിക്കരഞ്ഞുകൊണ്ട് പറഞ്ഞു: "ഞാൻ ഒരു സാമ്രാജ്യം സ്ഥാപിച്ചു. ജൂലിയസ് സീസർ ഒരു സാമ്രാജ്യം സ്ഥാപിച്ചു. അലക്സാണ്ടർ ഒരു സാമ്രാജ്യം സ്ഥാപിച്ചു."

"എന്നാൽ, സീസറുടെ റോമൻ സാമ്രാജ്യം തകർന്നു. അലക്സാണ്ടറുടെ ഗ്രീക്കു സാമ്രാജ്യം തകർന്നു. എന്റെ സാമ്രാജ്യവും തകർന്നു. ഗലീലക്കാരനായ യേശുവേ, അങ്ങ യുടെ സാമ്രാജ്യം തകർന്നില്ല. അങ്ങ് വിജയിച്ചിരിക്കുന്നു." "Oh Galilean, Thou hast won! അല്ലയോ ഗലീലക്കാരാ, നീ ജയിച്ചിരി ക്കുന്നു." അരക്കാശിന്നും മുതലില്ലാത്ത, തല ചായിക്കുവാൻ ഇടമില്ലാത്ത യേശു മനുഷ്യഹൃദയങ്ങളിൽ സ്ഥാപിച്ച സ്നേഹ ത്തിന്റെ സാമ്രാജ്യം അജയ്യമായി നിലകൊള്ളുന്നു.

ആ സാമ്രാജ്യത്തിൽ നിങ്ങൾ അംഗങ്ങളായോ? യേശു വിന്റെ സ്നേഹത്തിന്റെ സാമ്രാജ്യം! അവിടെ ബന്ധനങ്ങളഴി യും. അവിടെ ശാപങ്ങൾ മാറും; പാപങ്ങൾ മാറും. വിഷമത കൾ മാറും. അവിടെ വരണ്ടുപോയ ജീവിതങ്ങൾ പുഷ്ടിപ്രാ പിക്കും.

അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ! നിങ്ങൾക്ക് എന്തെങ്കിലും കാര്യം, ഏതെങ്കിലും പ്രശ്നം യേശുവിന്റെ അടു ക്കൽ കൊണ്ടുവരാനുണ്ടോ? പ്രശ്നത്തെ എന്റെ അടുക്കൽ

കൊണ്ടുവരുവിൻ, ഞാൻ പരിഹാരം തരാം. മോളേ, നിന്റെ പ്രയാസം എന്താണ്? മോനേ, നീ ഏതു കാര്യത്തിലാണ് വലയുന്നത്?

ആർക്കും തോല്പിക്കാൻ കഴിയാത്ത യൂദായുടെ സിംഹമായ യേശുവിന്റെ അടുക്കലേക്ക് അവനെ കൊണ്ടുവരുവിൻ. നിന്റെ പ്രശ്നം എത്ര രൂക്ഷമായാലും യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവരുവിൻ. "അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ."

> *"അവനെ കണ്ട ഉടനെ ആത്മാവ് അവനെ ഇഴെച്ചു;*
> *അവൻ നിലത്തു വീണു നുരച്ചുരുണ്ടു."*
>
> *മർക്കോസ് 9 : 20*

യേശുവിനെക്കണ്ട ഉടനെ ആത്മാവ് അവനെ ഇഴച്ചു. സ്രഷ്ടാവിനെ കണ്ടപ്പോൾ അവന്റെ അകത്തുള്ള ദുരാത്മാവ് അവനെ വീഴിച്ചു. അവൻ നിലത്തുവീണു നുരച്ചുരുണ്ടു.

നിങ്ങളുടെ കുഞ്ഞുങ്ങളെ ദുരാത്മാവ് പിടിച്ചുകൊണ്ടുപോകുന്നതുകണ്ട് നിങ്ങളുടെ മനസ്സ് വേദനിക്കാറുണ്ടോ? പഠിക്കാതെ ഉഴപ്പി നടക്കുന്നതുകണ്ട് വേദനിക്കാറുണ്ടോ? അവർ മദ്യത്തിനടിമകളായി രാഷ്ട്രീയം പറഞ്ഞുകൊണ്ട് അടുത്ത മന്ത്രിയാകാൻ ഓടിനടക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ വേദന വരാറുണ്ടോ?

കർത്താവ് നോക്കുമ്പോൾ ആ ബാലകൻ, വീണ് നുരയും പതയും വന്ന് നുരച്ച് ഉരുളുന്നു. കർത്താവിന്റെ ഉള്ളലിഞ്ഞു. ഇന്ന് നിങ്ങളിൽ അനേകരെ കണ്ട് കർത്താവിന്റെ ഉള്ളലിയുന്നുണ്ട്. മോനേ, നീ വീണുകിടക്കുന്ന പടുകുഴി കർത്താവിനറിയാം. നിന്നെ പിശാച് കെട്ടിയിരിക്കുന്നത് എവിടെയാണെന്ന് കർത്താവിനറിയാം. ചിലപ്പോൾ കഞ്ചാവിലായിരിക്കാം. ചിലപ്പോൾ മയക്കു മരുന്നിലായിരിക്കാം. ചിലപ്പോൾ മദ്യത്തിലായിരിക്കാം. ചിലപ്പോൾ ഭാര്യയുമായിട്ടുള്ള വഴക്കിലായിരിക്കാം.

കുടുംബാന്തരീക്ഷമാകെ കലങ്ങുന്നു. ഇന്ന് അനേകർ പിശാചിന്റെ കൈയിലെ കളിപ്പാവകളായിത്തീർന്നിരിക്കുന്നു. എന്നും കലഹം! ഒരിക്കലും സ്വൈര്യമില്ല. യേശു ഇതെല്ലാം കണ്ട് വേദനയോടെ നോക്കി നിൽക്കുന്നു. കർത്താവിന്റെ ഉള്ളലിയുന്നു. യേശു സഹതാപത്തോടെ നോക്കുന്നു. സ്നേഹിതാ, ഇന്ന് നിന്നെ പിടിക്കാൻ ആ കരം നീട്ടുന്നുണ്ട്. നീ താണുകിടക്കുന്ന കുഴിയിൽനിന്ന് നിന്നെ കയറ്റാൻ യേശുവിന് ആഗ്രഹമുണ്ട്. യേശുവിനു മനസ്സുണ്ട്. നീ ഒന്നു വിളിച്ചപേക്ഷിച്ചാൽ മതി. നിന്റെ കരത്തിൽ പിടിച്ചുവലിച്ചു കയറ്റാൻ യേശുവിനു മനസ്സാണ്.

*"ഇത് അവന്നു സംഭവിച്ചിട്ട് എത്ര കാലമായി എന്ന് അവന്റെ അപ്പനോടു ചോദിച്ചതിന്ന് അവൻ: "ചെറുപ്പംമുതൽ തന്നേ. അതു അവനെ നശിപ്പിക്കേണ്ടതിന്നു പലപ്പോഴും തീയിലും വെള്ളത്തിലും തള്ളിയിട്ടിട്ടുണ്ട്; നിന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കേണമേ" എന്നു പറഞ്ഞു. യേശു അവനോട്: "നിന്നാൽ കഴിയും എങ്കിൽ എന്നോ വിശ്വസിക്കുന്നവന്നു സകലവും കഴിയും എന്നു പറഞ്ഞു."      മർക്കോസ് 9 : 21 – 23*

പലപ്പോഴും തീയിൽ വീണിട്ടുണ്ട്. പലപ്പോഴും വെള്ളത്തിൽ വീണിട്ടുണ്ട്. ചാടി എടുത്തില്ലെങ്കിൽ മരിക്കും. എന്റെ കർത്താവേ, നിനക്കു കഴിയുമെങ്കിൽ മനസ്സലിഞ്ഞ് എന്നെ രക്ഷിക്കേണമേ. കർത്താവു പറഞ്ഞു: "എനിക്കു കഴിയുമെങ്കിൽ എന്നോ? വിശ്വസിക്കുന്നവന്നു സകലവും കഴിയും." "അയ്യോ കർത്താവേ, ഞാൻ വിശ്വസിക്കുന്നു. എന്നോടു കരുണയുണ്ടാകണമേ." ആ പിതാവ് യാചിച്ചു

കർത്താവ് അശുദ്ധാത്മാവിനെ ശാസിച്ചു. രോഗം മാറി. അവൻ പ്രസന്നവദനനായി എഴുന്നേറ്റു വന്നു. അവന്റെ ബാധ മാറി.

ബാധയുണ്ട്. പൈശാചികബാധ ഏറിയും കുറഞ്ഞും എല്ലാവർക്കുമുണ്ട്. പൈശാചികബാധയുള്ളതുകൊണ്ടാണ് വൈരാഗ്യം മാറാത്തത്; ദുശ്ശീലങ്ങൾ മാറാത്തത്. വെറിക്കൂത്തുകൾ മാറാത്തത്. ദ്രവ്യാഗ്രഹം മാറാത്തത്. ധനം സമ്പാദിക്കുന്നതിനുള്ള വ്യഗ്രത മാറാത്തത്. അസത്യം വരുന്നത്. എല്ലാമെല്ലാം കണ്ടുപിടിച്ച് ഉപേക്ഷിക്കൂ. പാപത്തെ ഉപേക്ഷിക്കൂ. ഒരു പുതിയ ജീവിതം തുടങ്ങൂ.

നിങ്ങൾക്ക് നിങ്ങളെ ഗ്രസിച്ചിരിക്കുന്ന ഊരാക്കുടുക്കുകളിൽ നിന്ന് രക്ഷപ്പെടണമോ? വിശ്വസിച്ചാൽ അവനു കഴിയും. യേശു മനസ്സലിയുന്നു. നിന്റെ പ്രശ്നം പരിഹരിക്കാൻ യേശുവിന്നു കഴിയും. മനസ്സലിഞ്ഞ് യേശു പ്രവർത്തിക്കും. ഒന്നേ ഒന്നു മാത്രം. നിന്റെ ഹൃദയം മുഴുവൻ നീ തുറക്കുക. നിന്റെ ആവശ്യം മുഴുവൻ നീ ഏറ്റുപറയുക. കർത്താവേ, എന്നെ നീ രക്ഷിക്കണമേ. എന്നോടു മനസ്സലിയണമേ എന്നു കരയുക.

## രണ്ട്

*"ബാലന്റെ അപ്പൻ ഉടനെ നിലവിളിച്ചു: "കർത്താവേ, ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിനു സഹായിക്കേണമേ" എന്നു പറഞ്ഞു. എന്നാറെ പുരുഷാരം ഓടിക്കൂടുന്നതു യേശു കണ്ടിട്ടു അശുദ്ധാത്മാവിനെ ശാസിച്ചു: ഊമനും ചെകിടനുമായ ആത്മാവേ, ഇവനെ വിട്ടുപോ; ഇനി അവനിൽ കടക്കരുത് എന്നു ഞാൻ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ അതു നിലവിളിച്ചു അവനെ വളരെ ഇഴെച്ചു പുറപ്പെട്ടുപോയി. മരിച്ചുപോയി എന്നു പലരും പറവാൻ തക്കവണ്ണം അവൻ മരിച്ചപോലെ ആയി. യേശു അവനെ കൈക്കു പിടിച്ചു നിവർത്തി, അവൻ എഴുന്നേറ്റു. വീട്ടിൽ വന്നശേഷം ശിഷ്യന്മാർ സ്വകാര്യമായി അവനോട്: ഞങ്ങൾക്ക് അതിനെ പുറത്താക്കുവാൻ കഴിയാതിരുന്നത് എന്ത് എന്നു ചോദിച്ചു. പ്രാർത്ഥനയാൽ അല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെട്ടുപോകയില്ല എന്ന് അവൻ പറഞ്ഞു."*

*മർക്കോസ് 9 : 24 – 29*

ബാലനെ അവന്റെ അപ്പൻ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നപ്പോൾ അവർക്ക് അവനെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല. ആ അപ്പന്റെ വേദന! മോനെക്കുറിച്ചുള്ള സങ്കടം! അവന്റെ അകത്തുള്ള പിശാച് അവനെ പലപ്പോഴും തീയിലും വെള്ളത്തിലും തള്ളിയിടും. അശുദ്ധാത്മാവ് ബാധിച്ചവനാണ്. എന്തു

കൊണ്ടാണോ അവനെ അശുദ്ധാത്മാവ് ബാധിച്ചത്? തലമുറകളുടെ ശാപം വല്ലതുമാണോ?

അവന്റെ അപ്പന്റേയോ അപ്പന്റെ അപ്പന്റേയോ, അമ്മയുടേയോ, അമ്മയുടെ അപ്പന്റേയോ വല്ല തിന്മ പ്രവൃത്തികൾ കൊണ്ടു വന്നതാണോ? പിതാക്കന്മാരുടെ ശാപം! നമുക്കറിഞ്ഞുകൂടാ. അതൊന്നും കർത്താവ് ഇവിടെ പറയുന്നില്ല. ഏതായാലും ഈ ബാലൻ പലപ്പോഴും സുബോധമില്ലാത്തവനായിത്തീരും. ചിലപ്പോൾ തീയിലേക്കു വീഴും. ചിലപ്പോൾ വെള്ളത്തിലേക്കു വീഴും.

അവന്റെ അകത്തുള്ള ദുരാത്മാവാണ് ഇതൊക്കെ ചെയ്യുന്നത്. അവൻ അറിഞ്ഞുകൊണ്ടല്ല. പലപ്പോഴും മനുഷ്യർ അറിഞ്ഞുകൊണ്ടല്ല പല പല തിന്മകൾ വരുന്നത്. ചീത്ത വാക്കുകൾ നാവിൽ വരുന്നതും ചീത്ത പ്രവൃത്തികളിലേക്ക് വശീകരിക്കപ്പെടുന്നതും അവർ അറിഞ്ഞുകൊണ്ടല്ല. ഏതോ ഒരു ശക്തി കൊണ്ടുപോകുകയാണ്.

ഒരു ചെറുപ്പക്കാരൻ ഊണുകഴിഞ്ഞ് വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. വീടിനടുത്തുതന്നെ ഒരു വർക്ക്ഷോപ്പുണ്ട്. അവന്റെ സ്വന്തം വർക്ക്ഷോപ്പാണ്. പക്ഷേ, അവൻ വാടകയ്ക്ക് കൊടുത്തതാണ്. പലനാൾ പറഞ്ഞിട്ടും വാടകക്കാരൻ ഒഴിഞ്ഞുപോകുന്നില്ലായിരുന്നു. അവൻ അന്ന് വാടകക്കാരൻ ഒഴിഞ്ഞുപോകാത്തത് എന്താണ് എന്നു ചോദിക്കുവാനായിട്ട് പോയി. ഭാര്യ പറഞ്ഞു: “വേണ്ട, ഈ രാത്രിയിൽ പോകണ്ട.” ഏതോ ഒരു ശക്തി വലിച്ചുകൊണ്ടുപോകുന്നതുപോലെ അവൻ ഭാര്യയുടെ വാക്കുപോലും കേൾക്കാതെ പോയി. പിന്നെ അവന്റെ dead body ആ വർക്ക്ഷോപ്പിൽ കിടക്കുന്നതാണ് കണ്ടത്. അവൻ അന്നു കൊല്ലപ്പെട്ടു.

ആരോ വലിച്ചുകൊണ്ടുപോകുന്നതുപോലെയാണ് അനേകർ പാപത്തിലേക്കു പോകുന്നത്. മദ്യത്തിലേക്ക് പിശാച് വലിച്ചുകൊണ്ടുപോകും. ചില അശുദ്ധ സ്ത്രീകളിലേക്ക് പിശാച് വലിച്ചുകൊണ്ടുപോകും. ചില അശുദ്ധ പുരു

ഷന്മാരിലേക്ക് പിശാച് വലിച്ചുകൊണ്ടുപോകും. പിശാചാണ് കൊണ്ടുപോകുന്നത്. എത്രപറഞ്ഞാലും തലയിൽ കയറുകയില്ല.

മോനേ, ആ ബന്ധം വേണ്ട. അതു ദോഷമാണ്. അത് നമ്മുടെ സമുദായത്തിനു ചേർന്നതല്ല. പക്ഷേ, എത്ര പറഞ്ഞാലും മോന് മനസ്സിലാകയില്ല. മോളേ, അത് നമുക്ക് ചേർന്നതല്ല. സമുദായം അന്യമാണെന്നു മാത്രമല്ല പഠിച്ചു മിടുക്കിയായിട്ട് കുറെക്കഴിഞ്ഞ് വിവാഹം ആലോചിക്കാമല്ലോ. മോളേ, നിനക്കു ഞാൻ നല്ല വിവാഹം ആലോചിച്ചു തരാം. എത്ര പറഞ്ഞാലും മോൾക്ക് തലയിൽ കയറുകയില്ല.

കാരണം, ഒരു വലിയ ദുഷ്ടശക്തി അവളെ ഞെരിക്കുകയാണ്. ഒരു ഭീകരശക്തി എവിടെ ഒക്കെയോ കൊണ്ടുപോയി നശിപ്പിക്കാനും അനേകർക്കു കാഴ്ചവയ്ക്കാനുമാണ് കൊണ്ടു പോകുന്നത്. ഒരുപക്ഷേ, പിന്നെ ഈ ബാഹ്യലോകം കാണാൻ വയ്യാത്ത അധോലോകത്തിലേക്കാണ് കൊണ്ടുപോകുന്നതെന്ന് പാവം പെൺകുട്ടി അറിയുന്നില്ല.

അനേകരുടെ മുമ്പിൽ കാഴ്ചവസ്തുവായി, വില്പനച്ചരക്കായി മാറും എന്ന് അവൾ അറിയുന്നില്ല. ഒരു പ്രേമം എന്നോ, പ്രണയം എന്നോ ഒക്കെ പറയുന്ന infatuation-നു കീഴ്പ്പെട്ട് അവൾ പോകുന്നു. അവസാനം വന്നുചേരുന്നത് ഭയാനകമാണ്. തിരുത്താനാകാത്ത നഷ്ടം!

അനേകർ അരുതാത്ത കൂട്ടുകെട്ടിലേക്കു പോകുന്നു. വേണ്ട, വേണ്ട എന്നു തീരുമാനിച്ചതാണ്. പിന്നെയും അറിയാതങ്ങു പോകുന്നു. ഒരു ദുഷ്ടശക്തി വലിച്ചുകൊണ്ടുപോകുന്നു.

കോപിക്കയില്ല എന്നു തീരുമാനിച്ചു. പിന്നെയും കോപിക്കുന്ന സാഹചര്യം വരുന്നു. കോപിച്ചു പോകുന്നു. തീരുമാനം കോപിക്കുകയില്ല, ഇനി ഞാൻ വാഗ്വാദത്തിനു കൂട്ടുനിൽക്കുകയില്ല, ഞാൻ തർക്കിക്കാൻ നിൽക്കുകയില്ല എന്നാണ്.

ഭർത്താവിനു ഞാൻ വിനയപ്പെടും എന്നാണ്. എന്നാൽ ചില പ്പോൾ ശബ്ദം ഉയരും. അപ്പോഴാണ് ഭർത്താവിനെ തേജോ വധം ചെയ്യുന്ന രീതിയിൽ സംസാരിക്കുന്നത്. ഭർത്താവിനെ മാത്രമല്ല ഭർത്താവിന്റെ ആളുകളേയും കുറ്റപ്പെടുത്തുന്ന രീതി യിലുള്ള സംസാരം വരുന്നു. അത് അവന്റെ മനസ്സിൽ മുറി വേൽപ്പിക്കുന്നു. അപ്പോൾ അവൻ തിരിച്ച് എന്തെങ്കിലും പറയു കയോ പ്രവർത്തിക്കുകയോ ചെയ്യുന്നു. ആകെ കലഹമായി. വിവാഹമോചനത്തിലേക്കു പോകുന്നു.

ദുഷ്ടശക്തിയാണ് നിങ്ങളുടെ മക്കളെ പിടിച്ചുകൊണ്ടു പോകുന്നത്. പ്രിയപ്പെട്ടവരേ, നിങ്ങൾ നിങ്ങളുടെ മക്കളെ ഓർത്ത് കരയാറുണ്ടോ? മക്കളെ കർത്താവിന്റെ പാദത്തിൽ വച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ടോ? മക്ക ളേയും മക്കളുടെ മക്കളേയും കർത്താവിന്റെ പാദത്തിലേക്കു കൊടുത്തുകൊണ്ട് പ്രാർത്ഥിക്കാറുണ്ടോ?

എന്റെ കർത്താവേ, ഇവരെ പിശാച് പിടിച്ചുകൊണ്ടുപോ കരുതേ. ഇവരെ ശത്രുവായ സാത്താൻ തള്ളി നശിപ്പിക്കരുതേ. ഇവരെ തീയിലും വെള്ളത്തിലും തള്ളിയിട്ട് നശിപ്പിക്കരുതേ. അഗ്നിപ്പൊയ്കയിലേക്ക് ഇവരെ തള്ളിക്കളയരുതേ. കർത്താ വേ, എന്റെ കുഞ്ഞുങ്ങളോടു നീ മനസ്സലിയണമേ. പാപത്തി ലേക്കു പോകാതെ കാക്കണമേ.

സ്കൂളിലേക്കും കോളേജിലേക്കും പോകുമ്പോൾ അവ രുടെ ചുറ്റും വലയം സൃഷ്ടിക്കണമേ. ചുറ്റും മാലാഖമാരെ കാവലാക്കി നിർത്തണമേ. എന്റെ കുഞ്ഞിന്റെമേൽനിന്ന് രോഗത്തിന്റെ ബാധ മാറ്റിത്തരണമേ. നിങ്ങളുടെ കുഞ്ഞ് ഉറ ങ്ങിക്കിടക്കുമ്പോൾ ആ കുഞ്ഞിനെ തൊട്ടുകൊണ്ട് നിങ്ങൾക്കു പറയാം: കർത്താവേ, ഈ കുഞ്ഞിനെ ഞാൻ നിനക്കായി സമർപ്പിക്കുന്നു. ഈ കുഞ്ഞിന്റെമേൽനിന്ന് എല്ലാ ബാധകളും മാറ്റണമേ.

എന്റെ മേലുള്ള ചില ബാധകൾ ഈ കുഞ്ഞിന്റെ മേലു ണ്ട്. ഞാൻ ചെയ്തുപോയ ചില തെറ്റുകളുടെ കുറ്റങ്ങൾ ഈ

കുഞ്ഞിനെ പിന്തുടരുന്നുണ്ട്. യേശുവേ, എന്റെ ജീവിതത്തിൽ സംഭവിച്ചുപോയ പാപങ്ങൾ ഈ കുഞ്ഞിന്റെമേൽ വരരുതേ. അതിന്റെ ദോഷം ഈ കുഞ്ഞിനു വരരുതേ. ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടോ?

മക്കളെ ദൈവകരങ്ങളിലേക്ക് കൊടുക്കണം. നമ്മുടെ സ്വത്ത് നമ്മുടെ മക്കളാണ്. നമ്മുടെ ആത്മീയം നിലനിർത്തേണ്ടത് മക്കളാണ്. നമ്മുടെ സമ്പത്ത് നിലനിർത്തേണ്ടത് മക്കളാണ്. സ്വർഗ്ഗരാജ്യത്തിന്റെ പിന്തുടർച്ച നിലനിർത്തേണ്ടത് നമ്മുടെ മക്കളാണ്. മക്കൾ നഷ്ടപ്പെട്ടു പോകരുത്. മക്കൾ പിശാചിന്റെ കെണിയിൽ ആകരുത്. മക്കൾക്കുവേണ്ടി നിങ്ങൾ കരയണം. മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം.

മക്കളെ കർത്താവിന്റെ കരങ്ങളിലേക്കു കൊടുക്കണം. ഞാൻ എന്റെ രക്ഷകന്റെ കൈയിലേക്ക് എന്റെ മോനെ കൊടുത്തിരിക്കുന്നു. അവന്റെമേലുള്ള എന്റെ അവകാശം ഞാൻ കൈവിട്ടിരിക്കുന്നു. എന്റെ മകളുടെമേലുള്ള അവകാശവും അധികാരവും ഞാൻ കൈവിട്ടിരിക്കുന്നു. യേശുവേ, നിനക്കാണ് അവകാശം. നിനക്കാണ് അധികാരം. ഇഷ്ടംപോലെ നീ പ്രവർത്തിച്ചുകൊള്ളുക.

> *"ഞാൻ ബാലനായിരുന്നു, വൃദ്ധനായിത്തീർന്നു; നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല."*
> *സങ്കീർത്തനം 37 : 25*

> *"ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല."* *സങ്കീർത്തനം 34 : 10*

നിങ്ങൾ നീതിമാനായി നിന്നുകൊണ്ട് ദൈവത്തോട് അഭയയാചന ചെയ്യണം. ദൈവത്തോടു പ്രാർത്ഥിക്കണം. കർത്താവേ, എന്റെ കുഞ്ഞിനെ നീ കാത്തുകൊള്ളണേ.

ആ അപ്പൻ കർത്താവിനോടു പറഞ്ഞു: എന്റെ കുഞ്ഞിന്റെ

കാര്യത്തിൽ നിന്റെ ശിഷ്യന്മാർക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. നിനക്കു സാധിക്കുമെങ്കിൽ നീ പ്രവർത്തിക്കണം. അവൻ ആരോടാണു പറയുന്നത് എന്ന് അവൻ അറിയുന്നില്ല. ശിഷ്യന്മാരേയും യേശുവിനേയും അവന് കാണേണ്ടതുപോലെ കാണാൻ പറ്റിയില്ല. യേശു ആരാണ്? ശിഷ്യന്മാർ ആരാണ്? അവനു മനസ്സിലായില്ല.

നിങ്ങൾ പറയണം: കർത്താവേ, നിനക്ക് ഏറ്റവും നല്ലതു ചെയ്യാൻ കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കു വേണ്ടി ഏറ്റവും നല്ലതു നീ പ്രവർത്തിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ബിസിനസ്സിന്റെ കാര്യത്തിൽ യേശുക്രിസ്തു ഏറ്റവും നല്ലത് പ്രവർത്തിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. തകർച്ചയുടെ വക്കിൽ എത്തിയിരിക്കുന്ന, കടത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന എനിക്ക് ഏറ്റവും നല്ലത് നീ ചെയ്തുതരും എന്ന് ഞാൻ വിശ്വസിക്കുന്നു.

കർത്താവ് പറഞ്ഞു: “വിശ്വസിക്കുന്നവന്ന് സകലവും കഴിയും.” നിനക്കു വിശ്വാസം ഉണ്ടോ? സാക്ഷാൽ ദൈവപുത്രനെ നീ വിശ്വസിക്കുന്നുണ്ടോ? ജീവനുള്ള ദൈവത്തിന്റെ മുമ്പാകെയാണ് വന്നിരിക്കുന്നത് എന്ന് നിനക്ക് വിശ്വാസമുണ്ടോ? ആരുടെ മുമ്പിലാണ് നിന്റെ പ്രശ്നവുമായി വന്നിരിക്കുന്നത് എന്ന് നിനക്കു വിശ്വാസമുണ്ടോ? നീ വിശ്വസിക്കുന്നുവെങ്കിൽ സകലവും കഴിയും. സംശയിക്കേണ്ട.

സാക്ഷാൽ സഹായം ഉന്നതങ്ങളിൽ നിന്നാണ് വരുന്നത്. എന്റെ സഹായം എവിടെനിന്നു വരും? എനിക്കു സഹായം ആകാശവും ഭൂമിയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു.

ദൈവം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് ആരറിഞ്ഞു? ചിലപ്പോൾ തോൽവിയിൽക്കൂടിയായിരിക്കും!

വിട്ടുകൊടുക്കുവിൻ. വിശ്വാസത്തോടെ അടുത്തുചെന്ന് പ്രാർത്ഥിപ്പിൻ. നിങ്ങളുടെ എല്ലാ ആവശ്യങ്ങളും ദൈവസന്നി

ധിയിലേക്കു കൊണ്ടുവരുവിൻ.

ആ അപ്പൻ മകനേയുംകൊണ്ട് യേശുവിന്റെ അടുക്കൽ വന്നു. "എന്റെ അവിശ്വാസം എന്നോടു ക്ഷമിക്കണേ. ഞാൻ വിശ്വസിക്കുന്നു. എന്നെ സഹായിക്കണമേ" എന്നു പറഞ്ഞു. നമ്മുടെ അല്പത്വങ്ങളും ബലഹീനതകളും എല്ലാം പൊറുക്കുന്നവനാണ് ദൈവം. ദൈവം ക്രൂരനല്ല. ദൈവം സ്നേഹം മാത്രമാണ്. ദൈവം ഒരിക്കലും നമ്മുടെ നേരെ കോപിക്കുന്നവനല്ല.

"അവന്റെ കോപം ക്ഷണനേരത്തേക്കേ ഉള്ളൂ. അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്." എന്നെ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുന്നത് ദൈവത്തിന്റെ കരുണയാണ്. അത് എന്നെ കൂടുതൽ വിശുദ്ധിയുള്ളവനാക്കാനാണ്.

> *"യേശു അവനോട്: നിന്നാൽ കഴിയും എങ്കിൽ എന്നോ, വിശ്വസിക്കുന്നവന്നു സകലവും കഴിയും എന്നു പറഞ്ഞു. ബാലന്റെ അപ്പൻ ഉടനെ നിലവിളിച്ചു: കർത്താവേ, ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ എന്നു പറഞ്ഞു. എന്നാറെ പുരുഷാരം ഓടിക്കൂടുന്നത് യേശു കണ്ടിട്ട് അശുദ്ധാത്മാവിനെ ശാസിച്ചു: ഊമനും ചെകിടനുമായ ആത്മാവേ, ഇവനെ വിട്ടുപോ; ഇനി അവനിൽ കടക്കരുത് എന്നു ഞാൻ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു."*
>
> *മർക്കോസ് 9 : 23 – 25*

അധികാരിയായ ദൈവപുത്രൻ അശുദ്ധാത്മാവിനെ ശാസിച്ചു. നിങ്ങൾ പറയണം: യേശുവേ, എന്റെ അകത്തു കുടികൊള്ളുന്ന അശുദ്ധാത്മാവിനെ ഒന്നു ശാസിക്കണമേ. ചില ദുഷ്ടപ്പിശാചുക്കൾക്കു ഞാൻ ഇടം കൊടുത്തിട്ടുണ്ട്. ദ്രവ്യാഗ്രഹത്തിന്റെ ദുഷ്ടാത്മാവ്, സ്വാർത്ഥതയുടെ ദുഷ്ടാത്മാവ്, അഹങ്കാരത്തിന്റെ ദുഷ്ടാത്മാവ്, സ്ഥാനമോഹത്തിന്റെ ദുഷ്ടാത്മാവ്, അനേകമനേകം ചീത്ത ചിന്തകളുടെ ദുഷ്ടാത്മാവ്. എന്റെ അകത്തിരിക്കുന്ന ദുഷ്ടാത്മാവിനെ നീ ഒന്നു ശാസിക്ക

ണമേ. നീ ഒന്നു പുറത്താക്കണമേ.

യേശുവിന്റെ നാമത്തിൽ ശാസിക്കുന്നു എന്നു പറഞ്ഞാലൊന്നും പിശാച് പോകയില്ല. പിശാച് ചിരിക്കും. ആത്മാവിന്റെ അധികാരം ലഭിക്കാതെ ശാസിക്കുന്നതു മണ്ടത്തരമാണ്. ദൈവാത്മാവിന്റെ അധികാരം വേണം. ആത്മാവിന്റെ അധികാരമില്ലെങ്കിൽ അങ്ങനെയുള്ള കാര്യം തൊടരുത്.

കർത്താവ് ആ ദുഷ്ടാത്മാവിനെ ശാസിച്ചു. ആ കുട്ടിയെ ഊമനാക്കിയതും ചെകിടനാക്കിയതും ദുരാത്മാവാണ്. ഇനി ഇവനിൽ കടക്കരുത് എന്ന് ശാസിച്ചു പറഞ്ഞു.

മാമ്മോദീസായുടെ സമയത്തു പട്ടക്കാരൻ മൂന്നുപ്രാവശ്യം ശാസിക്കുന്നുണ്ട്. അശുദ്ധാത്മാവേ, ഈ ശിശുവിനെ വിട്ടുപോക. ഇവൻ ദൈവത്തിന്റെ സൃഷ്ടിയാകുന്നു. ഇവൻ ദൈവത്തിന്റെ കൈപ്പണിയാകുന്നു. അശുദ്ധാത്മാവേ, നീ മത്സരിച്ചു നിൽക്കരുത്. നീ എതിർത്തു നിൽക്കരുത്. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിന്നോട് കല്പിക്കുന്നു. നീ ഇവനെ വിട്ടുപോക. ആ ശിശുവിന്റെ മേലുള്ള ദുരാത്മാക്കളെ അച്ചൻ ശാസിച്ചു പുറത്താക്കുകയാണ്. അതിനും പരിശുദ്ധാത്മാവിന്റെ അധികാരം വേണം.

> *"ഊമനും ചെകിടനുമായ ആത്മാവേ, ഇവനെ വിട്ടു പോ; ഇനി അവനിൽ കടക്കരുത് എന്ന് ഞാൻ നിന്നോടു കല്പിക്കുന്നു എന്ന് പറഞ്ഞു. അപ്പോൾ അതു നിലവിളിച്ചു അവനെ വളരെ ഇഴെച്ചു പുറപ്പെട്ടുപോയി. മരിച്ചുപോയി എന്നു പലരും പറവാൻ തക്കവണ്ണം അവൻ മരിച്ചപോലെ ആയി. യേശു അവനെ കൈക്കു പിടിച്ചു നിവർത്തി. അവൻ എഴുന്നേറ്റു."* *മർക്കോസ് 9 : 25 – 27*

അനക്കമറ്റു കിടക്കുന്ന സൃഷ്ടിയെ സ്രഷ്ടാവ് കൈക്കു പിടിച്ചു. ദുരാത്മാവു വിട്ടുപോകാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? നിങ്ങളുടെ ഉള്ളിലുള്ള ദുരാത്മാവിന്റെ വ്യാപാരങ്ങൾ നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ? ദുഷ്ടപ്പിശാച് കെണിയിലാക്കിയിരിക്കു

ന്നത് ഏതെല്ലാം കാര്യങ്ങളിലാണ് എന്നു നിങ്ങൾക്കറിയാമോ? എങ്കിൽ കർത്താവിനോടു പറയണം:

കർത്താവേ, കലഹത്തിന്റെ ആത്മാവ് എന്റെ ഉള്ളത്തിലുണ്ട്. വൈരാഗ്യത്തിന്റെ ആത്മാവ് എന്റെ ഉള്ളിലുണ്ട്. പുറമെ ഞാൻ സംസാരിക്കുമെങ്കിലും നല്ല വാക്കു സംസാരിക്കാൻ പറ്റാത്ത ഒരു ദുരാത്മാവ് എന്റെ അകത്തുണ്ട്. ചീത്തവാക്കുകൾ കേൾക്കാൻ കൊതിക്കുന്ന ഒരു കാത് എനിക്കുണ്ട്. അത് ദുരാത്മാവാണ്. ഞാൻ ചെകിടനും ഊമനുമായ ദുരാത്മാവിന് അടിമപ്പെട്ടിരിക്കുന്നു. ഞാൻ ചീത്തപടങ്ങൾ കണ്ടുപോയി. കർത്താവേ, തെറ്റുപറ്റിപ്പോയി. അത് അന്ധത വരുത്തുന്ന ദുരാത്മാവാണ്. കർത്താവേ, ഈ ദുരാത്മാവിനെ ശാസിച്ചു മാറ്റണമേ.

എന്റെ വീട്ടിൽ കലക്കം. യേശുവേ, എനിക്കു വിനയമില്ലാത്തതാണ് അതിനു കാരണം. കർത്താവേ, ഞാൻ താഴേണ്ടതുപോലെ താണിട്ടില്ല. സ്നേഹിക്കേണ്ടതുപോലെ സ്നേഹിച്ചിട്ടില്ല. കരുതേണ്ടതുപോലെ ഞാൻ കരുതിയിട്ടില്ല. ക്ഷമിക്കണമേ.

കർത്താവേ, ഞാൻ ദുരാത്മാക്കളോടു യാത്ര പറയുന്നു. ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു. മശിഹായെ ഞാൻ സ്വീകരിക്കുന്നു.

യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു. ഇന്നു ഞാൻ മനസ്സോടെ എല്ലാ പാപങ്ങളേയും ഉപേക്ഷിക്കുന്നു. ഇനിമേൽ പാപമില്ലാത്ത ഒരു ജീവിതം ഞാൻ നയിക്കുമെന്നു നിന്നോടു വാക്കു പറയുന്നു. എന്റെ വാക്കിലും ചിന്തയിലും പ്രവൃത്തിയിലും വികാരത്തിലും വിചാരത്തിലും എല്ലാം ഒരു പാപവും വരാതെ നിൽക്കും. ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യനായിരിക്കും. യേശു എന്റെ പാപം മുഴുവൻ കഴുകി എന്ന ബോദ്ധ്യമുള്ള മനുഷ്യനായിരിക്കും. ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായിരിക്കും.

## മൂന്ന്

*"എന്നാറെ പുരുഷാരം ഓടിക്കൂടുന്നത് യേശു കണ്ടിട്ട് അശുദ്ധാത്മാവിനെ ശാസിച്ചു: ഊമനും ചെകിടനുമായ ആത്മാവേ, ഇവനെ വിട്ടുപോ; ഇനി അവനിൽ കടക്കരുത് എന്നു ഞാൻ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞു." മർക്കോസ് 9 : 25*

ഭൂതബാധയുള്ള ബാലന്റെ ഉള്ളിലുള്ള അശുദ്ധാത്മാവിനെ യേശുക്രിസ്തു ശാസിച്ചു. അധികാരത്തോടെ കർത്താവായ യേശുക്രിസ്തു പറയുകയാണ്: "ഊമനും ചെകിടനുമായ ആത്മാവേ, ഇവനെ വിട്ടുപോ. ഇനി അവനിൽ കടക്കരുത്." ആ ബാല്യക്കാരനിൽ നിന്ന് കർത്താവ് ഭൂതാത്മാവിനെ ശാസിച്ചകറ്റുകയാണ്. ദുരാത്മാവു ബാധിച്ചതുകൊണ്ടാണ് ഈ കുട്ടി ഊമനായിപ്പോയത്. ദുരാത്മാവു ബാധിച്ചതുകൊണ്ടാണ് ആ കുട്ടിക്ക് കേൾവി ഇല്ലാതെ പോയത്. യേശു ആ ദുരാത്മാവിനെ ശാസിച്ചകറ്റി.

*"അപ്പോൾ അതു നിലവിളിച്ചു, അവനെ വളരെ ഇഴെച്ചു പുറപ്പെട്ടുപോയി. മരിച്ചുപോയി എന്നു പലരും പറവാൻ തക്കവണ്ണം അവൻ മരിച്ചപോലെ ആയി. യേശു അവനെ കൈക്കു പിടിച്ചു നിവിർത്തി. അവൻ എഴുന്നേറ്റു." മർക്കോസ് 9 : 26, 27*

ചുരുണ്ടു പോയവനെ, വരണ്ടുപോയവനെ യേശു കൈക്കു പിടിച്ചു നിവർത്തി.

*"വീട്ടിൽ വന്നശേഷം ശിഷ്യന്മാർ സ്വകാര്യമായി*

*അവനോട്: ഞങ്ങൾക്ക് അതിനെ പുറത്താക്കുവാൻ കഴിയാതിരുന്നത് എന്ത് എന്നു ചോദിച്ചു. പ്രാർത്ഥനയാൽ അല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെട്ടു പോകയില്ല എന്നു അവൻ പറഞ്ഞു."*

*മർക്കോസ് 9 : 28, 29*

ശിഷ്യന്മാർക്ക് അവനെ സൗഖ്യമാക്കുവാൻ സാധിച്ചില്ല. ശിഷ്യന്മാർ അവനോട് എന്തുകൊണ്ടാണ് ഞങ്ങൾക്ക് അവനെ സൗഖ്യമാക്കുവാൻ സാധിക്കാതിരുന്നതെന്ന് ചോദിച്ചു. പ്രാർത്ഥനയാൽ മാത്രമേ അത് സാധിക്കുകയുള്ളൂ എന്ന് യേശു പറഞ്ഞു.

അനേകകുടുംബങ്ങൾ ഇന്ന് വരണ്ടുണങ്ങിയ നിലങ്ങൾ പോലെയിരിക്കുകയാണ്. നാളുകളായി മഴപെയ്യാതിരിക്കുന്ന നിലം, വരണ്ടുവിണ്ടുകീറിയിരിക്കുന്നതുപോലെ അല്പം അലിവിന്റെ കിനിവുപോലുമില്ലാത്ത സ്ഥലങ്ങൾ! വരണ്ടുണങ്ങിയിരിക്കുന്ന നിലങ്ങൾ! കൃഷിയെല്ലാം ഉണങ്ങിപ്പോയി. നിലങ്ങളെല്ലാം വരണ്ടുപോയി.

അതുപോലെ ഈ ബാല്യക്കാരൻ ഉണങ്ങി വരണ്ടുപോയിരുന്നു. ആ ബാല്യക്കാരന്റെമേൽ ആവസിച്ചിരുന്ന ദുരാത്മാവ് അവനെ വരട്ടി ചുരുട്ടിക്കളഞ്ഞിരുന്നു. അവന്റെ ആർദ്രത നഷ്ടപ്പെട്ടു. അവന്റെ ചലനശേഷി നഷ്ടപ്പെട്ടു. അവന് മിണ്ടാട്ടം നഷ്ടപ്പെട്ടു. അവന്റെ കേൾവി നഷ്ടപ്പെട്ടു.

അനേകം കുടുംബങ്ങൾ ഇങ്ങനെയാണ്. ഓരോ തരത്തിലുള്ള ബാധകൾ! പൈശാചികബാധകൾ കുടുംബങ്ങളെയും വ്യക്തികളേയും ഞെരിച്ചുകൊണ്ടിരിക്കുന്നു.

ഇപ്പോൾ നിങ്ങൾ ചിന്തിക്കണം. എന്നിൽ പിശാചിന് അവകാശമുണ്ടല്ലോ. ഒരുപക്ഷേ, മിണ്ടാട്ടമില്ലാതെ വന്നിട്ടില്ല. നടക്കാൻ വയ്യാതാക്കിയിട്ടില്ല. കേൾക്കാൻ വയ്യാതാക്കിയിട്ടില്ല. പക്ഷേ, ഇന്നും വേണ്ടാത്ത പലതും എന്റെ ഉള്ളത്തിലുണ്ടല്ലോ. എന്തിനാണ് ഈ ചിന്ത? എവിടെനിന്നു വന്നു? മനസ്സിലാ

കാത്ത രീതിയിലുള്ള ചിന്തകൾ!

മനസ്സിൽ ഒരിക്കലും നിരൂപിക്കാൻ പാടില്ലാത്ത ചില ചിന്തകളാണ്. പകൽ പറക്കുന്ന അസ്ത്രം! ഉച്ചയിൽ ഊതുന്ന കാറ്റ്! രാത്രിയിൽ സഞ്ചരിക്കുന്ന മഹാമാരി! ഇങ്ങനെ ചില തീയമ്പുകൾ ഉള്ളിൽക്കൂടി പാഞ്ഞുപോകുന്നു. എന്താണ് എനിക്കിങ്ങനെ വന്നത്? കാരണം മറ്റൊന്നുമല്ല, ദുരാത്മാക്കൾ ഹിംസിച്ചിരിക്കുന്നു.

നല്ലനല്ല ഓജസ്സുറ്റ യുവാക്കന്മാർ ചീത്തകൂട്ടുകെട്ടുകളിൽപ്പെട്ട് നശിച്ച് നാനാവിധമായിക്കൊണ്ടിരിക്കുന്നു. കഞ്ചാവിന്റെ അടിമകളായിക്കൊണ്ടിരിക്കുന്നു.

മോൻ കഞ്ചാവടിക്കുന്നുണ്ടെന്ന് മാതാപിതാക്കൾ അറിയുന്നില്ല. എന്റെ മോൻ കുഴപ്പമില്ലെന്നാണു പറയുന്നത്. അവൻ കഞ്ചാവൊന്നും ഉപയോഗിക്കുന്നില്ല. എന്റെ മകൻ ചീത്തപ്പടമൊന്നും കാണുന്നില്ല. എന്റെ മകൾ അരുതാത്ത ബന്ധത്തിലേക്ക് പോകുകയില്ല.

അമ്മയും അപ്പനും ഒന്നും അറിയുന്നില്ല. പക്ഷേ, മകൻ അല്ലെങ്കിൽ മകൾ എല്ലാ തിന്മയിലേക്കും പോയിക്കൊണ്ടിരിക്കുകയാണ്. നമുക്ക് നമ്മുടെ മക്കളെക്കുറിച്ച് ഒരു മതിപ്പുണ്ട്. ഒരാൾ എന്നോടു പറഞ്ഞു: “കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്” എന്ന്. സ്വന്തം മക്കളെക്കുറിച്ച് പൊൻകുഞ്ഞായിട്ടേ തോന്നുന്നുള്ളൂ. സ്വന്തം മക്കൾ ഏറ്റവും നല്ലതാണെന്നാണ് വിചാരം.

എന്നാൽ ഒരു ആത്മീയൻ നോക്കുമ്പോൾ ആത്മീയമായതു കാണും. അപ്പോഴാണ് ദുരാത്മാക്കൾ ഹിംസിക്കുന്നു എന്നു മനസ്സിലാകുന്നത്. മക്കളെ ദുരാത്മാക്കൾ കൊണ്ടുപോകുകയാണ്.

ദുഷ്ടപ്പിശാചുക്കൾ അനേകരെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധികെടുത്തിക്കളയുന്നു. ചീത്ത കൂട്ടുകെട്ടിലേക്ക്

കൊണ്ടുപോകുന്നു. അശുദ്ധബന്ധങ്ങളിലേക്ക്, വേണ്ടാത്ത വേഴ്ചകളിലേക്കു കൊണ്ടുപോകുന്നു. ദയനീയമായ അവസ്ഥയിലേക്ക് ചെറുപ്പക്കാർ പോകുകയാണ്.

ചെറുപ്പക്കാർ മാത്രമല്ല, അനേകംപേർ സ്വന്തം ഭാര്യയെ ഉപേക്ഷിച്ച് അന്യസ്ത്രീകളുടെകൂടെ പോകുന്നു. ഇതൊന്നും ഇന്ന് ഒരു വേദനാവിഷയമല്ല. മോശവുമല്ല. പണ്ടുകാലത്താണെങ്കിൽ വളരെ ഹീനമായ കാര്യമായിട്ടേ ആളുകൾ കരുതിയിട്ടുള്ളൂ. അങ്ങനെയുള്ളവർക്കു സമൂഹത്തിൽ മാന്യത ഉണ്ടായിരുന്നില്ല. ഇന്നങ്ങനെയല്ല. എല്ലാവരും മാന്യരായി വിലസുകയാണ്. ഒന്നുകിൽ രാഷ്ട്രീയ പിൻബലമുണ്ട് അല്ലെങ്കിൽ സാമുദായിക പിൻബലമുണ്ട്. ഇങ്ങനെ പാവപ്പെട്ട ജനത്തെ പിശാച് വഞ്ചിച്ചുകൊണ്ടിരിക്കുന്നു. ദുഷ്ടപ്പിശാച് അനേകരെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. വേണ്ട എന്നുണ്ട് പക്ഷേ, പിടിച്ചു കൊണ്ടുപോകുകയാണ്.

കടയിരുപ്പുസ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടി. അവൾ വീട്ടിലേക്കു പോകുകയായിരുന്നു. ഒരു കാർ വന്ന് അടുക്കൽ നിർത്തി. മോളേ, ഇങ്ങുകേറിക്കോ എന്നു പറഞ്ഞു. അവർ ബലം പിടിച്ചു കയറ്റാൻ നോക്കി. അവൾ ഒരു വിധത്തിൽ പിടിവിടുവിച്ച് ഓടി. അവർ പിന്നാലെ ചെന്നു. ഭാഗ്യവശാൽ അപ്പോൾ എതിരെ ഏതാനുംപേർ വരുന്നുണ്ടായിരുന്നു. അതു കൊണ്ട് അവൾ രക്ഷപ്പെട്ടു. അവർ വണ്ടി ഓടിച്ചുപോയി. അല്ലെങ്കിൽ ആ പെൺകുട്ടി പിന്നെ ലോകം കാണാൻ പോകുന്നില്ല.

നാം നമ്മുടെ മക്കളെ സ്കൂളിലും കോളേജിലും ഒക്കെ വിട്ടിട്ട് ഒന്നും അറിയാത്തതുപോലെ ജീവിക്കുകയാണ്. നമ്മുടെ ഹൃദയം വിറയൽ കൊള്ളേണ്ടതാണ്. കുഞ്ഞുങ്ങളെക്കുറിച്ച് നാം കരയേണ്ടതാണ്. അവരെ നേർവഴിക്കു നടത്തേണ്ടതാണ്. കർത്താവിന്റെ മാലാഖമാർ നമ്മുടെ കുഞ്ഞുങ്ങളെ വലയം ചെയ്തു നിൽക്കണം. കർത്താവിന്റെ തിരുരക്തത്തിന്റെ

വളപ്പിനുള്ളിൽ അവർ സൂക്ഷിക്കപ്പെടണം. കർത്താവിന്റെ തീ മതിലിനുള്ളിൽ അവർ സംരക്ഷിക്കപ്പെടണം. നാം നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ഏഴിലും എട്ടിലും പഠിക്കുന്ന പ്രായം മുതലേ ചെറുപ്പക്കാർ മദ്യത്തിന് അടിമകളായിത്തീരുന്നു. മയക്കുമരുന്നു കുത്തിവയ്ക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെക്കുറിച്ച് നമുക്ക് മേന്മയേറിയ പ്രതീക്ഷകളാണുള്ളത്. പക്ഷേ, അവർ നശിക്കുന്നത് നാം അറിയുന്നില്ല. അനേകം കുടുംബങ്ങൾ മദ്യപാനത്തിൽ തകർന്നുപോകുന്നു. വൃത്തികെട്ട ജീവിതത്തിൽ നശിച്ചുപോകുന്നു. നമ്മുടെ തലമുറ നശിച്ചുകൊണ്ടിരിക്കുന്നു. തലമുറയെക്കുറിച്ച് നമുക്ക് ഉത്തരവാദിത്തം വേണം. പിശാച് അനേകരെ ഞെരിച്ചുകൊണ്ടിരിക്കുന്നു. പിശാചിന്റെ വലയിൽ കുടുങ്ങിപ്പോയിരിക്കുന്നു.

മെഡിസിനു പഠിക്കുന്ന ഒരു ചെറുപ്പക്കാരന്റെ കാര്യം അവന്റെ അമ്മ വന്നു പറഞ്ഞു. നല്ലപോലെ പഠിക്കുന്നവനായിരുന്നു. ഇപ്പോൾ അവനു പഠിക്കാൻ സാധിക്കുന്നില്ല. പഠിക്കുന്നില്ല. മുറിയുടെ വാതിൽ അടച്ച് അകത്തിരിക്കുകയാണ്. ഭക്ഷണം കഴിക്കാൻ വരില്ല. അകത്ത് എന്താ ചെയ്യുന്നത്? വാതിൽ തുറന്നാൽ അവൻ ചാടി എഴുന്നേൽക്കും. ഉടനെ കമ്പ്യൂട്ടർ ഓഫ് ചെയ്യും. പാവം അമ്മ കരയുകയാണ്. അവൻ ഇപ്പോൾ ഒന്നിനും കൊള്ളാത്തവനായി. നല്ലൊരു ഡോക്ടർ ആയി വരേണ്ടതായിരുന്നു.

ഇതൊക്കെ വായിക്കുമ്പോൾ നിങ്ങൾ വേദനിക്കണം. നിങ്ങളുടെ ഉള്ളു പിടയണം. എന്റെ കർത്താവേ, അനേകം ദുരാത്മാക്കൾ വന്ന് എന്റെ മകനെ, എന്റെ മകളെ പിടിച്ചുകൊണ്ടുപോകുന്നല്ലോ. എന്റെ ഭർത്താവിനെ വഞ്ചിച്ചുകൊണ്ടുപോകുന്നല്ലോ. ഭർത്താവിനെ കണ്ണുകുത്തിപ്പൊട്ടിച്ച് അന്ധനാക്കി കൊണ്ടുപോകുന്നല്ലോ. എന്റെ ഭാര്യയെ അവളുടെ

ബോധം നശിപ്പിച്ച് അന്ധയാക്കി കൊണ്ടുപോകുന്നല്ലോ. കർത്താവേ, എന്റെ കുടുംബം മുടിയുന്നല്ലോ. എന്റെ തലമുറ മുടിയുന്നല്ലോ.

മനുഷ്യപുത്രൻ വരുമ്പോൾ വിശ്വാസം കണ്ടെത്തുമോ? കാലം അതിന്റെ അന്ത്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. എന്റെ കർത്താവേ, എന്റെ കുടുംബം മുടിയല്ലേ. എന്റെ മക്കൾ നശിക്കല്ലേ. എന്റെ തലമുറ മുടിയല്ലേ. നിങ്ങൾ മരിക്കാൻ കിടക്കുന്ന സമയത്ത് ഒരു സംതൃപ്തി വേണം. എന്റെ മക്കൾ വഴിതെറ്റി പോകയില്ല. ആ സംതൃപ്തിയോടെ മരിക്കാൻ സാധിക്കണം. എന്തൊരു സമാധാനമാണത്!.

ഞാൻ അനുഭവിച്ച ആത്മീയശാന്തി എന്റെ മക്കൾ അനുഭവിക്കാതെ പോകരുത്. അവർ അതനുഭവിക്കണം. അവർ ആരും വഴിതെറ്റിപ്പോകരുത്. അവർ പിശാചിന്റെ വലയിൽ ആകരുത്. അങ്ങനെ നിങ്ങൾക്ക് സംതൃപ്തിയോടെ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടാൻ സാധിക്കണം.

പാവം ബാലകൻ സുബോധമില്ലാതെ തടിവെട്ടിയിട്ടതു പോലെ കിടന്നു. പക്ഷേ, യേശു അവനെ കൈക്കു പിടിച്ചു നിവർത്തി. ഇന്ന് യേശു നിങ്ങളെ കൈക്കു പിടിച്ചു നിവർത്തും.. വേണമെങ്കിൽ നിവരാം; വിട്ടു കൊടുക്കാം. നിങ്ങളുടെ അകത്തുള്ള ദ്രവ്യാഗ്രഹത്തിന്റെ ദുരാത്മാവിനെ, അഹങ്കാരത്തിന്റെ ദുരാത്മാവിനെ, കോപത്തിന്റെ ദുരാത്മാവിനെ, മദ്യത്തിന്റെ ദുരാത്മാവിനെ, അശുദ്ധ ബന്ധത്തിന്റെ ദുരാത്മാവിനെ എല്ലാറ്റിനേയും നശിപ്പിച്ച് നിങ്ങളെ വിടുവിക്കാനാണ് യേശു വന്നിരിക്കുന്നത്.

യേശു അവനെ കൈക്കുപിടിച്ചു നിവർത്തി. വീണുകിടന്നവൻ ഇപ്പോൾ നിവർന്നു നിൽക്കുന്നു. യേശു ദുരാത്മാവിനെ ശാസിച്ചു. അശുദ്ധാത്മാവിനെ ശാസിച്ചു. ചെകിടനും ഊമനുമായ ആത്മാവിനെ ശാസിച്ചു. ആ കുട്ടി എഴുന്നേറ്റു. അപ്പന് പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷം. അയ്യോ, എന്റെ

മോന്റെ മേലുള്ള ദുരാത്മാവ് പോയല്ലോ! അവൻ കേൾക്കുന്നല്ലോ! അവൻ സംസാരിക്കുന്നല്ലോ! ഇപ്പോൾ അവൻ ചെകിടനല്ല! ഊമനല്ല! ദൈവമേ, എന്തൊരു മഹാഭാഗ്യം! യേശുക്രിസ്തു വന്നതുകൊണ്ടാണല്ലോ ഇതു കിട്ടിയത്!

നിങ്ങൾ വായിക്കുന്നത് യേശുവിന്റെ വചനമാണ്. അവൻ നിങ്ങളുടെ വേദന കാണുന്നുണ്ട്. അവൻ നിങ്ങളുടെ ഞരക്കം കേൾക്കുന്നുണ്ട്. അവൻ നിങ്ങളുടെ ദു:ഖം കാണുന്നുണ്ട്. അവൻ നിങ്ങളുടെ ദുരിതം അറിയുന്നുണ്ട്. അവൻ നിങ്ങളെ സ്നേഹിക്കുന്നുണ്ട്. കർത്താവിന് ദുരാത്മാവിനെ ശാസിക്കാൻ മനസ്സാണ്. നിങ്ങൾ വിട്ടുകൊടുക്കണം. നിങ്ങൾ വാതിലുകളും ജനലുകളും തുറന്നിടണം. വെളിച്ചം അകത്തേക്കു വരട്ടെ. പരിശുദ്ധാത്മാവ് അകത്തേക്കു വരട്ടെ.

നീ എന്റെ ഉള്ളത്തിലേക്കു വരണമേ എന്ന് കർത്താവിനെ നിങ്ങൾക്കു ക്ഷണിക്കാം. കർത്താവേ, ദുർഭൂതങ്ങളെ എന്നിൽ നിന്ന് ദൂരീകരിച്ചു തരണമേ. എന്റെ കുടുംബത്തിൽ നിന്ന് ദുരാത്മാക്കളെ മാറ്റിത്തരണമേ.

വിവാഹമോചനം ദുരാത്മാക്കളുടെ വേലയാണ്. എന്തുകൊണ്ടാണ് ആത്മഹത്യാപ്രവണത? ദൈവരാജ്യത്തിൽ എത്തുന്നതിനുമുമ്പ് നശിപ്പിച്ച് നരകത്തീയിലേക്ക് തള്ളിയിടാൻ ദുരാത്മാക്കൾ ചെയ്യുന്ന വേലയാണ് ആത്മഹത്യ.

ഒരിക്കലും ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചു പോകരുത്. ആത്മാവ് നശിച്ചുപോകും; ആത്മാവ് ദൈവരാജ്യത്തിൽ കാണുകയില്ല. മരിച്ചാൽ മതി എന്നു ചിന്തിച്ചു പോകരുത്. പ്രത്യാശയ്ക്കു വകയുണ്ട്. നിങ്ങൾ മുന്നോട്ടു നോക്കുക. ആശയ്ക്കു വകയുണ്ട്. അപ്പുറത്തൊരു വെളിച്ചമുണ്ട്.

ഈ കുന്നിന്റെ അപ്പുറത്തൊരു വെളിച്ചമുണ്ട്. മനോഹരമായ ഒരു താഴ്വരയുണ്ട്. അവിടെ സുന്ദരമായ വെളിച്ചമുണ്ട്. അവിടെ മനോഹരമായ പൂങ്കാവനമുണ്ട്. അവിടെ നല്ല ഇളംകാറ്റു

ണ്ട്. അവിടെ നിങ്ങൾക്ക് കാറ്റേറ്റ് ഓടി നടക്കാം. പച്ചപ്പുൽപരവതാനി വിരിച്ചതുപോലുള്ള മനോഹരമായ താഴ്‌വരയിൽ സന്തോഷത്തോടെ ദൈവത്തെ സ്തുതിച്ചു വാഴാം. ഇന്നത്തെ ദു:ഖം സാരമില്ല. ഇന്നത്തെ രോഗം സാരമില്ല. ഇതെല്ലാം തീരും.

> *"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു."* *റോമർ 8 : 18*

നമ്മിൽ വലിയൊരു സന്തോഷം വെളിപ്പെടാൻ പോകുന്നുണ്ട്. ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല. ഇതൊക്കെ സാധാരണ ജീവിതം. നിങ്ങൾ നിങ്ങളുടെ ഭാര്യയെ സ്നേഹിക്കണം. ഭാര്യയെ ഉപദ്രവിക്കരുത്; അവളെ സംശയിക്കരുത്; അവളുടെ തെറ്റുകൾ നിങ്ങൾ പൊറുക്കണം. അവളോട് നിങ്ങൾ സഹതാപത്തോടെ പെരുമാറണം. അവളെ നിങ്ങൾ സ്നേഹിക്കണം. അവളുടെ വീട്ടുകാരെ നിങ്ങൾ സ്നേഹിക്കണം.

നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ സ്നേഹിക്കണം. ഭർത്താവിന് കീഴ്പ്പെടണം. ഭർത്താവിനെ അനുസരിക്കണം. നിങ്ങളുടെ ശരീരത്തിന്മേൽ നിങ്ങൾക്കല്ല നിങ്ങളുടെ ഭർത്താവിനാണ് അധികാരം. മറക്കരുത്. വിവാഹിതരായ സ്ത്രീകൾ പ്രത്യേകിച്ച് ഓർക്കുക. നിങ്ങൾ ഭർത്താവിന്റെ അധികാരത്തെ ചോദ്യം ചെയ്യരുത്. ഭർത്താവിനു വിനയപ്പെടാതിരിക്കരുത്. ഭർത്താവിനു വിധേയപ്പെട്ടു കൊടുക്കണം.

നിങ്ങൾ അവിവാഹിതരാണെങ്കിൽ വിവാഹജീവിതത്തെക്കുറിച്ച് ഇപ്പോൾ സ്വപ്നം കാണണ്ട. നിങ്ങൾ ഒന്നുമാത്രം ചെയ്ക. കർത്താവേ, നിനക്കു ഹിതമാകുന്നതുപോലെ എന്റെ യേശുവിനെ അറിയുന്ന ഒരാളെ എനിക്കു ഭർത്താവായി തരണമേയെന്ന് പ്രാർത്ഥിക്കുക. വേറെ എന്തെല്ലാമുണ്ടെങ്കിലും നിങ്ങൾ തൃപ്തരാകരുത്. ഇതായിരിക്കണം നിങ്ങളുടെ ഹൃദയത്തിന്റെ ഉദ്ദേശം. അപ്പോൾ കർത്താവ് നിങ്ങൾക്ക് ഏറ്റവും നല്ലതു

തരും.

നിങ്ങൾക്ക് ആവശ്യമുള്ള സൗന്ദര്യവും ആവശ്യമുള്ള വിദ്യാഭ്യാസവും ആവശ്യമുള്ള സ്വത്തും എല്ലാമുള്ള ഒരാളെ നിങ്ങൾക്ക് തരും. ഏറ്റവും നല്ലതേ കർത്താവ് തരികയുള്ളൂ. യേശു എല്ലാം നന്നായി ചെയ്യുന്നവനാണ്. ജീവിതം കർത്താവിനു കൊടുത്തിട്ട് ദൈവത്തോട് അപേക്ഷിക്കണം: കർത്താവേ, നിന്നെ അറിയുന്ന ഒരാളെ എനിക്ക് ഭാര്യയായി തരണം. എനിക്ക് ഭർത്താവായി തരണം. യേശുവിനെ അറിയുന്ന ഒരാൾ! അതാണ് ഭാഗ്യം!

ഈ ലോകജീവിതത്തിൽ ദുരാത്മാക്കളുടെ പിടിയിൽ പെട്ടവന്റെ ബന്ധനമഴിക്കാൻ യേശു വന്നിരിക്കുന്നു. യേശു അവനെ കൈക്കുപിടിച്ചു നിവർത്തി അവരുടെ മുമ്പിൽ നിർത്തി. ഇതുവരെ വീണുകിടന്ന മോനിതാ എഴുന്നേറ്റു പ്രസന്നവദനനായി നിൽക്കുന്നു! പുഞ്ചിരിയോടെ നിൽക്കുന്നു! എത്രനാളായി മോന്റെ ചിരി കണ്ടിട്ട്! ഇപ്പോൾ അവൻ മധുരമായി സംസാരിക്കാൻ തുടങ്ങുന്നു. അവന്റെ മുഖത്തു സന്തോഷം. അപ്പനു സന്തോഷം.

ഇന്ന് കർത്താവ് നിങ്ങളെ കൈക്കു പിടിച്ചു നിവർത്തും. ഉള്ളത്തിൽ നിങ്ങൾ പറയണം: ഇല്ല ഇനി ഞാൻ വീണു കിടക്കുകയില്ല. ഇനി ഞാൻ ആരുടേയും ബന്ധനത്തിൽ കിടക്കുകയില്ല. ഞാൻ എഴുന്നേൽക്കും. എന്നെ എഴുന്നേൽപ്പിക്കാൻ അധികാരമുള്ളവൻ അടുത്തു വന്നിട്ടുണ്ട്.

നിങ്ങൾക്കു പ്രാർത്ഥിക്കാം: കർത്താവേ, ഞാൻ ഊമനും ചെകിടനുമായ ആത്മാവിന് അടിമപ്പെട്ടിരിക്കുന്നു. അനേകം ദുരാത്മാക്കൾ എന്നെ ഹിംസിച്ചിരിക്കുന്നു. അനേകം പാപങ്ങൾ എന്റെമേൽ വീണിരിക്കുന്നു. കർത്താവേ, എനിക്കുവേണ്ടി ചോര ചിന്തിയ ആ കരംകൊണ്ട് എന്നെ ഒന്നു പിടിച്ചു നിവർത്തണമേ. എന്നെ പിടിച്ച് എഴുന്നേൽപ്പിക്കണമേ. ഞാനിതാ വീണു കിടക്കുകയാണ്. എഴുന്നേൽക്കാൻ വയ്യാതെ കിടക്കുകയാണ്.

എത്രയോ നാളായി എഴുന്നേൽക്കണം എന്ന് ആഗ്രഹിച്ചു. സാധിക്കുന്നില്ല. എന്റെ കർത്താവേ, ഞാൻ പാപത്തിൽ വീണു കിടക്കുകയാണ്. അശുദ്ധിയിൽ വീണുകിടക്കുകയാണ്. ചില ദുരാത്മാക്കൾക്ക് വഴിപ്പെട്ടു കിടക്കുകയാണ്. അനുസരണക്കേടിൽ വീണുകിടക്കുകയാണ്. എന്റെ ഭർത്താവിനെ കൈക്കൊള്ളാതെയും അവനെ സ്വീകരിക്കാതെയും അവനെ സ്നേഹിക്കാതെയും ഇരിക്കുന്ന ഒരു സ്ത്രീയാണ് ഞാൻ. കർത്താവേ, എന്റെ ഭാര്യയെ സ്നേഹിക്കാതെയും ആ സാധു സ്ത്രീയെ മർദ്ദിക്കുന്നതിൽ രസം കണ്ടും ജീവിക്കുന്ന ഒരു ദുഷ്ടമനുഷ്യനാണ് ഞാൻ.

കർത്താവേ, ഞാൻ മദ്യത്തിന് അടിമയായ മനുഷ്യനാണ്. യേശുവേ, എന്നെ പിടിച്ചു നിവർത്തണമേ.

യേശുവേ, എന്റെ വലങ്കരത്തിൽ നീ ഒന്നു പിടിക്കണമേ. എന്റെ വരൾച്ച മാറ്റിത്തരണമേ. എന്റെ ബന്ധനം അഴിച്ചു തരണമേ. എന്റെ മേലുള്ള ശാപങ്ങൾ നീക്കിത്തരണമേ. തിരുരക്തത്താൽ ഇതുവരെ വന്നുപോയ പാപങ്ങൾ എല്ലാം കഴുകിത്തരണമേ.

## നാല്

ഈ ലോകജീവിതത്തിൽ നമുക്കു ചില പരാധീനതകളുണ്ട്. ചില പ്രയാസങ്ങളുണ്ട്. ചില വരൾച്ചകളുണ്ട്. വരൾച്ച മാറ്റി വളർച്ച തരുവാൻ കർത്താവായ യേശുക്രിസ്തുവിനു കഴിയും. എന്തിലാണ് നമുക്കു വരൾച്ച? പൈസയ്ക്കു വരൾച്ചയുള്ളവരുണ്ട്. കുടുംബത്തിൽ സൗഖ്യത്തിനു വരൾച്ചയുള്ളവരുണ്ട്. വിദ്യാഭ്യാസത്തിനു വരൾച്ചയുള്ളവരുണ്ട്. പ്രതീക്ഷകൾ നടക്കുന്നില്ല എന്നതിൽ ഉള്ളു വരണ്ടുപോയവരുണ്ട്. സ്നേഹത്തിനു വരൾച്ചയുള്ളവരുണ്ട്. ഓരോ തരത്തിലാണ് വരൾച്ചകൾ. വരണ്ടിരിക്കുന്നു. വരൾച്ച മാറ്റി വളർച്ച തരുന്നതാണ് കർത്താവായ യേശുവിന്റെ നിസ്തുല സ്നേഹം.

ബുദ്ധിക്കു വരൾച്ച വന്നവരുണ്ട്. മാനസിക ദൗർബ്ബല്യമുള്ളവരുണ്ട്. മനോരോഗമുള്ളവരുണ്ട്. മനക്കരുത്ത് കുറഞ്ഞവരുണ്ട്. എപ്പോഴും പേടിയുള്ളവരുണ്ട് (Anxieties and fears). എപ്പോഴും ടെൻഷൻ ഉള്ളവരുണ്ട്. പൈസയുണ്ട്. ജോലിയുണ്ട്. വരുമാനമുണ്ട്. എല്ലാമുണ്ട്. പക്ഷേ, വരൾച്ച. എല്ലാം ഉണ്ടെങ്കിലും വരൾച്ചയിൽ കഴിയുന്ന ആളുകൾ!

നിങ്ങളുടെ ജീവിതത്തിൽ എവിടെയെല്ലാമാണ് വരൾച്ചയുള്ളത്? എവിടെയൊക്കെയോ സ്നേഹത്തിനുവേണ്ടി നോക്കി കാത്തിരുന്നു. ചിലപ്പോൾ ഭർത്താവിന്റെ സ്നേഹമായിരിക്കാം. ചിലപ്പോൾ ഭാര്യയുടെ സ്നേഹമായിരിക്കാം. ചിലപ്പോൾ മക്കളുടെ സ്നേഹമായിരിക്കാം. സ്നേഹത്തിനുവേണ്ടി കാത്തിരുന്നു. പക്ഷേ, സ്നേഹം കിട്ടിയില്ല. സ്നേഹം കിട്ടുന്നില്ല. ഹോസ്റ്റലിൽ ഒരുമിച്ചു താമസിക്കുന്നവർ ഒറ്റപ്പെടുത്തുന്നു. സ്നേഹം കിട്ടുന്നില്ല. സ്നേഹത്തിനു വരൾച്ച.

വിശ്വാസത്തിനു വരൾച്ച. വിശ്വസിക്കണമെന്നുണ്ട്. പക്ഷേ, വിശ്വാസം കിട്ടുന്നില്ല. വിശുദ്ധിക്കു വരൾച്ച. ഒരുകാലത്തു വിശുദ്ധിയുണ്ടായിരുന്നു. വിശുദ്ധിക്കു വേണ്ടിയുള്ള കാംക്ഷ ഉണ്ടായിരുന്നു. ഇപ്പോൾ അതു കിട്ടുന്നില്ല. എന്തെല്ലാമോ ചീത്ത ചിന്തകൾ തെറുത്തുയർന്നു വരുന്നു. ചീത്ത വികാരങ്ങൾ. പുറത്തുപറയാൻ പറ്റില്ല. ആരെങ്കിലും കേട്ടാൽ മുഖത്തു നോക്കുകയില്ല.

ദുർവിചാരങ്ങൾ. ദുർവികാരങ്ങൾ. മ്ലേച്ഛചിന്തകൾ. മലിനമോഹങ്ങൾ. കർത്താവേ, എന്തു വേണ്ടൂ? മനുഷ്യർ ഇങ്ങനെ വലയുകയാണ്. വരൾച്ചയുള്ളിടത്ത് വളർച്ച തരുവാൻ കർത്താവായ യേശുക്രിസ്തു വന്നു.

ഊമനായ ആത്മാവുള്ള മകൻ. മിണ്ടാൻ വയ്യ. സംസാരിക്കില്ല. നല്ലപോലെ മിണ്ടുന്നവനായിരുന്നു. ഇപ്പോൾ മിണ്ടുന്നില്ല. ഒരവസരത്തിൽ ഒരാൾ എന്നോടു പറഞ്ഞു: ഇന്നയാൾ ആശുപത്രിയിൽ കിടക്കുകയാണ്. നല്ല ബോധവും ഓർമ്മയുമുണ്ട്. പറയുന്നതൊക്കെ കേൾക്കാം. പക്ഷേ, മിണ്ടാൻ പറ്റുന്നില്ല. സാർ ഒന്നു പ്രാർത്ഥിക്കാമോ? ഞാൻ വരാം എന്നു പറഞ്ഞു.

ഞാൻ അദ്ദേഹത്തിന്റെ മുറിയിൽ ചെന്നിരുന്നിട്ട് രഹസ്യമായി കർത്താവിനോടു പറഞ്ഞു. കർത്താവേ, വേദപുസ്തകത്തിൽ ഞാൻ വായിച്ചിട്ടുണ്ട്, ഇവൻ ഒരു പള്ളി തീർപ്പിച്ചു തന്നിട്ടുണ്ട്. നീ ഇതു ചെയ്തുകൊടുപ്പാൻ അവൻ യോഗ്യൻ എന്ന്. ഒരു ശതാധിപന്റെ മകന്റെ രോഗത്തെക്കുറിച്ച് പ്രാർത്ഥിക്കാൻ ശിഷ്യന്മാർ കർത്താവിനോടു പറഞ്ഞല്ലോ. കർത്താവേ, നീ ഇതു ചെയ്തു കൊടുപ്പാൻ അവൻ യോഗ്യൻ. അവൻ നമുക്കു ഒരു പള്ളിയും തീർപ്പിച്ചു തന്നിട്ടുണ്ട്.

കർത്താവേ, ആ വചനത്തിന്റെ പേരിൽ ഞാൻ നിന്റെ മുമ്പാകെ കടന്നുവരികയാണ്. ഇദ്ദേഹം ദൈവത്തിന്റെ വചനശുശ്രൂഷയ്ക്കുവേണ്ടി ഒരു വലിയ സേവനം ചെയ്തതുകൊണ്ട് കർത്താവേ, അതിന്റെ പേരിൽ ഞാൻ യാചിക്കുകയാണ്. ഇദ്ദേഹത്തിന് സംസാരിക്കാൻ കൃപ കൊടുക്കണം. എനിക്ക്

അദ്ദേഹത്തോട് ദൈവത്തിന്റെ വചനം പറയാൻ ഇനിയും ഒരവസരം തരണം. ഞാൻ പിന്നെയും പറഞ്ഞു: ഇത് ആരുടേയും മഹത്വത്തിനുവേണ്ടിയല്ല. ആരുടേയും പേരിനു വേണ്ടിയല്ല. തിരുനാമമഹത്വത്തിനായി തന്നേ തീരുവാനാണ്.

പ്രാർത്ഥിച്ചതിനു ശേഷം അദ്ദേഹം സംസാരിച്ചു. കുറെനാൾ പിന്നെയും ജീവിച്ചിരുന്നു. പിന്നെയും ചെന്നു കാണുവാനും സംസാരിക്കുവാനും അവസരം കിട്ടി.

പ്രിയമുള്ളവരേ, നിങ്ങളുടെ ജീവിതത്തിൽ ഇങ്ങനെ വരൾച്ച പറ്റിയ രംഗങ്ങളുണ്ടോ? വരണ്ടുപോയ അനുഭവത്തിൽ കഴിയുന്നവർ ഇപ്പോൾ ഹൃദയം അറിയുന്ന ക്രിസ്തുവിനോടു പറയണം. കർത്താവേ, ശരീരത്തിൽ ഇന്ന ഭാഗത്ത് വരൾച്ചയുണ്ട്. കുടുംബത്തിൽ ഞങ്ങളുടെ പരസ്പരസ്നേഹത്തിൽ വരൾച്ചയുണ്ട്. മക്കളുമായുള്ള സ്നേഹത്തിൽ ഇന്ന ഭാഗത്ത് വരൾച്ചയുണ്ട്.

കർത്താവേ, പൈസയുടെ കാര്യത്തിൽ വരൾച്ചയുണ്ട്. കടം വന്നു മൂടുന്നു. ഒരു പോംവഴിയും കാണുന്നില്ല. പുറമെ നോക്കുമ്പോൾ കുഴപ്പമൊന്നുമില്ല. പക്ഷേ, സത്യം പറയട്ടെ, ആഹാരത്തിനുപോലും പഞ്ഞമുണ്ട്. വസ്ത്രത്തിനും പഞ്ഞമുണ്ട്. ഇതൊന്നും വേറെ ആർക്കും അറിഞ്ഞുകൂടാ.

കർത്താവേ, ബുദ്ധിക്കു വരൾച്ചയുണ്ട്. പഠിക്കാൻ പറ്റുന്നില്ല. വായിച്ചിട്ടും വായിച്ചിട്ടും തലയിൽ ഇരിക്കുന്നില്ല. നിങ്ങൾക്ക് എവിടെയെല്ലാമാണ് വരൾച്ചയുള്ളത്? എല്ലാം എണ്ണിയെണ്ണി ദൈവത്തോടു പറയാം.

യേശുക്രിസ്തു ജീവിക്കുന്നു! കർത്താവു പ്രവർത്തിക്കുന്നു. കർത്താവ് നമ്മുടെ ഇടയിലുണ്ട്. കർത്താവ് നമ്മെ സ്നേഹിക്കുന്നുണ്ട്. കർത്താവ് സർവ്വശക്തനാണ്. വരൾച്ച മാറ്റാൻ യേശുവിനു കഴിയും. അത് ഇന്നുതന്നെ ആയിക്കൂടേ? ദുരാത്മാവു വിട്ടുപോകുന്ന അനുഭവം നമുക്കു ലഭിക്കരുതോ? നമ്മുടെമേലുള്ള പിശാചിന്റെ ബാധകൾ മാറിപ്പോകരുതോ?

ദുരാത്മാക്കളുടെ ഭീതിയിൽ നിന്ന് ഒരു മോചനം കിട്ടരുതോ?

രോഗത്തിന്റെ ആത്മാവ്, കഷ്ടതയുടെ ആത്മാവ്, ആപത്തിന്റെ ആത്മാവ്, ചില അപകടങ്ങളുടെ ആത്മാവ്, ചില അത്യാഹിതങ്ങളുടെ ആത്മാവ്, ചില അപായങ്ങളുടെ ആത്മാവ്, ചില കഷ്ടനഷ്ടങ്ങളുടെ ആത്മാവ്; ഈ ദുരാത്മാക്കളെല്ലാം വിട്ടുപോകട്ടെ. സർവ്വവല്ലഭനായ ക്രിസ്തുവിനോട് നിങ്ങൾ യാചിക്കുക. ഇപ്പോൾത്തന്നെ നിങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേയ്ക്ക് കൊടുക്കുക.

*"അവൻ പിന്നെയും പള്ളിയിൽ ചെന്നു: അവിടെ വരണ്ട കൈയുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു."*
*മർക്കോസ് 3 : 1*

വരണ്ട കൈയുള്ള മനുഷ്യൻ! കൈയുണ്ട് പക്ഷേ, പ്രയോജനരഹിതമാണ്.

*"അവർ അവനെ കുറ്റം ചുമത്തേണ്ടതിന്ന് ശബ്ബത്തിൽ അവനെ സൗഖ്യമാക്കുമോ എന്നു നോക്കിക്കൊണ്ടിരുന്നു. വരണ്ട കൈയുള്ള മനുഷ്യനോട് അവൻ: നടുവിൽ എഴുന്നേറ്റു നിൽക്ക എന്നു പറഞ്ഞു."* *മർക്കോസ് 3 : 2, 3*

*"മറ്റൊരു ശബ്ബത്തിൽ അവൻ പള്ളിയിൽ ചെന്ന് ഉപദേശിക്കുമ്പോൾ വലങ്കൈ വരണ്ടുള്ളോരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. ശാസ്ത്രിമാരും പരീശന്മാരും അവനെ കുറ്റം ചുമത്തുവാൻ സംഗതി കിട്ടേണ്ടതിന്ന് അവൻ ശബ്ബത്തിൽ സൗഖ്യമാക്കുമോ എന്നു നോക്കിക്കൊണ്ടിരുന്നു. അവരുടെ വിചാരം അറിഞ്ഞിട്ട് അവൻ വരണ്ട കൈയുള്ള മനുഷ്യനോട്: എഴുന്നേറ്റ് നടുവിൽ നിൽക്ക എന്നു പറഞ്ഞു; അവൻ എഴുന്നേറ്റു നിന്നു."*
*ലൂക്കോസ് 6 : 6 – 8*

വലങ്കൈ വരണ്ട മനുഷ്യൻ! എഴുന്നേറ്റു നടുവിൽ നിൽക്ക

എന്നു യേശു പറഞ്ഞു. കർത്താവ് നമുക്ക് പ്രയാസമുള്ള കാര്യങ്ങൾ പറയുകയില്ല. ദൈവം സ്നേഹമല്ലേ? നമ്മുടെ കഴിവ് എന്തുണ്ട് എന്ന് കർത്താവിനറിയാം. നമുക്ക് അസാദ്ധ്യ മായതൊന്നും കർത്താവ് നമ്മോട് ആവശ്യപ്പെടുകയില്ല.

എന്തുപറയുന്നോ അത് അനുസരിക്കുക. എന്തിനാണെന്ന് അവനറിഞ്ഞുകൂടാ. എന്താണ് സംഭവിക്കാൻ പോകുന്നതെന്നും അവനറിഞ്ഞുകൂടാ. ദോഷമില്ലാത്ത ഒരു ഭാവന പറയാം. അവൻ ഒരുപക്ഷേ, ആ കൈ ഒരു തോർത്തുകൊണ്ട് മൂടിയായി രിക്കാം വന്നിരിക്കുന്നത്. ആളുകൾ കണ്ടാൽ എന്തുതോന്നും? അവൻ മൂടിവച്ചെങ്കിലും അവന്റെ പോരായ്മ എന്താണെന്ന് കർത്താവിനറിയാം. മനുഷ്യരെ മറയ്ക്കാം പക്ഷേ, സ്വർഗ്ഗ ത്തിലെ ദൈവത്തെ മറയ്ക്കാൻ സാദ്ധ്യമല്ല. അവന് ഒരു ലജ്ജ യുണ്ട്.

ശരീരത്തിൽ ചില പോരായ്മകൾ ഉണ്ടെങ്കിൽ ഒരു ലജ്ജ യുണ്ട്. സംസാരിക്കുമ്പോൾ വിക്കുണ്ടെങ്കിൽ ഒരു പ്രയാസമുണ്ട്. നടക്കുമ്പോൾ മുടന്തുണ്ടെങ്കിൽ പ്രയാസമുണ്ട്. ശരീരത്തിൽ ഏതെങ്കിലും ബലഹീനതയുണ്ടെങ്കിൽ ഒരു inferiority feeling ഉണ്ടാകും. ഒരു അപകർഷതാബോധം! മറ്റുള്ളവരുടെ ഒപ്പം ചെല്ലാൻ മടി. മറ്റുള്ളവരുടെ ഒപ്പം ഇരിക്കാൻ മടി. എല്ലായി ടത്തും ഒരു താഴ്ച. എല്ലായിടത്തും ഒരു അധഃപതനം. ഒരു തല യെടുപ്പില്ല. എപ്പോഴും ഒരു വാട്ടം. ആകെ ഒരു മ്ലാനത.

ഭർത്താവ് വലിയ മദ്യപനാണെങ്കിൽ ഭാര്യക്ക് എപ്പോഴും ഒരു മ്ലാനതയുണ്ടായിരിക്കും. അപ്പൻ ഇല്ലെങ്കിൽ ഒരു താഴ്ചയുണ്ട്. അമ്മ ഇല്ലെങ്കിൽ ഒരു താഴ്ചയുണ്ട്. ഭർത്താവ് മരിച്ചു പോയെ ങ്കിൽ ഒരു താഴ്ചയുണ്ട്. മക്കൾ ജനിച്ചില്ലെങ്കിൽ ഒരു താഴ്ചയു ണ്ട്. വിവാഹം നടന്നില്ലെങ്കിൽ ഒരു താഴ്ചയുണ്ട്. ഇന്നും വാട കവീട്ടിൽ ആണെങ്കിൽ ഒരു താഴ്ചയുണ്ട്.

അഞ്ചു സെന്റ് ഭൂമി ഉണ്ടായിരുന്നെങ്കിൽ സ്വന്തമായൊരു കിടപ്പാടം ഉണ്ടാക്കാൻ നോക്കാമായിരുന്നു. ഭൂമിയുണ്ടായിരുന്നു. അപ്പൻ എല്ലാം കുടിച്ചു മുടിച്ചു. ഇതെല്ലാം വായിക്കുമ്പോൾ

ഉള്ളം തകരുന്ന ആരെങ്കിലുമുണ്ടോ? പലവട്ടം പരീക്ഷ എഴുതിയിട്ടും പാസ്സാകാത്തവരുണ്ടോ? മറ്റുള്ളവരുടെ മുമ്പിൽ തലയെടുപ്പോടെ നിൽക്കാൻ കഴിയാത്തവരാരെങ്കിലുമുണ്ടോ?

ഗില്ലെറ്റ് ബ്ലെയ്ഡ് ഉണ്ടാക്കാൻ ഗില്ലെറ്റ് വളരെനാൾ അദ്ധ്വാനിച്ചു. അദ്ദേഹമുണ്ടാക്കുന്ന ബ്ലെയ്ഡ് എല്ലാം ഒടിഞ്ഞുപോകുന്നു. കാരണം, ആ ലോഹക്കൂട്ട് ശരിയാകുന്നില്ല. അത്ര പെട്ടെന്ന് ഒടിഞ്ഞുപോകാത്ത ലോഹക്കൂട്ടുകൊണ്ട് ബ്ലെയ്ഡ് ഉണ്ടാക്കണം. ഏറ്റവും മൂർച്ചയുള്ള ബ്ലെയ്ഡ് ആയിരിക്കണം. അന്ന് പലരും അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി. നിന്നെക്കൊണ്ട് സാധിക്കില്ല എന്നു പറഞ്ഞു.

ഗില്ലെറ്റ് നിരാശപ്പെട്ടില്ല. തളർന്നു നിന്നില്ല. അദ്ധ്വാനിച്ചു. അവസാനം ലോഹക്കൂട്ടിന്റെ മിശ്രിതം ശരിയായ രീതിയിൽ കണ്ടെത്തി. ഇന്നത്തെ ഗില്ലെറ്റ് ബ്ലെയ്ഡ് ഉണ്ടാക്കി.

ഷേക്സ്പിയർ, പ്രസിദ്ധനായ കവിയാണ്. ഷേക്സ്പിയറിന് വെറും പ്രൈമറി വിദ്യാഭ്യാസം മാത്രമേ കിട്ടിയിരുന്നുള്ളൂ. പിന്നെ പഠിക്കാൻ സാധിച്ചില്ല. പക്ഷേ, ഷേക്സ്പിയർ തളർന്നില്ല. പിന്നെയും പഠിച്ചു. പഠിച്ചു പഠിച്ചുയർന്ന് അദ്ദേഹം ഉന്നതമായ സ്ഥാനത്തെത്തി. വിശ്രുതനായ കവിയും നാടകകൃത്തുമായി മാറി.

ജോൺ മിൽട്ടൻ, പ്രതിഭാശാലി ആയിരുന്നു. പക്ഷേ, നാൽപ്പത്തിനാലാമത്തെ വയസ്സിൽ അന്ധനായിപ്പോയി. എന്തുചെയ്യും? വായിക്കാൻ പാടില്ല. എഴുതാൻ പാടില്ല. പക്ഷേ, അദ്ദേഹം തളർന്നില്ല. വീണ്ടും അദ്ധ്വാനിച്ച് പഠിച്ചു. മറ്റുള്ളവരുടെ സഹായം കൊണ്ട് പരിശ്രമിച്ചു. അദ്ദേഹം Paradise Lost എഴുതി. പ്രസിദ്ധമായ ഒരു ഐതിഹാസിക കൃതിയാണ് Paradise Lost. Paradise Regain-'പറുദീസ തിരികെ കിട്ടി' എന്ന വേറൊരു കവിതയും അദ്ദേഹം എഴുതി. മഹാകാവ്യങ്ങൾ! ഇതിഹാസങ്ങൾ!

R.L. Stevenson തീരെ ദരിദ്രനും ഒന്നിനും കഴിവില്ലാത്ത

വനും ആയിരുന്നു. മുന്നോട്ടുപോകാൻ ഒരു മാർഗ്ഗവും ഉള്ള വനായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന് ഉയരണമെന്നാഗ്രഹമു ണ്ട്. നിർഭാഗ്യവശാൽ അദ്ദേഹത്തിനു തോന്നി ദൈവം ചിലരെ യൊക്കെ ഉയർത്തുന്നു. എന്തുകൊണ്ടാണ് ഞാൻ ഒരു ദരിദ്ര നായിപ്പോയത്? അങ്ങനെ, ദൈവം ഇല്ലെന്നു ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്തു. പക്ഷേ, ജീവിതത്തിന്റെ ഒരു ഭാഗ ത്തുവന്നപ്പോഴേക്കും ദൈവം യാഥാർത്ഥ്യമാണെന്ന് അദ്ദേഹ ത്തിനു മനസ്സിലായി. ദൈവം ഉണ്ട്. കർത്താവായ യേശുക്രിസ്തു സത്യദൈവമാണ്. പിന്നീട് അദ്ദേഹം Kidnapped, Treasure Island എന്നീ പ്രസിദ്ധമായ കൃതികൾ എഴുതി.

Thomas Alva Edison പഠിക്കാൻ തീരെ മണ്ടനായിരുന്നു. ക്ലാസ്സ്ടീച്ചർ പറഞ്ഞു: നീ ഈ ക്ലാസ്സിൽ ഇരിക്കണ്ട. നീ പൊയ്ക്കോ. പക്ഷേ, പിന്നെയും അവൻ പഠിക്കാൻ ചെല്ലും. പഠിക്കണമെന്ന് ആഗ്രഹമുണ്ട്. You are not fit for the class room. ഒരു ദിവസം അവനെ ക്ലാസ്സിൽനിന്ന് ഇറക്കിവിട്ടു. കരഞ്ഞു കൊണ്ട് അവൻ അമ്മയുടെ അടുത്തുചെന്നു. അമ്മ അവനെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു: മോനേ, നിന്നെ അമ്മ പഠിപ്പി ക്കാം. അമ്മ അവനെ പഠിപ്പിക്കാൻ തുടങ്ങി. ആ കുട്ടി വളർന്നു.

തോമസ് ആൽവ എഡിസനെ ഏതു ക്ലാസ്സിൽ നിന്ന് ഇറക്കി വിട്ടോ, ആ ക്ലാസ്സിന്റെ ചുമരിൽ ഒരു ഫോട്ടോ തൂക്കിയി രിക്കുന്നു. കുട്ടികളോട് ടീച്ചർ പറയുകയാണ്: ഈ ഫോട്ടോ തോമസ് ആൽവാ എഡിസന്റേതാണ്. ഇദ്ദേഹം ഈ ക്ലാസ്സിൽ ഇരുന്ന ആളാണ്. പഠിക്കാൻ മോശമായിരുന്നു. ക്ലാസ്സിൽ നിന്ന് ഇറക്കി വിട്ടതാണ്. പക്ഷേ, അവൻ വളർന്നു പ്രസിദ്ധനായി. നിങ്ങൾക്കും വളരാം. 1093 കണ്ടുപിടിത്തങ്ങൾ ആണ് തോമസ് ആൽവാ എഡിസൻ കണ്ടുപിടിച്ചത്.

ജെയിംസ് വാട്ട് ആവിയന്ത്രം കണ്ടുപിടിച്ചു. ഓടിക്കാൻ തുടങ്ങി, ഓടുന്നില്ല. ആളുകൾ കളിയാക്കി: അതെങ്ങും ഓടാൻ പോകുന്നില്ല. അദ്ദേഹം തളർന്നില്ല. പിന്നെയും അദ്ധ്വാനിച്ചു.

ആവിയന്ത്രം ദ്രുതഗതിയിൽ പായാൻ തുടങ്ങി. കളിയാക്കിയവർ പറഞ്ഞു: ഇനി അത് നിൽക്കാൻ പോകുന്നില്ല. അതിനു ബ്രേക്കില്ല. പക്ഷേ, അതിനു ബ്രേക്കുണ്ടായി. എല്ലാം ശരിയായി.

ആവിയന്ത്രം ഉപയോഗിച്ചുകൊണ്ട് ഇന്ന് എന്തെല്ലാം യന്ത്രങ്ങളാണ് പ്രവർത്തിക്കുന്നത്! നിങ്ങൾ ഇതുവരെ തോറ്റവരാണെങ്കിൽ നിങ്ങൾ എഴുന്നേൽക്കണം. നിവർന്നു നിൽക്കണം. നിങ്ങൾ തളർന്നിരിക്കരുത്. സിലബസ്സ് മാറി. ഞാൻ ഇനി എങ്ങനെ പഠിക്കാനാണ്? ആരു പഠിപ്പിക്കാനാണ്? എനിക്കു കഴിവില്ല. എന്നെക്കൊണ്ട് സാധിക്കില്ല. അല്ല മോനെ, അല്ല മോളേ, നീ പഠിക്കൂ. നീ ശ്രമിക്കൂ. നിനക്ക് ഉയരാം, ഉന്നതമായ സ്ഥാനങ്ങൾ പ്രാപിക്കാം.

ആരോഗ്യം വറ്റിപ്പോയി. ഇനി ആശയ്ക്കു വകയില്ല. ഡോക്ടേഴ്സ് കൈവിട്ടു. ഒരവസരത്തിൽ എറണാകുളത്തുള്ള ഒരു ഡോക്ടറും ഭാര്യയും കൂടി ഇവിടെ വന്നു. അദ്ദേഹം ചോദിച്ചു: ഞാൻ ഓപ്പറേറ്റു ചെയ്ത ഒരു കേസ് ഉണ്ടായിരുന്നല്ലോ? അദ്ദേഹം എത്ര നാൾ ജീവിച്ചിരുന്നു? അദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് എന്നു ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: സാറേ, ഞാൻ ഓപ്പറേറ്റു ചെയ്തപ്പോൾ ആ stomach-ൽ കുടലുകൾ എല്ലാം കൂടിപ്പിടിച്ച് ക്യാൻസർകൊണ്ട് എല്ലാം തകരാറിലായി ആഹാരമൊന്നും കഴിക്കാൻ നിർവ്വാഹമില്ലാതെ, ഒന്നും ചെയ്യാതെ എല്ലാം വീണ്ടും കൂട്ടിത്തുന്നിയതായിരുന്നല്ലോ. ഏതാനും ദിവസങ്ങൾക്കകം മരിച്ചുപോകും എന്നായിരുന്നല്ലോ എന്റെ കണക്കുകൂട്ടൽ. ഞാൻ പറഞ്ഞു: ഡോക്ടറേ, അദ്ദേഹം ജീവിച്ചിരിപ്പുണ്ട്.

സ്വർഗ്ഗത്തിലെ ദൈവത്തിന് അസാദ്ധ്യമായിട്ട് എന്തുണ്ട്? നമ്മുടെ അവയവങ്ങൾ കർത്താവായ യേശുക്രിസ്തു മെനഞ്ഞതല്ലേ? നമ്മുടെ അവയവങ്ങൾക്കുള്ള കുറവുകൾ തീർക്കാൻ കർത്താവിനു കഴിയില്ലേ? അവന്റെ കൈയല്ലേ നമ്മെ മെനഞ്ഞുണ്ടാക്കിയത്? നിങ്ങൾ വിശ്വസിക്കൂ.

ഇന്ന് തകർന്നുപോയ ശരീരാവയവങ്ങുമായി വലഞ്ഞു

പോയവർ ഉണ്ടെങ്കിൽ നിങ്ങൾക്ക് ആ ഭാഗം കർത്താവിനെ ചൂണ്ടിക്കാണിക്കാം. നാഥാ! നിന്റെ കരം ഒന്നു വയ്ക്കണമേ. എന്റെ കർത്താവേ, നീ എന്നോടു മനസ്സലിയണമേ. കരുണ തോന്നണമേ. എന്റെ വരൾച്ച മാറ്റാൻ നിനക്കു കഴിയുമല്ലോ. എന്റെ ഭാര്യയുടെ വരൾച്ച മാറ്റാൻ നിനക്കു കഴിയുമല്ലോ? എന്റെ മോന്റെ വരൾച്ച മാറ്റാൻ നിനക്കു കഴിയുമല്ലോ? എന്റെ ഭർത്താവിന്റെ ശരീരത്തിലെ രോഗത്തിന്റെ വരൾച്ച മാറ്റാൻ നിനക്കു കഴിയുമല്ലോ? കർത്താവേ, നിന്റെ കരുണയുള്ള കരം വച്ച് ഇപ്പോൾ എന്നെ അനുഗ്രഹിക്കണമേ.

എന്റെ നാഥാ! ഞാൻ എഴുന്നേൽക്കാം. ഞാൻ നിവർന്നു നിൽക്കാം. ഞാൻ ആരേയും നോക്കുന്നില്ല. ആരെല്ലാം എന്നെ കളിയാക്കും എന്നു ഞാൻ നോക്കുന്നില്ല. എനിക്ക് ഒന്നേ വേണ്ടൂ. എന്റെ യേശു കല്പിച്ചു. ഞാനിതാ നിവർന്നു നിൽക്കുന്നു.

എഴുന്നേറ്റ് നടുവിൽ നിൽക്ക എന്നു അവൻ പറഞ്ഞു. അവൻ എഴുന്നേറ്റു നടുവിൽ നിന്നു. ഒരു ജാള്യത അവന്റെ മുഖത്തുണ്ട്.

> *"അവരുടെ വിചാരം അറിഞ്ഞിട്ട് അവൻ വരണ്ട കൈയുള്ള മനുഷ്യനോട്: എഴുന്നേറ്റു നടുവിൽ നിൽക്ക എന്നു പറഞ്ഞു; അവൻ എഴുന്നേറ്റു നിന്നു. യേശു അവരോടു: ഞാൻ നിങ്ങളോടു ഒന്നു ചോദിക്കട്ടെ. ശബ്ബത്തിൽ നന്മ ചെയ്കയോ തിന്മ ചെയ്കയോ, ജീവനെ രക്ഷിക്കയോ നശിപ്പിക്കയോ ഏതു വിഹിതം എന്നു പറഞ്ഞു. അവരെ എല്ലാം ചുറ്റും നോക്കിയിട്ട് ആ മനുഷ്യനോട്: കൈ നീട്ടുക എന്നു പറഞ്ഞു. അവൻ അങ്ങനെ ചെയ്തു, അവന്റെ കൈക്കു സൗഖ്യം വന്നു."*
>
> *ലൂക്കോസ് 6 : 8 – 10*

യേശു ആ മനുഷ്യനോട് കൈനീട്ടുക എന്നു പറഞ്ഞു. അവൻ സംശയിച്ചില്ല. അധികാരമുള്ള ദൈവപുത്രനാണ് പറ

യുന്നത്. അവൻ കൈ നീട്ടി. അനേകനാളുകളായി മടങ്ങിപ്പോയിരുന്ന, ചുരുണ്ടുപോയിരുന്ന ആ കൈ നീട്ടി. അവന്റെ കൈക്കു സൗഖ്യം വന്നു.

വരൾച്ച മാറ്റുന്ന നല്ലവനായ യേശു നമ്മോട് പറയുന്നു: കൈ നീട്ടുക എന്ന്. എവിടെയാണ് വരൾച്ചയുള്ളത്? നീട്ടുക. എവിടെയാണ് അപകർഷതാബോധമുള്ളത്? നീട്ടുക. എവിടെയാണ് പോരായ്മയുള്ളത്? നീട്ടുക. നീ മദ്യപാനജീവിതം നയിച്ചവനാണോ? വ്യഭിചാരജീവിതം നയിച്ചവനാണോ? നീ കഞ്ചാവിന്റെ അടിമയായിരുന്നോ? മയക്കുമരുന്നിന്റെ അടിമയായിരുന്നോ? എന്തെല്ലാം കുറവുകളാണുള്ളത്? എല്ലാ കുറവുകളോടും കൂടെ നീ ഇപ്പോൾ എഴുന്നേറ്റു നിവർന്നു നിൽക്കുക. കൈ നീട്ടുക.

നമുക്ക് കർത്താവിനോടു പറയാം: നാഥാ! തിരുമുമ്പാകെ നിൽക്കാൻ എനിക്കു യോഗ്യതയില്ല. ഞാൻ അധ:പതിച്ചവനാണ്. ഞാൻ ക്ഷീണിതനാണ്. ഞാൻ തളർന്നവനാണ്. ഞാൻ വാടിപ്പോയവനാണ്. ഞാൻ തഴയപ്പെട്ടവനാണ്. ഞാൻ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവനാണ്. ആർക്കും വേണ്ടാത്തവനാണ്. എന്നാൽ, ഞാനിതാ നിന്റെ കല്പന അനുസരിച്ച് നിവർന്നു നിൽക്കുന്നു. നാഥാ! നിന്റെ തൃക്കരം എന്റെ കരത്തിന്മേൽ പിടിച്ചുകൊള്ളണമേ. തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ. ഇന്നുമുതൽ ഞാൻ നിന്റെ വക. ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു. യേശുക്രിസ്തുവിനെ എന്റെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നു. യേശുവേ, എന്നെ നീ സ്വീകരിക്കണമേ. ഇപ്പോൾത്തന്നെ എന്റെ ഹൃദയത്തിലേക്കു വരണമേ.

## അഞ്ച്

യേശുക്രിസ്തു ജീവിക്കുന്നു. ക്രിസ്തു എന്നെ കാണുന്നു. ക്രിസ്തു എന്നെ സ്നേഹിക്കുന്നു. ക്രിസ്തീയജീവിതത്തിന്റെ എല്ലാ നന്മകളും നമുക്കനുഭവിക്കാൻ സാധിക്കുന്നത് ഈ ഒരു വിശ്വാസത്തിലാണ്. ക്രിസ്തു എന്നെ വ്യക്തിപരമായി അറിയുന്നു എന്ന വിശ്വാസം. ക്രിസ്തു എന്നെ വ്യക്തിപരമായി സ്നേഹിക്കുന്നു എന്ന വിശ്വാസം. യേശുവിന് എന്നോടു സ്നേഹമാണ് എന്ന ചിന്തയുണ്ടെങ്കിൽ ഒരിക്കലും നിരാശപ്പെടേണ്ടിവരികയില്ല.

ജീവിതത്തിൽ വരൾച്ചയുള്ള സമയങ്ങളുണ്ട്. വരൾച്ച മാറുവാനും വളർച്ച ലഭിക്കുവാനും നമുക്ക് സാധിക്കണമെങ്കിൽ ക്രിസ്തുവിലുള്ള ആശ്രയം വേണം. യേശുക്രിസ്തുവിലുള്ള ആശ്രയവും വിശ്വാസവുംകൊണ്ടു മാത്രമേ നമ്മുടെ വരൾച്ചകൾ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളൂ. ചിലപ്പോൾ ഒരു കാരണവുമില്ലാതെ വരൾച്ച വന്നു എന്നു വരാം.

അന്തരീക്ഷം മുഴുവനും പൈശാചികശക്തിയുടെ അധീനതയിൽ കുടുങ്ങിക്കിടക്കുകയാണ്. ആയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മസേന എന്ന് പിതാക്കന്മാർ പറയുന്നത് അതാണ്. ഓരോരുത്തരേയും വീഴിപ്പാൻ ദുഷ്ടപ്പിശാചുക്കൾ നിറഞ്ഞു നിൽക്കുന്നു. ഈ പിശാചുക്കളുടെ മദ്ധ്യത്തിൽക്കൂടെ സുഗമമായി പോകാൻ സാധിക്കണമെങ്കിൽ ക്രിസ്തുവിന്റെ പ്രകാശം നമുക്കു വേണം. ക്രിസ്തുവിന്റെ കരം നമ്മെ പിടിക്കണം. ഇല്ലെങ്കിൽ നാം വീണു പോകും.

കർത്താവു പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ പറഞ്ഞു:

"പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കണമേ." ദുഷ്ടൻ പ്രലോഭനങ്ങൾ കൊണ്ടുവരും. പിശാച് പലതരത്തിലുള്ള ദുഷ്പ്രേരണകൾ കൊണ്ടുവരും. നമ്മെ കടിച്ചുകീറുവാൻ, നമ്മെ നശിപ്പിക്കുവാൻ പിശാച് എപ്പോഴും ഉദ്യമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് പല കുടുംബങ്ങളിലും വഴക്കുകൾ, ഇഷ്ടക്കേടുകൾ, മുഷിച്ചിലുകൾ, പരിഭവങ്ങൾ, ആരോടോ ചില പരാതികൾ, ചിലപ്പോൾ ചില നിരാശകൾ എല്ലാം ഉണ്ടാകുന്നത്. പിശാച് എങ്ങനെയെങ്കിലും നുഴഞ്ഞു കയറിക്കൂടാൻ, അവന് ഇടം കിട്ടുവാൻ പഴുതുണ്ടോ എന്നു നോക്കി വരികയാണ്.

ഒരു പരിഭവം വരുമ്പോഴേക്കും അവന് ഒരു ചെറിയ ഇടം കിട്ടി. ഒരു കോപം വരുമ്പോൾ അവിടെ ചെറിയ ഇടം കിട്ടി. ആ പഴുതിൽക്കൂടി അവൻ കയറി വരും. നമ്മെ നശിപ്പിക്കും. കുടുംബം കലക്കും. എത്രയോ കുടുംബങ്ങളാണ് കലങ്ങിയിരിക്കുന്നത്? പരസ്പരം മിണ്ടാട്ടമില്ല. ആകെ ഒരു മ്ലാനത. പ്രകടമായ കാര്യമൊന്നും പറയാൻ ഇല്ലാത്തപ്പോഴും ചില മ്ലാനതകൾ വരാറുണ്ട്. വാടിയ മുഖങ്ങൾ! വിളറിയ മുഖങ്ങൾ! ഹൃദയം വാടിയിരിക്കുന്നു.

പ്രകടമായ അഭിപ്രായവ്യത്യാസങ്ങൾ ഉള്ളവരുണ്ട്. ചിലർക്ക് പ്രകടമായ അഭിപ്രായവ്യത്യാസങ്ങൾ ഇല്ല എങ്കിലും എന്തോ ചില നീരസങ്ങളും കയ്പ്പുകളും ഉള്ളിലിങ്ങനെ ഉറഞ്ഞുകൂടുന്നു. ഇതിന്റെയെല്ലാം പിന്നിൽ ദുഷ്ടപ്പിശാചുക്കളാണ്. അവൻ വരൾച്ചയുണ്ടാക്കുന്നു.

ആത്മീയജീവിതത്തിലും വരൾച്ചയുണ്ടാക്കും. ആത്മാവിൽ നല്ലപോലെ തിളച്ചുനിൽക്കുന്ന സമയത്തും ചിലപ്പോൾ വരൾച്ച കൊണ്ടുവരും. ആത്മാവിൽ ജ്വലിച്ചു പ്രാർത്ഥിക്കുന്ന സമയത്തും വരൾച്ച കൊണ്ടുവരും. നല്ല ആത്മതേജസ്സിൽ സ്തുതിച്ചുകൊണ്ടിരിക്കുമ്പോഴും വരൾച്ച കൊണ്ടുവരും. വരൾച്ച വരുമ്പോൾ ഉടനെ ശത്രു വരുന്നു, ദുഷ്ടൻ എന്നെ

പിടികൂടാൻ വരുന്നു എന്നു മനസ്സിലാക്കിക്കൊള്ളണം.

ഉടനെ എന്റെ കർത്താവേ, തിരുരക്തത്താൽ എന്നെ വലയം ചെയ്യണമേ എന്നു പറഞ്ഞുകൊള്ളണം. ഞാൻ മൂലം ഈ ഭവനത്തിൽ അല്ലെങ്കിൽ സ്ഥാപനത്തിൽ, ഈ ചുറ്റുപാടിൽ ഒരു പ്രതിസന്ധി ഉണ്ടാകരുത്. കാരണം, വേദപുസ്തകം പറയുന്നു:

*"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും."* *മത്തായി 5 : 9*

സമാധാനം ഉള്ളവരല്ല, സമാധാനം ഉണ്ടാക്കുന്നവരാണ് ഭാഗ്യവാന്മാർ.

സമാധാനമില്ലാത്തിടത്ത് സമാധാനമുണ്ടാക്കുന്നവരാണ് ഭാഗ്യവാന്മാർ. ഒന്നു ചിന്തിച്ചുനോക്കൂ. നാം സമാധാനം ഉണ്ടാക്കുന്നവരാണോ? നാം ആരുടെയും സമാധാനം കെടുത്തുന്നില്ല. പ്രശ്നങ്ങൾ ഒന്നും ഉണ്ടാക്കുന്നില്ല, ശരിയാണ്. പക്ഷേ, നമ്മുടെ കുടുംബത്തിൽ, നമ്മുടെ ജീവിതസാഹചര്യത്തിൽ സമാധാനം ഉണ്ടാക്കുന്നവരാണോ നാം?

നമ്മുടെ ജീവിതത്തിൽ വരൾച്ച വരുമ്പോൾ ഓർത്തുകൊള്ളണം, ഞാൻ സമാധാനമുണ്ടാക്കുവാൻ വിളിക്കപ്പെട്ടവനാണ്. ഞാൻ സമാധാനമുണ്ടാക്കുവാൻ അഭിഷേകം ചെയ്യപ്പെട്ടവനാണ്. സമാധാനമുണ്ടാക്കുവാൻ ദൈവം എന്നെ നിയോഗിച്ചതാണ്. സമാധാനത്തിന്റെ ഒരു പ്രവാചകനായി ദൈവം എന്നെ നിയമിച്ചതാണ്.

നിങ്ങൾ സമാധാനം ഉണ്ടാക്കിയിട്ടുണ്ടോ? നിങ്ങൾ മൂലം കുടുംബത്തിന്റെ അകൽച്ചയിൽ ഒരു അയവു വന്നിട്ടുണ്ടോ? നിസ്സാരകാര്യത്തിലുള്ള വാശികൊണ്ടല്ലേ ചിലപ്പോൾ വിവാഹമോചനം വരെ വന്നുപോകുന്നത്. ഇപ്പോൾ ചിന്തിക്കുമ്പോൾ തോന്നും എന്തു വിഡ്ഢിത്തമായിപ്പോയി എന്ന്. എന്തിനു ഞാൻ വാശിപിടിച്ചു? എന്തിനു ഞാൻ കോപിച്ചു? എന്തിനു

ഞാൻ മുഷിഞ്ഞു? പിന്നെ ചിന്തിച്ചുനോക്കുമ്പോൾ നമുക്കു മനസ്സിലാകും ആവശ്യമില്ലായിരുന്നു എന്ന്. എന്നാൽ, പിശാചിന് ഇടം കിട്ടി. അവൻ കയറിവന്നു. കുടുംബം തകർത്തു.

ഭാര്യാഭർത്താക്കന്മാരുടെ അഭിപ്രായവ്യത്യാസങ്ങൾ മൂലമാണ് പല കുടുംബങ്ങളും നാശത്തിലേക്കു പോകുന്നത്. മക്കൾ നാശത്തിലേക്കു പോകുന്നത്. മക്കളുടെ പഠിത്തം നേരെയാകാതെ പോകുന്നത്. മക്കളുടെ സ്വഭാവം ദൂഷ്യമായിപ്പോകുന്നത്. പല ദു:സ്വഭാവങ്ങളും മക്കൾക്ക് വന്നു ചേരുന്നത്. പല ദു:ശീലങ്ങളും മക്കൾ പഠിക്കുന്നത്.

കുടുംബത്തിന്റെ ഐക്യം എന്നുള്ളത് നിങ്ങളുടെ ജീവിതത്തിൽ പ്രധാന വിഷയമായിരിക്കണം. ഭാര്യയും ഭർത്താവും ഒരു ഹൃദയം. അപ്പനും അമ്മയും ഒരു ഹൃദയം. ആ മക്കൾ വഴി തെറ്റിപ്പോകുകയില്ല. ഒരു ഹൃദയമാകുന്നതിന് തടസ്സമായി എന്തെല്ലാമുണ്ട്? ഓരോന്നും കണ്ടുപിടിച്ച് അതു തിരുത്തിക്കൊള്ളണം.

ആന്തരികമായ വരൾച്ചകൾ മാത്രമല്ല, ശാരീരികമായ വരൾച്ചകളും ഉണ്ട്.

> *"അവരെ എല്ലാം ചുറ്റും നോക്കിയിട്ട് ആ മനുഷ്യനോട്: കൈ നീട്ടുക എന്നു പറഞ്ഞു. അവൻ അങ്ങനെ ചെയ്തു. അവന്റെ കൈക്കു സൗഖ്യം വന്നു."* *ലൂക്കോസ് 6 : 10*

അവൻ കൈ നീട്ടി. അവന്റെ കൈക്കു സൗഖ്യം വന്നു. അവന്റെ കൈ, വരണ്ട കൈയാണ്. ചലനരഹിതമായ കൈയാണ്. ആ കൈകൊണ്ട് ചോറു വാരി എടുക്കാൻ സാധിക്കുന്നില്ല. ജോലി ചെയ്യുവാൻ സാധിക്കുന്നില്ല. അവന്റെ കൈകൊണ്ട് എഴുതാൻ സാധിക്കുന്നില്ല. അവന്റെ കൈ നിഷ്പ്രയോജനമായ കൈയാണ്. കാരണം, കൈ വരണ്ടിരിക്കുന്നു. കൈ ചുരുങ്ങിയിരിക്കുന്നു. അനക്കമില്ല. ആ അവയവത്തിന് ചലനമില്ല.

യേശു അവനിൽ മനസ്സലിഞ്ഞു. സ്രഷ്ടാവ് അവനിൽ

മനസ്സലിഞ്ഞു. കൈനീട്ടുക എന്നു പറഞ്ഞു. പ്രിയപ്പെട്ടവരേ, ഇന്ന് ഈ വാക്കുകളെ വായിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവ് പറയുന്നു: മോളേ, നിന്റെ ജീവിതത്തിലെ വരണ്ടഭാഗം നീ എനിക്കു കാണിച്ചുതരിക. മകനേ, നിന്റെ ജീവിതത്തിലെ വരൾച്ചയുള്ള കാര്യം നീ എന്റെ അടുക്കൽ തുറക്കുക. അനേകർക്ക് അറിയാൻ പാടില്ലാത്ത വരൾച്ചകൾ നിന്റെ ജീവിതത്തിലുണ്ട്. ഒരു ശിശു പിറക്കാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ ഗർഭപാത്രം വരണ്ടുപോയവരുണ്ട്. ഒരു കാലത്തും ഒരു കുഞ്ഞിനെ കിട്ടുകയില്ലെന്നോർത്ത് എല്ലാവിധത്തിലും തളർച്ചയും തകർച്ചയും സംഭവിച്ചുപോയവരുണ്ട്.

കർത്താവ് പറയുന്നു: "കൈ നീട്ടുക." നിന്റെ പ്രശ്നം എന്താണ്? നീ അത് നിവർത്തുക. നീ അത് തുറക്കുക. യേശുക്രിസ്തുവാണ് കല്പിക്കുന്നത്. നിങ്ങളുടെ ഹൃദയത്തിലുള്ള ഭാരം എന്തുതന്നെ ആകട്ടെ അത് നിങ്ങൾ ഏല്പിക്കുക. ക്രിസ്തുവിന്റെ മുമ്പിലേക്ക് തുറക്കുക.

എന്റെ ജീവിതത്തിൽ ഞാൻ അനുഭവിച്ച യാഥാർത്ഥ്യം പറയട്ടെ, വിളിച്ചപേക്ഷിച്ചപ്പോൾ എല്ലാം കർത്താവ് എന്റെ ഈ നിസ്സാര ജീവിതത്തിലേക്ക് ഇറങ്ങി വന്ന് എനിക്ക് സമാധാനം തന്നിട്ടുണ്ട്. എന്നെ ആശ്വസിപ്പിച്ചിട്ടുണ്ട്. എന്റെ ഹൃദയം തണുപ്പിച്ചിട്ടുണ്ട്. എന്റെ ഉള്ളത്തിൽ കുളിർമ പകർന്നിട്ടുണ്ട്.

> *"കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കുകയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും."* *സങ്കീർത്തനങ്ങൾ 50 : 15*

> *"ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു."* *സങ്കീർത്തനങ്ങൾ 46 : 1*

ഈ വാക്യങ്ങളെല്ലാം എനിക്കു സമാധാനം തന്നിട്ടുണ്ട്. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. യേശുക്രിസ്തു, വിളിച്ചപേക്ഷിക്കാൻ യോഗ്യനാണ്; സ്നേഹി

പ്പാൻ യോഗ്യനാണ്; വിശ്വസിപ്പാൻ യോഗ്യനാണ്; അനുഗമിപ്പാൻ യോഗ്യനാണ്. യേശുവിന്റെ മുമ്പിൽ നിങ്ങളുടെ ഹൃദയത്തിന്റെ ഭാരം തുറക്കൂ. എത്രമാത്രം വരണ്ടുപോയ കാര്യമാണെങ്കിലും, പ്രതീക്ഷയ്ക്കു വകയില്ലെങ്കിലും, ഇനി ആശയ്ക്കു വകയില്ല എന്നു നിങ്ങൾക്കു തോന്നുന്നെങ്കിലും ഇപ്പോൾത്തന്നെ നിങ്ങളുടെ ഹൃദയം തുറക്കൂ. നിങ്ങളുടെ ജീവിതത്തിന്റെ വരൾച്ചയുള്ള ഭാഗം തുറക്കൂ.

പൈസയുടെ വരൾച്ച, ആരോഗ്യത്തിന്റെ വരൾച്ച, വിദ്യാഭ്യാസത്തിന്റെ വരൾച്ച, കുടുംബജീവിതത്തിൽ സമാധാനത്തിന്റെ വരൾച്ച, ഇങ്ങനെ നിങ്ങളുടെ ജീവിതത്തിലെ എല്ലാ വരൾച്ചകളും നിങ്ങൾ തുറന്നു വയ്ക്കൂ. സ്വസ്ഥതയില്ലാതെ മനസ്സു നീറിപ്പുകയുന്ന കാര്യങ്ങൾ, മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ, ആരോടും തുറന്നുപറയാൻ വയ്യാത്ത ചില കാര്യങ്ങൾ നിങ്ങൾ യേശുവിനോടു പറയൂ, പ്രാർത്ഥിക്കൂ.

നാഥാ, നിന്റെ തൃക്കരം ഒന്നു നീട്ടണമേ. എന്റെ വരൾച്ചയുള്ള ഭാഗത്ത്, എന്റെ വരൾച്ചയുള്ള ജീവിതത്തിൽ നിന്റെ കണ്ണ് ഒന്നു പതിയണമേ.

നിങ്ങളുടെ വരൾച്ച മക്കളെക്കുറിച്ചുള്ള വിഷാദവിഷയങ്ങളാണോ? മക്കളുടെ സ്വഭാവദൂഷ്യമാണോ? മക്കൾ ക്രിമിനൽ കേസിൽപ്പെട്ട കാര്യമാണോ? നിങ്ങളെ അലട്ടുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? എല്ലാ വരൾച്ചയുടെ വിഷയങ്ങളും ക്രിസ്തുവിന്റെ മുമ്പിലേയ്ക്കു കൊണ്ടുവരിക.

നീ ഇനി അതു മറച്ചുവയ്ക്കണ്ട. ഒളിച്ചു വയ്ക്കണ്ട. കൈ നീട്ടുക! നിന്റെ പ്രശ്നം രക്ഷകന്റെ മുമ്പിൽ തുറക്കുക! കുറ്റം കണ്ടുപിടിക്കാൻ നിൽക്കുന്നവരെ നോക്കണ്ട; നീ ആവശ്യക്കാരനല്ലേ?

എന്റെ കർത്താവേ, എന്റെ കുഞ്ഞിന് ഒരു വിവാഹാലോചന വരുന്നില്ലല്ലോ. വരൾച്ച വന്നിരിക്കുന്നു. വരണ്ടുപോയിരിക്കുന്നു. ആശാവഹമായ മുന്നേറ്റം കാണുന്നില്ലല്ലോ. വിവാ

ഹം നടത്താമായിരുന്നു പക്ഷേ, കൊടുക്കാൻ രൂപയില്ലല്ലോ. നിങ്ങൾ വലയുന്ന വിഷയങ്ങൾ യേശുവിന്റെ മുമ്പാകെ തുറക്കൂ. കാണാൻ, കരുതാൻ യേശു ഉണ്ട്. ഏത് നീറ്റലുളവാക്കുന്ന വിഷയമാണെങ്കിലും നിങ്ങൾ യേശുവിന്റെ മുമ്പിൽ തുറന്നുപറയൂ.

വരണ്ട കൈയുള്ള ആ മനുഷ്യൻ തന്റെ കൈനീട്ടി. "എഴുന്നേറ്റു നടുവിൽ നിൽക്ക" എന്ന് യേശു പറഞ്ഞു. എന്റെ ഈ പോരായ്മ ആരും അറിയണ്ട എന്നു വിചാരിച്ച് അവൻ മാറി ഇരിക്കുകയായിരുന്നിരിക്കാം. പക്ഷേ, യേശു പറഞ്ഞു: എഴുന്നേറ്റു നടുവിൽ നിൽക്ക; അവൻ എഴുന്നേറ്റു നിന്നു.

> *"എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു."* *യെശയ്യാവ് 60 : 1*

നീ ഇനി അന്ധകാരത്തിൽ ഇരിക്കണ്ട. പ്രത്യാശയുടെ ദൂത് നിന്റെ സന്നിധിയിലേക്ക് വന്നിരിക്കുന്നു. പ്രത്യാശയുടെ ഉടയവൻ നിന്റെ അരികിലേക്ക് വന്നിരിക്കുന്നു. ആശ്വാസദായകൻ, സ്നേഹത്തിന്റെ നികേതനമായവൻ നിന്റെ അരികത്തേക്കു വന്നിരിക്കുന്നു. മോനേ, എഴുന്നേറ്റു നിൽക്ക.

നിങ്ങളുടെ ഭാരമുള്ള, നിരാശ മുറ്റിയ, ആകുലം നിറഞ്ഞ ജീവിതം നിങ്ങൾ തുറന്ന് യേശുവിന്റെ മുമ്പാകെ എഴുന്നേറ്റു നിൽക്കുക.

അവൻ യേശു പറയുന്നത് അപ്പാടെ അനുസരിച്ചു. ഏതോ ഒരു അദൃശ്യശക്തി അവന്റെ ഉള്ളത്തിൽ ചലിക്കുകയാണ്. ഒരു അദൃശ്യശക്തി അവന്റെ മാംസപേശികളിലും അവന്റെ അസ്ഥികളിലും വ്യാപിക്കുന്നു. അവന്റെ രക്തധമനികളിലൂടെ ഒരു ശക്തി ഒഴുകുന്നു. കാരണം, അവനോടു സംസാരിക്കുന്നവൻ സ്രഷ്ടാവാണ്. അവനോടു സംസാരിക്കുന്നവൻ രക്ഷകനാണ്.

മകനേ, നിന്റെ ജീവിതത്തിൽ ഇപ്പോൾ നിന്നോടു

സംസാരിക്കുന്നത് നിന്റെ സ്രഷ്ടാവാണ്. നീ കർത്താവിനോട് പറയണം: കർത്താവേ, ഞാൻ ഇതാ എഴുന്നേറ്റു നിൽക്കുന്നു. ഞാൻ കൈനീട്ടുന്നു. ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ നിങ്ങൾക്ക് സൗഖ്യം ലഭിക്കും. യേശുക്രിസ്തു അകത്തു വരുമ്പോൾ സൗഖ്യം വേണ്ടവർക്ക് സൗഖ്യം കിട്ടും. കർത്താവിനറിയാം ആർക്കാണ് സൗഖ്യം കൊടുക്കേണ്ടതെന്ന്. ഏറ്റവും നല്ലത് കർത്താവ് ചെയ്യും. യേശുക്രിസ്തു അകത്തുവരുമ്പോൾ നമുക്ക് ആവശ്യമുള്ളത് അവൻ നമുക്കു തരും.

നിന്നെ കാണാനാണ് യേശു വന്നിരിക്കുന്നത്. നിന്നോട് സംസാരിക്കാനാണ് യേശു വന്നിരിക്കുന്നത്. നിനക്ക് ചില അത്ഭുതങ്ങൾ ചെയ്തു തരാനാണ് യേശു വന്നിരിക്കുന്നത്. നിനക്ക് സമാധാനം തരാനാണ് യേശു വന്നിരിക്കുന്നത്. നീ യേശുവിനോടു പറയൂ: കർത്താവേ, എന്റെ നേരെ ഒന്നു നോക്കണമേ. എന്നോട് ഒന്നു കല്പിക്കണമേ. വചനം എനിക്കു തരണമേ.

എന്റെ കർത്താവേ, എന്റെ വരൾച്ച മാറ്റണമേ. ആത്മാവിന്റെ വരൾച്ചയായി ഞാൻ വന്നു. ആത്മാവിന്റെ തീയോടെ, ആത്മാവിൽ കുതിച്ചു ചാടി എഴുന്നേൽക്കാൻ എനിക്കു കൃപ തരണമേ. നൂറ്റാണ്ടുകൾക്കുമുമ്പ് ഗലീലാനാടുകളിൽ നടന്ന അത്ഭുതം ഇന്ന് എന്റെ ജീവിതത്തിൽ നടക്കണമേ. വരൾച്ചകൾ മാറി വളർച്ചകൾ ലഭിക്കുന്ന മഹാസൗഭാഗ്യം എന്നിൽ നിറവേറണമേ.

# ആറ്

*"യഹോവ പിന്നെയും മോശയോട് അരുളി ച്ചെയ്തത്: യിസ്രായേൽമക്കളോടു സംസാരിച്ചു അവരുടെ പക്കൽനിന്നു ഗോത്രം ഗോത്രമായി സകല ഗോത്രപ്രഭുക്കന്മാരോടും ഓരോ വടിവീതം പന്ത്രണ്ടു വടി വാങ്ങി ഓരോരുത്തന്റെ വടിമേൽ അവന്റെ പേർ എഴുതുക. ലേവിയുടെ വടിമേലോ അഹരോന്റെ പേർ എഴുതേണം; ഓരോ ഗോത്രത്തലവന്ന് ഓരോ വടി ഉണ്ടായിരിക്കേണം. സമാഗമനകൂടാരത്തിൽ ഞാൻ നിങ്ങൾക്കു വെളിപ്പെടുന്ന ഇടമായ സാക്ഷ്യത്തിന്റെ മുമ്പാകെ അവയെ വയ്ക്കേണം. ഞാൻ തിരഞ്ഞെടുക്കു ന്നവന്റെ വടി തളിർക്കും; ഇങ്ങനെ യിസ്രായേൽ മക്കൾ നിങ്ങൾക്കു വിരോധമായി പിറുപിറുക്കുന്നതു ഞാൻ നിർത്തലാക്കും. മോശ യിസ്രായേൽ മക്കളോടു സംസാരിക്കയും അവരുടെ സകലപ്രഭുക്കന്മാരും ഗോത്രം ഗോത്രമായി ഓരോ പ്രഭു ഓരോ വടി വീതം പന്ത്രണ്ടു വടി അവന്റെ പക്കൽ കൊടുക്കയും ചെയ്തു: വടികളുടെ കൂട്ടത്തിൽ അഹരോന്റെ വടിയും ഉണ്ടായിരുന്നു. മോശ വടികളെ സാക്ഷ്യകൂടാരത്തിൽ യഹോവ യുടെ സന്നിധിയിൽ വെച്ചു. പിറ്റെന്നാൾ മോശ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവി ഗൃഹത്തിന്നുള്ള അഹരോന്റെ വടി തളിർത്തിരി ക്കുന്നതു കണ്ടു; അതു തളിർത്തു പൂത്തു ബദാം*

*ഫലം കായിച്ചിരുന്നു. മോശ വടികളെല്ലാം യഹോവയുടെ സന്നിധിയിൽ നിന്നു എടുത്തു യിസ്രായേൽമക്കളുടെ അടുക്കൽ പുറത്തു കൊണ്ടു വന്നു; അവർ ഓരോരുത്തൻ താന്താന്റെ വടി നോക്കിയെടുത്തു. യഹോവ മോശയോട്: അഹരോന്റെ വടി മത്സരികൾക്ക് ഒരു അടയാള മായി സൂക്ഷിക്കേണ്ടതിന്ന് സാക്ഷ്യത്തിന്റെ മുമ്പിൽ തിരികെ കൊണ്ടുവരിക; അവർ മരിക്കാതിരിക്കേണ്ടതിന്ന് എനിക്കു വിരോധമായുള്ള അവരുടെ പിറുപിറുപ്പ് നീ ഇങ്ങനെ നിർത്തലാക്കും എന്നു കല്പിച്ചു. മോശ അങ്ങനെതന്നെ ചെയ്തു. യഹോവ തന്നോടു കല്പിച്ചതുപോലെ അവൻ ചെയ്തു." സംഖ്യാപുസ്തകം 17 : 1 – 11*

അഹരോന്റെ വടി തളിർത്തു. ഒരു കാരണവശാലും അതു തളിർക്കും എന്നു ചിന്തിക്കാൻ പറ്റില്ല. കാരണം അത് ഉണങ്ങിയ വടി ആയിരുന്നു.

ലേവീഗൃഹത്തിലാണ് അഹരോന്റെ വടി. ഒറ്റ രാത്രികൊണ്ട് ഉണങ്ങിയ വടി തളിർത്തു! പൂത്തു! കായിച്ചു! എന്തൊരത്ഭുതം!

പ്രഭാതത്തിൽ മോശ സമാഗമനകൂടാരത്തിനകത്തു വച്ചിരുന്ന വടികൾ പന്ത്രണ്ടും നോക്കി. ഒരു വടി മാത്രം തളിർത്തു നിൽക്കുന്നു. ആ വടി അഹരോന്റേതായിരുന്നു. ഈ അത്ഭുതത്തിന് തക്ക കാരണമുണ്ട്.

യിസ്രായേൽക്കാരുടെ ഇടയിൽ ഒരു പിറുപിറുപ്പ് വന്നിരുന്നു. വാസ്തവത്തിൽ മോശയാണ് കാര്യങ്ങൾ ഒക്കെ ചെയ്യുന്നത് എന്നതുകൊണ്ട് അവർക്കു മോശയോട് നല്ല നീരസമുണ്ടായിരുന്നു. നല്ല വഴക്കും നല്ല പിറുപിറുപ്പുമുണ്ടാ യിരുന്നു.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ചില കാര്യങ്ങൾ ചെയ്യുമ്പോൾ അത് പലർക്കും നീരസത്തിനു കാരണമാകും;

അത് പലർക്കും പിറുപിറുപ്പുണ്ടാക്കും. മോശക്കും അഹരോനും വിരോധമായി ജനം പിറുപിറുത്തു. എപ്പോഴും പരാതി. എന്നും പരിഭവം. മിസ്രയീമിൽ നിന്ന് പുറപ്പെട്ട് കനാനിൽ എത്തുന്നതിനു മുമ്പ് ആ നാല്പതു വർഷവും അവർ നിരന്തരം മത്സരിച്ചുകൊണ്ടിരുന്നു. ദൈവമാണ് കൂട്ടിക്കൊണ്ടുപോകുന്നത്. പക്ഷേ, നിരന്തരം മത്സരിക്കുക യാണ്.

മത്സരിക്കുന്ന ജനം! വിശ്വാസികൾ പലരും ഇന്ന് മത്സരിക്കുന്നവരാണ്. ഒരുമിച്ചു യാത്ര ചെയ്യുന്നുണ്ട്. കനാനിലേക്കാണ് യാത്ര. ദൈവം വിടുവിച്ചവരാണ്. ചെങ്കടലിൽ അത്ഭുതം ചെയ്ത് രക്ഷിച്ചവരാണ്. ചെങ്കടൽ വറ്റിയാണ് അവർ ഇക്കരെ കടന്നത്. ഫറവോനും സംഘവും അതേ വഴിയിൽക്കൂടി കടക്കാൻ നോക്കിയപ്പോൾ മുങ്ങിപ്പോയി. ജനത്തിനുവേണ്ടി ദൈവം ചെയ്ത അത്ഭുതങ്ങൾ കണ്ടതാണ്. ഈ അത്ഭുതങ്ങൾ എല്ലാം കണ്ടിട്ടും അവർക്ക് മോശയേയും അഹറോനേയും വിശ്വസിക്കാൻ കഴിഞ്ഞില്ല.

പരിഭവം! പരാതികൾ! അവർക്കു കയ്പ്പു വരുന്നു. മരുഭൂമിയിലെ ചൂടുകാറ്റ് ഏറ്റപ്പോൾ അവർ പിറുപിറുക്കാൻ തുടങ്ങി. ഞങ്ങൾക്ക് ആ മിസ്രയീം ആയിരുന്നു ഭേദം. ഞങ്ങളെ വെറുതെ ഇങ്ങോട്ടു വിളിച്ചു കൊണ്ടുവന്നു. ഞങ്ങളെ എന്തിനാ പുറപ്പെടുവിച്ചത്? ഞങ്ങൾക്ക് അവിടെ നല്ല നല്ല ആഹാരം ഉണ്ടായിരുന്നു. അവിടെ ഇറച്ചിക്കലങ്ങളുടെ അടുക്കൽ ഞങ്ങൾ ഇരുന്ന കാലമുണ്ടായിരുന്നു.

അവിടെ ഉള്ളിയും മത്തങ്ങയും ചെറിയ ഉള്ളിയും എല്ലാം ഉള്ള കാലമുണ്ടായിരുന്നു. ഇതെല്ലാം ഇന്നു ഞങ്ങൾക്കു നഷ്ടപ്പെട്ടു. ഇന്ന് ഞങ്ങൾക്ക് ആഹാരമില്ല. ഈ പിറുപിറുപ്പ് കേട്ടപ്പോൾ കർത്താവ് ‘മന്ന’ പൊഴിച്ചുകൊടുത്തു. സ്വർഗ്ഗത്തിലെ ആഹാരം അവർക്കു കൊടുത്തു.

നേരം വെളുത്തപ്പോൾ മുറ്റത്ത് മന്ന തൂകിക്കിടക്കുന്നു. അവർ വാരി എടുത്തു. ഒന്നാന്തരം തേൻ ചേർത്ത

ദോശപോലെ രുചികരമായ ആഹാരം. സ്വർഗ്ഗീയഭോജനം! കുറച്ചുകഴിഞ്ഞപ്പോൾ അവർ പറഞ്ഞു: എന്നും ഈ മന്നയല്ലേ ഉള്ളൂ. ഞങ്ങൾ അവിടെ ഇറച്ചിക്കലങ്ങളുടെ അടുക്കൽ ഇരുന്നവരാണ്. ഇവിടെ എന്നും ഈ മന്ന മാത്രമേയുള്ളൂ.

ആ കൂട്ടായ്മയിൽ ചെന്നാൽ എന്നും പാപം മാറണം എന്നേ പറയാനുള്ളൂ. വേറൊന്നും പറയാനില്ല. എന്നും ഇതുതന്നെ. പാപം വരരുത്. എന്നും ഞങ്ങൾക്ക് ഈ മന്ന മാത്രമേ ഉള്ളോ? എന്നു ചോദിക്കുന്നവരുണ്ട്.

കർത്താവ് ഒരു കാര്യം ചെയ്തു. മരുഭൂമിയിൽക്കൂടി കാടപ്പക്ഷികൾ പറന്നു. കൈനീട്ടി പിടിക്കാൻ പാകത്തിന് അവ വന്നു നിന്നു. അവർ ധാരാളം തിന്നു. അപ്പോൾ അവരുടെ ആർത്തി മാറി. അവരുടെ മത്സരം ദൈവം ക്ഷമിച്ചുകൊടുത്തു. പിന്നെയും അവർ മുന്നോട്ടുപോയി.

പിന്നെയും മത്സരിച്ചു. മത്സരം മുറുകിയപ്പോൾ ദൈവം അഗ്നിസർപ്പങ്ങളെ അയച്ചു. തീപ്പാമ്പുകൾ പാളയത്തിലൂടെ ഓടി നടന്നു കടിച്ചു. കടിയേറ്റ ജനം വിഷം ബാധിച്ചു മരിക്കാൻ തുടങ്ങുകയാണ്. ഉടനെ മോശ നിലവിളിച്ചു: എന്റെ കർത്താവേ, ഈ ജനം മരുഭൂമിയിൽ പട്ടുപോകുന്നല്ലോ. ദൈവം മോശയോട് പിച്ചളകൊണ്ട് ഒരു പാമ്പിന്റെ രൂപമുണ്ടാക്കി പാളയത്തിനു നടുവിൽ കൊടിമരത്തിൽ തൂക്കിയിടാൻ പറഞ്ഞു. ആ പിച്ചളസർപ്പത്തിലേക്കു നോക്കിയാൽ അഗ്നിസർപ്പത്തിന്റെ കടിയേറ്റവർ രക്ഷപ്പെടും. മോശ പിച്ചളസർപ്പത്തെ നാട്ടി. നോക്കിയവർ നോക്കിയവർ രക്ഷപ്പെട്ടു.

അപ്പോഴപ്പോൾ ദൈവം പരിഹാരം കൊടുക്കുകയാണ്. പിന്നീട് അവർക്ക് കുടിക്കാൻ വെള്ളമില്ല. അപ്പോഴാണ് ഓളം വെട്ടുന്ന വെള്ളം കണ്ടത്. ആളുകൾ ഓടിച്ചെന്നു വെള്ളം കുടിച്ചു. പക്ഷേ, കുടിക്കുന്നവർ കുടിക്കുന്നവർ ഛർദ്ദിക്കാൻ തുടങ്ങി. അയ്യോ! ഇത് കയ്പ്പ്. ഞങ്ങൾക്കു വേണ്ട. ഉടനെ മോശ പ്രാർത്ഥിച്ചു. ആ തടാകത്തിന്റെ അരികത്തു തന്നെ ഒരു

മരമുണ്ടായിരുന്നു. ആ മരത്തിൽ നിന്ന് ഒരു കൊമ്പ് വെട്ടിയിടാൻ ദൈവം പറഞ്ഞു. വെട്ടിയിട്ടു. വെള്ളത്തിലെ കയ്പ്പ് ആ കൊമ്പ് വലിച്ചെടുത്തു. വെള്ളം മധുരമായി ത്തീർന്നു. അവർക്ക് ഇഷ്ടംപോലെ കുടിക്കാൻ സാധിച്ചു.

അവരുടെ അക്ഷമയും അസഹിഷ്ണുതയും ദൈവം സഹിച്ചു സഹിച്ചു കൊണ്ടുനടക്കുകയാണ്.

പിന്നെയും വെള്ളമില്ലാത്ത ഒരവസരത്തിൽ, നീ പാറയോട് കല്പിക്ക, പാറ വെള്ളം തരും എന്നു പറഞ്ഞു. മോശ പാറയെ അടിച്ചു. അടിച്ചത് ജനത്തോടുള്ള ദേഷ്യംകൊണ്ടാണ്. എന്നും പിറുപിറുപ്പും മത്സരവുമായി ഇരിക്കുന്ന കൂട്ടർ. മോശയ്ക്ക് ദേഷ്യം വന്നു. ആ ദേഷ്യം കൊണ്ട് മോശ പാറയെ അടിച്ചു. ദൈവം പ്രസാദിച്ചില്ല. അതുകൊണ്ട് മോശയ്ക്കു കനാൻ നാട്ടിൽ എത്താൻ പറ്റിയില്ല. ദൈവപുരുഷൻ ഒരു അസഹിഷ്ണുത കാണിച്ചപ്പോൾ അത് കനാനിൽ കടക്കാൻ വലിയ തടസ്സമായിത്തീർന്നു. മോശ കെഞ്ചി നോക്കി: ആ ദേശത്തേക്കു ഞാൻ ഒന്നു കടന്നു കൊള്ളട്ടെ.

വേണ്ട വേണ്ട. നീ എന്റെ കല്പന അനുസരിച്ചില്ല. നീ എന്റെ കല്പനയെ ആദരിച്ചില്ല. നീ അവിടെ കാലുകുത്തുകയില്ല. മോശ കെഞ്ചിപ്പറഞ്ഞു: കർത്താവേ, ഒരു പ്രാവശ്യം എന്റെ കാൽ ഒന്നു വച്ചുകൊള്ളട്ടെ, എന്നിട്ടു ഞാൻ മരിച്ചുകൊള്ളാം. മോശയുടെ ആഗ്രഹം കർത്താവു കണ്ടു. പക്ഷേ, കർത്താവ് അപ്പോൾ അനുവദിച്ചില്ല. പിന്നെയും നൂറ്റാണ്ടുകൾ നൂറ്റാണ്ടുകൾ കഴിഞ്ഞ് കർത്താവായ യേശു താബോർ മലയിലേക്കു കയറിയപ്പോൾ താബോറിന്റെ മുകളിൽ മോശയും ഏലിയാവും ഇറങ്ങിവന്നു. അങ്ങനെ മോശ കനാൻ നാട്ടിൽ കാലുകുത്തി. പണ്ടൊരിക്കൽ പറഞ്ഞ ആഗ്രഹം കർത്താവ് സാധിപ്പിച്ചു കൊടുത്തു.

1800-ഓളം വർഷം കഴിഞ്ഞ് താബോർ മലയുടെ മുകളിൽ കർത്താവായ യേശു ഇരിക്കുമ്പോൾ യേശുവിന്റെ അരികത്തിരുന്നു സംസാരിക്കാൻ മോശയേയും ഏലിയാവി

നേയും ദൈവം കൊണ്ടുവന്നു. അതെല്ലാം ശിഷ്യന്മാരായ പത്രോസും യോഹന്നാനും യാക്കോബും കണ്ടു. സ്വർഗ്ഗീയ കൂട്ടായ്മ!

നാളുകളായി നിങ്ങൾ കനാൻ നാട്ടിലേക്കു യാത്ര ചെയ്യുന്നവരാണ്. സ്വർഗ്ഗീയ സീയോനിലേക്കുള്ള യാത്ര! ഇവിടെ ശാശ്വതമായ വാസമില്ല. ഇവിടെ നാം തത്ക്കാലവാസികൾ! കൂടാരവാസികൾ! ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനമുള്ളതുമായ നഗരത്തിനായി കാത്തിരിക്കുന്നു.

സീയോൻയാത്രയിൽ നമുക്ക് പല വരൾച്ചകളുമുണ്ട്. സാറയുടെ ഗർഭപാത്രം വരണ്ടിരുന്നു. ഒരു സാദ്ധ്യതയുമില്ല. ഇനി ഒരു കുഞ്ഞു പിറക്കുമെന്ന പ്രതീക്ഷയില്ലാതിരിക്കുന്ന ചിലരെങ്കിലും ഇതു വായിക്കുന്നുണ്ട്. പ്രതീക്ഷയില്ല. ഗർഭപാത്രം നിർജ്ജീവമായിപ്പോയി. ഉണങ്ങിയ വടി പോലെ ഇന്നു പ്രതീക്ഷ നശിച്ചിരിക്കുന്ന ആരെങ്കിലുമുണ്ടോ?

എനിക്ക് ഒരു വിവാഹം നടക്കുമോ? ഇല്ല. ഇനി പ്രതീക്ഷിക്കണ്ട. ഇത്രയും വയസ്സായി. കാണാൻ വലിയ ചന്തമൊന്നുമില്ല. കൊടുക്കാൻ രൂപയില്ല. അന്വേഷിക്കാൻ ആളില്ല. ഞാൻ അനാഥയല്ലേ? എന്റെ കാര്യം ആരന്വേഷിക്കാനാണ്? ഞാൻ ആർക്കും ഒരു വിഷയമല്ലല്ലോ. ഇങ്ങനെ മനസ്സ്നൊന്തിരിക്കുന്നവരില്ലേ? വരണ്ടു പോയവരില്ലേ? മനസ്സു വരണ്ടുപോയവർ!

എനിക്കൊരു തൊഴിലില്ല. ഒരു ജോലി കിട്ടുമോ എന്നു ചിന്തിക്കാൻ പറ്റാതവണ്ണം ശരീരം ആരോഗ്യമില്ലാതായിപ്പോയി. ഒരു ജോലിക്കു പോകാൻ സാദ്ധ്യമല്ലാത്ത വിധം ശരീരം തളർന്നു പോയി. ആശ തീർന്നു. പ്രതീക്ഷ നശിച്ചു. അഹരോന്റെ ഉണങ്ങിയ വടിപോലെ അനേകരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും ആഗ്രഹങ്ങളും കരിഞ്ഞുണങ്ങിപ്പോയി.

ഞാൻ മാനസാന്തരപ്പെട്ടതിനുശേഷവും അമ്മ പറയും: നമുക്കിനി ഒരു നല്ലകാലം ഉണ്ടാകുകയില്ല എന്ന്. നല്ലകാലം തരാൻ കർത്താവു തീരുമാനിച്ചാൽ തരില്ലേ? അമ്മയെ ഞാൻ ധൈര്യപ്പെടുത്തും. ആശ്വസിപ്പിക്കും.

ജീവനുള്ള ദൈവം അത്ഭുതകരമായി എന്നെ നടത്തി. ഇന്ന് വരണ്ടിരിക്കുന്നവർ ആരെല്ലാമുണ്ട്? ഉണങ്ങിപ്പോയവർ ആരെല്ലാമുണ്ട്? മക്കൾ നേരെയാകില്ല എന്നു വിചാരിച്ച് ആശയെല്ലാം അടക്കിക്കെട്ടിവച്ചവർ ആരെല്ലാമുണ്ട്? മക്കളെ ക്കൊണ്ട് എനിക്ക് ഒരാശ്വാസം കിട്ടുകയില്ല എന്ന് ഉറപ്പായി ചിന്തിച്ചുകൊണ്ടിരിക്കുന്നവർ ആരെല്ലാമുണ്ട്?

നിരാശയുടെ മൂടൽമഞ്ഞ്! ആശക്കു വകയില്ല. ഇനി പ്രതീക്ഷക്കു വകയില്ല. എല്ലാ വാതിലും അടഞ്ഞല്ലോ? ഇനി ഒരു കരേറ്റമില്ല.

നിന്റെ വിദ്യാഭ്യാസത്തിന് ഇനി കരേറ്റമില്ല എന്നു ചിന്തിച്ച കാലങ്ങളില്ലേ? ഭാവി ഇരുളടഞ്ഞുപോയി എന്നു ചിന്തിച്ച കാലങ്ങളില്ലേ? നിന്റെ കുടുംബത്തിന് ഇനി ഒരു കരേറ്റം കിട്ടുകയില്ല എന്നു ചിന്തിച്ച കാലങ്ങളില്ലേ? പൈസയുടെ ഞെരുക്കം മാറുകയില്ല എന്നു ചിന്തിച്ച കാലങ്ങളില്ലേ? ഈ കടം ഒരു കാലത്തും തീരുകയില്ല എന്നു വിചാരിച്ച കാലങ്ങളില്ലേ? എല്ലാം തകർന്നടിഞ്ഞ സ്വപ്നങ്ങൾ! കരിഞ്ഞുണങ്ങിയ സ്വപ്ന ങ്ങൾ! ആശയറ്റ ജീവിതം! പ്രതീക്ഷ നശിച്ച ജീവിതം!

ഇന്ന് നിങ്ങൾ യേശുവിന്റെ മുൻപിലാണിരിക്കുന്നത്. നിങ്ങൾക്ക് കർത്താവിനോട് പറയാം: നാഥാ! ആശ നശിച്ച് നിരാശയോടെയാണു ഞാൻ വന്നിരിക്കുന്നത്. എന്റെ വ്യക്തിപരമായ ജീവിതത്തിൽ ഞാൻ നേരിടുന്ന ചില പ്രശ്നങ്ങൾ ഉണ്ട്. ഒരു കാലത്തും നേരെയാകാൻ ഒരു സാദ്ധ്യതയും ഞാൻ കാണുന്നില്ല. എല്ലാം തകർന്നു. എന്റെ സൂര്യൻ അസ്തമിച്ചു.

ഈ സൂര്യൻ അസ്തമിച്ചാൽ എന്നെന്നേക്കുമായുള്ള

അസ്തമനമല്ല, അടുത്ത പ്രഭാതത്തിൽ സൂര്യോദയം കാണും. യേശുക്രിസ്തു നിങ്ങളുടെ ജീവിതത്തിലേക്കു വരും. ഉണങ്ങിപ്പോയ വശങ്ങളെല്ലാം കർത്താവ് പച്ചയാക്കിത്തരും.

ഞാൻ പത്താംക്ലാസ്സു കഴിഞ്ഞ് പിന്നെ പഠിക്കാൻ കഴിയാതെ നിരാശനായി ഇരിക്കുമ്പോൾ ഇടയ്ക്ക് കാളയെ പാടത്തു കൊണ്ടുപോയി കൊടുക്കും. ഇടയ്ക്ക് ഉഴവുകാരന് കഞ്ഞി കൊണ്ടുപോയി കൊടുക്കും. ഒരവധി ദിവസം ഞാൻ വേലക്കാരനു കഞ്ഞിയുമായി പോയി.

ആഹാരം കഴിച്ചതിനുശേഷം ഞാൻ ആ വരമ്പത്തു നിന്നു. അവിടെ നിൽക്കുമ്പോൾ ഞാൻ ഓർത്തു: ചുറ്റുപാടുമുള്ള വീടുകളിലെ കുട്ടികൾ ചിരിക്കുന്നു. കളിക്കുന്നു. അവർക്കൊരു ഭാവിയുണ്ട്. എന്റെ കാര്യമോ? എന്റെ പഠിത്തം തീർന്നു. ഇനി എനിക്ക് ഭാവിയെക്കുറിച്ച് ആശയ്ക്കു വകയില്ല. പഠിക്കാൻ പോകാനുള്ള മാർഗ്ഗമില്ല. തന്നെയുമല്ല ഞാൻ പുറത്ത് എവിടെയെങ്കിലും പഠിക്കാൻ പോയാൽ അമ്മയ്ക്ക് ആരാ ഉള്ളത്? അങ്ങനെ ശൂന്യതയിലേക്കു നോക്കി നിരാശയോടെ നിന്നത് ഇപ്പോഴും ഓർക്കുന്നുണ്ട്.

അന്ന് ഒരിക്കലും ഞാൻ പ്രതീക്ഷിച്ചില്ല, വീണ്ടും പഠിക്കാൻ സാധിക്കുമെന്ന്. ജീവിതം തീർന്നു. പ്രതീക്ഷ മങ്ങി. നടന്നു നടന്നു ക്ലേശിച്ചു. ഓടി ഓടി തളർന്നു. നെടുവീർപ്പിട്ട് ഏങ്ങലടിച്ച് വിതുമ്പിക്കരഞ്ഞു. അമ്മ കരയുമ്പോൾ ഒപ്പം കരഞ്ഞു. വരണ്ടു പോയ ജീവിതം.

പ്രിയപ്പെട്ടവരേ, ഓടി ഓടി തളർന്നവരാണോ നിങ്ങൾ? എന്നാൽ നിങ്ങൾക്കൊരു ഭാവിയുണ്ട്. നിങ്ങളുടെ ഭാവി ശൂന്യമല്ല. ഇന്ന് യേശുവിനെ സ്വീകരിക്കുമെങ്കിൽ, നിങ്ങൾക്കു വേണ്ടി രക്തം ചിന്തിയ രക്ഷകനായ മശിഹാതമ്പുരാനെ നിങ്ങൾ സ്വീകരിക്കുമെങ്കിൽ നിങ്ങളുടെ ആഗ്രഹങ്ങൾ അവൻ സാധിപ്പിച്ചു തരും.

*"യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക;*

*ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.” സങ്കീർത്തനങ്ങൾ 37 : 3, 4*

എനിക്ക് പഠിക്കണമെന്ന് വലിയ ആശയായിരുന്നു. “നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും” എന്ന വാക്യം വായിച്ചപ്പോൾ അതു ഞാൻ കാണാതെ പഠിച്ചു. ഇടയ്ക്കിടയ്ക്കു ഞാൻ പറയും: അവൻ എന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ എനിക്കു തരും.

ദൈവം എന്നെ പഠിപ്പിച്ചു. യേശുക്രിസ്തുവിന്റെ വചനം എന്നെ ഉണർത്തി. ആ വചനം എന്നെ രൂപാന്തരപ്പെടുത്തി. എന്നെ നയിച്ചു. എന്നോടുകൂടെ ഇരുന്നു. വചനം എനിക്ക് ആശതന്നു.

കെണികളിൽപ്പെട്ടപ്പോൾ അവിടെനിന്നെല്ലാം കർത്താവു വിടുവിച്ചു. ഏതെല്ലാം അപകടങ്ങളിൽപ്പെട്ടു? അവിടെ നിന്നെല്ലാം കർത്താവു രക്ഷിച്ചു. ഏതെല്ലാം ദുഷ്ടമനുഷ്യരുടെ വഞ്ചനയിൽപ്പെട്ടു? അവിടെ നിന്നെല്ലാം കർത്താവു വിടുവിച്ചു.

അന്തിക്രിസ്തുവിന്റെ കൂട്ടാളികളുടെ കൈയിൽ നിന്നും കർത്താവ് വിടുവിച്ചു. ഇന്ന് ഞാൻ സമാധാനത്തോടെ ജീവിക്കുന്നു. ഇന്ന് ഞാൻ സമാധാനത്തോടെ കർത്താവിന്റെ വേല ചെയ്യുന്നു.

സഹോദരങ്ങളേ, തീർന്നു എന്നു നിങ്ങൾ വിചാരിക്കരുത്. തളിർക്കും; പൂക്കും; കായ്ക്കും. ഉണങ്ങിയത് തളിർക്കും. അഹരോന്റെ ഉണങ്ങിയ വടി തളിർത്തു. പൂത്തു. അതിൽ കായ്ഫലവും ഉണ്ടായി.

അത് അവിശ്വാസികൾക്ക് ഒരു ചോദ്യചിഹ്നമായി നിന്നു. ജീവനുള്ള ദൈവം അവരുടെകൂടെ ഉണ്ട് എന്നതിന് ഒരു തെളിവായിത്തീർന്നു. മോശയുടേയും അഹരോന്റെയും കൂടെ ദൈവം ഉണ്ട് എന്നു തെളിഞ്ഞു.

മോനേ, നിന്റെ പ്രതീക്ഷ അസ്തമിച്ചിട്ടില്ല. നിനക്കിതാ,

പുതിയ നാമ്പ് കിളിർപ്പിച്ചു തരികയാണ്. പുതിയ സമാധാനം തരികയാണ്. പുതിയ കൃപകൾ തരികയാണ്. പുതിയ ജീവൻ തരികയാണ്. പുതിയ ശക്തി തരികയാണ്. ക്രൂശിന്റെ ശക്തി! ജയമുള്ള സ്ലീബായുടെ ശക്തി! ആ സ്ലീബാ നിന്റെ തലമേൽ വച്ച് നിന്നെ അനുഗ്രഹിക്കുകയാണ്.

മകനേ, നിന്റെ ഉണങ്ങിയ ഭാഗങ്ങൾ യേശുവിനെ കാണിച്ചു കൊടുക്കൂ. കർത്താവേ, പ്രതീക്ഷയ്ക്കു വകയില്ലാതെയാണ് ഞാൻ വന്നിരിക്കുന്നത്. എന്നാൽ നാഥാ! നീ എനിക്കുവേണ്ടി രക്തം ചിന്തി എന്നു ഞാൻ വിശ്വസിക്കുന്നു.

യേശുവേ, നീ സർവ്വവല്ലഭനാണ്. നീ സർവ്വശക്തനാണ്. നീ സർവ്വവ്യാപിയാണ്. നിനക്ക് അസാദ്ധ്യമായിട്ട് ഒന്നുമില്ല. ഞാൻ വിശ്വസിക്കുന്നു. നീ എല്ലാം കാണുന്നു. നീ എല്ലാം അറിയുന്നു. നീ എന്നെ വ്യക്തിപരമായി അറിയുന്നു. നീ എന്നെ സ്നേഹിക്കുന്നു. എന്റെ തലമുടിനാരുപോലും നീ എണ്ണിയിരിക്കുന്നു.

കർത്താവേ, എനിക്കു പുതിയ പ്രത്യാശകൾ തരണമേ. പുതിയ പ്രത്യാശകൾ എനിക്ക് അനുഭവങ്ങളായി, അനുഗ്രഹ ങ്ങളായി തരണമേ. എന്റെ ജീവിതത്തിലെ വരണ്ട അനുഭവങ്ങൾ മാറ്റിത്തരണമേ. കർത്താവേ, നിനക്ക് അസാദ്ധ്യമായിട്ട് ഒന്നും ഇല്ലല്ലോ. ഞാൻ വിശ്വസിക്കുന്നു. കർത്താവേ, നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ ഒന്നു വയ്ക്കണമേ. എന്നെ അനുഗ്രഹിക്കണമേ. എന്നെ ശുദ്ധീകരിക്കണമേ.

യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. എല്ലാ പാപവും മാറ്റുന്നു. എല്ലാ ശാപവും മാറ്റുന്നു. എല്ലാ വരൾച്ചയും മാറ്റുന്നു.

# ഏഴ്

*“എന്നാൽ ദേശത്തു മഴ പെയ്യായ്കയാൽ കുറെ ദിവസം കഴിഞ്ഞ ശേഷം തോടുവറ്റിപ്പോയി.”*

*1 രാജാക്കന്മാർ 17 : 7*

തോടു വറ്റിപ്പോയി. നല്ലപോലെ നിറഞ്ഞു വെള്ളം ഒഴുകിയിരുന്ന തോട്. പക്ഷേ, വറ്റിപ്പോയി. കെരീത്തുതോട് സാധാരണ വറ്റുന്ന തോടല്ല. പക്ഷേ, മൂന്നുവർഷമായി മഴ പെയ്തിട്ട്. ആ ദേശത്തെങ്ങും മഴയില്ല. ആഹാബ് രാജാവു പറയുന്നു മഴയില്ലാതായതിന് ഉത്തരവാദി ഏലിയാപ്രവാചക നാണെന്ന്. ഏലിയാപ്രവാചകൻ എന്നൊരു മനുഷ്യൻ ഈ നാട്ടിലുണ്ട്. യഹോവയുടെ പ്രവാചകൻ എന്നാണു പറയുന്നത്. അവൻ ഒരു ശല്യക്കാരനാണ്.

ആഹാബ് കൊട്ടാരത്തിൽ സിംഹാസനത്തിൽ ഇരിക്കു മ്പോൾ ഒരു ദിവസം ഏലിയാവ് നല്ല ധീരതയോടെ കയറി വന്നു. രാജാവിന്റെ നേരെ വിരൽ ചൂണ്ടി: “ഞാൻ സേവിച്ചു നിൽക്കുന്ന യഹോവയാണ ഈ ആണ്ടുകളിൽ ഞാൻ പറഞ്ഞ ല്ലാതെ മഞ്ഞും മഴയും ഉണ്ടാകയില്ല” എന്നു പറഞ്ഞു. കൊടുങ്കാറ്റുപോലെ വന്നു, കൊടുങ്കാറ്റുപോലെ പോയി! എന്തൊരു അധികാരത്തോടെയാണ് പറഞ്ഞത്! മഴയും മഞ്ഞും ഉണ്ടാകണമെങ്കിൽ ഏലിയാവു പറയണമെന്ന്!

ഏലിയാവ് പറഞ്ഞതിന്റെ പിന്നിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയുണ്ട്. പ്രവാചകൻ വെറുതെ തോന്നിയപോലെ അഭിപ്രായം പറയുകയല്ല ചെയ്തത്. പക്ഷേ,

രാജാവിനതു മനസ്സിലായില്ല.

ദേശം വരണ്ടു. ഭൂമിയെല്ലാം വരണ്ടുണങ്ങി വിണ്ടുകീറി. പുൽനാമ്പുകളെല്ലാം കരിഞ്ഞുണങ്ങി. വയലിൽ ഒന്നും മുളയ്ക്കാതായി. ധാന്യം വിളയാതായി. ക്ഷാമം കൊടുമ്പിരി ക്കൊണ്ടു. എല്ലാവരും പട്ടിണിയിലായി. പട്ടിണി വർദ്ധിച്ചു വർദ്ധിച്ചു വന്നപ്പോൾ പട്ടിണിമരണങ്ങൾ. പട്ടിണികൊണ്ടു മൃഗങ്ങളും ചാകുന്നു. അങ്ങനെ ആഹാരവും വെള്ളവുമില്ലാതെ മനുഷ്യരും മൃഗങ്ങളും ചത്തൊടുങ്ങുന്നു. നാടുമുടിയുകയാണ്.

രാജാവിനു ദേഷ്യം വന്നു. ഈ ഒരുത്തൻ കാരണമല്ലേ നാട്ടിൽ ക്ഷാമം ഉണ്ടായത്? ഇവൻ ഇങ്ങനെയുള്ള ശാപവാക്ക് പറയാതിരുന്നെങ്കിൽ!

രാജാവ് ഏലിയാവിന്റെ വാക്കു കേട്ടപ്പോൾ അനുതപിച്ചാൽ മതിയായിരുന്നു. വിഗ്രഹാരാധന നാട്ടിൽ നിന്നു മാറ്റിയാൽ മതിയായിരുന്നു. അതിനുപകരം ഏലിയാപ്രവാചകനെ കണ്ടു പിടിച്ച് കൊല്ലാൻ നടക്കുകയാണ്.

മഴയില്ലാത്തതിനു കാരണം സത്യദൈവത്തെ വിട്ടു ജനം ബാൽ വിഗ്രഹങ്ങളെയും അശേരാപ്രതിഷ്ഠകളെയും വണങ്ങാൻ പോയതാണ്. അങ്ങനെ സത്യദൈവത്തെ വിട്ടു മറ്റ് ആരാധനകളിലേക്കു വഴിതെറ്റിപ്പോയപ്പോൾ ദൈവത്തിന്റെ കോപം വന്നു. അവർക്ക് അനുതപിക്കാൻ ദൈവം അവസരം കൊടുത്തതാണ്.

ദൈവത്തിന്റെ കോപം എന്നുപറയുന്നത് നാം അനുതപിക്കാനാണ്. ആ സമയത്തു നമ്മുടെ തെറ്റുകൾ നാം കണ്ടുപിടിച്ച് അനുതപിച്ചാൽ മതി. ഞാൻ നീതിമാനെന്ന് ഭാവിക്കരുത്.

ഈ പ്രവാചകനാണു കുഴപ്പം. ഈ പ്രവാചകൻ എനിക്കെതിരായിട്ട് സംസാരിക്കുന്നു. എന്നോടൊരു സ്നേഹമില്ല, എന്നോടൊരു കരുണയില്ല. ഒരു മാന്യതയില്ല. മാനുഷികമൂല്യം

പോലുമില്ല. ഇങ്ങനെയെല്ലാം ആഹാബിനു വേണമെങ്കിൽ പറയാം.

വാസ്തവത്തിൽ ദൈവം ആഗ്രഹിച്ചത് നാട്ടിൽനിന്ന് വിഗ്രഹാരാധികളെ ഉന്മൂലനം ചെയ്യണമെന്നാണ്. അതു മാറ്റിയിരുന്നെങ്കിൽ ഈ കെടുതി വരില്ലായിരുന്നു. മൂന്നര വർഷത്തേക്ക് മഞ്ഞും മഴയും ഉണ്ടാകയില്ല എന്നു പറഞ്ഞ വാക്ക് ഏലിയാവുതന്നെ മാറ്റിപ്പറഞ്ഞേനെ. ആ ശാപവാക്ക് നിത്യമായ ശാപമല്ല. നിത്യമായ നാശമല്ല. അവിടെ തിരുത്താനുള്ള സമയം കൊടുക്കുകയാണ്.

പരിശുദ്ധാത്മാവ് എന്നും കരുണയാണ്. പരിശുദ്ധാത്മാവ് എന്നും വാത്സല്യമാണ്. പരിശുദ്ധാത്മാവ് എന്നും നമ്മുടെ ജീവിതത്തിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവനാണ്. പരിശുദ്ധാത്മാവ് എന്നും വിശുദ്ധീകരിക്കുന്നവനാണ്. പരിശുദ്ധാത്മാവ് നല്ല മൂർച്ചയുള്ള കത്തിയാണ്. പരിശുദ്ധാത്മാവ് തൊടുമ്പോൾ ചിലപ്പോൾ ചില ഭാഗങ്ങൾ കീറിപ്പോകും. അപ്പോൾ നമ്മൾ കിടന്നു പിടയ്ക്കും. വയ്യ! ഈ വേദന വയ്യ! എന്നാൽ വേദനിക്കുമ്പോൾ ഉടനെ മുകളിലേക്കു നോക്കിക്കൊള്ളണം.

കർത്താവേ, എവിടെയാണ് എനിക്കു തെറ്റുപറ്റിയത്? എനിക്കു വീഴ്ച പറ്റിയത്? എവിടെയാണ് എന്റെ ദൈവത്തെ ഞാൻ ദു:ഖിപ്പിച്ചത്? ഇതു കണ്ടുപിടിക്കണം. നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ കർശനമായ ശാസനകളോ ശിക്ഷണങ്ങളോ ലഭിക്കുമ്പോൾ നാം പിടയ്ക്കുകയല്ല വേണ്ടത്, അനങ്ങാതിരുന്നുകൊള്ളുക. “മിണ്ടാതിരുന്ന് ഞാൻ ദൈവം എന്ന് അറിഞ്ഞു കൊൾവിൻ.” സങ്കീർത്തനം 46 : 10. ന്യായം പറയരുത്.

ഏലിയാപ്രവാചകനാണ് തെറ്റ്. അദ്ദേഹം പറഞ്ഞതിനാണ് തെറ്റ്. അല്ലാതെ എനിക്ക് തെറ്റൊന്നുമില്ല. ഞാനും ഈസേബെലും സന്തോഷമായി കഴിയുന്നു. ഈസേബെലിനു വിഗ്രഹാരാധന നല്ലതാണെന്നു തോന്നി. ഞാൻ വിഗ്രഹാരാധനയെ

പ്രോത്സാഹിപ്പിച്ചു. പ്രവാചകൻ എന്തിനാണ് അതിലൊക്കെ ഇടപെടുന്നത്? ഇങ്ങനെയുള്ള ന്യായങ്ങൾ ആഹാബിനു പറയാം.

ന്യായം പറഞ്ഞുകൊണ്ടിരിക്കരുത്. ആത്മീയജീവിതത്തിൽ ഞാൻ പഠിച്ച പാഠം അതാണ്. ഒരിക്കലും ന്യായം പറയില്ല. കർത്താവിന്റെ ആത്മാവ് ചില നിർദ്ദേശങ്ങൾ തരുമ്പോൾ കണ്ണുമടച്ച് അനുസരിക്കുക. എനിക്കു മനസ്സിലായില്ലെങ്കിലും “അതെ കർത്താവേ,” എന്നു സമ്മതിക്കുക.

ആഹാബും ഈസേബെലും തെറ്റു തിരുത്താൻ കൂട്ടാക്കാതെ ഏലിയാപ്രവാചകനെ തേടുകയാണ്. അവൻ ഒരുത്തൻ കാരണമാണ് ഈ പ്രശ്നങ്ങളെല്ലാം. പ്രവാചകൻ പറഞ്ഞ വചനം രാജാവിന് ഹിതകരമല്ലാതെ വന്നപ്പോൾ ആ പ്രവാചകനെ കൊല്ലാൻ രാജാവ് തീരുമാനിച്ചു. രാജാവ് ഏലിയാവിനെ പിടിച്ചുകൊണ്ടുവരുവാൻ സേവകരെ അയച്ചു. അവർ അന്വേഷിച്ചു നടക്കുകയാണ്.

ദൈവം ഏലിയാവിനോടു പറഞ്ഞു: നീ കെരീത്തിന്റെ വക്കിൽ ഒളിച്ചിരിക്ക. ഒളിക്കാൻ അധികം സ്ഥലമൊന്നുമില്ല. ചെറിയ കുറ്റിക്കാടുകളേ ഉള്ളൂ. ഈ കുറ്റിക്കാടുകൾ ഉള്ളിടത്ത് ആഹാബിന്റെ സേവകർ വരില്ലെന്ന് ദൈവത്തിനറിയാം. അതുകൊണ്ട് അവിടെ പോയി ഒളിച്ചിരിക്കാൻ പറഞ്ഞു. ദൈവം ഒരു മറവിടം തരുന്നത് മനുഷ്യൻ തരുന്നതുപോലെയല്ല. മനുഷ്യൻ ചിന്തിക്കുന്നതുപോലെയുമല്ല.

ദൈവം നമുക്കൊരു സങ്കേതം തരും. പേടിക്കണ്ട. ആശ്രയിച്ചു വിശ്വസിച്ചു നിൽക്കാമോ? വചനം അനുസരിച്ച് വചനപ്രകാരം ജീവിക്കാൻ തുടങ്ങാമോ? വിനയപ്പെടാമോ? ദൈവം നമ്മുടെ കാര്യം നോക്കും. ഏലിയാവിന് ദൈവം സംരക്ഷണം കൊടുത്തു.

വചനത്തോടു ചേർന്നു നിന്നാൽ എന്നും നമുക്ക്

സംരക്ഷണം കിട്ടിക്കൊണ്ടിരിക്കും. വചനത്തോടു ചേർന്നു നിൽക്കണം. ദൈവത്തിന്റെ വചനത്തിൽ വിറയ്ക്കണം.

ദൈവത്തിന്റെ വചനമാണെന്ന് ആഹാബ് വിചാരിക്കുന്നില്ല. ഏലിയാപ്രവാചകന്റെ അഭിപ്രായമായിരിക്കാം. അല്ലാതെ ദൈവം പറഞ്ഞതും മറ്റും ആകണമെന്നില്ല. ഇങ്ങനെ അവിശ്വസിക്കുന്നതുകൊണ്ടാണ് കുഴപ്പം വരുന്നത്. പ്രവാചകന് എന്തോ മുൻവിധിയുണ്ട്. അല്ലെങ്കിലും പ്രവാചകന് എന്നെ ഇഷ്ടമല്ല. ഇങ്ങനെയൊക്കെ ചിന്ത വരുന്നത് അവിശ്വാസമാണ്.

ദൈവത്തിന്റെ വചനമാണ് പ്രവാചകൻ പറയുന്നത് എന്നു വിശ്വസിക്കണം. ദൈവത്തിന്റെ വചനമല്ലാതെ എന്തെങ്കിലും പറഞ്ഞാൽ പ്രവാചകൻ താഴെപ്പോകും. പ്രവാചകൻ വീണുപോകും. ദൈവത്തിന് മുഖപക്ഷമുണ്ടോ? പ്രവാചകൻ പറയുന്നത് ദൈവത്തിന്റെ വചനമല്ലെങ്കിൽ കേൾക്കുന്നവന് നഷ്ടമൊന്നുമില്ല, പ്രവാചകനാണ് നഷ്ടം.

ആഹാബുരാജാവിന് വിശ്വാസമില്ലായിരുന്നു. ഫലമെന്താണ്? നാടു മുടിയുന്നു. നാട്ടിലാകെ പട്ടിണിമരണം ഉണ്ടാകുന്നു. ജനം വലയുന്നു. വെള്ളമില്ല; മഴയില്ല; മഞ്ഞില്ല. ആകെ വരണ്ടുണങ്ങിയ കാലാവസ്ഥ. എല്ലാ തോടുകളും വറ്റിപ്പോകുന്നു.

കെരീത്തിന്റെ വക്കിൽ കഴിയുമ്പോൾ ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് ഏലിയാവ് തോട്ടിലെ വെള്ളം കുടിക്കും. ആ കുറുങ്കാട്ടിൽ ഏലിയാവിനു ഭക്ഷണം കൊടുക്കാൻ അപ്പവും ഇറച്ചിയും കാക്ക രണ്ടുനേരവും കൃത്യസമയത്തു കൊണ്ടുവരും.

വചനപ്രകാരം മുന്നോട്ടുപോയാൽ നമുക്ക് ഭക്ഷണമുണ്ട്. വെള്ളമുണ്ട്. ഭക്ഷണത്തിനും വെള്ളത്തിനും വേണ്ടിയല്ല വചനം അനുസരിക്കുന്നത്. പക്ഷേ, ദൈവത്തെ അനുസരിച്ചാൽ നമ്മുടെ കാര്യം ദൈവം നോക്കും. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കാര്യം ഞാൻ അന്വേഷിച്ചാൽ എന്റെ കാര്യം

ദൈവം നോക്കും. നിങ്ങൾ ജീവിതം കർത്താവിനായി വിട്ടുകൊടുക്കൂ. നിങ്ങളുടെ ഭക്ഷണത്തിന്റെ കാര്യം, നിങ്ങളുടെ കടത്തിന്റെ കാര്യം, നിങ്ങളുടെ പഠിത്തത്തിന്റെ കാര്യം, നിങ്ങളുടെ പരീക്ഷയുടെ കാര്യം, എല്ലാം കർത്താവ് നോക്കും.

എന്നാൽ ഏറെക്കാലം അങ്ങനെ പോകാൻ കഴിഞ്ഞില്ല. കെരീത്തിലെ വെള്ളം വറ്റിക്കൊണ്ടിരുന്നു. വറ്റുന്ന കെരീത്ത്! ഇന്ന് അനേകരും വറ്റുന്ന കെരീത്തിന്റെ വക്കിൽ ഇരിക്കുകയാണ്. രോഗം വന്ന് ശരീരം വറ്റിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യം വറ്റിപ്പൊയ്ക്കൊണ്ടിരിക്കുകയാണ്. ശരീരത്തിന്റെ ബലം കുറഞ്ഞു പൊയ്ക്കൊണ്ടിരിക്കുകയാണ്. പണ്ടേപ്പോലെ എഴുന്നേറ്റു നടക്കാൻ വയ്യ. നടക്കുമ്പോൾ വേച്ചുവേച്ചു പോകുന്നു.

ബുദ്ധി വറ്റിക്കൊണ്ടിരിക്കും. ഓർമ്മ വറ്റിക്കൊണ്ടിരിക്കും. ജനപിന്തുണ വറ്റിക്കൊണ്ടിരിക്കും. ജനങ്ങൾക്ക് വലിയ ഇഷ്ടമായിരുന്നു. എന്നാൽ ഇപ്പോൾ ആർക്കും ഇഷ്ടമല്ല.

കെരീത്ത് വറ്റിപ്പോയി. ഭാര്യാഭർത്തൃബന്ധത്തിൽ വരൾച്ച വന്നവരുണ്ടോ? ഭാര്യയുടെ സ്നേഹം വറ്റിക്കൊണ്ടിരിക്കുന്നു. പ്രായമാകുമ്പോൾ സ്നേഹവും ഐക്യവും കൂടിക്കൂടി വരണം. സ്നേഹം വറ്റിപ്പോകരുത്. വാത്സല്യം വറ്റിപ്പോകരുത്. അപ്പനമ്മമാരോടുള്ള ബഹുമാനം വറ്റിപ്പോകരുത്. മക്കളോടുള്ള വാത്സല്യം വറ്റിപ്പോകരുത്.

നിങ്ങൾക്ക് എന്തൊക്കെയാണ് വറ്റിക്കൊണ്ടിരിക്കുന്നത്? ആരോഗ്യമാണോ വറ്റിക്കൊണ്ടിരിക്കുന്നത്? ശരീരം രോഗം കാർന്നു തിന്നുകൊണ്ടിരിക്കയാണോ? ശരീരത്തിന്റെ ക്ഷീണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണോ? പൈസ വറ്റിക്കൊണ്ടിരിക്കുന്നു. ബാങ്ക് ഡിപ്പോസിറ്റിൽ എത്രയോ രൂപ ഉണ്ടായിരുന്നതാണ്. ഇപ്പോൾ രൂപയില്ല. വരുമാനമാർഗ്ഗങ്ങൾ വറ്റുന്നു. ബിസിനസ്സിൽ വരൾച്ച വരുന്നു.

നിത്യനായ ദൈവം ഒരു പാവപ്പെട്ട ദൈവപൈതലിനു വെള്ളം കുടിക്കാൻ കെരീത്തു വറ്റിപ്പോയപ്പോൾ നോക്കിക്കൊണ്ടിരുന്നോ? അവന് വേറെ മാർഗ്ഗം കാണിച്ചു കൊടുക്കുന്നു. ഒരു മനുഷ്യന്റെ വിലയെന്താണ്? മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹമെന്താണ്? ഒരു പാവപ്പെട്ട ദൈവപൈതലിന്റെ കാര്യം ദൈവം അന്വേഷിക്കുന്നു. ഈ അണ്ഡകടാഹത്തിലെ ചെറിയ ഭൂമിയിൽ ഉള്ള ചെറിയ ഒരു മനുഷ്യന്റെ കാര്യം, അവനു കുടിക്കാനുള്ള വെള്ളത്തിന്റെ കാര്യം, അവന് ദാഹിക്കുന്ന കാര്യം നോക്കി അന്വേഷിച്ച് വെള്ളം വറ്റുമ്പോഴേക്കും പോയി രക്ഷപ്പെടാനുള്ള മാർഗ്ഗം കാണിച്ചു കൊടുക്കുന്ന ദൈവം!

സ്നേഹിതാ, നീ വിശ്വസിക്കൂ. നിന്റെ കാര്യം ദൈവത്തിന്റെ ശ്രദ്ധയിലുണ്ട്. മകളേ, നീ വിശ്വസിക്കൂ. നിന്റെ കാര്യം ദൈവം ശ്രദ്ധിക്കുന്നുണ്ട്. ദൈവം അറിയാതെയല്ല ഒന്നും സംഭവിക്കുന്നത്. ഭർത്താവിനു രോഗം വന്നത്, പെട്ടെന്ന് മരിച്ചുപോകാൻ ഇടയായത്, എല്ലാം ദൈവം കണ്ടിട്ടുണ്ട്. മകനേ, കുഞ്ഞുങ്ങൾ ഇല്ലാത്തത്, പൈസയില്ലാതെ നീ വലയുന്നത് എല്ലാം ദൈവം കാണുന്നുണ്ട്. എല്ലാം കാണുന്ന, എല്ലാം നോക്കുന്ന ദൈവം!

കർത്താവിന് പ്രവർത്തിക്കുവാൻ നിങ്ങൾ ഇടം കൊടുക്കുക. നിന്റെ വരൾച്ച ദൈവം മാറ്റിത്തരട്ടെ. നിന്റെ പോരായ്മ ദൈവം നീക്കിത്തരട്ടെ. നിന്റെ ഭാരം കർത്താവ് മാറ്റിത്തരട്ടെ. നിന്റെ ആവലാതി കർത്താവ് നീക്കിത്തരട്ടെ. നിന്റെ പ്രശ്നങ്ങൾക്ക് കർത്താവ് ഒരു പരിഹാരം തരട്ടെ. എല്ലാം കാണുന്ന ദൈവം! എല്ലാം അറിയുന്ന ദൈവം! എല്ലാം ശ്രദ്ധിക്കുന്ന ദൈവം! ഒരു പാവപ്പെട്ട മനുഷ്യന്റെ തലമുടി എത്രയുണ്ടെന്ന് എണ്ണി തിട്ടപ്പെടുത്തിയിരിക്കുന്ന ദൈവം! നിത്യപരിശുദ്ധനായ ദൈവം! സർവ്വശക്തനായ ദൈവം!

ജീവനുള്ള ദൈവം എല്ലാം കാണുന്നു. എല്ലാം അറിയുന്നു. ദൈവം നമ്മെ കണ്ടുകൊണ്ടിരിക്കുന്നു. മോനേ,

നീ ഉറങ്ങാൻ കിടക്കുമ്പോൾ ദൈവം നിന്നെ കാണുന്നുണ്ട്. മോളേ, നീ സ്ക്കൂളിലേക്കു പോകുമ്പോൾ ദൈവം നിന്നെ കാണുന്നുണ്ട്. നിന്റെ കാര്യം ദൈവം നോക്കുന്നുണ്ട്. നിനക്ക് കശ്മലന്മാരുടെ ഉപദ്രവം നേരിടാതെ കർത്താവു നിന്നെ കാക്കുന്നുണ്ട്. നിന്നെ ഭദ്രമായി സൂക്ഷിക്കുന്നുണ്ട്. കർത്താവ് കാണാതെ ഒന്നും സംഭവിക്കുന്നില്ല.

നിരാശ മാറ്റി പ്രത്യാശ തരുന്ന ദൈവം! വിശ്വസിക്കാൻ കൊള്ളാവുന്ന ദൈവം! നിന്റെ കാര്യം നോക്കാൻ, നിന്റെ മക്കളുടെ കാര്യം നോക്കാൻ ഒരു ദൈവമുണ്ട്. നീ ഇന്നു നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം പരിഹാരം തരാൻ കഴിവുള്ള വനായ ദൈവം!

നീ ജീവനുള്ള ദൈവത്തിന്റെ പ്രത്യേക പരിഗണനയി ലുള്ളവളാണ്. ദൈവത്തിന്റെ പ്രത്യേക സംരക്ഷണയിലു ള്ളവളാണ്. ഒരിക്കലും മറക്കരുത്. ഈ ദൈവം സ്നേഹിക്കാൻ കൊള്ളാവുന്നവനാണ്. അനുഗമിക്കാൻ കൊള്ളാവുന്നവനാണ്. പുറകേ നിങ്ങൾ പൊയ്ക്കൊള്ളൂ. ആ കാലടിപ്പാടുകൾ പിന്തുടർന്നുകൊള്ളൂ. കുരിശുംപേറി പോകുന്നവന്റെ പിന്നാലെ ചേർന്നു നടന്നുകൊള്ളൂ. കുരിശിന്റെ പാതയാണിത്. ഈ പാത അനേകർ വെറുക്കുന്ന പാതയാണ്. അനേകർ വേണ്ട എന്നു വയ്ക്കുന്ന പാതയാണ്. അനേകർ പരിഹസിക്കുന്ന പാതയാണ്. അനേകർ നിന്നെ ഒറ്റ പ്പെടുത്തുന്ന പാതയാണ്. എല്ലാവരും ആമോദത്തോടെ നിന്നെ അഭിനന്ദിക്കുന്ന പാതയല്ല.

ഇത് വ്യക്തിപരമായി ക്ഷീണമനുഭവിക്കുന്ന പാത തന്നെയാണ്. വ്യക്തിപരമായി വേദനയനുഭവിക്കുന്ന പാതയാണ്. വ്യക്തിപരമായി പ്രശ്നങ്ങൾ ഉള്ള പാതയാണ്. എന്നാൽ നീ വിശ്വസിക്കൂ. നീ ഒരു പ്രത്യേക വ്യക്തിയാണ്. നിനക്കുവേണ്ടി അനുഗ്രഹം കരുതി വച്ചിരിക്കുകയാണ്. സ്വർഗ്ഗത്തിലെ ദൈവം നിനക്കുവേണ്ടി എല്ലാം കരുതിയിരിക്കുന്നു.

കെരീത്ത് വറ്റിയാലെന്ത്? നിനക്കുവേണ്ടി സരപ്തയിലെ വിധവയുടെ വീടുണ്ട്.

നിങ്ങൾ നിങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേക്കു കൊടുക്കൂ. എന്റെ കർത്താവേ, ഇത്രയുംകാലം വറ്റുന്ന കെരീത്തിന്നരികെ ഞാൻ ഇരുന്നു. ഇത്രയുംകാലം കെരീത്തിലേക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ടിരുന്നു. അയ്യോ, വറ്റുന്നല്ലോ വറ്റുന്നല്ലോ. ഞാൻ ഭാരപ്പെട്ടുകൊണ്ടിരുന്നു.

എന്റെ കർത്താവേ, ആരോഗ്യം വറ്റുന്നല്ലോ, ജനപിന്തുണ കുറഞ്ഞുപോകുന്നല്ലോ, Popularity കുറഞ്ഞുപോകുന്നല്ലോ. എനിക്കു കിട്ടിയ അനുഗ്രഹങ്ങൾ പലതും വിട്ടു പോകുന്നല്ലോ. എനിക്കു കിട്ടിയ ശുശ്രൂഷകൾ പലതും മാറിപ്പോകുന്നല്ലോ.

ഒന്നുമാറിയാൽ മറ്റൊന്ന് ദൈവം കരുതും. കെരീത്ത് മാറിപ്പോകും. എന്നാൽ ദൈവം നിനക്കു മറ്റൊന്നു കരുതുന്നുണ്ട്. കെരീത്തിനു മാറ്റം വരാം. സരപ്തയിലെ വിധവയ്ക്കു മാറ്റം വരാം. ഇവിടെ ഭക്ഷണത്തിനു മാറ്റം വരാം. അങ്ങനെ പലതിനും മാറ്റം വരാം.

പക്ഷേ, യേശുക്രിസ്തുവിനു മാറ്റം വരില്ല. "Jesus Christ is the same yesterday today and for ever."

*"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ." എബ്രായർ 13 : 8*

ലോകം മാറും. മനുഷ്യർ മാറും. മനുഷ്യസ്നേഹം മാറും. ഇന്ന് നിങ്ങൾക്ക് ഒത്താശ ചെയ്യുന്നവർ മാറിപ്പോയി എന്നു വരും. ഇന്ന് നിങ്ങളെ കരുതുന്നവർ മാറിപ്പോയി എന്നു വരും. പക്ഷേ, മാറാത്ത ഒരാളുണ്ട്. കെരീത്തു മാറിയാലും മാറാത്ത ഒരു ദൈവമുണ്ട്. ആ ദൈവം നിനക്കുവേണ്ടി കരുതും.

മോളേ, നീ ഇന്നു വിധവയാണ്. ഭർത്താവ് മരിച്ചുപോയി. നിന്റെ ഓമനക്കുഞ്ഞുങ്ങളുടെ കരച്ചിൽ കണ്ട് നീ ഭാരപ്പെട്ടിരിക്കുന്നു. എന്നാൽ നീ വിശ്വസിക്കൂ. നിനക്കുവേണ്ടി

കരുതാൻ ഒരു ദൈവമുണ്ട്.

ഭാരം ചുമക്കാൻ യേശുവുണ്ട്. അവൻ നിങ്ങളെ സ്നേഹിക്കുന്നു. അവൻ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു.

മോനേ, ഇന്ന് ഞാൻ നിന്നെ രൂപാന്തരപ്പെടുത്താം. നിനക്കു ഞാൻ ധൈര്യം തരാം. ഞാൻ നിന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കാം. നിന്റെ ഭാവി ഞാൻ ശോഭനമാക്കാം. നിന്റെ ഭാരങ്ങൾ ഞാൻ ഏറ്റെടുക്കാം. നീ ചുമടു ചുമന്നുകൊണ്ടു നടക്കണ്ട. നീ ചുമടു ചുമന്നു വലഞ്ഞവനല്ലേ? മോളേ, നീ ഭാരപ്പെടേണ്ട. ഒട്ടേറെ ചുമടു ചുമന്നവളല്ലേ നീ? നിന്റെ ഭാരം ഞാൻ ഏറ്റുകൊള്ളാം. നീ കൂടെ നടന്നാൽ മതി.

നിങ്ങളുടെ പാപങ്ങളെ യേശു ചുമക്കും? എത്ര ഹീനമായ ജീവിതമായിരുന്നു? എത്ര മ്ലേച്ഛമായ ജീവിതമായിരുന്നു? എത്ര അഹങ്കാരമുള്ള ജീവിതമായിരുന്നു? എത്ര സ്വാർത്ഥതയുള്ള ജീവിതമായിരുന്നു? എത്ര ദ്രവ്യാഗ്രഹമുള്ള ജീവിതമായിരുന്നു? തന്നിഷ്ടമുള്ള ജീവിതമായിരുന്നു? ആത്മീയപ്രശംസയുള്ള ജീവിതമായിരുന്നു? എല്ലാമെല്ലാം ഞാൻ താഴെ വയ്ക്കുന്നു.

എന്നെ വിശുദ്ധീകരിക്കണമേ. വന്നുപോയ പാപങ്ങൾ എല്ലാം ക്ഷമിക്കണമേ. മേലിൽ പാപം കൂടാതെ ഒരു പുതിയ മനുഷ്യനായി ജീവിക്കും എന്നു ഞാൻ നിന്നോടു വാക്കു പറയുന്നു. യേശുവേ, ഇപ്പോൾ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ.

# എട്ട്

*"എന്നാൽ ദേശത്ത് മഴ പെയ്യായ്കയാൽ കുറെ ദിവസം കഴിഞ്ഞശേഷം തോടു വറ്റിപ്പോയി. അപ്പോൾ അവനു യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ: നീ എഴുന്നേറ്റു സീദോനോടു ചേർന്ന സാരെഫാത്തിലേക്ക് ചെന്ന് അവിടെ പാർക്ക; നിന്നെ പുലർത്തേണ്ടതിന് അവിടെ ഉള്ള ഒരു വിധവയോട് ഞാൻ കല്പിച്ചിരിക്കുന്നു. അങ്ങനെ അവൻ എഴുന്നേറ്റു സാരെഫാത്തിനു പോയി. അവൻ പട്ടണവാതില്ക്കൽ എത്തിയപ്പോൾ അവിടെ ഒരു വിധവ വിറകു പെറുക്കിക്കൊണ്ടിരുന്നു. അവൻ അവളെ വിളിച്ചു: എനിക്കു കുടിപ്പാൻ ഒരു പാത്രത്തിൽ കുറെ വെള്ളം കൊണ്ടുവരേണമേ എന്നു പറഞ്ഞു." 1 രാജാക്കന്മാർ 17 : 7 – 10*

ആരെല്ലാം പോയാലും കെരീത്ത് വറ്റിയാലും വറ്റാത്ത ഒരു ഉറവുണ്ട്. അത് ഗോഗുൽത്തായിലെ തിരുഉറവാണ്. ദൈവം ഏലിയാവിനോടു പറഞ്ഞു: ഏലിയാവേ, വെള്ളം വറ്റിയല്ലോ? നീ ഇനി സാരെഫാത്തിലേക്കു പോക. അവിടെ നിന്നെ പോറ്റേണ്ടതിനു വിധവയോടു കൽപ്പിച്ചിട്ടുണ്ട്. ഏലിയാവിന് വിധവ ഏതാണെന്നറിഞ്ഞുകൂടാ. ദൈവം കല്പിച്ചതനുസരിച്ച് അവൻ സാരെഫാത്തിലേക്കുപോയി.

സാരെഫാത്തിൽ ചെന്ന ഉടനെ ഒരു വിധവ വിറകു പെറുക്കിക്കൊണ്ടു നടക്കുന്നു. ദൈവം പറഞ്ഞ വിധവ ഇതുതന്നെ എന്ന് ഏലിയാവിന് മനസ്സിലായി.

വിധവയുടെ അടുക്കൽ ചെന്നു. എനിക്കൊരു പാത്രം വെള്ളം കൊണ്ടുവരേണമേ എന്നു പറഞ്ഞു.

> *"അവൾ കൊണ്ടുവരുവാൻ പോകുമ്പോൾ ഒരു കഷണം അപ്പവുംകൂടെ നിന്റെ കൈയിൽ കൊണ്ടുപോരേണമേ എന്നു അവൻ അവളോടു വിളിച്ചു പറഞ്ഞു. അതിനു അവൾ: നിന്റെ ദൈവ മായ യഹോവയാണ, കലത്തിൽ ഒരു പിടി മാവും തുരുത്തിയിൽ അൽപം എണ്ണയും മാത്രമല്ലാതെ എനിക്ക് ഒരു അപ്പവും ഇല്ല. ഞാൻ ഇതാ, രണ്ടു വിറക് പെറുക്കുന്നു; ഇതു കൊണ്ടുചെന്നു എനിക്കും മകനുംവേണ്ടി ഒരുക്കി അത് ഞങ്ങൾ തിന്നിട്ട് മരിപ്പാനിരിക്കയാകുന്നു എന്നു പറഞ്ഞു."*
>
> *1 രാജാക്കന്മാർ 17 : 11, 12*

വിധവ തിന്നിട്ടു മരിക്കാനിരിക്കയായിരുന്നു. കൊടുത്തിട്ടു ജീവിക്കാനുള്ള വഴി കർത്താവ് കാണിച്ചുകൊടുത്തു. പ്രിയമുള്ളവരേ, സ്നേഹം കൊടുക്കുക. സ്നേഹം കൊടുത്തുകൊണ്ടിരുന്നാൽ നമ്മുടെ ക്ഷാമം മാറും. മറ്റുള്ളവരുടെ ക്ഷാമവും മാറും. കരുണ കൊടുക്കുക. വാത്സല്യം കൊടുക്കുക. നീറുന്ന ഹൃദയങ്ങൾക്കാശ്വാസം കൊടുക്കുക. മനസ്സുനൊന്തുവരുന്നവർക്കാശ്വാസം കൊടുക്കുക. സ്നേഹം വ്യാപാരം ചെയ്യുക.

വിധവയുടെ ഭവനത്തിൽ ഭരണിയിൽ എണ്ണ വറ്റിക്കൊണ്ടിരിക്കുന്നു. കലത്തിലെ മാവു കുറഞ്ഞുകുറഞ്ഞു തീരാറായിരിക്കുന്നു. കുറയുന്ന മാവ്! വറ്റുന്ന എണ്ണ! അങ്ങോട്ടാണ് ദൈവം തന്റെ പ്രവാചകനെ അയച്ചത്. ദൈവത്തിന്റെ പ്രവാചകൻ ദൈവത്തിന്റെ വചനവുമായി അങ്ങോട്ടു കടന്നു ചെന്നു. പ്രവാചകന്റെ കൈയിൽ ദൈവത്തിന്റെ വചനമുണ്ട്, ദൈവത്തിന്റെ ആത്മാവുണ്ട്.

പ്രവാചകൻ ചെന്നു, ആ വീട്ടിലെ ദാരിദ്ര്യം മാറി. അയ്യോ, യജമാനനേ, കലത്തിൽ ഒരു പിടിമാവും തുരുത്തി

യിൽ അല്പം എണ്ണയും മാത്രമേയുള്ളൂ. അത് ഉണ്ടാക്കിത്തിന്നിട്ട് ഞങ്ങൾ മരിപ്പാനിരിക്കയാകുന്നു എന്ന് അവൾ പറഞ്ഞു. ആകട്ടെ, ആദ്യം ഒരു ചെറിയ അട എനിക്കുണ്ടാക്കിക്കൊണ്ടു വരിക എന്നു പ്രവാചകൻ പറഞ്ഞു. അവൾ കൊടുക്കാൻ തീരുമാനിച്ചു. എനിക്കില്ലെങ്കിലും എന്റെ മോന് കൊടുത്തില്ലെങ്കിലും പ്രവാചകനു കൊടുക്കാൻ തീരുമാനിച്ചു. എന്റേതു മറന്നു മറ്റുള്ളവർക്ക് കൊടുത്താൽ ഭാഗ്യമാണ്.

വിധവ ഒരപ്പം ചുട്ടു. അത് മകന്റെ കൈയിൽ പ്രവാചകന് കൊടുത്തയച്ചു. പിന്നെയും കുറച്ച് എണ്ണയും കുറച്ചു മാവും ഉണ്ട്. ഒരെണ്ണംകൂടി ചുട്ടു. പിന്നെയും ഉണ്ട്. പിന്നെയും ചുട്ടു. പ്രവാചകന് പിന്നെയും കൊടുത്തു. മോനും കൊടുത്തു, വിധവയും തിന്നു. അടുത്ത വീടുകളിലേക്ക് കൊടുത്തയച്ചു. പട്ടിണിപ്പാവങ്ങൾ! ആ പ്രദേശത്തേക്കു മുഴുവൻ കൊടുത്തയച്ചു. അങ്ങനെ സന്തുഷ്ടമായിത്തീർന്നു ആ ദേശം.

പ്രവാചകൻ ചെന്ന സ്ഥലം നിറവുള്ളതായിത്തീർന്നു. പുഷ്ടിയുള്ളതായിത്തീർന്നു. സഹോദരങ്ങളേ, നിങ്ങൾ കാൽ ചവിട്ടുന്ന ഭൂമി ദൈവം നിങ്ങൾക്ക് അവകാശമായിത്തരും. നിങ്ങൾ കാൽ കുത്തുന്നിടത്ത് ഐശ്വര്യം വിളനിലമായി ഇറങ്ങിവരും. നിങ്ങൾ പ്രവർത്തിക്കുന്നിടത്തെല്ലാം എല്ലാവിധ സമൃദ്ധിയും ഉണ്ടാകും. നിങ്ങൾക്കെല്ലാ അനുഗ്രഹങ്ങളും കർത്താവു തരും. ലോകത്തിൽ നിങ്ങൾ വിലകെട്ടവരാണ്. സമൂഹത്തിൽ മാന്യതയില്ലാത്തവരാണ്. ആരും മാനിക്കാത്തവരാണ്. പക്ഷേ മകനേ, നീ ഒരാൾ കാൽ ചവിട്ടുന്നിടത്ത് ഐശ്വര്യം വരും. മകളേ, നീ കടന്നുചെല്ലുന്ന വീട്ടിൽ ഐശ്വര്യം വരും. യേശുക്രിസ്തുവിനേയും കൊണ്ട് നീ ഒരു വീട്ടിലേക്കു കടന്നു ചെന്നാൽ അവിടെ ഐശ്വര്യം വരും.

മകളേ, നീ യേശുവിനോടുകൂടി ഭർത്തൃഗൃഹത്തിലേക്കു ചെന്നാൽ അവിടെ ഐശ്വര്യം വരും. മകനേ, നീ യേശുവിനേയുംകൊണ്ട് ഭാര്യാഗൃഹത്തിലേക്കു ചെന്നാൽ അവിടെ ഐശ്വര്യം വരും. നമ്മുടെ ഓരോരുത്തരുടേയും ജീവിത

ത്തിൽ യേശുക്രിസ്തുവിനു വാഴുവാനും വസിക്കുവാനും ഇടം കൊടുക്കുമെങ്കിൽ നമ്മിൽ നിന്നുകൊണ്ട് കർത്താവ് അത്ഭുതം പ്രവർത്തിക്കും.

ഇന്ന് നിങ്ങൾ തീരുമാനമെടുക്കണം. ഇനിമുതൽ ഞാൻ യേശുവിനേയും കൊണ്ട് സഞ്ചരിക്കും. യേശുവിനേയും വഹിച്ചുകൊണ്ട് ഞാൻ ഓഫീസിലേക്കു പോകും. ഞാൻ ഓഫീസിലിരിക്കുമ്പോൾ എന്റെ യേശു അവിടെ ഇരിക്കും. ഞാൻ ചെന്ന് യേശുവിന്റെ പാദം മുത്തിയിട്ട് അവിടെ ഇരിക്കും.

ഞാൻ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചകാലത്തെല്ലാം എന്റെ കസേരയിൽ ഇരിക്കുന്നതിനുമുമ്പ് പറയും: കർത്താവേ, ഈ കസേരയിൽ നീ വന്നിരിക്കണമേ. ഞാൻ ചെയ്യേണ്ടത് മാത്രമേ നീ എന്നെക്കൊണ്ടു ചെയ്യിക്കാവൂ. ചെയ്യരുതാത്തതൊന്നും ചെയ്യാൻ എനിക്കിടവരുത്തരുത്. ഞാൻ നിന്റെ നാമത്തിൽ ഇവിടെ ഇരിക്കുന്നതുകൊണ്ട് ഈ സ്ഥാപനത്തിന് ഐശ്വര്യമുണ്ടാകണം. ഇവിടെയുള്ള മൂവായിരത്തിലേറെ കുട്ടികൾക്ക് ഐശ്വര്യമുണ്ടാകണം. ഞാൻ പ്രാർത്ഥിച്ചിട്ടാണ് അവിടെ ഇരിക്കുന്നത്. എല്ലാം കർത്താവിനെ ഭരമേൽപ്പിച്ച് കർത്താവിനു നന്ദി പറഞ്ഞിട്ടാണ് എഴുന്നേറ്റുപോരുന്നത്.

നിങ്ങളുടെ ഓഫീസ്, യേശുവാഴുന്ന ഓഫീസായിരിക്കണം. യേശു വാഴുന്ന അടുക്കള ആയിരിക്കണം നിങ്ങൾ പാചകം ചെയ്യുമ്പോൾ അത്യധികം രുചിയുണ്ടാകും. ഇതിനു മുമ്പു പാചകം ചെയ്തതുപോലെയല്ല യേശുവിനേയുംകൊണ്ട് പാചകം ചെയ്യുമ്പോൾ രുചിയുള്ള ആഹാരമുണ്ടാകും. അത്യുന്നതൻ നിങ്ങളുടെ കൂടെയുണ്ട്. അവനാണ് കാര്യങ്ങൾ നിർവ്വഹിക്കുന്നത്.

“അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു. എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ.” എല്ലാം നിർവ്വഹിക്കാൻ എനിക്കൊരാളുണ്ട്.

അങ്ങനെയാണെങ്കിൽ പരീക്ഷാഹാളിലേക്ക് യേശു വരില്ലേ? നിങ്ങൾ entrance test എഴുതുമ്പോൾ യേശു കൂടെ വന്നിരിക്കില്ലേ? വിശ്വസിക്കൂ. വാക്കുപറഞ്ഞാൽ മാറ്റമില്ലാത്തവനായ യേശുവിനേയുംകൊണ്ട് എവിടെയും പോയി നിൽക്കൂ. അധൈര്യപ്പെടേണ്ട. സംശയിക്കേണ്ട. പേടിക്കേണ്ട. നിങ്ങൾ യേശുവിന്റെ സ്വന്തമാണ്. യേശു നിങ്ങളുടെ സ്വത്താണ്.

പ്രവാചകൻ ആ വീട്ടിൽ താമസം തുടങ്ങി. ആ വീടിന്റെ മുകളിൽ ഒരു മുറിയുണ്ട്. പ്രവാചകൻ അവിടെ താമസിക്കുകയാണ്. ആരും അറിയുകയില്ല. ആഹാബ് എവിടെയൊക്കെ അന്വേഷിച്ചാലും പ്രവാചകനെ കാണുകയില്ല. വിധവയുടെ വീട്ടിൽ താമസിക്കുന്നു എന്നൊന്നും ആഹാബ് അറിയുകയില്ലല്ലോ. ആഹാബ് കാട്ടിലും മലകളിലും ഗുഹകളിലുമൊക്കെ അന്വേഷിച്ചു നടക്കുന്നു. ഏലിയാവിനെ കാണുന്നില്ല.

പക്ഷേ, സ്വർഗ്ഗത്തിലെ ദൈവം ഏലിയാവിനെ കാണുന്നുണ്ട്. നിങ്ങൾ എവിടെ നിന്നാലും സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ കാണുന്നുണ്ട് എന്ന് ഓർത്തുകൊള്ളണം. കൂട്ടായ്മക്കാർ കാണുന്നില്ല. ദൈവമക്കൾ കാണുന്നില്ല. അപ്പനും അമ്മയും കാണുന്നില്ല. ഭർത്താവ് കാണുന്നില്ല. ഭാര്യ കാണുന്നില്ല. എന്നാൽ യേശു കാണുന്നുണ്ട്. അതെല്ലാം അപ്പോൾത്തന്നെ പുസ്തകത്തിൽ എഴുതിവയ്ക്കുന്നു. അവസാനം പുസ്തകം വിടർത്തുന്ന ഒരു സമയമുണ്ട്. പുസ്തകം വിടർത്തുന്ന സമയം അന്ത്യന്യായവിധിയാണ്. അപ്പോഴാണ് സകല പാപങ്ങളും വായിച്ചു കേൾപ്പിക്കുന്നത്.

ഏലിയാവ് അവിടെ പാർത്തു. എന്നും അപ്പമുണ്ട്. ആഹാരമുണ്ട്. സരെപ്തയിൽ എല്ലാം സമൃദ്ധിയാണ്. പക്ഷേ, ഇനിയും വറ്റാൻ പോകുന്നു. സമൃദ്ധിയെല്ലാം മാറാൻ പോകുന്നു. ആ സ്ത്രീ അറിഞ്ഞില്ല, സ്ത്രീയുടെ മകൻ അറിഞ്ഞില്ല. മകന് ദീനം പിടിച്ചുകിടപ്പിലായി. ഒരു ദിവസം കുട്ടി മരിച്ചു. വരൾച്ച പിന്നേയും വന്നു. മാറിമാറി വരൾച്ച. ഒരു തിരമാല വന്നുപോയി എന്നു വിചാരിച്ചു. പിന്നാലെ വേറെ തിരമാല

വരുന്നു. ഒന്നിനുപുറകെ ഒന്നായി ആപത്തുകൾ വരികയാണ്. ദുരിതങ്ങൾ വരികയാണ്. ആത്മീയജീവിതം എന്നും സുഖമാണെന്ന് വിചാരിക്കരുത്. പ്രശ്നങ്ങൾ വരും. പ്രതിസന്ധികൾ വരും. ദുരിതങ്ങൾ വരും. താങ്ങാൻ വയ്യാത്ത ആപത്തുകൾ വരും.

*"യഹോവ ഭൂമിയിൽ മഴപെയ്യിക്കുന്ന നാൾവരെ കലത്തിലെ മാവ് തീർന്നുപോകയില്ല; ഭരണിയിലെ എണ്ണ കുറഞ്ഞുപോകയും ഇല്ല എന്നു യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു. അവൾ ചെന്ന് ഏലിയാവു പറഞ്ഞതുപോലെ ചെയ്തു; അങ്ങനെ അവളും അവനും അവളുടെ വീട്ടുകാരും ഏറിയനാൾ അഹോവൃത്തി കഴിച്ചു. യഹോവ ഏലിയാവു മുഖാന്തരം അരുളിച്ചെയ്ത വചനപ്രകാരം കലത്തിലെ മാവ് തീർന്നുപോയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞു പോയതുമില്ല. അനന്തരം വീട്ടുടമക്കാരത്തിയായ സ്ത്രീയുടെ മകൻ ദീനം പിടിച്ചു കിടപ്പിലായി; ദീനം കടുത്തിട്ട് അവനിൽ ശ്വാസം ഇല്ലാതെയായി. അപ്പോൾ അവൾ ഏലിയാവോട്: അയ്യോ ദൈവപുരുഷനേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ പാപം ഓർപ്പിക്കേണ്ടതിന്നും എന്റെ മകനെ കൊല്ലേണ്ടതിനും ആകുന്നുവോ നീ എന്റെ അടുക്കൽ വന്നത് എന്നുപറഞ്ഞു."*

*1 രാജാക്കന്മാർ 17 : 14 – 18*

നീ വന്നത് ഗുണമാണെന്നാണല്ലോ വിചാരിച്ചത്. സമൃദ്ധിയാണെന്നാണല്ലോ വിചാരിച്ചത്. അനുഗ്രഹമാണെന്നാണല്ലോ വിചാരിച്ചത്. എന്നാൽ എന്താണിങ്ങനെ വന്നത്? എന്റെ മോനെന്താ മരിച്ചത്? ഒരു വൃദ്ധനായ പ്രവാചകൻ വന്നു താമസിക്കുമ്പോൾ മരണം വന്നതെന്താണ്? അനുഗ്രഹിക്കപ്പെട്ട ഒരു ദൈവപുരുഷൻ ദൈവത്തിന്റെ കല്പനപ്രകാരം വന്നു

താമസിക്കുമ്പോൾ എന്റെ വീട്ടിൽ ഈ പ്രശ്നം വന്നതെന്താണ്? ഇത് സംഭവിച്ചത് എന്റെ പാപം ഓർപ്പിക്കാൻ വേണ്ടിയാണോ? എന്റെ ജീവിതത്തിൽ വന്നുപോയ പാപത്തെ ഓർത്തുകരയാൻ വേണ്ടിയാണോ? എന്റെ മകനെ കൊല്ലാൻ എന്താണ് കാരണം?

പ്രവാചകൻ കൊന്നു എന്നാണ് പറയുന്നത്. എന്റെ വീട്ടിൽ എന്താണിങ്ങനെ സംഭവിച്ചത്? ഇത് ദൈവഭവനമല്ലേ? ഞാൻ വചനം വിട്ടു മാറിയില്ലല്ലോ? പിന്നെ എന്തുകൊണ്ട് ഇങ്ങനെ വന്നു? എന്തുകൊണ്ടാണ് ഈ കഷ്ടപ്പാടുകൾ? ഈ ദുരിതങ്ങൾ എന്തുകൊണ്ടാണ്? ഇന്ന് അനേകരുടെ ചോദ്യം ഇതാണ്.

ഇത്രയും വലിയ കനത്ത നഷ്ടം വന്നത് എന്തുകൊണ്ടാണ്? നമുക്ക് ഉള്ളിൽ വലിയ വേദന വരും. ആവലാതി വരും. ദേഷ്യം വരും. ചിലപ്പോൾ നല്ല അമർഷം വരും. ആരോടൊക്കെയോ കോപം വരും. ദൈവത്തിന്റെ കൈ എല്ലാറ്റിന്റേയും പിന്നിലുണ്ട്. ദൈവം എല്ലാം കാണുന്നുണ്ട്, അറിയുന്നുണ്ട്.

ഈ സ്ത്രീ ഒരു വാക്കു പറഞ്ഞിരുന്നു. കലത്തിലെ അല്പം മാവ്, ഭരണിയിലെ അല്പം എണ്ണ. അതുകൊണ്ട് ഒരപ്പം ഉണ്ടാക്കിത്തിന്നിട്ട് ഞങ്ങൾ മരിക്കാനിരിക്കയാകുന്നു. ഒരു വാക്കു പറയുന്നത് സൂക്ഷിച്ചു വേണം. ഞാനും എന്റെ മോനും തിന്നിട്ടു മരിക്കാനിരിക്കയാകുന്നു എന്നാണ് അവൾ പറഞ്ഞത്. നോക്കണേ, ഒരു വാക്കിൽ വന്ന അപകടം. പറഞ്ഞ വാക്ക് അതുപോലെ തന്നെ സംഭവിച്ചു.

*"എന്നാൽ നീ ആരുടെ പക്കൽ എങ്കിലും നിന്റെ ദേവന്മാരെ കണ്ടാൽ അവൻ ജീവനോടിരിക്കരുത്; എന്റെ പക്കൽ നിന്റെ വക വല്ലതും ഉണ്ടോ എന്നു നീ നമ്മുടെ സഹോദരന്മാർ കാൺകെ നോക്കി എടുക്ക എന്ന് ഉത്തരം പറഞ്ഞു. റാഹേൽ അവയെ മോഷ്ടിച്ചത് യാക്കോബ് അറിഞ്ഞില്ല."*

*ഉല്പ്പത്തി 31 : 32*

യാക്കോബിന്റെ ഭാര്യ റാഹേൽ അപ്പനായ ലാബാനെ

വിട്ടുപോകുമ്പോൾ അപ്പന്റെ ഗൃഹബിംബങ്ങൾ കുറെ മോഷ്ടിച്ചു കൊണ്ടുപോയി. അപ്പൻ നോക്കിയപ്പോൾ വിഗ്രഹങ്ങൾ കാണുന്നില്ല. മോളും മരുമകനും മക്കളും എല്ലാവരും കൂടെ യാത്ര ചെയ്തു പോകുകയാണ്. അപ്പൻ പിന്നാലെ ഓടി. അവരോട് ചോദിച്ചു: നിങ്ങൾ എന്തിനാണ് എന്റെ ഗൃഹബിംബങ്ങളെ മോഷ്ടിച്ചത്?

യാക്കോബ് പറഞ്ഞു: ഇല്ല. ഒരിക്കലുമില്ല. ഞാൻ അമ്മായപ്പന്റെ പക്കൽനിന്ന് ഒന്നും മോഷ്ടിച്ചിട്ടില്ല. പക്ഷേ, യാക്കോബിന്റെ ഭാര്യ മോഷ്ടിച്ചു. സാധനങ്ങളുടെ ഇടയിൽ ഒളിച്ചു വച്ചിരിക്കുകയാണ്. യാക്കോബ് അതറിഞ്ഞില്ല. എന്റെ ഈ കൂട്ടത്തിൽ ആരുടെയെങ്കിലും പക്കൽ ഗൃഹബിംബങ്ങൾ ഉണ്ടെങ്കിൽ അവൻ ജീവനോടിരിക്കാൻ പാടില്ല എന്ന് യാക്കോബ് പറഞ്ഞു.

അവൻ മരിക്കണം എന്നാണ് യാക്കോബ് പറഞ്ഞത്. ലാബാൻ വന്നു പരിശോധിച്ചു. റാഹേൽ അവയെ ഒട്ടകക്കോപ്പിനകത്താക്കി അതിന്മേൽ കയറി ഇരുന്നു. അവൾ പറഞ്ഞു: അപ്പാ, നിന്റെ മുമ്പാകെ എഴുന്നേൽപ്പാൻ എനിക്കു കഴിവില്ല. സ്ത്രീകൾക്കുള്ള മുറ എനിക്കു വന്നിരിക്കുന്നു എന്നു പറഞ്ഞു. റാഹേലിന്റെ കൗശലം! അപ്പൻ വിശ്വസിച്ചു. ലാബാൻ പോയി. പക്ഷേ, എന്തു സംഭവിച്ചു. ആ വഴിയാത്ര തികയ്ക്കാൻ റാഹേലിന് കഴിഞ്ഞില്ല.

ആരുടെയെങ്കിലും പക്കൽ ഗൃഹബിംബങ്ങൾ കണ്ടാൽ അവൻ ജീവനോടിരിക്കരുത് എന്നു പറഞ്ഞ യാക്കോബിന്റെ വാക്ക് അതുപോലെ തന്നെ ഫലിച്ചു. റാഹേൽ ചെയ്തതു ദൈവം കണ്ടു. വഴിയോരത്തു വച്ച് രണ്ടാമത്തെ പ്രസവത്തോടുകൂടി റാഹേൽ മരിച്ചു. റാഹേലിന്റെ ശവശരീരം ബേത്‌ലഹേം എന്ന എഫ്രാത്തിന്നു പോകുന്ന വഴിയിൽ അടക്കം ചെയ്തു.

ഒരു വാക്കു പറയുന്നതു സൂക്ഷിച്ചു വേണം. വളരെ കരുതലോടുകൂടി വേണം. അതെല്ലാം തിരിച്ചടിക്കും. ഇവിടെ ഈ

സ്ത്രീ ഞാനും എന്റെ മോനും മരിക്കാനിരിക്കുകയാകുന്നു എന്നു പറഞ്ഞത് അപ്രകാരം സംഭവിച്ചു. സ്ത്രീയുടെ മകൻ മരിച്ചു.

ദൈവം അവിടെ വിശ്വസ്തനായി നിന്നു. ഏലിയാവ്: മോനെ ഇങ്ങുതരിക എന്നുപറഞ്ഞു. നിന്റെ മോനെ ഇങ്ങോട്ടു തരിക. നിനക്ക് എന്തെല്ലാം വേദനാവിഷയങ്ങൾ ഉണ്ടോ ഇങ്ങോട്ടുതരിക. എന്തെല്ലാം പ്രതിസന്ധികൾ നിന്നെ അലട്ടു ന്നുണ്ടോ ഇങ്ങോട്ടു തരിക. ഏലിയാവ് കൈ നീട്ടി. മോന്റെ ശവശരീരം എടുത്തുകൊണ്ട് ഏലിയാവിന്റെ മുറിയിലേക്ക് പോയി. തന്റെ കിടക്കമേൽ കുട്ടിയെ കിടത്തി. ഏലിയാവ് കരഞ്ഞു പ്രാർത്ഥിച്ചു. ആ കുഞ്ഞിന്റെ ശവശരീരത്തിന്മേൽ കമിഴ്ന്നു കിടന്നു. കുഞ്ഞിന്റെ കൈമേൽ ഏലിയാവിന്റെ കൈയ് കുഞ്ഞിന്റെ വായിൽ ഏലിയാവിന്റെ വായ്, കുഞ്ഞിന്റെ കണ്ണിൽ ഏലിയാവിന്റെ കണ്ണ്, കുഞ്ഞിന്റെ കാലിൽ ഏലിയാ വിന്റെ കാല്. ഏലിയാവിന്റെമേൽനിന്നു ചൂട് കുഞ്ഞിന്റെ ശരീ രത്തിലേക്കു പകർന്നു. ഏലിയാവിൽനിന്ന് ജീവശ്വാസം കുഞ്ഞിലേക്ക് കടന്നു. പക്ഷേ, കുഞ്ഞ് എഴുന്നേറ്റില്ല.

വീണ്ടും ഏലിയാവെഴുന്നേറ്റ് അങ്ങോട്ടും ഇങ്ങോട്ടും നട ന്നു. ഏലിയാവ് പിന്നെയും ചെന്ന് കുഞ്ഞിന്റെമേൽ കിടന്നു. മൂന്നാം പ്രാവശ്യം ഏലിയാവ് എഴുന്നേറ്റപ്പോൾ കുഞ്ഞും എഴു ന്നേറ്റു. കുഞ്ഞ് കണ്ണുതുറന്നു. ഏലിയാവ് കുഞ്ഞിനെ ജീവ നോടെ ആ സ്ത്രീയുടെ കൈയിലേക്കു കൊടുത്തു. നിന്റെ മകൻ ഇതാ, അവൻ ജീവിച്ചിരിക്കുന്നു.

സ്ത്രീ പറഞ്ഞു: നീ വിശുദ്ധനായ ഒരു ദൈവപുരുഷനാ ണെന്നും നിന്റെ നാവിലുള്ള യഹോവയുടെ വചനം സത്യ മെന്നും ഞാൻ ഇതിനാൽ അറിയുന്നു.

സഹോദരങ്ങളേ, എന്തെല്ലാം വറുതി വന്നാലും എല്ലാം വറ്റിയാലും ശരി, വിശുദ്ധനായൊരു ദൈവപുരുഷൻ എന്ന വിളി കേൾക്കണം. ഇത്രയും കാലം കേട്ടില്ല. ഇത്രയും കാലം

ശുദ്ധിമതിയായില്ല ശരിയാണ്. പോരായ്മകളുണ്ട്, പരാജയങ്ങളുണ്ട്, പല തരത്തിലുള്ള തിന്മകളുണ്ട്. ഇത്രയുംകാലം ഒന്നും ആയില്ല.

എന്നാലിന്ന് നമുക്കേശുവിന്റെ മുമ്പിൽ താഴാം. യേശുവിന്റെ മുമ്പിൽ വിനയപ്പെടാം. കർത്താവേ, ഇന്ന് നിന്റെ തിരുരക്തം പുരണ്ട കരം എന്റെ തലമേൽ ഒന്നു വയ്ക്കണമേ. ആ തിരുരക്തം എന്നെ ആവരണം ചെയ്യണമേ. നന്മ പറയാൻ ഒന്നുമില്ല. അഭിമാനിക്കാൻ ഒന്നുമില്ല. എല്ലാം തകർന്നവളായി തിരുമുമ്പാകെ വന്നിരിക്കുന്നു. നീ മനസ്സലിഞ്ഞ് തൃക്കരം നീട്ടി എന്റെ തലമേൽ ഒന്നു വയ്ക്കണമേ.

വിശുദ്ധിയുള്ള ഒരു ദൈവപുരുഷനാകുവാൻ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. യേശുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. മിശിഹാ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെക്കൂടി ഓർത്തുകൊള്ളേണമേ.

# ഒൻപത്

ഏലിയാവിന്റെ ജീവിതത്തിൽ വീണ്ടും ഒരു വരൾച്ചയുണ്ടായി. ഏലിയാവ് ദൈവത്തിന്റെ പ്രവാചകനാണ്. ദൈവത്തിന്റെ അഭിഷിക്തനാണ്. പ്രവാചകന്റെ ജീവിതത്തിൽ വരൾച്ചയുണ്ടായി. പ്രവാചകൻ നല്ല തെളിഞ്ഞുനിന്ന സമയമുണ്ടായിരുന്നു. ആദ്യസ്നേഹത്തിൽ കുതിച്ച സമയം. വിശ്വാസത്തിൽ ഉറച്ചുനിന്ന സമയം.

സന്തോഷകരമായ കാലം! സമാധാനം നിറഞ്ഞ കാലം! പ്രശ്നങ്ങൾ ഇല്ലാഞ്ഞിട്ടല്ല. പ്രശ്നങ്ങളുണ്ട്, പ്രയാസങ്ങളുണ്ട്. സ്വഭാവം മാറിയിട്ടൊന്നുമില്ല. എങ്കിലും പാപമൊന്നും പൊങ്ങി വരാത്ത കാലം. പാപചിന്തകൾ പോലും വരാത്ത കാലം. ആകുലങ്ങൾ ഉണ്ടെങ്കിലും അതൊന്നും അലട്ടാത്ത കാലം. ഒരു പ്രത്യേക സുഖത്തിന്റെ കാലം.

ആത്മാവു വരുമ്പോൾ ആളുമാറുകയാണ്. നമ്മുടെ സ്വഭാവം മാറുന്നു, ചിന്തകൾ മാറുന്നു. നമുക്കിനി ഒന്നേ വേണ്ടൂ. എന്റെ യേശുവേ, നിനക്കുവേണ്ടി വേല ചെയ്തു തീർന്നാൽ മതി. നിന്നോടുകൂടി ജീവിച്ചാൽ മതി എന്നൊക്കെ ചിന്തിക്കുന്ന ഒരു നല്ല കാലം. അന്നു ജോലിയുണ്ട് പക്ഷേ, ആ ജോലി രാജിവയ്ക്കാൻ പോലും ഞാൻ തയ്യാറായി. സന്തോഷത്തിന്റെ ലഹരിയിൽ ദൈവത്തെ സ്തുതിച്ചകാലം. ആത്മാവിൽ ആനന്ദിച്ച കാലം.

എന്തിലാണ് സന്തോഷിക്കാനുള്ളത്? എനിക്കൊരുകാലത്തും എത്തിപ്പെടാൻ സാധ്യമല്ലാത്ത സ്വർഗ്ഗരാജ്യത്തിൽ കർത്താവ് എന്നെ എത്തിച്ചിരിക്കുന്നു. അവൻ നമ്മെ ഉയിർത്തെ

ഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. പരിശുദ്ധാത്മാവ് നമുക്കു ജീവൻ തന്ന് നമ്മെ പറപ്പിച്ചുകൊണ്ടുപോയി സ്വർഗ്ഗത്തിൽ ഇരുത്തി. അതൊരനുഭവമാണ്. സ്വർഗ്ഗത്തിലിരിക്കുന്ന അനുഭവം. സ്വർഗ്ഗീയമാലാഖമാർക്കു നമ്മെ പരിചയമാണ്. മാലാഖമാരുടെ മുമ്പിൽ നാം പ്രസിദ്ധരാണ്. മാലാഖമാർ നമ്മെ തലോടുന്നു, താലോലിക്കുന്നു. നമുക്കൊരു തെറ്റുവരുമ്പോഴേക്കും മാലാഖമാർ കൂട്ടത്തോടെ കരയുന്നു. അങ്ങനെയൊരു കാലം നമുക്കുണ്ടായിരുന്നു. ആരു കളിയാക്കിയാലും ഒരു പരിഭവവും തോന്നിയിട്ടില്ല. അതൊന്നും നമ്മെ ഏശാത്ത ഒരു സമയമുണ്ട്, ഒരു കാലമുണ്ട്. അതാണ് ആദ്യസ്നേഹം!

ഏലിയാപ്രവാചകന് ആദ്യസ്നേഹം നഷ്ടപ്പെട്ടു. ഏലിയാപ്രവാചകൻ കർമ്മേലിൽ പ്രാർത്ഥിച്ച് തീയിറക്കിയ പ്രവാചകനാണ്. ബാലിന്റെ പ്രവാചകന്മാർ പ്രാർത്ഥിച്ചു, തീയിറങ്ങിയില്ല. പക്ഷേ, ഏലിയാവു പ്രാർത്ഥിച്ചു. സ്വർഗ്ഗത്തിൽനിന്ന് ഏലിയാവിന്റെ യാഗപീഠത്തിൽ തീ ഇറങ്ങി. യാഗവസ്തു മുഴുവൻ കത്തിച്ച് ദഹിപ്പിച്ചു. എല്ലാം ഒരു പിടിചാരം മാത്രം.

ദൈവസന്നിധിയിൽനിന്ന് അത്ഭുതം പ്രവർത്തിക്കാൻ ദൈവം ഉപയോഗിച്ച പ്രവാചകൻ. നമുക്കു സമസ്വഭാവമുള്ള ഏലിയാവ് ആദ്യസ്നേഹം നഷ്ടപ്പെടുത്തിക്കളഞ്ഞു. ബലം പോയി. കാരണം, ആഹാബ് രാജാവിന്റെ രാജ്ഞി ഈസേബെൽ എന്നു പറയുന്ന ദുഷ്ടസ്ത്രീ ഏലിയാവിനെ ഭീഷണിപ്പെടുത്തി.

> *"ഏലിയാവ് ചെയ്തതൊക്കെയും അവൻ സകല പ്രവാചകന്മാരെയും വാൾകൊണ്ടു കൊന്ന വിവരമൊക്കെയും ആഹാബ് ഈസേബെലിനോടു പറഞ്ഞു. ഈസേബെൽ ഏലിയാവിന്റെ അടുക്കൽ ഒരു ദൂതനെ അയച്ചു: നാളെ ഈ നേരത്തു ഞാൻ നിന്റെ ജീവനെ അവരിൽ ഒരുത്തന്റെ ജീവനെപ്പോലെ ആക്കുന്നില്ല എങ്കിൽ ദേവന്മാർ എന്നോടു*

*തക്കവണ്ണവും അധികവും ചെയ്യുമാറാകട്ടെ എന്നു പറയിച്ചു. അവൻ ഭയപ്പെട്ടു."*

*1 രാജാക്കന്മാർ 19 : 1 – 3*

മൂന്നരക്കൊല്ലം മഴപെയ്യാതിരുന്ന ദേശത്ത് ഏലിയാവു പ്രാർത്ഥിച്ചപ്പോൾ മഴയുണ്ടായി. യാഗപീഠത്തിന്മേൽ തീയിറങ്ങി. അത്ഭുതങ്ങൾ നടന്നു. ഈസേബെലിന്റെ ഭീഷണിയിൽ ഏലിയാവ് ഭയപ്പെട്ടതെന്തിനാണ്? എങ്ങനെയാണീ ഭയം വന്നത്? ഏലിയാവ് എന്തൊരു ധീരനായിരുന്നു! പരിവാരസമേതനായിരിക്കുന്ന ആഹാബ് രാജാവിന്റെ അരമനയിൽ കടന്നു ചെന്ന് രാജാവിന്റെ മുമ്പിൽ നെഞ്ചുവിരിച്ചു നിന്നുകൊണ്ട് ഇനി ഞാൻ പറഞ്ഞല്ലാതെ ഈ ആണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല എന്നു സധൈര്യം പ്രസ്താവിച്ച ഏലിയാവിന്റെ ശക്തി എവിടെ ചോർന്നു പോയി?

നമ്മുടെ ജീവിതത്തിൽ ധൈര്യം വരുന്നത് എങ്ങനെയാണ്? ദൈവത്തിന്റെ ആത്മാവിനെ പ്രാപിച്ചാൽ, പരിശുദ്ധാത്മാവു നമ്മുടെ ഉള്ളത്തിൽ വന്നാൽ ധൈര്യം വരും.

ഏലിയാവിനു ധൈര്യം ചോർന്നുപോയി. ഏലിയാവ് ഭയപ്പെട്ടു. ഏലിയാവ് ജീവരക്ഷയ്ക്കായി പുറപ്പെട്ടു. ഏലിയാവ് എന്തു മണ്ടത്തരമാണ് പറയുന്നത്. ജീവരക്ഷയ്ക്കോ? ജീവരക്ഷയ്ക്കുവേണ്ടി ആയിരുന്നെങ്കിൽ ആഹാബിന്റെ മുമ്പിൽ ചെന്നു നിൽക്കുവാൻ ധൈര്യപ്പെടുമോ? ആഹാബ് കൊല്ലുകയില്ലേ? ഏലിയാവിനു ധൈര്യമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ജീവരക്ഷയ്ക്കായി ഓടിപ്പോകുകയാണ്. ഇന്നലെ കർമ്മേലിൽ തീ ഇറക്കിയവൻ ഇന്നു ബേർശേബാ മരുഭൂമിയിൽക്കൂടി ഭീരുവിനെപ്പോലെ ഓടുന്നു.

*"അവൻ ഭയപ്പെട്ട് എഴുന്നേറ്റു, ജീവരക്ഷയ്ക്കായി പുറപ്പെട്ടു യെഹൂദായ്ക്കുൾപ്പെട്ട ബേർ-ശേബയിൽ ചെന്നു അവിടെ തന്റെ ബാല്യക്കാരനെ താമസിപ്പിച്ചു. താനോ മരുഭൂമിയിൽ ഒരു ദിവസത്തെ വഴി ചെന്ന് ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്നു മരിപ്പാൻ*

*ഇച്ഛിച്ചു.”* *1 രാജാക്കന്മാർ 19 : 3, 4*

ഇന്ന് അനേകരും ഇങ്ങനെയാണ്. ഒരിക്കൽ കരുത്തുണ്ടായിരുന്നു. വാക്കുകൾക്ക് ബലമുണ്ടായിരുന്നു. ആത്മാവിന്റെ വീര്യമുണ്ടായിരുന്നു. ഇന്നതെല്ലാം നഷ്ടപ്പെട്ടു. ചോർന്നുപോയി. മുമ്പ് ഏലിയാവിന് ജീവരക്ഷ ഒരു പ്രശ്നമായിരുന്നില്ല. ജീവൻ ത്യജിച്ചാണെങ്കിലും യഹോവയുടെ പക്ഷത്തു നിൽക്കും എന്നുറപ്പുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ ജീവരക്ഷയ്ക്കായി ഓടിപ്പോവുകയാണ്.

ഏലിയാവ് മരുഭൂമിയിൽക്കൂടി നടന്നപ്പോൾ നല്ല ക്ഷീണം. കാലുകുഴയുന്നു. ബേർശേബാ മരുഭൂമി നല്ല ചുട്ടുപഴുത്ത മണലാരണ്യമാണ്. ഉഷ്ണക്കാറ്റടിക്കുന്നു. ദേഹം കരുവാളിക്കുന്നു. ഒന്നും കഴിച്ചിട്ടില്ല. വെള്ളം കുടിച്ചിട്ടില്ല. ക്ഷീണിച്ചു. ഒരു ദിവസം മുഴുവൻ നടന്നു. ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്നു. വേണ്ട, എനിക്കിനി ജീവക്കണ്ട. മരിപ്പാൻ ഇച്ഛിച്ചു.

*“ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ; ഞാൻ എന്റെ പിതാക്കന്മാരേക്കാൾ നല്ലവനല്ലല്ലോ എന്നു പറഞ്ഞു.”*

*1 രാജാക്കന്മാർ 19 : 4*

ഞാൻ എന്റെ പൂർവ്വിക പിതാക്കന്മാരേക്കാൾ നല്ലവനൊന്നുമല്ല. നിനക്കറിയാമല്ലോ. ഒരുപാട് കാര്യങ്ങൾ ഇനിയും മാറാനുണ്ട്. ഇപ്പോൾ ഞാൻ ഉറങ്ങാൻ തുടങ്ങുകയാണ്. എന്റെ കർത്താവേ, ഈ രാത്രി എന്നെ എടുത്തുകൊള്ളണമേ. എനിക്കു ജീവിക്കണമെന്ന് താല്പര്യമില്ല.

ഒരു മനോഹരമായ ശയന നമസ്ക്കാരം! ഒരു സൂത്താറാ നമസ്ക്കാരം! ഉറങ്ങാൻ നേരത്തെ നമസ്ക്കാരമാണ്. എന്നെ എടുത്തു കൊള്ളണമേ യഹോവേ. ആത്മഹത്യാപ്രവണത! വീരനായ പ്രവാചകന് നിരാശ വന്നുപോയി. Frustrated ആയിപ്പോയി.

Frustration! ഹൃദയത്തിൽ എന്തൊക്കെയോ ആഗ്രഹിച്ചിട്ടും

സാധിച്ചില്ല. പ്രതീക്ഷകൾ നശിച്ചു, ആശകൾ നശിച്ചു. ആഗ്രഹങ്ങൾ ഉണങ്ങി. എല്ലാ പ്രത്യാശയും മങ്ങി. മുന്നോട്ടു ഗതിയില്ല. പ്രതീക്ഷകൾ ഉണ്ടായിരുന്നു. നല്ലൊരു വിവാഹം. വിവാഹം കഴിഞ്ഞ് നല്ല സ്നേഹമുള്ള ജീവിതം നയിക്കാമെന്നാണ് വിചാരിച്ചത്. സ്വന്തം വീട്ടിൽ കുറച്ചു പ്രശ്നങ്ങളൊക്കെയുണ്ട്. അപ്പൻ മദ്യപിക്കും അമ്മയെ തല്ലും. ഭർത്താവിന്റെ വീട്ടിൽ ചെല്ലുമ്പോഴെങ്കിലും സമാധാനമായി ജീവക്കാമല്ലോ എന്നു വിചാരിച്ചാണു വിവാഹത്തിനൊരുങ്ങിയത്.

എന്നാൽ പെൺകുട്ടി ആ വീട്ടിൽ ചെന്നപ്പോഴല്ലേ അവിടെ എല്ലാവരും ചേർന്നിരുന്നാണ് മദ്യപാനം! എന്തൊരു കഷ്ടം! മദ്യപാനം കഴിയുമ്പോൾ സഹോദരങ്ങൾ തമ്മിൽ അടിപിടി, എന്നും വഴക്ക്, എന്നും ബഹളം. പിറ്റെദിവസം രാവിലെ വഴക്കൊന്നുമില്ല. എല്ലാവരും ജോലിക്കുപോകും. വൈകുന്നേരം വന്ന് മദ്യപാനം. എന്റെ ദൈവമേ, സ്വൈര്യമില്ലല്ലോ. ഇന്നനേകരുടെ ജീവിതത്തിൽ നിരാശയുണ്ട്.

ഒരു നല്ല ജോലികിട്ടി എന്നു വിചാരിച്ച് നല്ല പ്രതീക്ഷയോടെ ജോലിക്കു ചെന്നപ്പോളാണ് പ്രശ്നം. മാനേജിംഗ് ഡയറക്ടർ ക്യാബിനിലേക്കു വിളിക്കും. അദ്ദേഹം ചില കാര്യങ്ങളൊക്കെ എഴുതാൻ പറയും, എഴുതും. പിന്നെ എല്ലാദിവസവും അദ്ദേഹത്തിന്റെ മുറിയിലാണ് സീറ്റ്. പിന്നെ അദ്ദേഹം ദേഹത്ത് തൊടാനും തലോടാനും തുടങ്ങി. അതിനപ്പുറത്തേക്ക് കാര്യങ്ങൾ നീണ്ടു എന്നു കണ്ടപ്പോൾ ഒരു ദിവസം ഒന്നും മിണ്ടാതെ രാജിവെച്ചു. വിശുദ്ധി പാലിക്കാൻ വേണ്ടി ജോലി ഇട്ടേച്ചു പോന്നു. ജോലി വേണ്ട, വിശുദ്ധി വേണം.

അനേകം പേരുടെ ജീവിതത്തിൽ നിരാശയുണ്ട്. ഏലിയാവിന് നിരാശ വന്നു. ദൈവപൈതലിന് നിരാശ വന്നു. ഭൗതികമോ ആത്മീയമോ ആയ ഏതെങ്കിലും കാര്യത്തിൽ നിരാശ വന്നാൽ നിങ്ങൾക്ക് ആത്മീയമായി പുരോഗതി കിട്ടുകയില്ല. ആരെക്കുറിച്ചെങ്കിലും അസംതൃപ്തിയുണ്ടെങ്കിൽ, ആരുടെയെങ്കിലും കാര്യത്തിൽ പരാതിയുണ്ടെങ്കിൽ നിങ്ങൾക്ക്

ആത്മാവിൽ നിൽക്കാൻ പറ്റുകയില്ല. ഹൃദയം എപ്പോഴും ശുദ്ധമായിരിക്കണം. ഹൃദയം വിശ്വാസദാർഢ്യമുള്ളതായിരിക്കണം, സ്നേഹം നിറഞ്ഞതായിരിക്കണം.

ആരെന്തും പറയട്ടെ, ചെയ്യട്ടെ, അതെനിക്കു വിഷയമല്ല. എന്നെ കാക്കുവാൻ എന്റെ രക്ഷകനുണ്ട്. എന്റെ കർത്താവ് എനിക്കുവേണ്ടി കരുതും. എന്റെ കർത്താവ് എന്റെ ഭാവി കരുതും. ഈ ഒരുറപ്പ് നിങ്ങൾക്കുണ്ടായിരിക്കണം.

ഒരു ഘോഷയാത്ര പോകുകയാണ്. എല്ലാവരുടെയും കൈയിൽ മെഴുകുതിരി കത്തിച്ചു കൊടുത്തു. കുറച്ചു നടന്നപ്പോൾ പലരുടേയും കൈയിലെ മെഴുകുതിരി കെട്ടുപോയി. മെഴുകുതിരി പിടിച്ചുകൊണ്ടാണ് പോകുന്നത്. കെട്ടുപോയ കാര്യം അറിയുന്നില്ല. നമ്മുടെ പള്ളിയിലെ റാസകളിൽ കൊടി പിടിച്ചുകൊണ്ടു പോകുന്നവരില്ലേ? അപ്പോഴും വൃത്തികെട്ട വർത്തമാനം പറയുകയും "യജമാനൻ വരുമന്നേരം......" എന്ന ഗീതംപാടുകയും ചെയ്യും. ചിലപ്പോൾ അടുത്ത നിരയിൽ പോകുന്ന സ്ത്രീകളെ നോക്കി കമന്റുകൾ പറഞ്ഞുകൊണ്ടിരിക്കും. ഇങ്ങനെയെല്ലാമാണ് പല പള്ളികളിലും പ്രദക്ഷിണം നടക്കുന്നത്. ആത്മീയമായി ഘോഷയാത്ര!

സീയോൻ യാത്രയിൽ പോകുന്ന നിങ്ങളുടെ കൈയിൽ വിളക്കുണ്ട് പക്ഷേ, എണ്ണയില്ല. തിരിയില്ല. വിളക്കു കെട്ടുപോയി. കരിന്തിരി കത്തുന്നു എന്നറിയുന്നില്ല. കത്തിയിരുന്ന തിരിയിൽനിന്ന് പുക പൊങ്ങുന്നു, അറിയുന്നില്ല. ആ പുകകൊണ്ട് നിങ്ങൾക്ക് ആത്മാവിൽ ശ്വാസം മുട്ടുന്നുണ്ട് പക്ഷേ, അറിയുന്നില്ല. നിങ്ങൾക്കു മാത്രമല്ല ഈ പുകയിൽ മറ്റുള്ളവർക്കും ശ്വാസം മുട്ടുന്നു, അതും അറിയുന്നില്ല.

നിങ്ങൾക്ക് യേശുവിനോടു പറയാം: കർത്താവേ, നീ എന്നോടു മനസ്സലിയണം. ആദ്യസ്നേഹത്തിലേക്ക് എന്നെ തിരികെ കൊണ്ടുവരണം. ഞാൻ നിരാശനായിട്ടിരിക്കുകയാണ്. ഞാൻ പലകാര്യങ്ങളിലും മനസ്സ് ആകുലപ്പെട്ടിരിക്കയാണ്. എന്റെ ഹൃദയം കലങ്ങിയിരിക്കുന്നു. മനസ്സിൽ സമാധാനമില്ല.

യേശുവേ, നീ മനസ്സലിഞ്ഞ് ഇപ്പോൾ എന്റെ അരികിലേക്കു വന്ന് എന്നെ ഒന്നു തൊടണമേ. എന്റെ മുഖം നീ ഒന്നുയർത്തിപ്പിടിക്കണമേ. ഞാനിപ്പോൾ താഴോട്ടു നോക്കി ഭൂമിയിലെ കാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ഭൗതിക വിഷയങ്ങളിലേക്കാണ് എന്റെ കണ്ണ്.

എന്റെ മുഖം താണുപോയിരിക്കുന്നു. നാഥാ, നിന്റെ ആണിപ്പാടുള്ള കരംകൊണ്ട് എന്റെ മുഖം ഒന്നുയർത്തിത്തരണമേ. ഞാൻ മുകളിലേക്കു നോക്കട്ടെ. തനിയെ നോക്കാൻ കഴിവില്ല. താഴോട്ടുനോക്കി നോക്കി എന്റെ കഴുത്തു കുനിഞ്ഞുപോയിരിക്കുന്നു. മുതുകു വളഞ്ഞുപോയിരിക്കുന്നു.

ഇന്ന് അനേകം പേർ യേശുവിനെ കാണുന്നില്ല. തലകുമ്പിട്ടിരിക്കുകയാണ്. അനേകർക്ക് കൂന് ബാധിച്ചിരിക്കുകയാണ്. പാപമൊന്നും ചെയ്യുന്നില്ല. പക്ഷേ, ഭൂമിയിലെ കാര്യങ്ങളാണ് നോക്കുന്നത്. എന്നാൽ ഉയരങ്ങളിലേക്കു നോക്കുക. അവിടെ നിങ്ങൾക്കുവേണ്ടി കരുതുന്ന രക്ഷകനെ നിങ്ങൾക്കു കാണാം. അവിടെ ജ്വലിച്ചു നിൽക്കുന്ന സ്വർഗ്ഗീയനക്ഷത്രത്തെ നിങ്ങൾക്കു കാണാം. നീതിയിൻ സൂര്യനായ സ്വർഗ്ഗീയനക്ഷത്രത്തിലേക്കു നോക്കിയാൽ നിങ്ങൾക്ക് പ്രകാശം കിട്ടും.

നിങ്ങളുടെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനെ നിങ്ങൾ കാണുക. നിങ്ങൾ ദൂരത്തേക്കു നോക്കണ്ട. യേശു നിങ്ങളുടെ സമീപത്തു വന്നു നിൽക്കുന്നു. നിന്റെ താടിയിൽ പിടിച്ച് അവൻ നിന്റെ മുഖം ഉയർത്താൻ ശ്രമിക്കുകയാണ്. നിന്റെ മുതുക് അവൻ നിവർത്താൻ ശ്രമിക്കുകയാണ്. എത്ര നിവർത്തിയിട്ടും നിവരാതെ ബലം പിടിച്ച് നീ താഴോട്ടു നോക്കിയിരിക്കുകയാണ്. നീ പറയുന്നു: എന്റെ കർത്താവേ, എന്നെ നിവർത്തേണ്ട ആവശ്യമില്ല. എന്റെ മുതുകുവളഞ്ഞിട്ടില്ല. വളഞ്ഞു എന്നു മറ്റുള്ളവർക്കു തോന്നുന്നതാണ്. ഞാൻ മുകളിലേക്കു നോക്കിയാണിരിക്കുന്നത്.

കർത്താവു പറയുന്നു: ഇല്ല മോനേ, ഇല്ല. നീ ഈ ഭൂമിയിലേക്കാണു നോക്കുന്നത്. അതറിയാൻ വയ്യാതവണ്ണം നിന്റെ

കണ്ണ് അന്ധമായിരിക്കയാണ്. മോനേ, നീയിപ്പോൾ മുകളിലേക്കു നോക്കുക. ഏതാനും നാളുകൾ കഴിയുമ്പോൾ, അല്ല ഏതാനും വർഷങ്ങൾ കഴിയുമ്പോൾ നീ ഈ ഭൂമിയിൽനിന്നും പറന്നുപോകേണ്ടവനാണ്. ഉയരത്തിലേക്ക് പറന്നു പോകണമെങ്കിൽ ഇന്നു നീ ഉയരത്തിലേക്ക് നോക്കിക്കൊള്ളണം.

ഞാൻ നിന്നെ ഉയർത്താം. നിന്റെ കൂനു മാറ്റിത്തരാം. നിന്റെ വളഞ്ഞ പ്രകൃതം മാറ്റാൻ, നിന്റെ വക്രത മാറ്റാൻ ഞാൻ വന്നിരിക്കുന്നു. മുകളിലേക്കു നോക്കുവാൻ ഞാൻ നിന്നെ നിർബ്ബന്ധിച്ചുകൊണ്ടിരിക്കുന്നു.

മകനേ, നീ ബലം പിടിക്കല്ലേ, മത്സരിക്കല്ലേ. എന്റെ കരം നിന്നെ തൊട്ടു എന്നു വിശ്വസിച്ചുകൊണ്ടു നീ നിവരുക. നിവർന്ന് മുകളിലേക്കു നോക്കുക.

മുകളിലേക്കു നോക്കുമ്പോൾ പ്രകാശം ലഭിക്കും.

*"ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതുതന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും."*

*കൊലോസ്യർ 3 : 1 – 4*

ഉയരത്തിലേക്ക് നോക്കുവിൻ. ഭൂമിയിലെ കാര്യങ്ങൾ എല്ലാം വിടുക. ഭൂമിയിലെ കാര്യങ്ങൾ നോക്കുന്നത് ഉയരത്തിലേക്ക് നോക്കിക്കൊണ്ടായിരിക്കണം. എന്താണു നിങ്ങൾക്ക് ധൈര്യം വരാത്തത്? ചോദിക്കണം. കർത്താവേ, എനിക്കീ പറയുന്നതൊന്നും മനസ്സിലാകുന്നില്ല. ഒന്നും മനസ്സിലാകുന്നില്ലെങ്കിലും ഇന്ന് എന്റെ ദീപം കെട്ടിരിക്കുന്നു എന്നെനിക്ക് മനസ്സി

ലായി. വിളക്കിൽ എണ്ണയില്ല എന്നെനിക്കു മനസ്സിലായി. വിളക്കു കത്തുന്നില്ല എന്നെനിക്കു മനസ്സിലായി. ഞാൻ വിശ്വസിക്കുന്നു.

കർത്താവേ, ഇന്ന് എന്റെ കൈയിൽ ഒരു വിളക്കു തരണം. ആ വിളക്കിൽ നിന്റെ പരിശുദ്ധാത്മാവിന്റെ എണ്ണ പകർന്നു തരണം. വിളക്കിൽ തിരി തരണം. കർത്താവേ, ആ തിരി നീ കത്തിച്ചു തരണം. സ്വർഗ്ഗീയപ്രകാശത്തിൽനിന്ന് എന്റെ ഈ ചെറുതിരിയിലേക്ക് കത്തിച്ചു തരണം. കർത്താവേ, എന്റെ തിരി കെട്ടിരിക്കുന്നല്ലോ. തിരി കെട്ടിരുന്നാൽ ഇന്നു ഞാൻ മരിച്ചാൽ ദൈവരാജ്യത്തിൽ എത്തുകയില്ലല്ലോ. ഞാൻ നഷ്ടപ്പെട്ടുപോകുമല്ലോ. ഞാൻ നരകാഗ്നിയിലേക്കു പോകുമല്ലോ. കർത്താവേ, ഈ ദീപം നീ തെളിച്ചു തരണമേ.

*“വിശ്വാസത്യാഗിനീ, വിശ്വാസപാതകീ, അല്ലയോ ഇസ്രായേലേ, അല്ലയോ യഹൂദയേ, മടങ്ങി വരിക. നിന്റെ അകൃത്യം സമ്മതിക്ക മാത്രം ചെയ്ക.”*

*യിരമ്യാവ് 3 : 13, 14*

രക്ഷപ്പെടണമെങ്കിൽ അകൃത്യം സമ്മതിക്കണം. എന്നിൽ ലൗകികം മാത്രമേയുള്ളൂ കർത്താവേ. ലോകത്തിന്റെ ലാഭത്തിന്നായി ജീവിച്ചു. ലോക ഇമ്പങ്ങൾക്കുവേണ്ടി, ലോകസുഖത്തിനുവേണ്ടി ജീവിച്ചു. കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം. ഇതെല്ലാമായിട്ട് ഞാൻ ജീവിച്ചു. എല്ലാ പാപവും പോയി എന്നു ഞാൻ തന്നത്താൻ സമാധാനപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ ഒന്നും പോയില്ല. പഴയ മനുഷ്യൻ ഇന്നും പച്ചയായി നിൽക്കുന്നു.

സൗജന്യമായി ദീപം കത്തിച്ചുകിട്ടും. തീർത്ഥയാത്രകൾ ചെയ്യേണ്ട. മലയാറ്റൂർ മല കയറണ്ട. മണർകാടുപള്ളിയിൽ എട്ടുനോമ്പിനു പോകണ്ട. കോതമംഗലം പള്ളിപ്പെരുന്നാളിനു നടന്നുപോയി രക്ഷപ്പെടാം എന്നു വിചാരിക്കണ്ട. കുഞ്ഞിനെ കോതമംഗലം പള്ളിയിൽ കൊണ്ടുപോയി മുക്കിയാലും പിറവം പള്ളിയിൽ മുക്കിയാലും പരുമല പള്ളിയിൽ മുക്കി

യാലും ഒരു പ്രയോജനവുമില്ല. അതുകൊണ്ടൊന്നും രക്ഷകിട്ടില്ല. എത്രയെത്ര അന്ധവിശ്വാസങ്ങൾ!

ആത്മാവു രക്ഷപ്പെടണമെങ്കിൽ ക്രൂശിൽ മരിച്ച രക്ഷകന്റെ തിരുരക്തത്തിൽ കുളിക്കണം. യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ തളിപ്പ് ഏൽക്കണം. അല്ലാതെ ഈ കാണിച്ച തന്ത്രങ്ങൾ കൊണ്ടൊന്നും യേശുതമ്പുരാന്റെ മുഖം നിങ്ങളുടെ നേരെ തിരിയുകയില്ല. അന്ധർ അന്ധരെ നയിക്കുന്നു. കുരുടൻ കുരുടനെ വഴികാണിക്കുന്നു. രണ്ടുപേരും കുഴിയിൽ വീഴും. എന്താണിതിനു പരിഹാരം?

ഞാനൊരാൾ ക്രിസ്തുവിനുവേണ്ടി നിൽക്കും. ആക്ഷേപമേറ്റ്, നിന്ദയേറ്റ്, പരിഹാസമേറ്റ്, എല്ലാവരും തെറ്റിദ്ധരിച്ച്, എല്ലാവരും മിഥ്യാപവാദങ്ങൾ പറഞ്ഞ്, സകലരാലും ഉപേക്ഷിക്കപ്പെട്ട് സ്നേഹിതന്മാർപോലും വെറുത്ത് ഞാനൊരാൾ കത്തിക്കത്തി തീരാൻ തീരുമാനിക്കുന്നു.

ഏലിയാവ് ദൈവത്തിന്റെ സ്നേഹം കണ്ടില്ല. അത്ഭുതം ചെയ്ത ദൈവത്തിന്റെ കരം കണ്ടില്ല. ദൈവം തീയായി ഇറങ്ങി വന്നത് ഏലിയാവ് ഓർത്തില്ല. ഏലിയാവിന്റെ പ്രാർത്ഥനക്കു മറുപടി കിട്ടിയതൊക്കെ ഏലിയാവു മറന്നുപോയി. ദൈവത്തിൽനിന്ന് ചോദിച്ചു വാങ്ങിയതെല്ലാം ഏലിയാവു മറന്നുപോയി. ഈസേബെലിന്റെ ഭീഷണിയുടെ പിന്നിൽ ഏലിയാവ് ഭയന്നുപോയി. രാത്രികിടക്കാൻ നേരത്ത് ഒരു പ്രാർത്ഥന: മതി. യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളണമേ.

ഇപ്പോഴും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നവർ ആരെങ്കിലുമുണ്ടോ? ഒരു കാരണവശാലും മരിക്കണം എന്നു ചിന്തിക്കരുത്. നിങ്ങൾക്കൊരു നല്ല ഭാവി ഉണ്ടെന്നോർത്തുകൊള്ളണം. ഇന്നു നിങ്ങൾ ഈ നിരാശയിൽ മരിച്ചാൽ ആ നല്ല ഭാവി നിങ്ങൾക്കനുഭവിക്കാൻ പറ്റാതെ പോകും. ക്രിസ്തു നിങ്ങളെ കണ്ടിട്ടുണ്ട്. ക്രിസ്തു നിങ്ങളെ വിളിച്ചിട്ടുണ്ട്.

നിങ്ങൾ ക്രിസ്തുവിന്റെ വചനത്തിനു മുമ്പിൽ ഒരു

പ്രാവശ്യമെങ്കിലും വന്നവരാണെങ്കിൽ ക്രിസ്തുവിന് നിങ്ങളെക്കുറിച്ച് പരിപാടിയുണ്ട്.

ഇന്നു നിങ്ങൾക്ക് നിങ്ങളുടെ തിരി കത്തിച്ചുവാങ്ങാം. ആ ദീപവുമായി നിങ്ങൾക്ക് വീടുകളിൽ താമസിക്കാം. എന്റെ ഭാര്യയുടെ മുഖത്തെ വാട്ടം മാറിയല്ലോ. അവളുടെ നിരാശ മാറിയല്ലോ എന്നു ഭർത്താവിനു തോന്നും. എന്റെ മോന്റെ സ്വഭാവം മാറിയല്ലോ. അവനിപ്പോൾ വാശിയില്ല, വഴക്കില്ല, കോപമില്ല. എന്തുഭക്ഷണം കൊടുത്താലും തൃപ്തിയാണ്. ഒരിക്കലും വഴക്കടിക്കുന്നില്ല. മോന്റെ സ്വഭാവം മാറി. മോളുടെ സ്വഭാവം മാറി. മാറ്റം മറ്റുള്ളവർ കാണുന്നതാണ് സാക്ഷ്യം.

എന്തൊരു സൗമ്യത! എന്തൊരു സ്നേഹം! എന്തൊരെളിമ! എന്തൊരു താഴ്മ! പണ്ടത്തെ അഹങ്കാരമൊന്നും കാണുന്നില്ല. കർത്താവേ, നീ ഇന്ന് എന്റെ ദീപം കത്തിച്ചു തന്നാൽ ഈ ദീപം കെടാതെ ഞാൻ അന്ത്യത്തോളം സൂക്ഷിച്ചുകൊള്ളാം. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. മിശിഹാ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെക്കൂടി ഓർത്തുകൊള്ളണമേ. എന്റെ യേശുവേ, എന്റെ കെട്ടുപോയ ദീപം കത്തിച്ചു തരണമേ. ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

# പത്ത്

ജീവിതം യാതനാഭരിതമാണ്. അകത്തു വലിയൊരു യുദ്ധം! മത്സരം! ദുഷ്ടപ്പിശാചും ദൈവത്തിന്റെ ആത്മാവും തമ്മിലുള്ള യുദ്ധം. മനുഷ്യഹൃദയമാണ് യുദ്ധഭൂമി. അന്തിക്രിസ്തുവും യേശുക്രിസ്തുവും തമ്മിലാണ് യുദ്ധം. മനുഷ്യഹൃദയത്തിൽ യുദ്ധം നടക്കുന്നു. നന്മയും തിന്മയും തമ്മിലുള്ള യുദ്ധം. ആ യുദ്ധത്തിൽ ദൈവം ജയിക്കണമെങ്കിൽ നാം ദൈവത്തിന്റെ പക്ഷത്തു നിൽക്കണം. നാം പലപ്പോഴും പിശാചിന്റെ പക്ഷത്തു നിൽക്കുന്നതുകൊണ്ടാണ് ദൈവം തോൽക്കുന്നത്, നാം വീഴുന്നത്, അധഃപതിക്കുന്നത്, നരകത്തിലേക്കു പതിക്കുന്നത്.

ദൈവം തോൽക്കാൻ ഇടവരരുത്. എന്നിൽ ദൈവം തോൽക്കരുത്. അതാണു നമ്മുടെ ലക്ഷ്യം. എന്നിൽ ഊന്നിനിന്നുകൊണ്ടു യുദ്ധം ചെയ്യുന്ന ദൈവം പിശാചിനെ ജയിക്കണം. അതിനു ഞാൻ യേശുവിന്റെ പക്ഷത്തു നിൽക്കണം. കുരിശു വഹിക്കണം. കുരിശിലാണു ജയം. കുരിശു വഹിക്കാൻ എനിക്കു മനസ്സില്ലെങ്കിൽ ഞാൻ ദൈവത്തെ ജയിപ്പിക്കാൻ പോകുന്നില്ല. കാരണം, യേശുക്രിസ്തു കുരിശുവഹിച്ചാണ് പിശാചിനെ ജയിച്ചത്.

കുരിശുവഹിക്കുക എന്നു പറഞ്ഞാൽ ഞാൻ എന്റേതെല്ലാം സന്തോഷത്തോടെ പരിത്യജിക്കുക. എന്റെ അഭിപ്രായം പരിത്യജിക്കുക. എന്റെ ശരികൾ പരിത്യജിക്കുക. എന്റെ ഇഷ്ടങ്ങൾ പരിത്യജിക്കുക. എന്റെ ചില ആത്മീയകാഴ്ചപ്പാടുകൾ പരിത്യജിക്കുക. എന്റേതെല്ലാം ഇവിടെ മരിക്കുന്നു എന്ന് ഏൽപ്പിച്ചുകൊടുക്കുന്നതാണ് കുരിശ്.

തന്നെത്താൻ ത്യജിച്ച് തന്റെ കുരിശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല. അതുകൊണ്ടാണ് ക്രിസ്തീയജീവിതം costly ആണ് എന്നു പറയുന്നത്. വളരെ വിലയേറിയതാണ് ക്രിസ്തീയജീവിതം.

കുരിശു വഹിക്കുക എന്നുള്ള ആ മഹത്തായ കാര്യം. അതിന് ആരേയും ദൈവം നിർബ്ബന്ധിക്കുന്നില്ല. നീ സുവിശേഷത്തിന്റെ സാക്ഷിയാകുന്നു എന്നതു നിമിത്തം എല്ലാവരും നിന്നെ വെറുക്കുന്നത് നിനക്കൊരു ഭാഗ്യമായി, ഒരു പദവിയായി കാണുന്നു എങ്കിൽ നീ കുരിശെടുത്താൽ മതി. ആരും നിന്നെ നിർബ്ബന്ധിക്കുന്നില്ല. നീ നിത്യസൗഭാഗ്യതീരത്ത് എത്തിച്ചേരണമെന്ന് ദൈവമാഗ്രഹിക്കുന്നു.

നിങ്ങളുടെ മോൻ നിങ്ങളുടെ പ്രതീക്ഷക്കു വിരുദ്ധമായി നിങ്ങൾ ആശിച്ച നിലയിലേക്കു വരുന്നതിന് തടസ്സമാകത്തക്ക വണ്ണം ജീവിതം തകർത്തു കളയുമ്പോൾ അതിൽ ഭാരപ്പെടാതെ കർത്താവേ, ഈ യാതന, എന്റെ ഹൃദയത്തിന്റെ ഈ വേദന ഞാൻ നിന്റെ കുരിശിൻചുവട്ടിലേക്കു വയ്ക്കുകയാണ്. ഞാനിത് സന്തോഷത്തോടെ വഹിക്കും. കർത്താവേ, ഞാനൊരാൾ ഈ ലോകത്തിന്റെ സന്തോഷങ്ങൾ പരിത്യജിച്ച് ഈ ലോക ഇമ്പങ്ങൾ വേണ്ട എന്നു വച്ച് എന്റെ ആത്മാവിന്റെ രക്ഷക്കുവേണ്ടി എന്നെത്തന്നെ സമർപ്പിക്കുന്നു. പോരാ എന്റെ മക്കളും യേശുവിനെ കണ്ടെത്താനായി ഞാനിതാ എന്റെ സുഖങ്ങൾ പരിത്യജിക്കുന്നു. അതാണ് കുരിശ്.

കുരിശ് സന്തോഷത്തോടെ വഹിക്കുക. നമ്മുടെ ജീവിതത്തിൽ വിജയം വേണമോ? നിങ്ങൾ കുരിശുവഹിക്കാൻ തയ്യാറാകുക. കുരിശു വഹിച്ചുള്ള ജീവിതം. അങ്ങനെ വരുമ്പോൾ നിങ്ങൾ വചനം ആർത്തിപൂണ്ടു കേൾക്കും.

വചനം ധ്യാനിക്കുമ്പോൾ എന്റെ വരൾച്ച മാറും. നിങ്ങളുടെ ഹൃദയത്തിൽ ഒരു വരൾച്ചയില്ലേ? ഒരു ശൂന്യതയില്ലേ? നിരാശയില്ലേ? ഒരസംതൃപ്തി ഇല്ലേ? ഒരു വാട്ടമില്ലേ? മോഹഭംഗമില്ലേ? ഹൃദയത്തിൽ ഒരു ടെൻഷനില്ലേ? വചനം കേൾക്കു

മ്പോൾ വരൾച്ച മാറും. ജീവിതത്തിലെ ശൂന്യത മാറും. ശൂന്യത യുള്ള ഹൃദയത്തിലേക്ക് ക്രിസ്തു കടന്നു വരും. ആത്മാവിന്റെ ജ്വാല കടന്നുവരും. ആത്മാവിന്റെ തീജ്ജ്വാല നിങ്ങളുടെ ഹൃദ യത്തിലേക്കു വരുമ്പോൾ നിങ്ങൾ ജ്വലിക്കും. നിങ്ങൾ കത്തും. നിങ്ങളുടെ അരികത്തുള്ളവർക്ക് തീ ലഭിക്കും. മറ്റുള്ളവരി ലേക്ക് തീ പടരുന്നതാണ് ക്രിസ്തീയജീവിതം.

ഏലിയാപ്രവാചകൻ വരണ്ടുപോയി. തീ ഇറക്കിയ പ്രവാ ചകൻ വരണ്ടുപോയി, നിരാശനായിപ്പോയി. സ്വർഗ്ഗത്തിലെ തീ ഭൂമിയിലേക്കു വരുന്നതിനുവേണ്ടി പ്രാർത്ഥിച്ച പ്രവാചകൻ വരണ്ടുപോയി. ഈസേബെലിന്റെ ഭീഷണിയുടെ മുമ്പിൽ പേടിച്ചോടിപ്പോയി.

വൈകുന്നേരമായപ്പോഴേക്കും ക്ഷീണിതനായി. നടക്കാൻ വയ്യ. ഏലിയാവ് അവിടെ ഒരു ചൂരച്ചെടിയുടെ തണലിൽ ഇരു ന്നു. മതി യഹോവേ, മതി. എന്റെ പ്രാണനെ എടുത്തുകൊള്ള ണമേ.

> *“അങ്ങനെ അവൻ ചൂരച്ചെടിയുടെ തണലിൽ കിടന്ന് ഉറങ്ങുമ്പോൾ പെട്ടെന്ന് ഒരു ദൂതൻ അവനെ തട്ടി അവനോട്: എഴുന്നേറ്റു തിന്നുക എന്നു പറഞ്ഞു.”* *1 രാജാക്കന്മാർ 19 : 5*

ക്ഷീണിതനായ ദൈവപൈതലേ, നിന്റെ പിന്നാലെ മാലാ ഖയെ അയയ്ക്കുന്നവനാണ് ദൈവം. ആത്മാവിൽ തളർന്നു പോയ ദൈവപൈതലേ, ഇന്നു നിന്റെ പിന്നാലെ ദൈവം തന്റെ മാലാഖയെ അയച്ചിരിക്കുകയാണ്. ക്ഷീണിതനാണ് നീ. പല തിലും തളർന്നിരിക്കുകയാണ്. പലതിലും നീ വാടിയിരിക്കുക യാണ്. പലതിലും നീ വരണ്ടിരിക്കുകയാണ്.

ആത്മാവിന്റെ വരൾച്ചകൊണ്ട്, ശരീരത്തിന്റെ വരൾച്ച കൊണ്ട്, മനസ്സിന്റെ വരൾച്ചകൊണ്ട്, മനസ്സിന്റെ തളർച്ചകൊണ്ട് നീ ക്ഷീണിതനായിരിക്കുകയാണ്. മനസ്സ് വാടിയിരിക്കുക യാണ്.

എത്രയോ അവസരങ്ങളിൽ ഞാൻ വാടി ഇരുന്നിട്ടുണ്ട്. എത്രയോ അവസരങ്ങളിൽ ഞാൻ മ്ലാനവദനനായിരുന്നിട്ടുണ്ട്. പക്ഷേ, ഏറെനേരം അങ്ങനെ ഇരിക്കാൻ കർത്താവ് സമ്മതിച്ചിട്ടില്ല.

ചൂരച്ചെടിയുടെ തണലിലിരുന്ന ദൈവപുരുഷന്റെ അരികിലേക്ക് മാലാഖ വന്ന് അവന്റെ വിലാപ്പുറത്തു തട്ടി. ഏലിയാവേ, ഞാൻ നിനക്ക് ആഹാരം കൊണ്ടുവന്നിട്ടുണ്ട്. "എഴുന്നേറ്റു തിന്നുക. നിനക്കു ദൂരയാത്ര ചെയ്യുവാനുണ്ട്."

ഇത്രയും ദിവസം ആഹാരം കഴിക്കാതെ ഈ മരുഭൂമിയിൽക്കൂടി നീ നടന്നു. കർമ്മേലിൽ വീര്യം പ്രവർത്തിച്ചു. ആഹാബിന്റെ രാജ്യത്ത് മൂന്നര വർഷം മഴപെയ്യാതിരുന്നിടത്ത് മഴപെയ്യാൻവേണ്ടി പ്രാർത്ഥിച്ചു. മഴ പെയ്തു. നീ ആഹാരം കഴിച്ചിട്ടില്ല. എത്ര ദിവസമായി നീ ആഹാരം കഴിക്കാതിരിക്കുന്നു. ഉപവാസമല്ലേ? ക്ഷീണിതനായിരിക്കയല്ലേ? എഴുന്നേറ്റു തിന്നുക.

എന്താണ് എഴുന്നേറ്റു തിന്നാനുള്ളത്? സ്വർഗ്ഗത്തിൽനിന്നു വന്ന അപ്പം. ഏതാണ് അപ്പം? സ്വർഗ്ഗത്തിൽ നിന്നു വന്ന അപ്പം ഞാനാകുന്നു. ഞാൻ ജീവന്റെ അപ്പം ആകുന്നു എന്നരുളിച്ചെയ്ത യേശുക്രിസ്തുവാണ് ജീവന്റെ അപ്പം. കുഞ്ഞാട് അറുക്കപ്പെട്ടിരിക്കുന്നു. യേശുക്രിസ്തു മുറിവേറ്റിരിക്കുന്നു. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടിരിക്കുന്നു. എഴുന്നേറ്റു തിന്നുക.

യേശുക്രിസ്തു അപ്പമാണ്. തിന്നുക എന്നു പറയുന്നു. എല്ലാ ഞായറാഴ്ചയും പള്ളിയിൽപോയി കുർബ്ബാന അനുഭവിച്ചാൽ മതിയോ?

തീയല്ലോ ഈ മദ്ബഹാ, തീയതിനെ ചുറ്റുന്നു. കഹനകളേ നിങ്ങൾ ഭയത്തോടും വിറയലോടും കൂടെ നിൽപ്പിൻ എന്നു പാടും. മദ്ബഹാ തീയാണ്. തീ അതിനെ ചുറ്റുന്നു. തീയാണ് ഈ അപ്പം. "അഗ്നിമയന്മാർ ആരെ നോക്കിൽ വിറച്ചീടുന്നു. അവനെ മേശയിൽ അപ്പം വീഞ്ഞായ് നീ കാണുന്നു." ഈ തീയാകുന്ന അപ്പം എന്താണെന്നറിയാതെയല്ലേ പാവപ്പെട്ട ജനങ്ങൾ ഭക്ഷിക്കുന്നത്? തന്നെത്തന്നെ ശോധന ചെയ്തിട്ടാണോ? പാപം മാറ്റീട്ടാണോ? പാപത്തെ വെറുത്തുപേക്ഷിച്ചിട്ടാണോ?

പാപത്തെ ഓർത്തു കരഞ്ഞിട്ടാണോ? അനുതപിച്ചിട്ടാണോ? ഒന്നുമല്ല.

പാവപ്പെട്ട ജനങ്ങൾ അച്ചന്റെ മുമ്പിൽ തല താഴ്ത്തി നിൽക്കും. അച്ചൻ തലയിൽ കൈവച്ച് പ്രാർത്ഥിക്കും. പാവം അച്ചൻ വിചാരിക്കും ജനത്തിന്റെ പാപമെല്ലാം ക്ഷമിച്ചു എന്ന്.

അച്ചൻ പ്രാർത്ഥിച്ചു. അച്ചന്റെ നാവേതാണ്? അവിശ്വാസം പറഞ്ഞ നാവ്. ഒരു അച്ചൻ എന്നോടു പറഞ്ഞു: യേശു രണ്ടാമതു വരും എന്നു പറയുന്നത് ഞാൻ വിശ്വസിക്കുന്നില്ല. സാറു വിശ്വസിക്കുന്നുണ്ടോ? ഞാൻ വിശ്വസിക്കുന്നുണ്ട്. അതുകൊണ്ടല്ലേ ഞാൻ പ്രസംഗിച്ചു നടക്കുന്നത്. അച്ചൻ വിശ്വാസപ്രമാണം ചൊല്ലുന്നില്ലേ എന്നു ഞാൻ ചോദിച്ചു. അതൊക്കെ ചൊല്ലും. പക്ഷേ, വിശ്വസിക്കാൻ പറ്റുമോ? ഇങ്ങനെയുള്ള അവിശ്വാസികളുടെ നടുവിലാണ് നാം നിൽക്കുന്നത്. ജീവന്റെ അപ്പമായ ക്രിസ്തുവിനെ ഭക്ഷിക്കുക. ക്രിസ്തുവിനെ ഭക്ഷിക്കുക എന്നു പറഞ്ഞാൽ എന്താണ്? ക്രിസ്തുവിന്റെ രക്തം പാനം ചെയ്യുക എന്നു പറഞ്ഞാൽ എന്താണ്?

നമ്മുടെ ശരീരം ക്രിസ്തുവിന്റെ ആലയമാണ്; ശരീരത്തിന്റെ അവയവങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണ്. ഞാൻ ക്രിസ്തുവിന്റെ തിരുശരീരം ഭക്ഷിക്കുക എന്നു പറഞ്ഞാൽ എന്റെ ശരീരം ക്രിസ്തുവിന്റെ ശരീരമായി മാറുന്നു. ക്രിസ്തുവിന്റെ തിരുരക്തം പാനം ചെയ്യുക എന്നു പറഞ്ഞാൽ എന്റെ സിരകളിലൂടെ ഒഴുകുന്ന രക്തം ക്രിസ്തുവിന്റെ രക്തമായിത്തീരുന്നു. ക്രിസ്തുവിന്റെ രക്തമായിത്തീരുവാൻ, നിന്റെ സിരകളിലൂടെ ക്രിസ്തുവിന്റെ രക്തം ഒഴുകുവാൻ നിനക്കു മനസ്സുണ്ടോ?

ക്രിസ്തുവിന്റെ സ്വഭാവം കിട്ടും. പൂർവ്വികന്മാരിൽനിന്ന് നിന്നിലേക്കു പകർന്ന സ്വഭാവം മാറും. ക്രിസ്തുവിന്റെ തിരുശരീരം നിന്റെ ശരീരത്തിന്റെ അംശമായി മാറും. ക്രിസ്തുവിന്റെ തിരുരക്തം നിന്റെ ശരീരത്തിന്റെ അംശമായി മാറും. അപ്പോൾ നീ ക്രിസ്തുമയമായി മാറും. ഇതു വല്ലതും ചിന്തിച്ചിട്ടാണോ

നീ വിശുദ്ധ കുർബ്ബാന കൊള്ളുന്നത്?

ഇന്ന് ഈ തിരുശരീരം നിങ്ങൾക്ക് ഭക്ഷിക്കാം. വചനം ഭക്ഷിക്കാം. വചനം ഭക്ഷിക്കുമ്പോൾ തിരുശരീരത്തിന്റെ അംശമായി നാം മാറുന്നു. വചനമാകുന്ന ക്രിസ്തുവിനെ നാം സ്വീകരിക്കുന്നു.

*“ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം എന്ന് അവൻ പറഞ്ഞതിനാൽ, യഹൂദന്മാർ അവനെക്കുറിച്ച് പിറുപിറുത്തു: ഇവൻ യോസേഫിന്റെ പുത്രനായ യേശു അല്ലയോ? അവന്റെ അപ്പനേയും അമ്മയേയും നാം അറിയുന്നുവല്ലോ; പിന്നെ ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു എന്ന് അവൻ പറയുന്നത് എങ്ങനെ എന്ന് അവർ പറഞ്ഞു. യേശു അവരോട് ഉത്തരം പറഞ്ഞത്: നിങ്ങൾ തമ്മിൽ പിറുപിറുക്കേണ്ട; എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും. എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവരാകും എന്നു പ്രവാചകപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. പിതാവിനോട് കേട്ടു പഠിച്ചവൻ എല്ലാം എന്റെ അടുക്കൽ വരും. പിതാവിനെ ആരെങ്കിലും കണ്ടിട്ടുണ്ട് എന്നല്ല, ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളൂ. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ജീവന്റെ അപ്പം ആകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന തിന്നിട്ടും മരിച്ചുവല്ലോ. ഇതോ, തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിന് സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്ന അപ്പം ആകുന്നു. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ*

*അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു. ആകയാൽ യെഹൂദന്മാർ: നമുക്ക് തന്റെ മാംസം തിന്നേണ്ടതിന്നു തരുവാൻ ഇവന് എങ്ങനെ കഴിയും എന്നു പറഞ്ഞു തമ്മിൽ വാദിച്ചു. യേശു അവരോടു പറഞ്ഞത്: ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും."*

*യോഹന്നാൻ 6 : 41 – 54*

*"അവന്റെ ശിഷ്യന്മാർ പലരും അതുകേട്ടിട്ട്: ഇത് കഠിനവാക്ക്; ഇത് ആർക്കു കേൾപ്പാൻ കഴിയും എന്നു പറഞ്ഞു. ശിഷ്യന്മാർ അതിനെച്ചൊല്ലി പിറുപിറുക്കുന്നത് യേശു തന്നിൽത്തന്നെ അറിഞ്ഞ് അവരോട്: ഇത് നിങ്ങൾക്ക് ഇടർച്ച ആകുന്നുവോ? മനുഷ്യപുത്രൻ മുമ്പേ ഇരുന്നേടത്തേക്കു കയറിപ്പോകുന്നതു നിങ്ങൾ കണ്ടാലോ? ജീവിപ്പിക്കുന്നത് ആത്മാവ് ആകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു."*

*യോഹന്നാൻ 6 : 60 – 63*

വിശുദ്ധ കുർബ്ബാന അനുഭവിക്കുക എന്നു പറയുന്നത് എന്താണ്? യേശുവിനെ നാം ഭക്ഷിക്കുക. വിശ്വാസത്താൽ യേശുവിനെ നാം സ്വീകരിക്കുക. കർത്താവേ, എന്റെ ശരീരം മലിനമാണ്. എന്റെ നാവ് മലിനമാണ്. നുണപറഞ്ഞ നാവാണ്. പരദൂഷണം പറഞ്ഞ നാവാണ്. ചീത്തവാക്കുകൾ പറഞ്ഞ നാവാ

ണ്. ചിലരെ വിധിച്ച നാവാണ്. ശപിച്ച നാവാണ്.

കർത്താവേ, എന്റെ കണ്ണ് മലിനമാണ്. ചീത്ത പടം കണ്ട കണ്ണാണ്. അഴുക്കിലേക്ക് മോഹത്തോടെ നോക്കിയ കണ്ണാണ്. സ്ത്രീയെ മോഹത്തോടെ നോക്കുന്നവൻ ഹൃദയംകൊണ്ട് വ്യഭിചാരം ചെയ്തുപോയി എന്നാണല്ലോ നിന്റെ വചനം. ഞാൻ ഹൃദയംകൊണ്ട് വ്യഭിചാരം ചെയ്യാൻ ഉപയോഗിച്ചത് എന്റെ കണ്ണാണ്. എന്റെ കർത്താവേ, എന്റെ ബുദ്ധി അശുദ്ധചിന്തകൾ ഉള്ള ബുദ്ധിയാണ്.

എന്റെ കൈകൾ അരുതാത്തതു തൊട്ടതാണ്, പിടിച്ചതാണ്. എന്റെ അധരങ്ങൾ അരുതാത്തതു ചുംബിച്ചതാണ്, കുടിച്ചതാണ്, തിന്നതാണ്. കർത്താവേ, എന്റെ ശരീരം മുഴുവനും മലിനമാണ്.

ഈ മലിനമായ ശരീരം ഞാൻ തിരുമുമ്പാകെ തുറന്നു വയ്ക്കുകയാണ്. കർത്താവേ, ഇനിമേൽ പാപം ആവർത്തിക്കുകയില്ല. ഇനി ശരീരം മലിനമാക്കുകയില്ല. ഇപ്പോൾ നാഥാ! നീ വചനമായി എന്റെ ഹൃദയത്തിലേക്ക് ഇറങ്ങി വരണം. നിന്റെ തിരുശരീരവും തിരുരക്തവും എന്റെ ശരീരത്തിന്റെ ഭാഗമായിത്തീരണം. അങ്ങനെ എന്റെ ശരീരത്തിന്റെ അംശമായി നീ തീരുന്നു. നിന്റെ ശരീരത്തിന്റെ അംശമായി ഞാൻ മാറുന്നു. അങ്ങനെ നിന്നെ ഞാൻ ഭക്ഷിക്കുന്നു, പാനം ചെയ്യുന്നു. അങ്ങനെ ഈ വചനം ഞാൻ സ്വീകരിക്കുന്നു, എനിക്കു ജീവൻ ലഭിക്കുന്നു. നാഥാ! ഞാൻ വിശ്വസിക്കുന്നു.

നിങ്ങൾ ഏതു സഭയിലുള്ളവരായാലും ഏതു സമുദായത്തിലുള്ളവരായാലും യേശുവിനെ സ്വീകരിക്കുക. യേശു നിങ്ങളുടെ അരികത്തു നിന്ന് കെഞ്ചുന്നു: മോനേ, ഞാൻ നിന്റെ ഉള്ളിലേക്കു വരാം. നിന്റെ ജീവിതം ഞാൻ ഭാസുരമാക്കാം. നിനക്ക് ആത്മാവിന്റെ സൗന്ദര്യം ഞാൻ തരാം. ആത്മാവിന്റെ സൗന്ദര്യം സ്നേഹമാണ്, വിശുദ്ധിയാണ്.

പുറമേ നിനക്കു സൗന്ദര്യമില്ല എന്നു നിനക്കു തോന്നുന്നു. സാരമില്ല. പുറമെ നിനക്ക് വൈകൃതമുണ്ടെന്നു നിനക്കു

തോന്നുന്നു. എന്നാൽ ഇന്നു ഞാൻ നിന്റെ വൈകല്യം മാറ്റിത്തരാം. നീ എന്നെ സ്വീകരിച്ചാൽ മാത്രം മതി. ഇന്നുമുതൽ ഞാൻ പാപമില്ലാതെ ജീവിക്കും എന്ന് എന്നോടു വാക്കു പറഞ്ഞാൽ മതി. ഞാൻ നിന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരാം. നിന്നെ ഞാൻ വിശുദ്ധനാക്കാം. അത്ഭുതം ഞാൻ നിന്നിൽ പ്രവർത്തിക്കാം.

നിന്റെ ഹൃദയത്തിൽ ഞാൻ സിംഹാസനസ്ഥനായി വാഴാം. ഞാൻ നിന്നെ ഭരിക്കാം. ഞാൻ നിന്നെ നടത്താം. നിന്റെ കടത്തിന്റെ കാര്യം, രോഗത്തിന്റെ കാര്യം, നിന്റെ ബിസിനസ്സിന്റെ കാര്യം, നിന്റെ കൃഷിയുടെ കാര്യം, നിന്റെ ഭൂമി വിൽക്കുന്ന കാര്യം, നിന്റെ മകളുടെ വിവാഹത്തിന്റെ കാര്യം, എല്ലാം ഞാൻ അന്വേഷിക്കാം. ഇനി നിന്റെ കാര്യം എന്റെ കാര്യമാണ്. നീ വലയുന്ന കാര്യം ഞാൻ ഏറ്റെടുത്തുകൊള്ളാം. എന്നെ നീ കൈക്കൊള്ളൂ. എന്നെ നീ സ്വീകരിക്കൂ. ഈ അപ്പം നീ ഭക്ഷിക്കൂ.

അത്ഭുതമാണ് യേശു. രോഗം മാറ്റുന്നതല്ല അത്ഭുതം. നിന്റെ പ്രാകൃത ജീവിതം മാറ്റി ഒരു സുകൃതജീവിതം നിനക്കു തരുന്നതാണ് അത്ഭുതം. നിന്റെ അശുദ്ധ ജീവിതം മാറ്റി ഒരു പുതിയ ജീവിതം നിനക്കു തരുന്നതാണ് അത്ഭുതം.

ഏലിയാവേ, ഈ അപ്പം കൊണ്ടുവന്നത് സ്വർഗ്ഗത്തിലെ മാലാഖയാണ്. നീ ഇത് ഭക്ഷിക്കൂ. നീ വലയുന്ന കാര്യം ഞാൻ നിനക്കു മാറ്റിത്തരാം. നീ തളർന്നു പോകേണ്ടവനല്ല. നീ തീയിറക്കിയവനാണ്. വീര്യമുള്ളവനാണ്. ആദ്യസ്നേഹത്തിലേക്ക് ഞാൻ നിന്നെ മടക്കിവരുത്താം. ഏലിയാവേ, എഴുന്നേറ്റുതിന്നുക. നിനക്കു ദൂരയാത്ര ചെയ്യുവാനുണ്ടല്ലോ.

# പതിനൊന്ന്

ഭയങ്കരമായ ചുഴലിക്കാറ്റു വീശുകയാണ്. മഴ തിമിർത്തു പെയ്യുകയാണ്. ഒരു കുരുവി ഒരു മരത്തിന്റെ കൊമ്പിലിരുന്ന് പാട്ടുപാടിക്കൊണ്ടിരിക്കുന്നു. കൊമ്പ് ആടി ഉലയുന്നുണ്ട്. അതിനൊരു ഭയവുമില്ല. കൊമ്പ് ഒടിഞ്ഞു വീഴുമോ? അറിയാൻ പാടില്ല. കുരുവി അവിടെ ഇരുന്ന് പാടുന്നു. അതിനു പേടിയില്ല. അതിനു പറക്കാൻ ചിറകുണ്ട്. ഏതു പ്രശ്നം വന്നാലും പറന്നുയരാം.

നമ്മുടെ ജീവിതത്തിൽ ഈ ഒരു ശാന്തി നമുക്കുണ്ടോ? എന്തുവന്നാലെന്താണ്? പള്ളിക്കാർ എതിർത്താലെന്താണ്? മദ്ബഹായിൽ നിന്നുകൊണ്ട് അച്ചൻ ചീത്ത വിളിച്ചാലെന്താണ്? അച്ചൻ വീടുതോറും കയറി നടന്ന് ആ കൂട്ടായ്മയിൽ പോയാൽ നിങ്ങളെ പള്ളിയിൽ നിന്നു മുടക്കും എന്നു ഭീഷണിപ്പെടുത്തിയാലെന്താണ്? നമുക്കതൊരു പ്രശ്നമല്ല. കാരണം, പറക്കാൻ ചിറകുണ്ട്. ചിറക് സ്തുതിയാണ്. ആത്മാവിന്റെ സ്തുതിയുടെ ചിറകിൽ പറക്കാം. ആത്മാവിന്റെ സ്തുതിയിൽ നമുക്കാരാധിക്കാം. അതാണ് ക്രിസ്തീയജീവിതം!

ജീവിതത്തിൽ ചില കെണിയിൽ പെട്ടുപോയവർ, പിശാചിന്റെ ചൂണ്ടയിൽ കുടുങ്ങിപ്പോയവർ, പിശാച് തകർക്കാൻ കൊണ്ടുപോകുന്നവർ ചിലരെല്ലാം രക്ഷപ്പെട്ടു വരുന്നു. അത്ഭുതം! വചനം കേൾക്കാൻ സാധിക്കുന്നത് ഒരത്ഭുതമാണ്. എത്രയോ പേർ കേൾക്കുന്നില്ല. പലരും പരിഹസിക്കുന്നു. പക്ഷേ, നിങ്ങൾക്ക് വചനം കേൾക്കാനിടയായി, വചനത്തിന്റെ ശക്തി അനുഭവിക്കാനിടയായി. അതുകൊണ്ട് ക്രൂശിലെ സ്നേഹം

നമ്മെ ക്രൂശോടു ചേർത്തിരുത്തിയിരിക്കുന്നു, വരൾച്ച മാറ്റി വളർച്ച തരാൻ.

ദൈവത്തിന്റെ ഏലിയാവ്, ഏലിയാവിന്റെ ദൈവം. ദൈവത്തിന്റെ ഏലിയാവ് എന്നപോലെ ദൈവത്തിന്റെ ഇന്ന യാൾ എന്ന് നമ്മെക്കുറിച്ച് പറയാൻ ഇടയായിത്തീരണം. സ്വർഗ്ഗത്തിൽ നാം പ്രസിദ്ധരായിത്തീരണം. ഇവിടെ പ്രസിദ്ധി വേണ്ട. സ്വർഗ്ഗത്തിൽ മാലാഖമാരുടെ ഇടയിൽ നമ്മുടെ പേര് പ്രസിദ്ധമായിരിക്കണം. മാലാഖമാർക്ക് നമ്മെ നല്ല പരിചയമാ യിരിക്കണം. വിശുദ്ധന്മാർ നമ്മെയോർത്തു സ്തുതിക്കണം.

പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നു, മാലാഖമാർ സന്തോഷിക്കുന്നു. അങ്ങനെ നാം മാനസാന്തര പ്പെട്ടവരായി ദൈവസ്നേഹം അനുഭവിച്ച് രൂപാന്തരപ്പെട്ടവരാ യിത്തീരുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നു. സ്വർഗ്ഗത്തിൽ നാം അറിയപ്പെട്ടവരായിത്തീരുന്നു. സ്വർഗ്ഗത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നവരായിത്തീരുന്നു. നമ്മുടെ കാര്യം കർത്താ വിന്റെ കാര്യമായി മാറുന്നു. ഇതെല്ലാം നമുക്കനുഭവിക്കാം.

“ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല ഉപേക്ഷിക്ക യുമില്ല” എന്ന് അവൻ പറഞ്ഞിട്ടുണ്ട്. മനസ്സറിഞ്ഞ് ഒരു പാപം ചെയ്യുകയില്ല എന്ന് ഞാൻ കർത്താവിനോടു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കർത്താവ് എന്നോടുകൂടെയുണ്ട്.

ഏലിയാവിന് ഇനിയും വളർന്ന് ചെയ്യേണ്ട ചില ഗൗരവ മേറിയ ശുശ്രൂഷകളുണ്ട്. അടുത്ത രാജാവായി യേഹൂവിനെ അഭിഷേകം ചെയ്യേണ്ടതുണ്ട്. പ്രവാചകന്മാരാണ് രാജാവിനെ അഭിഷേകം ചെയ്യുന്നത്. ഏലിയാവിന്റെ കാലശേഷമുള്ള എലീശയെ അഭിഷേകം ചെയ്യേണ്ടത് ഏലിയാവാണ്. വലിയ വേല കിടക്കുന്നു. ഇതൊന്നുമറിയാതെ ഏലിയാവ് തളർന്നു കിടക്കുകയാണ്.

എന്റെ കാര്യം തീർന്നു എന്നു നിങ്ങൾ പറയരുത്. ഇനി

എനിക്കൊരു വേലയുമില്ല എന്ന് നിങ്ങൾ പറയരുത്. ഞാൻ പ്രയോജനരഹിതനാണ് എന്നു പറയരുത്. നിങ്ങൾക്കുണ്ട് ഒരു വേല. നിങ്ങൾക്കുണ്ട് ഒരു ശുശ്രൂഷ. നിങ്ങളിൽ ചില ആഗ്രഹങ്ങൾ കർത്താവ് പുലർത്തുന്നുണ്ട്. കർത്താവിനു ചില പ്രതീക്ഷകളുണ്ട്. വാർദ്ധക്യത്തിലും പുഷ്ടിവയ്ക്കും! വാർദ്ധക്യത്തിലും ഫലം കായ്ക്കും! രോഗാവസ്ഥയിലും നിങ്ങളിൽ നിന്നുകൊണ്ട് ദൈവത്തിനു പ്രവർത്തിക്കുവാൻ കഴിയും!

ആൻ ആഡംസ് ഒരു സ്ത്രീയാണ്. ചെറുപ്പത്തിൽ ഒരു വീഴ്ച പറ്റി. വീഴ്ചയിൽ തളർന്നുപോയി. കഴുത്തിനു താഴോട്ട് അനങ്ങില്ല, ചലിക്കില്ല. ഒന്നും ചെയ്യാൻ പറ്റില്ലല്ലോ എന്നോർത്തു. പക്ഷേ, അപ്പോഴാണ് ദൈവത്തിന്റെ വചനം ആ സ്ത്രീയുടെ ഹൃദയത്തിലേക്കു കടന്നത്. അവൾ വചനം സ്വീകരിച്ചു. ഞാൻ തോറ്റുകൊടുക്കുകയില്ല എന്ന് അവൾ തീരുമാനിച്ചു. ആ പ്രത്യാശയോടെ അവൾ പ്രാർത്ഥിക്കാൻ തുടങ്ങി. അവൾ കമിഴ്ന്ന് ചുണ്ടുകൊണ്ട് പേന എടുത്തിട്ട് പല്ലുകൊണ്ട് പേന പിടിച്ച് പടം വരക്കാൻ തുടങ്ങി. അതിമനോഹരമായ പെയിന്റിംഗ്. ചുണ്ടിന്റെയും പല്ലിന്റെയും സഹായത്തോടെ പടം വരച്ച് അവൾ പ്രസിദ്ധയായിത്തീർന്നു.

'Hundred years of Solitude' – 'ഏകാന്തതയുടെ നൂറു വർഷങ്ങൾ', എന്ന ഒരു പുസ്തകം അവൾ എഴുതി. അവളുടെ ജീവിതത്തിലെ ഏകാന്തതയിലൂടെ ദൈവം പ്രവർത്തിച്ചു, ശക്തികൊടുത്തു. വളരെ ഉത്സാഹഭരിതയായി അവൾ വളർന്നു. അവളുടെ നിരാശ മാറി. ഏതെല്ലാം കാര്യത്തിൽ നിങ്ങൾക്കു കുറവുണ്ടോ ആ സ്ഥാനത്ത് ഉത്തേജനം പകരാൻ ദൈവത്തിനു കഴിയും. നിങ്ങൾ ദൈവത്തിനു വിട്ടുകൊടുക്കൂ.

*"അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴു*

*ത്തിൽനിന്ന് നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും.” ഹബക്കൂക് 3 : 17*

പ്രവാചകന്മാർ ദുരിതം അനുഭവിച്ചവരാണ്. കരയുന്നവരാണ്. യിരമ്യാപ്രവാചകൻ കരയുന്ന പ്രവാചകനായിരുന്നു. ജനത്തിനുവേണ്ടി കരയുന്നു; രാജാവിനുവേണ്ടി കരയുന്നു. യെശയ്യാ പ്രവാചകൻ ജനത്തിന്റെ പാപം കണ്ടു കരയുന്നവനായിരുന്നു. ഹോശേയ പ്രവാചകൻ അദ്ദേഹത്തിന്റെ ഭാര്യ വിട്ടുപോയതുകൊണ്ട് കരഞ്ഞു. യോവേൽ പ്രവാചകൻ ജനത്തിനു വരാൻ പോകുന്ന ശിക്ഷാവിധി കണ്ട് കരഞ്ഞു.

പ്രവാചകന്മാരെല്ലാം കരയുന്നവരായിരുന്നു. കാരണം അവരുടെ ഉള്ളിൽ ദൈവത്തിന്റെ ആത്മാവു വ്യാപരിച്ചുകൊണ്ടിരുന്നു. ദൈവത്തിന്റെ ആത്മാവു വ്യാപരിച്ചാൽ നാം മറ്റുള്ളവരെ ഓർത്ത് കരയാൻ തുടങ്ങും. വേദനിക്കുന്നവരുടെ വേദന, ഭാരപ്പെടുന്നവരുടെ വേദന നമ്മുടേതായി മാറും. കർത്താവിന്റെ ഭാവം നമുക്കു വരുവാൻ നാം സമർപ്പിക്കണം. കർത്താവേ, നിന്റെ ഹൃദയം എനിക്കു തരണമേ. യേശുവേ, നിന്റെ മനോഭാവം എനിക്കു തരണമേ. യേശുവിന്റെ മനസ്സുള്ളവനാകാനുള്ള ഭാഗ്യം എനിക്കു തരണമേ. പാപത്തോടുള്ള അറപ്പും വെറുപ്പും യേശുവിന്റെ ഹൃദയത്തിലുള്ളതുപോലെ എനിക്കും തരണമേ. യേശുവിന്റെ സ്വഭാവം എനിക്കു തരണമേ എന്നു നാം പ്രാർത്ഥിക്കണം.

പ്രവാചകന്മാരെല്ലാം യേശുവിന്റെ പ്രകൃതിയുള്ളവരായിരുന്നു; ദൈവത്തിന്റെ സ്വഭാവമുള്ളവരായിരുന്നു. ഹബക്കൂക് പ്രവാചകന് എന്നും ദുരിതമായിരുന്നു. എന്നും കഷ്ടതയായിരുന്നു. ഓരോന്നോരോന്നോർത്ത് പ്രവാചകൻ കരയും.

കർത്താവേ, ഈ കഷ്ടപ്പാടിന് ഒരറുതിയില്ലേ? ഇതിനൊരവസാനമില്ലേ? എന്നും ഞാൻ ഈ കഷ്ടത സഹിക്കണമോ? എത്രകാലം ഞാൻ ഈ കഷ്ടത സഹിക്കണം? ഞാൻ നിന്റെ

വേലക്കാരനല്ലേ? പിന്നെ എന്താ എനിക്കീ ആവലാതി മാറാത്തത്?

*“ഞാൻ കൊത്തളത്തിൽനിന്നു കാവൽ കാത്തു കൊണ്ട്: അവൻ എന്നോട് എന്തരുളിച്ചെയ്യും എന്നും എന്റെ ആവലാതിസംബന്ധിച്ച് ഞാൻ എന്തുത്തരം പറയേണ്ടൂ എന്നും കാണേണ്ടതിനു ദൃഷ്ടിവയ്ക്കും. യഹോവ എന്നോട് ഉത്തരം അരുളിയത്: നീ ദർശനം എഴുതുക; ഓടിച്ചുവായിപ്പാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വരയ്ക്കുക. ദർശനത്തിന് ഒരു അവധിവെച്ചിരിക്കുന്നു; അത് സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിന്നായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല.” ഹബക്കൂക് 2 : 1 – 3*

ഹബക്കൂക്കിനു സമാധാനമായി. അപ്പോൾ പിന്നെ ഹബക്കൂക് ചിന്തിക്കുകയാണ്: ഇങ്ങനെ ഒക്കെ ആയാലും എനിക്കിനിയും പാപമുണ്ടല്ലോ. എന്റെ ജീവിതത്തിലെ പാപങ്ങൾ മാറിയില്ലല്ലോ കർത്താവേ. എന്റെ വീടിന്റെ ചുമര് എനിക്കെതിരായി നിലവിളിക്കുന്നു. ഞാൻ താമസിക്കുന്ന വീടിന്റെ മേൽക്കൂര എനിക്കെതിരായി നിലവിളിക്കുന്നു. എന്റെ വീടിന്റെ ചുമരിലെ കല്ലുകൾ എനിക്കെതിരായി നിലവിളിക്കുന്നു. കല്ലു സാക്ഷിയായി ഞാൻ പാപം ചെയ്തുപോയിട്ടുണ്ട്. എന്റെ വീട്ടിൽവച്ച് മേൽപ്പുര സാക്ഷിയാക്കി ഞാൻ പാപം ചെയ്തുപോയിട്ടുണ്ട്. ഇതെല്ലാം എനിക്കെതിരെ സംസാരിക്കുമല്ലോ. ഞാൻ എന്തു ചെയ്യും?

*“ചുവരിൽനിന്ന് കല്ലു നിലവിളിക്കയും മരപ്പണിയിൽ നിന്നു തുലാം ഉത്തരം പറകയും ചെയ്യുമല്ലോ.” ഹബക്കൂക് 2 : 11*

ഇങ്ങനെയെല്ലാം വിഷമത്തിലായ പ്രവാചകൻ പിന്നെയും വിഷമിക്കുകയാണ്. അവസാനം പ്രവാചകൻ സങ്കടത്തോടെ

പറയുകയാണ്.

> *"അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായ്പ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽനിന്നു നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും." ഹബക്കൂക് 3 : 17*

വരൾച്ചയാണ്. ഒരുവിധത്തിലും കരേറ്റം കിട്ടാതെ വലയുന്നു. ആരെല്ലാമാണ് വഴിമുട്ടി സകലതും തകർന്ന്, ഭാവി ഇരുളടഞ്ഞു കാണുന്നവരെന്ന് യേശുവിനറിയാം. കുടുംബത്തിൽ സമാധാനമില്ലാതെ ജീവിതം തകർന്നു തരിപ്പണമായി മനസ്സമാധാനമില്ലാതെ ഉഷ്ണിച്ചുകൊണ്ടിരിക്കുന്നവർ ആരെല്ലാമെന്ന് യേശുവിനറിയാം. രാത്രി കിടന്നാൽ ഉറക്കമില്ലാതെ തിരിഞ്ഞും മറിഞ്ഞും ഇടയ്ക്ക് നെടുവീർപ്പിടും. ഭാര്യ ചോദിക്കും: നിങ്ങൾ എന്തേ ഉറങ്ങാത്തത്? പാതിരാവ് ആയാലും ഉറക്കമില്ല. ഇടയ്ക്ക് ചില ഏങ്ങലടികൾ. ഭാര്യയ്ക്കും ഉറക്കമില്ല.

ഉറക്കമില്ലാത്ത രാവുകൾ! ജീവിതം വഴിമുട്ടിപ്പോയവർ! എന്തിനു ഞാൻ ജീവിക്കണം എന്നു ചിന്തിക്കുന്നവർ! മരിച്ചാൽ മതി എന്നോർക്കുന്നവർ! കല്യാണം കഴിക്കാതിരുന്നെങ്കിൽ ഈ മന:സംഘർഷം ഒഴിവാക്കാമായിരുന്നു എന്നു ചിന്തിക്കുന്നവർ! മക്കൾ ഉണ്ടാകണ്ടായിരുന്നു എന്നു ചിന്തിക്കുന്നവർ! മക്കളെ ഓർത്തുള്ള ദുഖംകൊണ്ട് ഹൃദയം വിങ്ങുന്നവർ! ജപ്തി നോട്ടീസു കിട്ടി. കടം തീർക്കാൻ ഒരു വഴികാണുന്നില്ല. ഇങ്ങനെ അനേകമനേകം പ്രതിസന്ധികളിൽപ്പെട്ട് സമാധാനമില്ലാതെ വലയുന്നവർ!

പക്ഷേ, പ്രവാചകൻ തീരുമാനിച്ചു: ഞാൻ തോറ്റുകൊടുക്കില്ല. എനിക്കാനന്ദിക്കാൻ ഒരു വഴിയുണ്ട്. എന്റെ ദൈവം, എന്റെ കർത്താവ്, എന്റെ പ്രശ്നം കാണുന്ന, എന്റെ പ്രശ്ന

ത്തിന് പരിഹാരം തന്റെ സ്വന്തം കൈയിൽ വഹിക്കുന്ന യേശുക്രിസ്തു എനിക്കുണ്ട്. അവന്റെ കരം ചലിക്കാത്തതെന്താണ്? എനിക്കറിഞ്ഞുകൂടാ. എന്റെ കാര്യത്തിൽ കർത്താവ് പ്രവർത്തിക്കാത്തതെന്താണ്? അതും എനിക്കറിഞ്ഞുകൂടാ.

എന്തുകൊണ്ടാണ് എന്റെ ഭർത്താവ് എനിക്കെതിരായത്? എനിക്കറിഞ്ഞുകൂടാ. ഞാൻ പ്രാർത്ഥിക്കുന്നുണ്ടല്ലോ. ഞാൻ മനസ്സറിഞ്ഞൊരു പാപത്തിലേക്കു പോകുന്നില്ലല്ലോ. പിന്നെ എന്തുകൊണ്ടാണ് എന്റെ പ്രാർത്ഥന കർത്താവ് കേൾക്കാത്തത്? അറിയാൻ പാടില്ല. ഒന്നും അറിയാൻ പാടില്ലെങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും.

*"എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും."* *ഹബക്കൂക് 3 : 18*

എനിക്ക് രക്ഷയുണ്ട്. എനിക്കൊരു രക്ഷകനുണ്ട്. അതാണ് ഞാൻ സന്തോഷിക്കുന്ന കാര്യം. എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. ഇവിടെ ഈ ദുരിതം എത്രകാലം? ഇവിടെ ഈ ദുരിതത്തിന്റെ മദ്ധ്യത്തിൽ, യാതനയുടെ മദ്ധ്യത്തിൽ ഒരു സെക്കന്റു കിട്ടിയാൽ ഞാൻ കർത്താവിന്റെ വേല ചെയ്യും.

എനിക്ക് രക്ഷ കിട്ടിയിട്ടുണ്ട്. നിത്യരക്ഷ എന്റെ കൈവശം വന്നിരിക്കുന്നു. ഇന്നു ഞാൻ കടന്നുപോയാൽ മാലാഖമാർ എന്നെ തേരിലേറ്റിക്കൊണ്ടുപോകും.

ഇന്നെനിക്ക് കഷ്ടതയുണ്ട്, രോഗമുണ്ട്, ദാരിദ്ര്യമുണ്ട്, പണത്തിനു ഞെരുക്കമുണ്ട്, വിദ്യാഭ്യാസമില്ല, ഇന്ന് കൈവശം ഒന്നുമില്ല. പക്ഷേ, മാലാഖമാർ ഗണം ഗണമായി എഴുന്നള്ളി വന്ന് സ്വർണ്ണത്തേരിൽ എന്നെ കയറ്റിക്കൊണ്ടുപോകും. ആകാശവീഥികളിലൂടെ ഞാൻ പറന്നു പോകും. നക്ഷത്രരാശികളുടെ ഇടയിലൂടെ ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമുള്ള ബഹിരാകാശ

ത്തിന്റെ അറുതിയിലേക്ക്, നിത്യ സ്വർഗ്ഗത്തിന്റെ സോപാനത്തിലേക്ക് എന്നെ കയറ്റിക്കൊണ്ടുപോകും.

നിത്യരക്ഷ! അതാണ് സന്തോഷിക്കുവാനുള്ളത്. എന്റെ ആത്മാവിന്റെ കാര്യം സുരക്ഷിതമാണ്. അക്കാര്യം ഉറപ്പാക്കണം. എന്തുസംഭവിച്ചാലും ശരി, എന്തെല്ലാം നഷ്ടം വന്നാലും ശരി എന്റെ ആത്മാവിന്റെ കാര്യം സുരക്ഷിതമാണ്. ഞാൻ എപ്പോൾ കടന്നുപോയാലും എന്റെ പാപങ്ങളെല്ലാം കർത്താവ് കഴുകി എന്നുള്ളതുകൊണ്ട്, കർത്താവിന്റെ തിരുരക്തത്താൽ എന്റെ പാപങ്ങളെല്ലാം കർത്താവു ക്ഷമിച്ചു എന്നുള്ളതുകൊണ്ട് ഞാൻ ആത്മാവിൽ രക്ഷയുള്ളവനാണ്. ഞാൻ രക്ഷിക്കപ്പെട്ടവനാണ്. ഞാൻ മാനസാന്തരപ്പെട്ടവനാണ്. ഞാൻ വീണ്ടുംജനനം അനുഭവിക്കുന്നവനാണ്.

ഞാൻ പഴയ മനുഷ്യനല്ല, പുതിയ മനുഷ്യനാണ്. ക്രിസ്തുവിന്റെ രക്ഷ എന്റെ ഹൃദയത്തിൽ വാഴുന്നു. ക്രിസ്തുവിന്റെ സ്നേഹം എന്റെ ഹൃദയത്തിൽ വസിക്കുന്നു. ക്രിസ്തുവിനുവേണ്ടി ഞാൻ അദ്ധ്വാനിക്കുന്നു. ക്രിസ്തു മാത്രമാണ് എന്റെ ജീവിതത്തിലെ ലക്ഷ്യം. രക്ഷയുടെ വക്താവായി ഞാൻ ഓടിനടന്നു വചനം പറയും. ഞാൻ രക്ഷകനെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കും.

> *"ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്ക് ചാഞ്ഞു എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു, നമ്മുടെ ദൈവത്തിന്നു സ്തുതി തന്നേ; പലരും അതുകണ്ടു ഭയപ്പെട്ടു യഹോവയിൽ ആശ്രയിക്കും."*
>
> *സങ്കീർത്തനങ്ങൾ 40 : 1 – 3*

രക്ഷയുടെ ഉല്ലാസം കിട്ടുന്നു. നാവിൽ സ്തുതി കിട്ടുന്നു. രക്ഷയുടെ ഉല്ലാസം കൊണ്ട് ഹൃദയം നിറയുകയാണ്. സ്തുതി എന്നു പറയുന്നത് ഹൃദയത്തിന്റെ അഗാധതലങ്ങളിൽനിന്ന് നന്ദികൊണ്ട് പൊട്ടിപ്പുറപ്പെടുന്ന ദൈവസ്നേഹമാണ്. ദൈവം എനിക്കു രക്ഷ തന്നല്ലോ എന്ന നന്ദി. എന്റെ ആത്മാവു സുര ക്ഷിതമായല്ലോ എന്ന നന്ദി. ഇവിടെ എനിക്കാരുമില്ലെങ്കിലും എനിക്കീശോ ഉണ്ടല്ലോ എന്ന നന്ദി.

ഇവിടെ അപ്പനില്ല, അമ്മയില്ല, ഭർത്താവില്ല, ഭാര്യയില്ല. പക്ഷേ, എനിക്കീശോ ഉണ്ടല്ലോ എന്ന നന്ദി. എന്റെ ഭർത്താവ് നേരത്തെ മരിച്ചുപോയി. എന്നാലും എനിക്കീശോ ഉണ്ടല്ലോ എന്ന നന്ദി. ഹൃദയം നിറഞ്ഞ സ്നേഹം. ഹൃദയം നിറഞ്ഞ നന്ദി. ആ നന്ദിയിൽ നിന്ന് ഉത്ഭൂതമാകുന്ന സന്തോഷത്തിന്റെ സ്തുതി യാണ് ആരാധന.

ഈ കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു. അനുഗ്രഹമാണ്, സമാധാന മാണ്, ബലിയാണ്, സ്തോത്രമാണ്. നാം നമ്മെത്തന്നെ കുർ ബ്ബാനയായി അർപ്പിക്കുകയാണ്. കുർബ്ബാന കാണണം. കുർബ്ബാന കൊള്ളണം. പക്ഷേ, ഒരുക്കമില്ലാതെപോയി കുർബ്ബാന കൊള്ളരുത്. തന്നെത്താൻ ശോധനചെയ്ത് തെറ്റു കൾ കണ്ടുപിടിച്ച് അനുതപിച്ച് ഏറ്റുപറഞ്ഞ് പാപങ്ങൾ ഉപേ ക്ഷിച്ചിട്ടു വേണം കുർബ്ബാനകൊള്ളാൻ.

ഞാൻ തന്നെ ഒരു കുർബ്ബാനയായി പോകണം. ഞാൻ തന്നെ സൗരഭ്യവാസനയായി, തിരുബലിയായി കർത്താവിന്റെ ക്രൂശിൻചുവട്ടിൽ അർപ്പിക്കപ്പെടണം. അതിനു നിങ്ങൾ തയ്യാ റാണോ? നിങ്ങളുടെ സ്വയത്തെ ക്രൂശിക്കാൻ, നിങ്ങളുടെ സ്വന്ത ഇഷ്ടത്തെ ക്രൂശിക്കാൻ, സ്വന്തം ആഗ്രഹങ്ങളെ ക്രൂശി ക്കാൻ തയ്യാറാണോ?

സ്വന്തം ആഗ്രഹങ്ങൾ, സ്വന്തം ശരികൾ, സ്വന്തം ശുശ്രൂ ഷകൾ എല്ലാം ക്രൂശിക്കണം. എന്റേതില്ല, ഞാനില്ല. അതൊരു

ആഴമേറിയ അനുഭവമാണ്. ആ അനുഭവത്തിലേക്ക് നിങ്ങൾ വരുവാൻ കർത്താവാഗ്രഹിക്കുന്നു.

നാമെല്ലാം ഒരപ്പന്റെ മക്കളാണ്. നാമെല്ലാം ഒരിടയന്റെ കുഞ്ഞാടുകളാണ്. നാമാരും നഷ്ടപ്പെട്ടുപോകരുത്. നാം രക്ഷ അനുഭവിക്കണം. രക്ഷയുടെ ഉല്ലാസഘോഷംകൊണ്ട് ഹൃദയം നിറയണം. എന്റെ പാപങ്ങളിൽനിന്ന് മോചനം കിട്ടിയാൽ ഞാൻ കർത്താവിനെ സ്തുതിക്കും.

ദാവീദ് പറഞ്ഞു: എന്റെ അധരങ്ങളെ ഒന്നു തുറന്നു തരണമേ. പാപം മൂലം സ്തുതി അറ്റുപോയി. സന്തോഷം പോയി. കർത്താവേ, എന്നോടു ക്ഷമിക്കണമേ. അതിക്രമ ക്കാരെ ഞാൻ നിന്റെ വഴി പഠിപ്പിച്ചുകൊള്ളാം. ഞാൻ നിന്റെ വേല ചെയ്തുകൊള്ളാം. എനിക്ക് നീ വീണ്ടും ഒരു വിടുതൽ തരണമേ. പാപമോചനം തരണമേ. പാപമോചനത്തിന്റെ സൗഖ്യം!

കർത്താവു നമ്മെ കാണുന്നുണ്ട്. കർത്താവു നമ്മുടെ സമീപത്തുകൂടി മന്ദംമന്ദം നടക്കുന്നുണ്ട്. കർത്താവേ, എന്നെ ഒന്നുതൊട്ടിട്ടുപോകണമേയെന്ന് നമുക്ക് കർത്താവിനോടു പറ യാം. എന്റെ പാപങ്ങൾ ക്ഷമിക്കണമേ. കഴിഞ്ഞ കാലങ്ങൾ എന്നോട് ഓർക്കരുതേ. രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരണമേ. എന്റെ അധരങ്ങൾ തുറന്നുതരണമേ. അറ്റുപോയ സ്തുതി തുടങ്ങിത്തരണമേ. സമാധാനം തിരികെ തരണമേ. എന്റെ കുടുംബത്തിൽ സ്വർഗ്ഗം തുടങ്ങിത്തരണമേ. ഞാൻ എന്റെ വീട്ടിൽ ഒരു പ്രകാശപുത്രനായി നിൽക്കും. അന്ധകാര ത്തിനിടം കൊടുക്കാതെ, പിശാചിനിടം കൊടുക്കാതെ ഞാൻ നിൽക്കും. കർത്താവേ, ഇന്നു നീ എന്റെ പ്രാർത്ഥനകേട്ട് എന്നെ ഒന്നു തൊടണമേ.

യേശുക്രിസ്തുവിന്റെ തൃക്കരം നിങ്ങളെ തൊടും. രക്ഷ ദാനമായി തരും. ശിക്ഷ നിങ്ങൾക്ക് ഒഴിവാക്കിത്തരും. ഇത്രവ ലിയ രക്ഷ നിങ്ങൾക്ക് തരും. വലിയൊരു സമാധാനം നിങ്ങൾക്കു തരും. വലിയൊരു ശാന്തി തരും. വലിയൊരനുഗ്രഹം തരും.

നിങ്ങളുടെ കെട്ടുകളെല്ലാം അഴിഞ്ഞുപോകും. എല്ലാ ശാപങ്ങളും മാറിപ്പോകും. എല്ലാ ബാധകളും നീങ്ങിപ്പോകും. നിങ്ങളുടെ ജീവിതം സമാധാനം നിറഞ്ഞതായിത്തീരും. നിങ്ങളുടെ കുടുംബം ഐശ്വര്യമുള്ളതായിത്തീരും. നിങ്ങളുടെ കുടുംബത്തിൽ സ്നേഹം വസിക്കും, അവിടെ സ്തുതി മുഴങ്ങും. യേശു നിങ്ങളുടെ കുടുംബത്തിൽ വാഴും.

യേശു നിങ്ങളുടെ കാര്യങ്ങളെല്ലാം ഏറ്റെടുക്കും. മക്കളുടെ കാര്യങ്ങൾ ഏറ്റെടുക്കും. ഒന്നിലും പതറാതെ രക്ഷയുടെ ഉല്ലാസഘോഷംകൊണ്ടു നിറഞ്ഞ് രക്ഷകനെ കണ്ടെത്തിക്കൊണ്ട് നിങ്ങൾ പുതിയജീവിതം നയിക്കാൻ തുടങ്ങും. അങ്ങനെ പുതിയൊരു ജീവിതം തരാൻ കർത്താവിതാ വന്നിരിക്കുന്നു. നിങ്ങൾ യേശുവിനെ വിളിക്കുക.

യേശുവേ, തിരുരക്തത്താൽ എന്നെ കഴുകണമേ. നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ വയ്ക്കണമേ. എന്റെ കെട്ടുപോയ ദീപങ്ങളെ കത്തിച്ചു തരണമേ. യേശുവേ, ഞാൻ നിന്റെ മാത്രം വക. നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

# പന്ത്രണ്ട്

*"ലുസ്ത്രയിൽ അമ്മയുടെ ഗർഭം മുതൽ മുടന്ത നായി ഒരിക്കലും നടന്നിട്ടില്ലാതെയും കാലിനു ശക്തിയില്ലാതെയും ഉള്ളോരു പുരുഷൻ ഇരുന്നി രുന്നു. അവൻ പൗലൊസ് സംസാരിക്കുന്നതു കേട്ടു; അവൻ അവനെ ഉറ്റുനോക്കി, സൗഖ്യം പ്രാപിപ്പാൻ അവന്നു വിശ്വാസം ഉണ്ട് എന്നു കണ്ടിട്ട്: നീ എഴു ന്നേറ്റു കാലൂന്നി നിവർന്നു നിൽക്ക എന്ന് ഉറക്കെ പറഞ്ഞു; അവൻ കുതിച്ചെഴുന്നേറ്റു നടന്നു."*

*അപ്പൊ. പ്രവൃത്തികൾ 14 : 8 – 10*

ജനനം മുതൽ മുടന്തൻ! അമ്മയുടെ ഗർഭം മുതലേ മുട ന്തനാണ്. അന്നു വചനം കേൾക്കാൻ വന്ന ആളുകളുടെ ഇട യിൽ അവനും ഇരിപ്പുണ്ടായിരുന്നു. വളരെ അത്ഭുതം! അന്ന് അവന്റെ ജീവിതത്തിൽ സുവർണ്ണാവസരം ലഭിച്ച ദിവസമായി രുന്നു. ഭാഗ്യനക്ഷത്രം ഉദിച്ച ദിവസം!

നിങ്ങൾ വിശ്വസിക്കൂ ഇന്ന് ഒരു പ്രത്യേക ദിവസമാണ്. ഇന്ന് എനിക്കുവേണ്ടി സ്വർഗ്ഗം കരുതിയിരിക്കുന്ന പ്രത്യേക ദിവസം. യുഗങ്ങൾക്കുമുമ്പേ എനിക്കുവേണ്ടി ദൈവം കരുതി യിരിക്കുന്ന ദിവസം. നൂറ്റാണ്ടുകൾക്കു മുമ്പ്, യുഗങ്ങളുടെ പിറവിക്കു മുമ്പ് സ്വർഗ്ഗത്തിലെ ദൈവം എനിക്കുവേണ്ടി കരു തിയിരിക്കുന്ന ഒരു ദിവസം.

ആ മനുഷ്യൻ സാധാരണ വരുന്നതുപോലെ അന്നും വന്നു. ആരുടെയെങ്കിലും സഹായത്തോടെ ആയിരിക്കും വന്നത്.

അപ്പൊസ്തൊലനായ പൗലോസ് വചനം സംസാരിക്കുമ്പോൾ അവനെ പ്രത്യേകിച്ചു കണ്ടു. പരിശുദ്ധാത്മാവ് അവനെ കണ്ടു. എല്ലാവരേയും കാണുന്നുണ്ട് പക്ഷേ, അവനെ പ്രത്യേകിച്ചു കണ്ടു. അത് ഒരു സന്തോഷകരമായ കാര്യമാണ്. അപ്പൊസ്തൊലനായ പൗലോസ് അവനെ ഉറ്റുനോക്കി.

എന്തുമാത്രം ആളുകളുണ്ട്? ഇവനെത്തന്നെ ഉറ്റുനോക്കാൻ എന്താണ് കാരണം? പരിശുദ്ധാത്മാവിനേ അറിയാവൂ ഇതിന്റെയെല്ലാം രഹസ്യം. നമുക്കറിഞ്ഞുകൂടാ. അപ്പൊസ്തലനായ പൗലോസ് അവനെ ഉറ്റുനോക്കിയപ്പോൾ അവന് സൗഖ്യം പ്രാപിപ്പാൻ വിശ്വാസമുണ്ട് എന്നു കണ്ടു. അവന്റെ ആന്തരാത്മാവിലുള്ള വിശ്വാസത്തെ പൗലോസ് കണ്ടു. ദൈവാത്മാവാണ് സംസാരിക്കുന്നതെന്നും അപ്പൊസ്തലനായ പൗലോസ് കടന്നു വന്നത് ദൈവിക ഉദ്ദേശപ്രകാരവും ദൈവിക നിർണ്ണയപ്രകാരവുമാണ് എന്നും അവനു മനസ്സിലായി. അവന് ആ ഒരു വിശ്വാസം ഉണ്ട് എന്നു പൗലോസ് കണ്ടു.

പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ അനുഗ്രഹം നിങ്ങൾക്കു വേണമെങ്കിൽ ദൈവാത്മാവിന്റെ പ്രവർത്തനത്തിൽ ഒരു വിശ്വാസം വേണം. നിങ്ങൾ കേവലം നിരീക്ഷകരായി ഇരുന്നാൽ ഒന്നും കിട്ടുകയില്ല. നിങ്ങൾ കാഴ്ചക്കാരെപ്പോലെയോ കേൾവിക്കാരെപ്പോലെയോ ഇരുന്നാലും ഒന്നും കിട്ടുകയില്ല. എന്നാൽ നിങ്ങൾക്കൊരു വിശ്വാസം വേണം.

ഇത് ജീവനുള്ള ദൈവത്തിന്റെ കാര്യപരിപാടിയാണ്. ഇന്ന് എനിക്കുവേണ്ടി കർത്താവ് കരുതിയിരിക്കുന്ന ദിവസമാണ്. ഇന്ന് എന്റെ ജീവിതത്തിൽ ഒരു അത്ഭുതം നടക്കും. കാരണം ഞാനിന്ന് ഒരു അത്യാവശ്യക്കാരനാണ്. എന്റെ ജീവിതത്തിൽ ചില കാര്യങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ഞാൻ ഒരു വിഷമസന്ധിയിലായിരിക്കുന്ന മനുഷ്യനാണ്. ഞാൻ ഒരു പ്രശ്നത്തിൽ ആയിരിക്കുന്ന മനുഷ്യനാണ്.

മറ്റുള്ളവരെപ്പോലെയല്ല ഞാൻ. മറ്റുള്ളവർക്ക് നിവർന്നു

നടക്കാം. എനിക്കു നിവർന്നു നടക്കാൻ വയ്യ. മറ്റുള്ളവർക്കു തലയെടുപ്പോടെ നടക്കാം. എന്റെ തല താണേ ഇരിക്കുകയുള്ളൂ. ഞാൻ നടക്കുമ്പോൾ ചാഞ്ഞുചാഞ്ഞു പോകുകയാണ്. ഞാൻ മുടന്തി മുടന്തി പോകുകയാണ്. മറ്റുള്ളവരേക്കാൾ ഏതോ ചില കുറവുകൾ എനിക്കുണ്ട്. ഇങ്ങനെയുള്ള വിശ്വാസത്തോടെ അവൻ വന്നു. ആ സത്യം അവൻ അറിഞ്ഞുകൊണ്ട് വിശ്വസിച്ചു. സൗഖ്യം പ്രാപിപ്പാൻ അവനു വിശ്വാസമുണ്ട് എന്ന് അപ്പൊസ്തൊലൻ കണ്ടു.

പൗലോസ് സംസാരിക്കുന്നത് അവൻ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്നു. പൗലോസ് അവനെ ഉറ്റുനോക്കി. അന്നവിടെ നല്ലൊരു കൂട്ടം ആളുകളുണ്ട്. കാരണം, അതിന് തൊട്ടു തലേ ആഴ്ച ലുസ്ത്രയിൽ അപ്പൊസ്തൊലനായ പൗലോസ് ചെന്നപ്പോൾ ജനം ആകെ ഇളകിയിരുന്നു. ജനം നല്ല ഉത്സാഹഭരിതരായിട്ടാണ് വന്നിരിക്കുന്നത്. അവർ അവരുടെ ജീവിതത്തിൽ ഒരിക്കലും കേട്ടിട്ടില്ലാത്ത ചില കാര്യങ്ങൾ കേട്ടു. ഒരിക്കലും കണ്ടിട്ടില്ലാത്ത ചില കാഴ്ചകൾ കണ്ടു. ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത ചില അനുഭവങ്ങൾ അവർക്കുണ്ടായി. വചനം കേട്ടുകൊണ്ടിരുന്നപ്പോൾ അവരുടെ ഉള്ളത്തിൽ തീ കത്തിക്കൊണ്ടിരുന്നു. വചനശുശ്രൂഷ കഴിഞ്ഞിട്ടും അവർ പോകുന്നില്ല. അടുത്ത ആഴ്ച ഇനിയും വരണം, ഈ വചനം ഞങ്ങൾക്കിനിയും കേൾക്കണം.

അങ്ങനെ ആവേശഭരിതരായ വലിയൊരു കൂട്ടം ആളുകൾ ലുസ്ത്രയിലുണ്ട്. വളരെ ആവേശമുള്ളവരാണ് അവർ. കാരണം, അന്നത്തെ വചനശുശ്രൂഷ അവരെ ആകർഷിച്ചിരുന്നു; സ്വാധീനിച്ചിരുന്നു. അതുകൊണ്ട് കൂടുതൽ ആളുകൾ വന്നിരുന്നു. ആ കൂട്ടത്തിൽ ഒരാൾ അല്പം ചാഞ്ഞ് ചരിഞ്ഞ് അപകർഷതാബോധത്തോടെ വന്നിരിക്കുന്നു. പക്ഷേ, പൗലോസ് അവനെ ശ്രദ്ധിച്ചു നോക്കി.

നിങ്ങൾ ആരെങ്കിലും അപകർഷതാബോധമുള്ളവരാണോ?

മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ പലകുറവുകൾ നമുക്കുണ്ട്. നാം ഉള്ളതിൽ തൃപ്തിയുള്ളവരായിരിക്കണം. എന്റെ ഭർത്താവിൽ എനിക്ക് തൃപ്തി ഉണ്ടായിരിക്കണം. അദ്ദേഹം കഴിവില്ലാത്തവനാണ്; ചുമതലാബോധമില്ലാത്തവ നാണ്. അദ്ദേഹം ജോലിയൊന്നും ചെയ്യുന്നില്ല. വെറുതെ ഇരുന്നു ജീവിതം താറുമാറാക്കുന്നു. മദ്യപിച്ച് ലക്കുകെട്ടു ജീ വിക്കുകയാണ്. ഇങ്ങനെ നിങ്ങൾ ചിന്തിക്കരുത്. നിങ്ങൾ അപ കർഷതാബോധം വിട്ടുകളയുക. എന്റെ ഭർത്താവിൽ ഞാൻ പൂർണ്ണതൃപ്തയാണ്. എന്റെ ഭാര്യയിൽ ഞാൻ പൂർണ്ണതൃപ്ത നാണ്. മക്കളിൽ പൂർണ്ണതൃപ്തിയുള്ളവരാകുക.

മക്കൾ പഠിക്കാൻ മോശമാണ്. അതുകൊണ്ട് അവരെ തല്ലു കയും വഴക്കുപറയുകയുമല്ല വേണ്ടത്. ചേർത്തിരുത്തി ഓമനി ച്ചുകൊണ്ട്: ഉത്സാഹിച്ചു പഠിക്കണം. അല്ലെങ്കിൽ മോനേ, അപ്പന്റെ കാലം കഴിയും. അപ്പന് എന്തുണ്ട് എന്നുപറഞ്ഞാലും പ്രയോജനമില്ല. നീ പഠിച്ചില്ലെങ്കിൽ നിനക്കാണു ദോഷം. നീ പഠിച്ചില്ലെങ്കിൽ നീ അധ:പതിച്ചുപോകും. നിനക്കു വളരാൻ ഒക്കുകയില്ല. മോളേ, നീ ഇങ്ങനെ പോകല്ലേ. ഇങ്ങനെ സ്നേഹത്തോടെ മധുരമായി, വാത്സല്യത്തോടെ പറഞ്ഞു കൊടുക്കണം. പറഞ്ഞുകൊടുക്കേണ്ട സമയത്തു പറഞ്ഞുകൊ ടുത്തില്ലെങ്കിൽ പിന്നീട് നാം ദുഃഖിച്ചിട്ട് കാര്യമില്ല. ശാസിക്കേ ണ്ടിടത്ത് ശാസിക്കുകയും, ശിക്ഷണം കൊടുക്കേണ്ടിടത്ത് ശിക്ഷണം കൊടുക്കുകയും ചെയ്യണം.

ബാലശിക്ഷ കൊടുക്കണം. പഥ്യോപദേശം നൽകണം. പോറ്റിവളർത്തുകയും വേണം. നിങ്ങളിൽനിന്ന് നിങ്ങളുടെ കുട്ടികൾക്ക് വാത്സല്യം കിട്ടണം. അപ്പൻ എന്നെ വഴക്കുപറയു ന്നുണ്ടെങ്കിലും അമ്മ എന്നെ ശകാരിക്കുന്നുണ്ടെങ്കിലും അമ്മയ്ക്ക് എന്നെ സ്നേഹമാണ് എന്ന് അവർക്ക് മനസ്സിലാകണം.

ഉള്ളതിൽ തൃപ്തിപ്പെടുക. ഉള്ള ആരോഗ്യത്തിൽ, ഉള്ള സമ്പത്തിൽ, ഉള്ള സൗന്ദര്യത്തിൽ, ഉള്ള ബന്ധുബലത്തിൽ,

ഉള്ള വീടിൽ, ഉള്ള സാഹചര്യത്തിലെല്ലാം തൃപ്തിപ്പെടാൻ സാധിക്കുക.

ഈ മനുഷ്യൻ ഒരു അപകർഷതാബോധമുള്ളവനായിരുന്നു. എവിടെ അപകർഷതാബോധമുണ്ടോ അവിടെ ശ്രദ്ധിക്കുന്നവനാണ് കർത്താവായ യേശുക്രിസ്തു. നിങ്ങൾക്ക് അപകർഷതാബോധമുണ്ടെങ്കിൽ നിങ്ങളെത്തന്നെയാണ് കർത്താവ് നോക്കുന്നത്. നിങ്ങൾക്കേതെങ്കിലും ഒരു കുറവുണ്ടെങ്കിൽ നിങ്ങളെത്തന്നെയാണ് കർത്താവ് നോക്കുന്നത്. എവിടെയെങ്കിലും നിങ്ങൾക്കൊരു ന്യൂനതയുണ്ടെങ്കിൽ അവിടെത്തന്നെയാണ് കർത്താവ് നോക്കുന്നത്. എവിടെ കുറവുണ്ടോ അവിടെ കുറവു നികത്താൻ യേശു വരും.

നിറഞ്ഞ സമാധാനം നിങ്ങളുടെ ഉള്ളത്തിൽ ഉണ്ടോ? ഓരോന്നോരോന്ന് ചികഞ്ഞെടുത്ത് അക്കമിട്ടുനോക്കിയാൽ എല്ലാമുണ്ട്. ഒന്നിനും കുറവില്ല. പക്ഷേ, നിറഞ്ഞ സമാധാനമുണ്ടോ? യേശുക്രിസ്തു ഉള്ളിലുള്ളവനു മാത്രമേ നിറഞ്ഞ സമാധാനമുള്ളൂ.

സമ്പത്തുണ്ടെങ്കിലും വിദ്യാഭ്യാസമുണ്ടെങ്കിലും ഉയർന്ന ജോലിയുണ്ടെങ്കിലും ഉയർന്ന വരുമാനമുണ്ടെങ്കിലും നല്ല സാഹചര്യങ്ങളുണ്ടെങ്കിലും എന്തെല്ലാമുണ്ടെങ്കിലും യേശുക്രിസ്തു ഉള്ളിലുണ്ടെങ്കിൽ സമാധാനമുണ്ട്. ഇല്ലെങ്കിലോ സമാധാനമില്ല. യേശുക്രിസ്തുവിനെ അകത്തു കിട്ടുന്നതാണ് സമാധാനം.

യേശുക്രിസ്തുവിനെ അകത്തുകിട്ടുന്നതിനുവേണ്ടി നമുക്കെന്തു ചെയ്യാൻ പറ്റും? നമുക്കൊന്നും ചെയ്യാൻ പറ്റില്ല. പക്ഷേ, എളിമയോടെ കർത്താവിന്റെ വചനം ശ്രദ്ധിച്ചുകൊണ്ടിരിക്കാം. പൗലോസ് സംസാരിച്ചത് അവൻ ശ്രദ്ധയോടെ കേട്ടു. അവനെ പൗലോസ്ശ്ലീഹാ ഉറ്റുനോക്കി.

പൗലോസ്ശ്ലീഹായ്ക്ക് വിവേചനത്തിന്റെ വരമുണ്ട്.

Discernment! എന്താണ് വിവേചനം? അവന്റെ ഉള്ളിലുള്ളത് എന്ത് എന്നു തിരിച്ചറിയാനുള്ള ആത്മാവിന്റെ കൃപാവരമാണ് വിവേചനം! അവന്റെ കഴിഞ്ഞകാല ജീവിതം എന്ത് എന്നു തിരിച്ചറിയാനുള്ള കൃപാവരം! അവനുള്ള പോരായ്മ എന്ത് എന്ന് തിരിച്ചറിയാനുള്ള കൃപാവരം! അവനുള്ള വീഴ്ച എന്ത് എന്ന് തിരിച്ചറിയാനുള്ള കൃപാവരം! അവന്റെ യഥാർത്ഥ സ്ഥിതി എന്ത് എന്ന് തിരിച്ചറിയാനുള്ള കൃപാവരം! പുറമെ കാണുന്നതല്ല അവന്റെ അകം എന്നു കാണാനുള്ള കൃപാവരം! പൗലോസിന് മനസ്സിലായി ഇവനു സൗഖ്യം പ്രാപിപ്പാൻ വിശ്വാസമുണ്ട്.

ഇന്ന് വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ നന്മയുടെ അടയാളം ലഭിക്കും എന്ന് നിങ്ങൾക്ക് വിശ്വാസമുണ്ടോ? ക്രിസ്തു എന്നെ തൊടുമെന്ന്, യേശുക്രിസ്തുവിന്റെ കരം എന്നെ തഴുകുമെന്ന്, യേശുക്രിസ്തുവിന്റെ കരം എന്റെ കണ്ണുനീർ തുടയ്ക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

യേശുക്രിസ്തു നിങ്ങളെ തൊടും. വിശ്വസിക്കൂ. ഇതൊരനുഭവമാണ്. ഇന്നെന്റെ മ്ലാനതമാറും. ഇന്നെന്റെ നിരാശ മാറ്റും. ഇന്നെന്റെ ആത്മഹത്യാപ്രവണത മാറും. ഇന്നെന്റെ മദ്യപാനം മാറ്റും. ഇന്നെന്റെ വീട്ടിലെ കലക്കം മാറും.

അവൻ പൗലോസ് സംസാരിക്കുന്നതുകേട്ടു. അവൻ അവനെ ഉറ്റുനോക്കി. സൗഖ്യം പ്രാപിപ്പാൻ അവന് വിശ്വാസം ഉണ്ട് എന്നു കണ്ടിട്ട്: “നീ എഴുന്നേറ്റു കാലൂന്നി നിവർന്നു നിൽക്ക” എന്നുറക്കെ പറഞ്ഞു.

പറഞ്ഞത് പൗലോസാണ്. പക്ഷേ, പറഞ്ഞതു പരിശുദ്ധാത്മാവാണ്. സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹാ. ജീവനും വിശുദ്ധിയുമുള്ള ഏക പരിശുദ്ധ റൂഹാ

സംസാരിക്കുന്നത് നിബിയന്മാരുടേയും ശ്ലീഹന്മാരുടേയും നാവുകളിൽക്കൂടിയാണ്.

നിബിയന്മാർ - പ്രവാചകന്മാർ.

നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും നാവുകളിൽക്കൂടി സംസാരിക്കുന്ന പരിശുദ്ധാത്മാവ് ഇന്നും സംസാരിക്കുന്നുണ്ട്. പറയുന്ന മനുഷ്യനെ മാത്രമേ നാം കാണുന്നുള്ളൂ. പക്ഷേ, അന്ന് നൂറ്റാണ്ടുകൾക്കുമുമ്പ് ലുസ്ത്രയിൽ ആ മുടന്തനെ നോക്കിക്കൊണ്ട് നീ എഴുന്നേറ്റു കാലൂന്നി നിവർന്നു നിൽക്ക എന്നു പറഞ്ഞത് പരിശുദ്ധാത്മാവു തന്നെയാണ്. അതുകൊണ്ടാണ് അവൻ കുതിച്ചെഴുന്നേറ്റു നിവർന്നു നിന്നത്. മനുഷ്യൻ പറഞ്ഞാലൊന്നും ആരും എഴുന്നേൽക്കില്ല.

അവൻ കുതിച്ചെഴുന്നേറ്റു നടന്നു. ഇതുവരേയും നടന്നിട്ടില്ലാത്ത വിധത്തിൽ അവൻ നടക്കാൻ തുടങ്ങി.

ഇതുവായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ അരികത്തുനിൽക്കുന്ന ക്രിസ്തുവിനോട് ഒരു വാക്കു പറയണം: കർത്താവേ, ഞാനിത് വിശ്വസിക്കുന്നു. നൂറ്റാണ്ടുകൾക്കുമുമ്പാണല്ലോ ആ അത്ഭുതം നടന്നത്. ഇന്ന് ആ ലുസ്ത്രയിലെ മുടന്തനെപ്പോലെ ഒരാവശ്യക്കാരനായി, ഒരു അഗതിയായി, വേദനിക്കുന്നവനായി, ദു:ഖം അനുഭവിക്കുന്നവളായി ഒരാൾ ഇവിടെ ഇരിയ്ക്കുന്നുണ്ട്. ഞാൻ ഇവിടെ ഇരിക്കുന്നത് നീ കാണുന്നുണ്ടല്ലോ.

അന്ന് പൗലോസ് ഉറ്റുനോക്കിയതുപോലെ നീ എന്നെ ഒന്ന് ഉറ്റുനോക്കണമേ. നിന്റെ അനുഗ്രഹിക്കുന്ന ദൃഷ്ടി എന്റെമേൽ ഒന്നു പതിയണമേ. നിന്റെ വാത്സല്യപൂർണ്ണമായ നോട്ടം എന്റെമേൽ ഒന്നു പതിക്കണമേ. എന്റെ വീണ്ടെടുപ്പുകാരനായ യേശുവേ, എനിക്കുവേണ്ടി രക്തം ചിന്തിയ യേശുവേ, നീ എന്നെ ഒന്നു നോക്കണമേ. എന്റെ നീറുന്ന ഹൃദയത്തെ നീ ഒന്നു കാണണമേ. എന്റെ കുടുംബത്തിന്റെ ദയനീയാവസ്ഥ

നീ ഒന്നു കാണണമേ. എന്റെ കുഞ്ഞുങ്ങളുടെ വഴിതെറ്റിയ പോക്ക് നീ ഒന്നു കാണണമേ. എന്റെ കുടുംബത്തിന്റെ ദരിദ്രാവസ്ഥ നീ ഒന്നു കാണണമേ. അസ്വസ്ഥമായ എന്റെ ഹൃദയത്തിന്റെ വേദനാഭരിതമായ അവസ്ഥ നീ ഒന്നു കാണണമേ.

അവൻ കുതിച്ചെഴുന്നേറ്റു നടന്നു! ഇതുവരേയും സംഭവിച്ചിട്ടില്ലാത്ത കാര്യം. ഗർഭം മുതലേ മുടന്തനായ മനുഷ്യൻ അന്ന് എഴുന്നേറ്റു നടന്നു. നിങ്ങൾ കർത്താവിനോടു പറയണം. കർത്താവേ, ഞാനൊരാൾ ഇവിടെ അത്യാവശ്യക്കാരനായി ഇരിക്കുന്നുണ്ട്. നീ എന്നെ സ്നേഹിക്കുന്നുണ്ട് എന്നെനിക്കറിയാം. ഞാൻ വിഷമിക്കുന്ന ഒരു മനുഷ്യനാണെന്ന് നിനക്കറിയാമല്ലോ. അതുകൊണ്ടിപ്പോൾ നീ എന്റെ നേരെ നോക്കി എന്നോട് ഒരു വാക്കു കല്പിക്കണമേ.

എന്റെ രോഗമുള്ള ഭാഗത്ത് നിന്റെ കണ്ണ് ഒന്നു പതിയണമേ. രോഗിയായി കിടക്കുന്ന എന്റെ കുഞ്ഞിന്റെമേൽ, രോഗിയായ എന്റെ ഭർത്താവിന്റെമേൽ, രോഗിയായിരിക്കുന്ന എന്റെ ഭാര്യയുടെമേൽ നിന്റെ ദയാദൃഷ്ടി ഒന്നു പതിയണമേ. എന്റെ മോൻ സുബോധമില്ലാത്തതുപോലെ നടക്കുകയാണ്. എന്റെ കർത്താവേ, നീ അങ്ങോട്ടൊന്നു നോക്കണമേ. ദുഷ്ടന്റെ പരിശ്രമങ്ങളെ നീ തടുക്കണമേ. എന്റെ മോന് ഒരു കേടും വരാതെ നീ കാക്കണമേ.

കർത്താവേ, എന്റെ കടത്തിന്റെമേൽ നിന്റെ ദയാദൃഷ്ടി ഒന്നു പതിയണമേ. ഭർത്താവു മരിച്ചുപോയ ഒരു പാവപ്പെട്ട വിധവ ഇവിടെ ഇരിക്കുന്നുണ്ട്. എന്റെ ആണും തൂണുമായവൻ പോയല്ലോ കർത്താവേ. എനിക്കാരുമില്ലല്ലോ. മുമ്പ് ഞാൻ കരയുമ്പോൾ ഒപ്പം ചേർന്നിരിക്കാൻ ഭർത്താവുണ്ടായിരുന്നു. ഇന്നദ്ദേഹം ഇല്ലല്ലോ. ഞാൻ ഒറ്റപ്പെട്ടു പോയല്ലോ. എനിക്കൊരിറ്റാശ്വാസം തരണമേ.

വിവാഹം കഴിഞ്ഞു നാളുകളായല്ലോ. ഇതുവരേയും ഒരു കുഞ്ഞിനെ കിട്ടിയില്ലല്ലോ. കർത്താവേ, എന്താണ് കേട്

എന്നു നിനക്കറിയാമല്ലോ. നീയല്ലേ സ്രഷ്ടാവ്? നീയല്ലേ മെന ഞ്ഞുണ്ടാക്കിയവൻ? സ്രഷ്ടാവിനറിയാത്ത കാര്യമില്ലല്ലോ. ഇപ്പോൾ നാഥാ, എന്റെമേൽ നിന്റെ ദയാദൃഷ്ടി ഒന്നു പതിയ ണമേ.

അവിടെ വലിയ ഒരത്ഭുതം നടന്നു. ഈ കാഴ്ച എല്ലാ വരും കണ്ടു. അവിടെ വന്നുകൂടിയ ജനത്തിനു വലിയ അത്ഭു തമായി. ഇവൻ ജന്മനാ മുടന്തനായിരുന്നല്ലോ. ഇവന് ഈ മാറ്റം വന്നല്ലോ. ഇവർ സാധാരണ മനുഷ്യരല്ല. ദേവന്മാർ ഇറങ്ങിവ ന്നിരിക്കയാണ്. ലുസ്ത്രയിലുള്ളവർ വിഗ്രഹാരാധികളാണ്. അവർക്ക് ബുധൻ, ഇന്ദ്രൻ എന്നൊക്കെയുള്ള ദേവന്മാരെ പരി ചയമുണ്ട്. സാക്ഷാൽ ദൈവത്തെ പരിചയമില്ല.

ഇന്ന് പലരും അങ്ങനെയാണ്. സത്യദൈവത്തെ പരിചയ മില്ല. പല കുട്ടിദൈവങ്ങളേയും പരിചയമുണ്ട്. യേശുക്രിസ്തു വിനെ പരിചയമില്ല. നിങ്ങൾ രക്ഷപ്പെടണമെങ്കിൽ യേശുക്രി സ്തുവിനെ കാണണം. ബുധനെയും ഇന്ദ്രനെയും കണ്ടതു കൊണ്ടൊന്നും കാര്യം നടക്കില്ല. നിങ്ങൾ ഈ ഭൂമിയിലെ ഒരു മനുഷ്യനെ വിഗ്രഹമാക്കി വച്ചുകൊണ്ടിരുന്നാൽ കാര്യം നട ക്കില്ല. യോഹന്നാൻ സാറിനെ ആശ്രയിച്ചാലും നിങ്ങൾ രക്ഷ പ്പെടില്ല. ഞാൻ വിചാരിച്ചാൽ നിങ്ങളെ സഹായിക്കാൻ സാധി ക്കയില്ല.

ഇന്ന് പലരും ചില പരിശുദ്ധന്മാരെ പരിചയമുണ്ട് എന്നും പറഞ്ഞാണ് നടക്കുന്നത്. ഗീവറുഗീസ് സഹദായെ പരിചയമു ണ്ട്. പരുമല തിരുമേനിയെ പരിചയമുണ്ട്. മഞ്ഞിനിക്കരയിലെ ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവായെ പരിചയമു ണ്ട്. മഞ്ഞനിക്കരയ്ക്ക് തീർത്ഥയാത്രപോയാൽ അനുഗ്രഹം! നടന്നുപോയാൽ വലിയ അനുഗ്രഹം! പാവപ്പെട്ട ജനത്തെ ചൂഷണം ചെയ്യുകയല്ലേ? എട്ടും പൊട്ടും തിരിയാത്ത സാധു ക്കളെ ഇന്നു വലയ്ക്കുകയല്ലേ? വെറുതെ ബുധനേയും ഇന്ദ്ര നേയും സേവിച്ചുകൊണ്ടു നടക്കുകയാണ്.

*“പൗലോസ് ചെയ്തത് പുരുഷാരം കണ്ടിട്ട്: ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു എന്ന് ലുക്കവോന്യഭാഷയിൽ നിലവിളിച്ചു പറഞ്ഞു. ബർന്നബാസിന് ഇന്ദ്രൻ എന്നും പൗലൊസ് മുഖ്യപ്രസംഗിയാകയാൽ അവന് ബുധൻ എന്നും പേർ വിളിച്ചു. പട്ടണത്തിന്റെ മുമ്പിലുള്ള ഇന്ദ്രക്ഷേത്രത്തിലെ പുരോഹിതൻ കാളകളെയും പൂമാലകളെയും ഗോപുരത്തിങ്കൽ കൊണ്ടുവന്നു പുരുഷാരത്തോടുകൂടെ യാഗം കഴിപ്പാൻ ഭാവിച്ചു. ഇത് അപ്പൊസ്തലന്മാരായ ബർന്നബാസും പൗലൊസും കേട്ടിട്ട് വസ്ത്രം കീറിക്കൊണ്ട് പുരുഷാരത്തിന്റെ ഇടയിലേക്ക് ഓടിച്ചെന്നു നിലവിളിച്ചു പറഞ്ഞത്: പുരുഷന്മാരേ, നിങ്ങൾ ഈ ചെയ്യുന്നത് എന്ത്? ഞങ്ങൾ നിങ്ങളോടു സമസ്വഭാവമുള്ള മനുഷ്യർ അത്രേ; നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയേണം എന്നുള്ള സുവിശേഷം ഞങ്ങൾ നിങ്ങളോടു അറിയിക്കുന്നു.”*

*അപ്പൊസ്തല പ്രവൃത്തികൾ 14 : 11 – 15*

നിങ്ങൾ തിരിയേണ്ടത് ഞങ്ങളിലേക്കല്ല. ഞങ്ങളെയല്ല പൂജിക്കേണ്ടത്. ഞങ്ങൾ കർത്താവായ യേശുക്രിസ്തുവിനെയാണ് പ്രതിനിധീകരിക്കുന്നത്. മരിച്ചിട്ട് മരണത്തിനു തടുത്തുവയ്ക്കാൻ കഴിയാത്ത, മരിച്ചിട്ട് പാതാളത്തിനു മുദ്രവയ്ക്കാൻ കഴിയാത്ത, ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തു. ആ ക്രിസ്തുവിനെയാണ് ഞങ്ങൾ സുവിശേഷിക്കുന്നത്. ആ ക്രിസ്തുവിന്റെ പ്രതിനിധികളായിട്ടാണ് ഞങ്ങൾ വന്നിരിക്കുന്നത്. നിങ്ങൾ ഞങ്ങളെ നോക്കരുത്. ഞങ്ങൾ നിങ്ങളോടു സമസ്വഭാവമുള്ള മനുഷ്യരാണ്. സാക്ഷാൽ നിത്യനായ ദൈവത്തി

ങ്കലേക്കു നിങ്ങൾ തിരിഞ്ഞുകൊള്ളണം.

പണ്ട് ഇവിടെ ഗീവറുഗീസ്സഹദായ്ക്ക് ഊട്ടുകഴിക്കുന്ന പരിപാടി ഉണ്ടായിരുന്നു. അമ്മ ഒരു കോഴിയെ നേർന്നു നിർത്തും. ഒരാണ്ട് കഴിയുമ്പോഴേക്കും വലിയ കോഴിയാകും. കൊച്ചപ്പൻ വന്ന് കുരിശുവരച്ച് കോഴിയെ കൊല്ലും. ഞാൻ കൂട്ടായ്മയിൽ പോയി തുടങ്ങിയ കാലം. ഉയിർപ്പുപെരുന്നാളിന്റെ ദിവസം, ഊട്ടുകഴിക്കാൻ അച്ചൻ അന്ന് വളരെ വൈകിയാണ് വന്നത്. ഞാൻ സൺഡേസ്കൂളിൽ ചെല്ലാൻ വൈകിപ്പോയി.

അന്ന് കൂട്ടായ്മയിലുള്ള ഒരു ദൈവദാസൻ (ചാക്കോച്ചേട്ടൻ) ചോദിച്ചു: എന്താ യോഹന്നാൻ ഇന്നു വൈകിയത്? ഊട്ടു കഴിക്കാൻ അച്ചൻ വരാൻ വൈകിപ്പോയി എന്നു ഞാൻ പറഞ്ഞു. “യോഹന്നാൻ ഇപ്പോഴും ഈ അന്ധവിശ്വാസം വച്ചുകൊണ്ടിരിക്കുകയാണോ?” “ഗീവറുഗീസ് സഹദായ്ക്കു ഊട്ടുകഴിച്ചാൽ പാമ്പു പറമ്പിലേക്കു കയറില്ല. പാമ്പ് കയറാതിരിക്കാനുള്ള മാർഗ്ഗം അതാണ്” എന്നു ഞാൻ പറഞ്ഞു. ഞാൻ അങ്ങനെ വിശ്വസിച്ചിരുന്നു. ഇതുപോലുള്ള വ്യർത്ഥകാര്യങ്ങൾ. പക്ഷേ, ആ മൂഢവിശ്വാസത്തിൽ നിന്നെല്ലാം കർത്താവ് എന്നെ പൊക്കിയെടുത്തു.

അനേകർ ഇന്നും മൂഢവിശ്വാസങ്ങളിൽ ഇരിക്കുന്നു. മെഴുകുതിരി കത്തിച്ചു പിടിച്ചുകൊണ്ട് മദ്ധ്യസ്ഥപ്രാർത്ഥന കഴിച്ചാൽ പുണ്യം കിട്ടും എന്നാണ് ആളുകൾ ധരിച്ചുവച്ചിരിക്കുന്നത്. അതുകൊണ്ടൊന്നും പുണ്യം കിട്ടുകയില്ല. ജീവിതം വിശുദ്ധമാകാതെ എത്ര മെഴുകുതിരി കത്തിച്ചുകൊണ്ടു നിന്നാലും ഒരു പുണ്യവും കിട്ടുകയില്ല.

നിന്റെ സ്വഭാവം മാറണം. നിന്റെ കോപം മാറണം, വാശി മാറണം, വൈരാഗ്യം മാറണം, ശാഠ്യസ്വഭാവം മാറണം. ആത്മാവ് എന്താണെന്ന് തിരിച്ചറിയാൻ സാധിക്കണം. ആത്മാവിനു വിനയപ്പെടാൻ സാധിക്കണം. ആത്മാവിന്റെ

വചനപ്രകാരം ജീവിതം രൂപാന്തരപ്പെടുത്താൻ മനസ്സുണ്ടാകണം. ജീവിതം മാറണം. അല്ലാതെ എന്തെല്ലാം ചെയ്താലും ഒരു പുണ്യവും കിട്ടുകയില്ല.

ഞങ്ങൾ സുവിശേഷം അറിയിക്കാൻ വന്നവരാണ്. ഞങ്ങൾക്കുവേണ്ടി ആരും യാഗം കഴിക്കണ്ട. ഞങ്ങൾക്കുവേണ്ടി ആരും പൂജകഴിക്കണ്ട. ഞങ്ങൾ നിങ്ങൾക്ക് സമസ്വഭാവമുള്ള മനുഷ്യരാണ്. ഞങ്ങൾ വേറെ പ്രത്യേകതയൊന്നും ഉള്ളവരല്ല. പക്ഷേ, ഞങ്ങളുടെ ഉള്ളിൽ യേശു ഉണ്ട്. ക്രിസ്തുവിനോടുകൂടിയാണ് ഞങ്ങൾ നടക്കുന്നത്. യേശുവാണ് ഞങ്ങളെ നടത്തുന്നത്. യേശുവാണ് ഞങ്ങളെ നിയന്ത്രിക്കുന്നത്.

> "*കഴിഞ്ഞ കാലങ്ങളിൽ അവൻ സകല ജാതികളെയും സ്വന്തവഴികളിൽ നടപ്പാൻ സമ്മതിച്ചു. എങ്കിലും അവൻ നന്മചെയ്കയും ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നിങ്ങൾക്കു തരികയും ആഹാരവും സന്തോഷവും നൽകി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തുപോന്നതിനാൽ തന്നെക്കുറിച്ച് സാക്ഷ്യം തരാതിരുന്നിട്ടില്ല.*" *അപ്പൊസ്തല പ്രവൃത്തികൾ 14 : 16, 17*

നിങ്ങൾക്കുവേണ്ടതെല്ലാം ദൈവം തന്നു. മഴതന്നു, വെയിൽ തന്നു, മഞ്ഞുതന്നു. എല്ലാം തന്നു നിങ്ങളെ നടത്തി. നിങ്ങൾ മണ്ടത്തരത്തിൽ ജീവിച്ചപ്പോഴും ദൈവം നിങ്ങളെ ഉപേക്ഷിച്ചില്ല. നിങ്ങൾ ദുരാചാരങ്ങളിൽ കുടുങ്ങിക്കിടന്നപ്പോഴും, അബദ്ധങ്ങളിൽ കുടുങ്ങിക്കിടന്നപ്പോഴും ദൈവം നിങ്ങളെ ഉപേക്ഷിച്ചില്ല. പല അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഉണ്ടായിരുന്നപ്പോഴും ദൈവം നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരികയും ചെയ്തു.

നിങ്ങളുടെ കൃഷിഫലം നന്നാക്കി. നിങ്ങളുടെ വ്യവസാ

യങ്ങൾ നന്നാക്കി. മക്കളെ തന്നു. കുടുംബം തന്നു. വീടുതന്നു. ചുറ്റുപാടു തന്നു. വിദ്യാഭ്യാസം തന്നു. എല്ലാം തന്നു. ഒന്നും നിങ്ങൾക്കു നിഷേധിച്ചില്ല. പക്ഷേ, ഇന്ന് അനുഗ്രഹത്തിന്റെ പൂർത്തീകരണമായ കർത്താവായ യേശുവിനെ, അനുഗ്രഹദാതാവിനെത്തന്നെ തരാൻ ഞങ്ങളെ ഇങ്ങോട്ട് അയച്ചിരിക്കുകയാണ്.

എല്ലാ വ്യർത്ഥകാര്യങ്ങളും വിട്ടുകളയുക. നിങ്ങൾ സാക്ഷാൽ ദൈവത്തെ, സത്യദൈവത്തെ സ്വീകരിക്കുക. ജീവനുള്ള ദൈവം ഇന്നു നിങ്ങളുടെ മദ്ധ്യത്തിലേക്കു വന്നിരിക്കുകയാണ്. കർത്താവ് നിങ്ങളെ സ്നേഹിക്കുന്നു. വ്യർത്ഥവഴികളെ വിട്ടു തിരിയുവാൻ കർത്താവ് നിങ്ങളെക്കുറിച്ചാഗ്രഹിക്കുന്നു. നിർമ്മല സുവിശേഷം കർത്താവ് നിങ്ങൾക്കു തരികയാണ്.

അതിനു സഭ മാറണ്ട. സഭയുടെ വിശ്വാസം ത്യജിക്കണ്ട. സത്യവിശ്വാസം ഒന്നുണ്ട്. അത് ക്രിസ്തുവിലുള്ള വിശ്വാസമാണ്. അത് ഏക ദൈവത്തിലുള്ള വിശ്വാസമാണ്. പിതൃപുത്ര പരിശുദ്ധാത്മാവാം ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണ്. ആ വിശ്വാസമാണ് പിതാക്കന്മാരുടെ പാരമ്പര്യം. ആ വിശ്വാസത്തിലേക്ക് നിങ്ങൾ മടങ്ങിവരിക. ഹൃദയം മാറ്റുന്ന ക്രിസ്തുവിനെ നിങ്ങൾ സ്വീകരിക്കുക.

യേശു കെഞ്ചി യാചിച്ചുകൊണ്ട് നിൽക്കുകയാണ്: മകനേ, നിന്റെ ഹൃദയം എനിക്കു തരിക. ഞാൻ നിന്റെ ഉള്ളത്തിലേക്കു വരാമെന്നവൻ പറയുന്നു. എന്തെല്ലാം എറിഞ്ഞുകളയേണ്ടതുണ്ട്? ദുസ്സ്വഭാവങ്ങൾ എന്തെല്ലാമുണ്ട്? ദുശ്ശീലങ്ങൾ എന്തെല്ലാമുണ്ട്? യേശുവേ, എനിക്ക് ദുശ്ശീലങ്ങൾ വേണ്ട, ലൗകിക ഇമ്പങ്ങൾ വേണ്ട. ലൗകിക സുഖങ്ങൾ വേണ്ട. ആകെ വേണ്ടത് എന്റെ യേശുവാണ്. യേശു തരുന്ന സുഖം മാത്രം മതി. യേശു തരുന്ന അനുഗ്രഹം മാത്രം മതി.

യേശുവേ, ഇപ്പോൾ എന്റെ അരികത്തുവന്ന് നിന്റെ കരം

എന്റെമേൽ ഒന്നുവയ്ക്കണമേ. എന്നെ നീ അനുഗ്രഹിക്കണമേ. എന്റെ ആഗ്രഹം നീ സാധിപ്പിച്ചു തരണമേ. എന്റെ മേലുള്ള ഭൂതബാധകൾ നീക്കിത്തരണമേ. എന്റെ ശാപദോഷങ്ങൾ നീക്കിത്തരണമേ.

യേശുവേ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തത്താൽ എന്നെ ഒന്നു കഴുകണമേ. കഴിഞ്ഞകാല പാപങ്ങൾ ക്ഷമിക്കണമേ. വന്നുപോയ പാപങ്ങളെല്ലാം പൊറുക്കണമേ, അവിശ്വാസങ്ങൾ പൊറുക്കണമേ, അന്ധവിശ്വാസങ്ങൾ പൊറുക്കണമേ. യേശുവേ, സത്യവിശ്വാസത്തിൽ എന്നെ ഉറപ്പിച്ചു നിർത്തണമേ. ക്രൂശിലെ സ്നേഹത്താൽ എനിക്കു വിശ്വാസം തരണമേ. രക്തത്തിലുള്ള വിശ്വാസം എനിക്കു വർദ്ധിപ്പിച്ചു തരണമേ. തിരുരക്തം എന്റെമേൽ തളിക്കണമേ. തിരുരക്തത്തിന്റെ മുദ്ര എനിക്കു തരണമേ.

# പതിമൂന്ന്

*“ഒരിക്കൽ പത്രോസും യോഹന്നാനും ഒമ്പതാം മണിനേരം പ്രാർത്ഥനാസമയത്ത് ദൈവാലയത്തിലേക്കു ചെല്ലുമ്പോൾ, അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരാളെ ചിലർ ചുമന്നുകൊണ്ടു വന്നു; അവനെ ദൈവാലയത്തിൽ ചെല്ലുന്നവരോടു ഭിക്ഷയാചിപ്പാൻ സുന്ദരം എന്ന ദൈവാലയഗോപുരത്തിങ്കൽ ദിനംപ്രതി ഇരുത്തുമാറുണ്ട്. അവൻ പത്രോസും യോഹന്നാനും ദൈവാലയത്തിൽ കടപ്പാൻ പോകുന്നതുകണ്ടിട്ട് ഭിക്ഷ ചോദിച്ചു. പത്രോസ് യോഹന്നാനോടുകൂടെ അവനെ ഉറ്റുനോക്കി: ഞങ്ങളെ നോക്കൂ എന്നു പറഞ്ഞു. അവൻ വല്ലതും കിട്ടും എന്നു കരുതി അവരെ സൂക്ഷിച്ചു നോക്കി. അപ്പോൾ പത്രോസ്: വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളതു നിനക്കു തരുന്നു: നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നുപറഞ്ഞു അവനെ വലങ്കൈക്കു പിടിച്ചു എഴുന്നേൽപ്പിച്ചു; ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറച്ചു അവൻ കുതിച്ചെഴുന്നേറ്റു നടന്നു; നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയും കൊണ്ടു അവരോടു കൂടെ ദൈവാലയത്തിൽ കടന്നു. അവൻ നടക്കുന്നതും ദൈവത്തെ പുകഴ്ത്തുന്നതും ജനം ഒക്കെയും കണ്ടു, ഇവൻ സുന്ദരം എന്ന ദൈവാലയഗോപുരത്തിങ്കൽ ഭിക്ഷ*

*യാചിച്ചുകൊണ്ട് ഇരുന്നവൻ എന്നു അറിഞ്ഞു അവന് സംഭവിച്ചതിനെക്കുറിച്ചു വിസ്മയവും പരിഭ്രമവും നിറഞ്ഞവരായിത്തീർന്നു."*

*അപ്പൊ. പ്രവൃത്തികൾ 3 : 1 – 10*

യെരൂശലേം ദേവാലയത്തിലെ ഒൻപതു ഗോപുരങ്ങളിൽ ഒന്നാണു സുന്ദരം എന്ന ഗോപുരം. സുന്ദരം എന്ന ഗോപുരവാതിൽക്കലിരുന്ന് ദേവാലയത്തിലേക്കു പോകുന്നവരോട് ഭിക്ഷ യാചിക്കുകയാണ് മുടന്തനായ മനുഷ്യൻ. അനേകം ആളുകൾ ദൈവാലയത്തിലേക്കു പോകുകയും വരികയും ചെയ്യുന്നു.

അവൻ ജന്മനാ മുടന്തനായിരുന്നു. അമ്മയുടെ ഗർഭം മുതൽ മുടന്തനായിരുന്നു. അവന് നാൽപ്പതിലേറെ വയസ്സ് പ്രായമുണ്ടായിരുന്നു. അവൻ ഭിക്ഷയാചിക്കുന്നവനാണ്. ഭിക്ഷ മുഴുവനും അവന് കിട്ടുകയില്ല. അവൻ ഒരു കൂലിക്കാരനാണ്. ഭിക്ഷ യാചിക്കാൻ അവനെ കൊണ്ടുപോയി ഇരുത്തും. അവൻ ഭിക്ഷ യാചിക്കും.

ഭിക്ഷ യാചിച്ചുകിട്ടുന്ന പൈസയിൽ ഒരു ദിവസം ഇത്ര രൂപ എന്ന കണക്കിന് അവനു കൊടുക്കും. അവൻ ദിവസക്കൂലിക്കു പോകുന്നു. പക്ഷേ, അവനെ കൊണ്ടുപോകുന്നവർക്ക് നല്ല വരുമാനമാണ്.

നാൽപ്പത് വർഷം മുമ്പ് ജനിച്ചവനായിരുന്നു അവൻ. അതായത് യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാകാലത്ത് അവൻ യെരൂശലേമിൽ ഉണ്ടായിരുന്നു. പക്ഷേ, അവന് സൗഖ്യം കിട്ടിയിട്ടില്ല. എന്താണ് കാരണം? എത്രയോ മുടന്തർ എഴുന്നേറ്റു നടന്നു! എത്രയോ കുഷ്ഠരോഗികൾ സൗഖ്യമായി! മരിച്ചവർ ഉയിർത്തെഴുന്നേറ്റു. യേശുക്രിസ്തു എന്തെല്ലാം അത്ഭുതങ്ങൾ ചെയ്തു! പക്ഷേ, ഈ മുടന്തന് സൗഖ്യം കിട്ടിയില്ല. എന്തായിരിക്കും കാരണം?

യേശുക്രിസ്തുവിന്റെ കണ്ണിലെങ്ങാനും പെട്ടുപോയിരു

ന്നെങ്കിൽ അവൻ സൗഖ്യം പ്രാപിക്കുമെന്ന് അവനെ കൊണ്ടുവന്നിരുത്തുന്നവർക്ക് അറിയാമായിരുന്നു. അതുകൊണ്ട് യേശുക്രിസ്തു വരുന്ന ഭാഗത്തുനിന്ന് അവനെ അപ്പോഴപ്പോൾ മാറ്റിക്കൊണ്ടിരുന്നു. കാരണം, അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ലാഭം നഷ്ടപ്പെടും.

പാവം മുടന്തനെക്കൊണ്ട് ഒരു കൂട്ടം ആളുകൾ മുതലെടുക്കുന്നു. ഇന്ന് പാവപ്പെട്ട ജനത്തെക്കൊണ്ട് മുതലെടുക്കുന്ന ചില ആളുകളുണ്ട്.

സ്വകാര്യ ലാഭത്തിനുവേണ്ടി സാധുക്കളെ ചൂഷണം ചെയ്യുന്ന മേലാളവർഗ്ഗം എക്കാലത്തുമുണ്ട്. അത് മതത്തിലുണ്ട്, സമുദായങ്ങളിലുണ്ട്, പള്ളികളിലുണ്ട്, വിദ്യാഭ്യാസ മേഖലയിലുണ്ട്, തൊഴിൽ മേഖലയിലുണ്ട്, വ്യവസായ മേഖലയിലുണ്ട്, രാഷ്ട്രീയ മേഖലകളിലുണ്ട്, അവർ എല്ലായിടത്തുമുണ്ട്.

ഇന്ന് നമ്മെക്കൊണ്ട് മുതലെടുക്കുന്ന അനേകം ആളുകളുണ്ട്. നമ്മെക്കൊണ്ട് ചിലതു ചെയ്യിച്ച് അതിന്റെ ആദായം പറ്റുന്ന ആളുകൾ. ഒന്നാംവർഷ വിദ്യാർത്ഥികൾ കോളേജിൽ ചെല്ലുമ്പോൾ സീനിയർ വിദ്യാർത്ഥികൾ ഒന്നാം വർഷക്കാരനെക്കൊണ്ട് സീനിയേഴ്സിന്റെ നോട്ട് മുഴുവനും എഴുതിപ്പിക്കും. അല്ലെങ്കിൽ അടികൊള്ളും. ചിലപ്പോൾ കസേര ഇല്ലാതെ കസേരയിൽ ഇരിയ്ക്കുന്നതുപോലെ ഇരുത്തും. പാവം പേടിച്ച് എഴുതിക്കൊടുക്കും.

ഇതൊക്കെ മേലധികാരികൾ അറിഞ്ഞാലും മിണ്ടില്ല. കോളേജിനു ചീത്തപ്പേരല്ലേ? റാഗിംങ് ഉള്ള കോളേജ്! എത്രയോ നിരപരാധികളായ വിദ്യാർത്ഥികളുടെയാണ് ജീവിതം തകരുന്നത്. ചില വിദ്യാർത്ഥികൾക്ക് ഭ്രാന്തു ബാധിക്കുന്നു. ചില കുട്ടികൾ പഠിത്തം നിർത്തുന്നു. ഈ ശാപകരമായ ദുരവസ്ഥ ഒന്നു മാറിയിരുന്നെങ്കിൽ! അതിനെക്കുറിച്ചൊന്നും ഭരണകർത്താക്കൾക്കു ചിന്തയില്ല.

ഈ മുടന്തനായ മനുഷ്യനെക്കൊണ്ട് ചിലർ മുതലെടു

ത്തിരുന്നു. അവനെ അവർ ചൂഷണം ചെയ്തിരുന്നു. യേശുക്രിസ്തു അവിടെയെങ്ങാനും വരുമെന്നറിഞ്ഞാൽ അവനെ അവിടെ നിന്നുമാറ്റി വേറൊരിടത്ത് ഇരുത്തും. കാരണം, യേശുക്രിസ്തു അവനെ കണ്ടാൽ അവന്ന് സൗഖ്യം കിട്ടും.

വചനം വിശ്വസിച്ച് ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ മൃഗത്തെപ്പോലെ ജീവിച്ചവർ മനുഷ്യരായിത്തീരുന്നു, ദൈവസ്നേഹികളായിത്തീരുന്നു. കൊള്ളരുതായ്മയിലും വൃത്തികേടിലും കവർച്ചയിലും കൊള്ളയിലും ജീവിച്ചവർ സമാധാനമുള്ളവരായിത്തീരുന്നു. എന്നും കുടുംബം കലക്കിക്കൊണ്ടിരുന്നവർ കുടുംബത്തിൽ സമാധാനത്തിന്റെ വക്താക്കളായിത്തീരുന്നു.

ജീവിതത്തിൽ കാതലായ നന്മചെയ്യുന്ന കർത്താവായ യേശുവിന്റെ പിന്നാലെ പോകാൻ തുടങ്ങുമ്പോൾ എതിർപ്പുകളുണ്ടാകും. എക്കാലത്തും ഉണ്ടായിട്ടുണ്ട്. ഭാരപ്പെടേണ്ട കാര്യമില്ല.

കൂട്ടത്തിലുള്ളവർ തന്നെ കുത്തി എന്നുവരും. യൂദാ ഈസ്ക്കരിയോത്ത കർത്താവിനെ ഒറ്റിക്കൊടുത്തില്ലേ? എപ്പോഴും കൂടെ നടന്ന്, പ്രത്യേക ചുമതലപോലും ഉണ്ടായിരുന്ന യൂദാ കർത്താവിനെ ഒറ്റിക്കൊടുത്തു. കൂടെ നടക്കുന്നവർ ഒറ്റിക്കൊടുത്തു എന്നു വരും. കൂടെനടന്നവർ തള്ളിപ്പറഞ്ഞു എന്നുവരും. ഭയപ്പെടരുത്. എന്തുവന്നാലും നാം ധീരതയോടെ നിൽക്കുക. സത്യത്തിനുവേണ്ടി നിൽക്കുക.

ഈ മുടന്തനെ ചിലർ ചുമന്നുകൊണ്ടുവന്ന് അവിടെ ഇരുത്താറുണ്ട്.

പക്ഷേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടു. പിന്നെ അവനെ മാറ്റി ഇരുത്തേണ്ട ആവശ്യമില്ല. സുന്ദരം എന്ന ഗോപുരത്തിങ്കൽ തന്നെ ഇരുത്തുകയാണ്. അല്ലെങ്കിൽ എന്നും ചുമന്നുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും മാറ്റണമായിരുന്നു. വലിയ ഉപകാരമായി. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടല്ലോ.

ഇന്നും അങ്ങനെയൊക്കെ ചിന്തിക്കുന്നവരുണ്ട്. ചില രൊന്നു വഴിമാറിയാൽ മതി കൈയിൽ ഒതുങ്ങിക്കിട്ടും എന്നു വിചാരിക്കുന്നവർ. അവൻ അമ്മയുടെ ഗർഭം മുതൽ മുടന്തനായിരുന്നു. നാമെല്ലാവരും ജനിച്ച അന്നു മുതൽ, നമ്മുടെ പ്രിയപ്പെട്ട മാതാവ് നമ്മെ ഗർഭം ധരിച്ച അന്നു മുതൽ മുടന്തരാണ്. നാം പല പോരായ്മകളും ഉള്ളവരാണ്. നാം പാപികളാണ്. പുറമെ പാപം ചെയ്യാത്തപ്പോഴും നാം പാപികളാണ്.

ഒരു പിഞ്ചുകുഞ്ഞ് എന്തുപാപം ചെയ്തിട്ടാണ്? ഒരു പിഞ്ചുകുഞ്ഞിന്റെ കൈയിൽ ഒരു ചോക്ലേറ്റ് ഇരിക്കുന്നു. അടുത്ത വീട്ടിലെ ഒരു കുഞ്ഞ് അവിടെ വരുന്നു. ഉടനെ അവൻ ആ ചോക്ലേറ്റ് പിറകിലേക്ക് മാറ്റിപ്പിടിക്കുന്നു. ആരെങ്കിലും പറഞ്ഞുകൊടുത്തോ മാറ്റിപ്പിടിക്കാൻ. ഇല്ല. അവന്റെ ജന്മസിദ്ധമായ വാസനയാണത്. സ്വാർത്ഥത. വേറെ ആർക്കും കൊടുക്കരുത്. എന്റേത്, എന്റേതുതന്നെ ആയിരിക്കണം. അത് ആ ശിശുവിന്റെ ജന്മസിദ്ധമായ വാസനയാണ്. ജന്മസിദ്ധമായിത്തന്നെ അവരിൽ തിന്മയുണ്ട്. നാമെല്ലാവരും പാപത്തിൽ പിറന്നവരാണ്.

> *"ഇതാ അകൃത്യത്തിൽ ഞാൻ ഉരുവായി. പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു."*
>
> *സങ്കീർത്തനം 51 : 5*

ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിലേക്കു വന്നു. ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നു. ആദാമിന്റെ അനുസരണക്കേടിനാൽ നാമെല്ലാവരും അനുസരണക്കേടിന്റെ മക്കളായിത്തീർന്നു.

'പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു.' 'അകൃത്യത്തിൽ ഞാൻ ഉരുവായി' എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? ഒരു സ്ത്രീ തന്റെ കുഞ്ഞിനെ ഗർഭം ധരിക്കുന്നത് പാപമാണെന്നല്ല. ആ കുഞ്ഞ് അമ്മയുടെ ഗർഭത്തിൽ ഉരുവാകുമ്പോൾ തന്നെ പാപത്തിലാണ്.

ഒരു പക്ഷേ, പാപത്തിന്റെ പ്രവൃത്തിയില്ല. എന്നാൽ എല്ലാവരിലും ഒരു 'ഞാൻ' എന്നത് ഉയർന്നു നിൽക്കുന്നു. എന്റെ സ്വാർത്ഥത, എന്റെ അഭിപ്രായം, എന്റെ ആഗ്രഹം, എന്റെ താത്പര്യം. ഈ ഞാൻ വെട്ടപ്പെടുന്നതാണ് കുരിശ്. ഞാൻ – 'I' നിവർന്നു നിൽക്കുകയാണ്. പക്ഷേ, കുറുകെ വെട്ടുന്നു. അതാണ് കുരിശ്. ഞാൻ എന്ന ego-യെ വെട്ടിമാറ്റുകയാണ്. അതാണ് കുരിശുവരയ്ക്കുന്നതിന്റെ അർത്ഥം.

സാത്താനവകാശമുള്ളതാണ് ഈ ഞാൻ. പാപം ചെയ്യുന്നില്ല. മോഷണം നടത്തുന്നില്ല. വേണ്ടാതനം ചെയ്യുന്നില്ല, പറയുന്നില്ല. പക്ഷേ, എപ്പോഴും നമ്മിൽ ഒരു അഹം ഉണ്ട്. എന്നെ ആരെങ്കിലും കാണണം എന്ന താത്പര്യം. എന്റെ പ്രാർത്ഥന ആളുകൾ ശ്രദ്ധിക്കണമെന്നുള്ള ആഗ്രഹം. എന്റെ പ്രസംഗം, സാക്ഷ്യം നന്നാകണമെന്നുള്ള ആഗ്രഹം. ഞാൻ പറയുന്നതു കേട്ട് ചിലർക്ക് മാനസാന്തരം ഉണ്ടാകണമെന്നുള്ള ആഗ്രഹം. എന്റെ ശുശ്രൂഷ ഫലപ്രദമാകണമെന്നുള്ള ആഗ്രഹം. ഞാൻ പ്രാർത്ഥിച്ചു ചിലർക്ക് സൗഖ്യം കിട്ടി എന്നു കേൾക്കുന്നതിലുള്ള സന്തോഷം. ഇതെല്ലാം ഒരു ഞാനാണ്; അവിടെ ക്രിസ്തു ഇല്ല.

എന്തുകൊണ്ടാണ് വഴക്കുണ്ടാകുന്നത്? ഭാര്യയും ഭർത്താവും തമ്മിൽ ഭിന്നത ഉണ്ടാകുന്നതെന്തുകൊണ്ടാണ്? അപ്പനും മക്കളും തമ്മിൽ വഴക്കുണ്ടാകുന്നതെന്തുകൊണ്ടാണ്? സഹോദരങ്ങൾ തമ്മിൽ ഭിന്നത ഉണ്ടാകുന്നതെന്തുകൊണ്ടാണ്? ഒരു സ്വയം. ആ സ്വയം വെട്ടപ്പെടണം. ജന്മനാതന്നെ നാം സ്വയമുള്ളവരാണ്.

ഞാൻ പതിനേഴാമത്തെ വയസ്സുമുതൽ മുപ്പത്തിയാറാമത്തെ വയസ്സുവരെ പത്തൊൻപതു കൊല്ലം സുവിശേഷവേല ചെയ്തു. കർത്താവിന്റെ വേല ചെയ്യണം എന്ന ഉദ്ദേശത്തോടുകൂടിത്തന്നെയാണ് വേല ചെയ്തത്. തീർച്ചയായിട്ടും ആ വേല പ്രയോജനപ്രദമായിരുന്നുതാനും.

എന്നാൽ മുപ്പത്തിയാറാമത്തെ വയസ്സിൽ ആഴത്തിൽ

പ്രതിഷ്ഠ എടുക്കുന്ന സമയത്ത് എനിക്കു കർത്താവ് മനസ്സിലാക്കിത്തന്ന ഒരു വലിയ രഹസ്യം, ആളുകൾ എന്നെ മാനിക്കണം എന്ന ആഗ്രഹം എനിക്കുണ്ടായിരുന്നു എന്നതാണ്. പുറമെ ഒന്നും കാണിച്ചിട്ടില്ല.

ഇന്നു ഞാൻ ലജ്ജയോടെ ഓർക്കുന്നു. ഞാൻ ഒരു സ്ഥലത്ത് പ്രസംഗിക്കാൻ പോയി. അവിടെ പ്രവർത്തകരുടെ ചില പെരുമാറ്റം എനിക്കിഷ്ടപ്പെട്ടില്ല. എന്നെ വേണ്ടതുപോലെ മാനിച്ചില്ല. പിന്നെ തുടരെ അവർ വിളിക്കും. പക്ഷേ ഞാൻ പോയില്ല. എന്നു പറഞ്ഞാൽ അത് എന്റെ ഹൃദയത്തിൽ 'ഞാൻ' എന്ന സ്ഥാനത്ത് മുറിവേൽപ്പിച്ചു. അവരെന്നെ വേണ്ടതുപോലെ അംഗീകരിച്ചില്ല എന്ന ചിന്ത. അത്രമാത്രം അഹന്തയുള്ള, അത്രമാത്രം വാശിയുള്ള മനുഷ്യനായിരുന്നു ഞാൻ.

മുപ്പത്തിയാറാമത്തെ വയസ്സിൽ ഞാൻ പ്രതിഷ്ഠ എടുത്തപ്പോൾ ഇതൊക്കെ ഏറ്റുപറഞ്ഞു. എന്റെ സ്വഭാവം ഇതാണ്. എന്റെ ആളത്വം ഇതാണ്. ഇത്രയും നിസ്സാരനായ ഒരു മനുഷ്യനാണു ഞാൻ. കർത്താവേ, ഞാൻ ലജ്ജിക്കുന്നു. നിന്റെ വേല ചെയ്യാനുള്ള യോഗ്യത എനിക്കില്ല. മഹാപരിശുദ്ധനായ യേശുവിനെക്കുറിച്ചു പറയാൻ എനിക്കർഹതയില്ല. യേശുവിന്റെ നാമം ഉച്ചരിക്കാൻ എനിക്കു യോഗ്യതയില്ല. തന്നെത്തന്നെ ത്യജിച്ച് കുരിശിൽ അർപ്പിച്ച യേശുവിന്റെ സാക്ഷിയാകാൻ എനിക്കർഹതയില്ല. അന്നുരാത്രി എത്രയോ നേരം ജീവിതമാകെ ശോധന ചെയ്തു കരഞ്ഞു! എണ്ണിയെണ്ണി പാപങ്ങൾ ഏറ്റുപറഞ്ഞു.

ഭാഗ്യവശാൽ വേറെ തെറ്റിലേക്കൊന്നും പോയില്ല. പക്ഷേ, എന്റെ ആളത്വത്തിൽ എല്ലാ തിന്മയും ഉണ്ടായിരുന്നു. അഹങ്കാരമുണ്ടായിരുന്നു. അശുദ്ധിയുണ്ടായിരുന്നു. 'ഞാൻ' എന്ന ഭാവമുണ്ടായിരുന്നു. എന്നാൽ പുറമെ ആർക്കും അറിയാത്ത രീതിയിൽ ഒളിച്ചു വയ്ക്കാൻ ശ്രമിച്ചിരുന്നു. അഹങ്കാരം ഉണ്ടെങ്കിലും വിനയമുള്ളവൻ എന്നു കാണിക്കുവാൻ ശ്രമിച്ചിരുന്നു. എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നതെല്ലാം ഏറ്റുപറഞ്ഞുകഴി

ഞ്ഞപ്പോൾ പരിശുദ്ധാത്മാവ് തീയായി എന്റെ തലമേൽ ഇറങ്ങി.

നിങ്ങൾ എല്ലാവരും ഈ തീയുടെ അഭിഷേകം പ്രാപിക്കണം. തീ നിങ്ങളുടെ മേൽ ഇറങ്ങണം. നിങ്ങളുടെ പാപങ്ങളെല്ലാം കത്തിപ്പോകണം. നിങ്ങളെല്ലാവരും തീയായി മാറണം. നിങ്ങളുടെ അകത്തെ തിന്മയെല്ലാം കത്തിപ്പോകണം. അഹന്തകൾ ദഹിച്ചുപോകണം. സ്വാർത്ഥതകൾ ദഹിച്ചുപോകണം. സ്ഥാനമോഹങ്ങൾ ദഹിച്ചുപോകണം. കോപത്തിന്റെ വേരുകൾ, ഇഷ്ടക്കുറവിന്റെ വേരുകളെല്ലാം കത്തിപ്പോകണം.

ഭർത്താവിനോട് അകൽച്ചയുള്ളവരുണ്ടോ? ഭാര്യയോട് ഇഷ്ടക്കുറവുള്ളവരുണ്ടോ? മാതാപിതാക്കളെ മാനിക്കാത്തവരുണ്ടോ? ഇന്നും അകത്തു വ്രണമാണ്. ഉണങ്ങാത്ത മുറിവുകൾ. അകത്ത് രോഗം, അകത്ത് കൊള്ളരുതായ്മകൾ, ക്രൂരതകൾ, ആർദ്രതയില്ലായ്മകൾ, കരുണയില്ലായ്മ, ദുഷ്ടത, പക, വിദ്വേഷം, പരാതികൾ, പരിഭവങ്ങൾ, എന്നെ പരിഗണിച്ചില്ല, എന്നോട് ആലോചിച്ചില്ല, എന്നോടു മിണ്ടിയില്ല. ഇങ്ങനെ അനേകം പരാതികൾ!

നമ്മെ വേദനിപ്പിച്ചവരോടുള്ള വൈരാഗ്യം ഹൃദയത്തിൽ വ്രണമായി മാറിയിരിക്കുന്നു. നിങ്ങളുടെ കണ്ണുനീരുകൊണ്ട് ആ മുറിവുകൾ കഴുകിക്കൊള്ളുക. കണ്ണുനീരുകൊണ്ട് നിങ്ങൾ മുറിവുകഴുകുമ്പോൾ കർത്താവിന്റെ രക്തം കൊണ്ട് കർത്താവ് മുറിവ് ഉണക്കിത്തരും.

വ്രണങ്ങളെല്ലാം ഉണങ്ങണം. ആരോടും പരിഭവം വച്ചുകൊണ്ടിരിക്കരുത്. നിങ്ങളോടു തെറ്റുകൾ ചെയ്തവരോടും നിങ്ങളെ ഉപദ്രവിച്ചവരോടും നിങ്ങൾക്കു നഷ്ടം വരുത്തിയവരോടും പരിഭവം വച്ചുകൊണ്ടിരിക്കരുത്. നിങ്ങളുടെ പ്രൊമോഷൻ തടഞ്ഞവരോട് പരിഭവം വച്ചുകൊണ്ടിരിക്കരുത്. അപ്പോഴെല്ലാം ഓർത്തുകൊള്ളണം. ഇത് നന്മയ്ക്കാക്കി മാറ്റാൻ യേശുക്രിസ്തുവിനു കഴിയും.

എനിക്കിപ്പോൾ പ്രൊമോഷൻ കിട്ടാത്തത് നന്മയ്ക്കാക്കി

മാറ്റാൻ എന്റെ യേശുവിനു കഴിയും. എനിക്കീ ജോലി കിട്ടാത്തത് നന്മയ്ക്കാക്കി മാറ്റാൻ എന്റെ യേശുവിനു കഴിയും. എന്റെ വിവാഹം മുടക്കിയത് നന്മയ്ക്കാക്കി തീർക്കാൻ കർത്താവിന് കഴിയും. എല്ലാം നന്മയ്ക്കാക്കി മാറ്റാൻ കർത്താവിനു കഴിയും. സമാധാനത്തിനായി എനിക്ക് ഏറ്റവും കയ്പ്പായത് ഭവിച്ചിരിക്കുന്നു. വ്രണങ്ങൾ ഉണങ്ങട്ടെ. അതിന് പരിശുദ്ധാത്മാവിന്റെ തീ നിങ്ങളുടെമേൽ ഇറങ്ങട്ടെ.

എല്ലാം കത്തിപ്പോകട്ടെ. തീയുടെ അഭിഷേകം നിങ്ങൾക്കു ലഭിക്കട്ടെ. എങ്കിൽ മാത്രമേ ഇവയെല്ലാം കത്തിപ്പോവുകയുള്ളൂ.

ജന്മനാ നാമെല്ലാവരും മുടന്തരാണ്. ഈ ഭൂമിയിലെ പ്രസിദ്ധി ആഗ്രഹിക്കുന്നവരാണ്. മനുഷ്യരുടെ പ്രശംസ ആഗ്രഹിക്കുന്നവരാണ്. നല്ല സുവിശേഷകൻ, നല്ല പ്രസംഗം, നല്ല ചെറുപ്പക്കാരൻ, നല്ല ഭാര്യ, ഇങ്ങനെ മനുഷ്യർ നല്ലത് എന്നു പറയാൻ ആഗ്രഹിക്കുന്നവരാണ്. വേണ്ട കർത്താവേ വേണ്ട. യഹോവ പ്രശംസിക്കുന്നവൻ മാത്രം പ്രശംസിക്കപ്പെട്ടവൻ.

*"ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസൻ ആയിരിക്കുകയില്ല."*

*ഗലാത്യർ 1 : 10*

ഇല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുകയില്ല.

"അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു." യോഹന്നാൻ 12 : 43 എന്ന് കർത്താവ് പറഞ്ഞു. വേണ്ട, മനുഷ്യരാലുള്ള മാനം വേണ്ട. ആരും എന്നെ മാനിക്കണ്ട. നീ എന്റെ ഹൃദയത്തിൽ സന്തോഷത്തോടെ വസിച്ചാൽ മതി എന്ന് പ്രാർത്ഥിക്കൂ.

## പതിനാല്

*"ഒരിക്കൽ പത്രോസും യോഹന്നാനും ഒമ്പതാം മണിനേരം പ്രാർത്ഥനാസമയത്ത് ദൈവാലയത്തിലേക്കു ചെല്ലുമ്പോൾ, അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരാളെ ചിലർ ചുമന്നുകൊണ്ടു വന്നു; അവനെ ദൈവാലയത്തിൽ ചെല്ലുന്നവരോടു ഭിക്ഷയാചിപ്പാൻ സുന്ദരം എന്ന ദൈവാലയ ഗോപുരത്തിങ്കൽ ദിനംപ്രതി ഇരുത്തുമാറുണ്ട്. അവൻ പത്രോസും യോഹന്നാനും ദൈവാലയത്തിൽ കടപ്പാൻ പോകുന്നതുകണ്ടിട്ട് ഭിക്ഷ ചോദിച്ചു. പത്രോസ് യോഹന്നാനോടുകൂടെ അവനെ ഉറ്റുനോക്കി." അപ്പൊ. പ്രവൃത്തികൾ 3 : 1 – 4*

സുന്ദരം എന്ന ദൈവാലയ ഗോപുരത്തിങ്കൽ ഇരിക്കുന്ന മനുഷ്യൻ. അവൻ ഗർഭം മുതൽ മുടന്തനാണ്. മറ്റുള്ളവരുടെ സഹായം മാത്രം ആശ്രയിച്ച് കഴിയുന്ന ഒരു സാധു മനുഷ്യൻ. അവൻ ദരിദ്രനാണ്. ഉപജീവനം ഭിക്ഷ യാചിച്ചാണ്.

പത്രോസും യോഹന്നാനും ആ വഴിയായി വരികയായിരുന്നു. ആരാധനയ്ക്കുവേണ്ടി പോകുകയാണ്. അപ്പോഴാണ് അവിടെ മുടന്തൻ ഇരിക്കുന്നതു കാണുന്നത്. പത്രോസും യോഹന്നാനും പലപ്പോഴും ഒരുമിച്ചാണു സഞ്ചരിക്കുന്നത്. മീൻപിടിക്കാൻ പോയപ്പോൾ ഒരുമിച്ചാണ് പോയിരുന്നത്. കർത്താവിന്റെ കൂടെ സഞ്ചരിക്കുമ്പോഴും പത്രോസിനെയും യോഹന്നാനെയും ഒരുമിച്ചാണു കാണുന്നത്.

മറുരൂപമലയിലേക്ക് കർത്താവു പോയപ്പോൾ പത്രോ

സിനേയും യോഹന്നാനേയും കൂട്ടിക്കൊണ്ടുപോയി. കർത്താവ് ഗദ്സമനയിലേക്കു പോയപ്പോൾ പത്രോസും യോഹന്നാനും യാക്കോബും കൂടെ ഉണ്ടായിരുന്നു. കർത്താവ് പെസഹ ഒരുക്കാൻ പറഞ്ഞുവിട്ടപ്പോൾ പത്രോസും യോഹന്നാനുമാണു പോയത്.

*"ശീമോന്റെ കൂട്ടാളികളായ യാക്കോബ് യോഹന്നാൻ എന്ന സെബദി മക്കൾക്കും അവ്വണ്ണം തന്നേ."*
*ലൂക്കോസ് 5 : 10*

ശീമോന്റെ കൂട്ടാളിയാണ് യോഹന്നാൻ. ഒരേ സ്ഥലത്തുള്ളവർ; ഒരേ തൊഴിൽ ചെയ്യുന്നവർ.

*"പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആയപ്പോൾ അവൻ പത്രോസിനേയും യോഹന്നാനെയും അയച്ചു."* *ലൂക്കോസ് 22 : 7*

പെസഹ ഒരുക്കുവാനുള്ള സ്ഥലം അന്വേഷിക്കാൻ പത്രോസിനേയും യോഹന്നാനേയും ഒരുമിച്ചാണ് അയക്കുന്നത്.

*"അതുകൊണ്ടു പത്രോസും മറ്റെ ശിഷ്യനും പുറപ്പെട്ടു കല്ലറയ്ക്കൽ ചെന്നു. ഇരുവരും ഒന്നിച്ചു ഓടി; മറ്റേ ശിഷ്യൻ പത്രോസിനെക്കാൾ വേഗത്തിൽ ഓടി ആദ്യം കല്ലറയ്ക്കൽ എത്തി."*
*യോഹന്നാൻ 20 : 3, 4*

കർത്താവ് ക്രൂശിക്കപ്പെട്ട ശേഷം മൂന്നാം നാൾ രാവിലെ കല്ലറയിൽ ചെന്ന മഗ്ദലനമറിയം പറഞ്ഞു: "അയ്യോ, കർത്താവിനെ ആരോ എടുത്തുകൊണ്ടുപോയി" എന്ന്. അപ്പോൾ പത്രോസും മറ്റെ ശിഷ്യൻ എന്നു പറയുന്ന യോഹന്നാനും പുറപ്പെട്ട് കല്ലറയ്ക്കൽ ചെന്നു. അവർ രണ്ടുപേരും ഒരുമിച്ചാണ് ഓടുന്നത്.

*"അനന്തരം യെരൂശലേമിലുള്ള അപ്പൊസ്തലന്മാർ, ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നു കേട്ടു*

*പത്രോസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു." അപ്പൊ. പ്രവൃത്തികൾ 8 : 14*

ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നു കേട്ടപ്പോൾ കൂടുതൽ ആത്മീയകാര്യങ്ങൾ പറഞ്ഞുകൊടുക്കാനായി പത്രോസിനേയും യോഹന്നാനെയും അങ്ങോട്ട് അയച്ചു. രണ്ടുപേരെയും ഒരുമിച്ചാണ് അയയ്ക്കുന്നത്.

പത്രോസും യോഹന്നാനും ഒരുമിച്ചുപോകുന്നത് ഒരു വലിയ പാഠം നമുക്കു തരുന്നുണ്ട്. ആത്മീയജീവിതത്തിൽ ഒരു കൂട്ടായ്മ കൂടിയേ കഴിയൂ. ഒറ്റയ്ക്കു നിൽക്കാൻ പാടില്ല. നിങ്ങൾക്ക് ആത്മീയജീവിതത്തിൽ നില നിൽക്കണമെങ്കിൽ ഒരു കൂട്ടായ്മ വേണം. ഒരു കൂട്ടായ്മയുടെ ബന്ധത്തിൽ മാത്രമേ ആത്മീയജീവിതത്തിൽ വളരാൻ പറ്റുകയുള്ളു. പരി ശുദ്ധാത്മാവുള്ളവരെ മാത്രമേ ആവശ്യത്തിന് ഉതകുകയുള്ളൂ. ആത്മാവുള്ളവരെ നിങ്ങൾ മാനിച്ചുകൊള്ളുക. നിങ്ങൾ സ്നേഹിച്ചുകൊള്ളുക. അവരോടു കൂട്ടുകൂടിക്കൊൾക. പത്രോസും യോഹന്നാനും കൂട്ടായ്മയുടെ ബന്ധത്തിൽ സ്ഥിരമായി ഉറച്ചുനിന്നു. എപ്പോഴും ഒറ്റക്കെട്ടാണവർ. ഒരു മുനയാണവർ.

കൂട്ടായ്മയിൽ വിള്ളൽ വരുത്തുക എന്നുള്ളതു പിശാചിന്റെ തന്ത്രമാണ്. എവിടെ സ്നേഹത്തിന്റെ ഐക്യദാർ ഢ്യമുണ്ടോ അവിടെ വിള്ളൽ വരുത്തും. ഒരിക്കലും അതിന് ഇടം കൊടുക്കരുത്. എന്തു നഷ്ടം വന്നാലും, എന്തു കഷ്ടം വന്നാലും ശരി കൂട്ടായ്മയിൽ വിള്ളൽ വരാൻ ഇടം കൊടുക്കരുത്.

*"ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ച്-ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും പിതാവിനോടു കൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ*

*നിത്യജീവനെ നിങ്ങളോടു അറിയിക്കുകയും ചെയ്യുന്നു – ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇതു നിങ്ങൾക്ക് എഴുതുന്നു.” 1 യോഹന്നാൻ 1 : 1 – 4*

എന്തൊരു ശക്തിയാണ് കൂട്ടായ്മയുടെ ബലം! നിങ്ങൾ കൂട്ടായ്മയോടു ചേർന്നുവരിക. കൂട്ടായ്മയുടെ അനുഗ്രഹത്തിന്റെ പങ്കാളികളായി നിൽക്കുക. കൂട്ടായ്മയുടെ ശക്തി! പത്രോസും യോഹന്നാനും എപ്പോഴും ഒരുമിച്ച് ഒരു കൂട്ടായ്മയുടെ കരുത്തിലാണ് നിന്നത്. ഒരാൾ സംസാരിക്കുമ്പോൾ ഒരാൾ പ്രാർത്ഥിച്ചുകൊണ്ടുനിൽക്കുന്നു.

ഒരുമിച്ചുള്ള പ്രവർത്തനം! കൂട്ടായ പ്രവർത്തനം! രണ്ടുപേർ ഒരുമിച്ചു പ്രാർത്ഥിച്ചാൽ ശക്തിയുണ്ട്. നിങ്ങൾ രണ്ടുപേർ ഐകമത്യപ്പെട്ടുകൊണ്ട് എന്തു യാചിച്ചാലും ലഭിക്കും എന്നാണ് വചനം. കുടുംബത്തിൽ ഭാര്യയും ഭർത്താവും ഒരു മനസ്സോടെ ഒരുമിച്ചു പ്രാർത്ഥിക്കണം. രണ്ടുഹൃദയങ്ങൾ ഒരുമിച്ചു ദൈവ ത്തോടു പറയുന്നു.

നിങ്ങൾ ഒരു മനസ്സായി പ്രാർത്ഥിക്കാൻ പഠിക്കണം. നിങ്ങ ളുടെ കുടുംബത്തിൽ ഒരുമനസ്സുണ്ടാകണം. നിങ്ങൾ ഓരോരു ത്തരും നിങ്ങളുടെ ഓരോ ആവശ്യം വരുമ്പോളും ഭാര്യയും ഭർത്താവും ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുക. രണ്ടുപേർ തമ്മിൽ ഐകമത്യപ്പെട്ടുകൊണ്ട് പ്രാർത്ഥിക്കുക എന്നത് കുടുംബജീ വിതത്തിൽ അത്യന്താപേക്ഷിതമായ കാര്യമാണ്. നിങ്ങൾ വാസ്തവമായി പ്രാർത്ഥിക്കുമെങ്കിൽ നിങ്ങളുടെ പ്രാർത്ഥനയ്ക്കു മറുപടി കിട്ടും. വിളിച്ചാൽ വിളികേൾക്കുന്ന ഒരപ്പൻ നമുക്ക് സ്വർഗ്ഗത്തിലുണ്ട്.

അഖിലാണ്ഡങ്ങളുടെ സ്രഷ്ടാവായ ദൈവം, നിത്യപരിശുദ്ധനായ ദൈവം, അണ്ഡകടാഹത്തിന്റെ സ്രഷ്ടാവും നിയന്താവുമായ ദൈവം! എല്ലാം കാണുകയും നിരൂപിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിത്യനായ ദൈവത്തെയാണ് നാം "അപ്പാ" എന്നു വിളിക്കുന്നത്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്നു വിളിക്കുന്നതിൽ ഒരു വലിയ ആത്മബന്ധമുണ്ട്. ഭൂമിയിൽ അപ്പനില്ലാത്ത മക്കൾക്കും അങ്ങനെ വിളിക്കാം. ആരോരുമില്ലാത്തവർക്കും അങ്ങനെ വിളിക്കാം. അപ്പന്റെ മകളായി അല്ലെങ്കിൽ മകനായിത്തീരാൻ എന്താണു ചെയ്യേണ്ടത്?

*"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു."*

*യോഹന്നാൻ 1 : 12*

യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് അവനെ കൈക്കൊണ്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് അവന്റെ മക്കളാകുവാൻ അധികാരം കിട്ടി. ദൈവത്തിന്റെ മകനാണു ഞാൻ. അതൊരു അധികാരമാണ്.

ഒരു നദിയുണ്ട്. ദൈവനഗരത്തെ, അത്യുന്നതന്റെ നിവാസത്തെത്തന്നെ സന്തോഷിപ്പിക്കുന്ന ഒരു നദി! സങ്കീർത്തനം 46 : 4. നമ്മുടെ ഹൃദയത്തിന് ആനന്ദവും കുളിർമയും തരുന്ന ഒരു നദി! അത് പരിശുദ്ധാത്മാവാണ്. കർത്താവായ യേശുക്രിസ്തുവാണ്. നിത്യനായ ദൈവമാണ്. ഈ പരിശുദ്ധാത്മാവാകുന്ന നദി നമ്മുടെ മദ്ധ്യത്തിൽക്കൂടി ഒഴുകുകയാണ്. അവൻ എന്റെ കൂടെയുണ്ട്. ഞാൻ കുലുങ്ങിപ്പോകയില്ല.

*"ജാതികൾ ക്രുദ്ധിച്ചു; രാജ്യങ്ങൾ കുലുങ്ങി; അവൻ തന്റെ ശബ്ദം കേൾപ്പിച്ചു; ഭൂമി ഉരുകിപ്പോയി. സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെയുണ്ട്; യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗം*

*ആകുന്നു.”* *സങ്കീർത്തനങ്ങൾ 46 : 6, 7*

*“മിണ്ടാതിരുന്ന്, ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ; ഞാൻ ജാതികളുടെ ഇടയിൽ ഉന്നതൻ ആകും; ഞാൻ ഭൂമിയിൽ ഉന്നതൻ ആകും; സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെയുണ്ട്; യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗം ആകുന്നു.”*
*സങ്കീർത്തനങ്ങൾ 46 : 10, 11*

മൗനമായിരുന്നുകൊണ്ട് ദൈവത്തിന്റെ സന്നിധിയിലേക്കു നോക്കുക. ആവശ്യഭാരങ്ങളുമായി ഞാനിതാ വരുന്നു. ആകുലങ്ങളുമായി ഞാനിതാ വരുന്നു. ആവലാതികളും പേറി ഞാനിതാ വരുന്നു. കർത്താവേ, നീ എന്നെ സഹായിക്കാതിരുന്നാൽ ഞാൻ എന്തു ചെയ്യും? കർത്താവേ, ഞാൻ എവിടെ പോകും? എനിക്ക് വേറെ പോക്കിടമില്ലല്ലോ. ജീവനുള്ള ദൈവത്തെയല്ലേ ഞാൻ വിളിക്കുന്നത്? പ്രാർത്ഥന കേൾക്കുന്ന, പ്രാർത്ഥനയ്ക്കു മറുപടി തരുന്ന ദൈവത്തെയാണ് ഞാൻ വിളിക്കുന്നത്.

കൂട്ടായ്മയ്ക്കു ശക്തിയുണ്ട്. കൂട്ടായ്മയായി ഒരുമിച്ചു പ്രാർത്ഥിക്കണം. ശക്തിയേറിയ പ്രാർത്ഥന. അവിടെ അനുഗ്രഹം കിട്ടും.

എന്നാൽ ചിലപ്പോഴൊക്കെ ഒരു തവണ പ്രാർത്ഥിച്ചാൽ പ്രാർത്ഥനയ്ക്കു മറുപടി കിട്ടി എന്നുവരില്ല. ദുഷ്ടനായ പിശാച് കടിച്ചുപിടിച്ചു നിൽക്കും, വിടില്ല. പാപത്തെ വിടാം എന്നു വിചാരിച്ചാൽ പാപം വിടാതെ പുറകെ നടക്കും. മദ്യപാനം വിട്ടു, പിന്നേയും വരുന്നു. അശുദ്ധമായ ബന്ധങ്ങൾ വിട്ടു, പിന്നേയും വരുന്നു. ജീവിതത്തിലെ വഴക്കുകളും പിണക്കങ്ങളും വിട്ടു, പിന്നേയും പൊന്തിവരുന്നു. ചില വാശികൾ, ചില പകകൾ, ചില വിദ്വേഷങ്ങൾ, ഇതെല്ലാം പൊന്തിപ്പൊന്തി വരും. അതിനെന്താണു ചെയ്യേണ്ടത്?

*“ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന*

*തന്റെ വ്രതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു.” ലൂക്കൊസ് 18 : 7, 8*

എന്താണു ചെയ്യേണ്ടത്? പ്രതിയോഗിയോടു പ്രതിക്രിയ ചെയ്ത് എനിക്ക് ന്യായം പാലിച്ചു തരണമേ എന്നു പ്രാർത്ഥിക്കണം. കർത്താവേ, പ്രതിയോഗിയായ പിശാച് അട്ട കടിക്കുന്നതുപോലെ എന്നെ കടിച്ചു പിടിച്ചു നിൽക്കുന്നു. അവൻ എന്റെ ജീവരക്തം ഊറ്റിക്കുടിച്ചുകൊണ്ടിരിക്കുന്നു. എന്നെക്കൊണ്ട് വേണ്ടാത്തതെല്ലാം ചെയ്യിച്ചുകൊണ്ടിരിക്കുന്നു.

അരുതാത്ത വഴികളിലൂടെ എന്നെ കൊണ്ടുപോകുകയാണ്. വഴക്കുണ്ടാക്കിക്കുകയാണ്. കോപിക്കാൻ എന്നെ പ്രേരിപ്പിക്കുകയാണ്. ലോകസ്നേഹത്തിലേക്ക് എന്നെ വലിച്ചുകൊണ്ടുപോകുകയാണ്. കർത്താവേ, ഞാൻ എന്തു ചെയ്യും?

അവനാണ് എന്റെ കുടുംബത്തെ നശിപ്പിക്കുന്നത്. അവനാണ് എന്റെ മക്കളെ വലയ്ക്കുന്നത്. അവനാണ് എന്റെ മക്കളെ മയക്കുമരുന്നിലേക്കും കഞ്ചാവിലേക്കും വശീകരിച്ചുകൊണ്ടുപോകുന്നത്. അവനാണ് എന്റെ മക്കളെ അലസരാക്കിത്തീർക്കുന്നത്.

പ്രതിയോഗിയോടു പ്രതിക്രിയ ചെയ്ത് ന്യായം പാലിച്ചു തരണമേ. എന്റെ ഭർത്താവിനെ മദ്യപാനത്തിൽനിന്നു വിടുവിക്കണമേ. അദ്ദേഹത്തിന്റെ കോപാവേശത്തിൽനിന്നു വിടുവിക്കണമേ. പ്രതിക്രിയ നടത്തി ന്യായംപാലിച്ചു തരണമേ.

വീട്ടിൽ ചില വഴക്കുകളുണ്ട്, ചില വാശികളുണ്ട്, ചില അഭിപ്രായ വ്യത്യാസങ്ങളുണ്ട്. അവനെ ഒന്നൊഴിവാക്കിത്തരണമേ. പിശാചിന്റെ കൈയിൽനിന്ന് എന്റെ അമ്മയെ വിടുവിക്കണമേ. എന്റെ മരുമകളെ വിടുവിക്കണമേ. പ്രതിയോഗിയോട് പ്രതിക്രിയ ചെയ്ത് ന്യായംപാലിച്ചുതരണമേ. ഇങ്ങനെ

നിരന്തരം പ്രാർത്ഥിക്കണം.

പത്രോസും യോഹന്നാനും ഒരുമിച്ചു ദൈവാലയത്തിലേക്ക് പോകുകയായിരുന്നു. അപ്പോഴാണ് ആ മുടന്തൻ ഇരിക്കുന്നത് കാണുന്നത്. ജന്മനാ മുടന്തൻ. ഈ കാലങ്ങളെല്ലാം ഭിക്ഷ യാചിച്ചിരിക്കുന്ന ആൾ. ദയനീയമായ സ്ഥിതി. ഒന്നു ചിന്തിച്ചു നോക്കൂ. നാമോരോരുത്തരും പാപികളല്ലേ? നമ്മുടെ ആളത്വത്തിൽ പാപത്തിന്റെ പ്രവണതയില്ലേ? നിങ്ങളുടെ സ്വഭാവത്തിൽ പാപത്തിന്റെ മാലിന്യമില്ലേ?

ആദ്യം വരുന്ന പ്രതികരണമെന്താണ്? ഒരു കാര്യം കേൾക്കുമ്പോൾ പെട്ടെന്നു വരുന്നതു കോപാവേശമാണോ? പെട്ടെന്നു വരുന്നത് വാശിയാണോ? വൈരാഗ്യമാണോ? പിന്നെ ചിന്തിക്കും. എനിക്കു പാടില്ലാത്തതാണ്, തെറ്റിപ്പോയി. എനിക്ക് കോപം വന്നത് തെറ്റിപ്പോയി. വാശി വന്നത് തെറ്റിപ്പോയി. ദൈവത്തോടുപറയും, ശരിയാകും. പക്ഷേ, ആദ്യം വരുന്നത് പാപമാണ്. നമ്മുടെ രക്തത്തിൽ പാപം അലിഞ്ഞു കിടപ്പുണ്ട്.

നിങ്ങളുടെ സ്വഭാവത്തിൽ പാപത്തിന്റെ മാലിന്യമുണ്ട് എന്നു തിരിച്ചറിയുന്നതാണ് ഏറ്റവും വലിയ ജ്ഞാനം. പാപപ്രവണത എന്റെ ഹൃദയത്തിലുണ്ട്, എന്റെ സ്വഭാവത്തിലുണ്ട് എന്ന് തിരിച്ചറിയുക. തിരിച്ചറിഞ്ഞ് ഈ പ്രവണത മാറ്റിത്തരണമേ എന്നു പ്രാർത്ഥിക്കുക. എന്റെ കർത്താവേ, എന്റെ സ്വഭാവം മാറ്റാൻ എന്നെക്കൊണ്ട് സാധിക്കുന്നില്ല. മദ്യപാനം മാറ്റാം. പുകവലി മാറ്റാം. കഞ്ചാവുപയോഗിക്കുന്നതു മാറ്റാം. പക്ഷേ, എന്റെ സ്വഭാവത്തിലുള്ള മാലിന്യങ്ങൾ എങ്ങനെ മാറ്റും? എന്റെ സ്വഭാവത്തിലെ ആദ്യം വരുന്ന പ്രതികരണം എങ്ങനെ മാറ്റും? എന്റെ സ്വഭാവത്തിലുള്ള പരുഷത എങ്ങനെ മാറ്റും?

എന്തെങ്കിലും കണ്ടാൽ പെട്ടെന്നു വരുന്നത് അശുദ്ധ ചിന്തയാണ്. ചിന്തകൾ അഴുക്കായ രീതിയിലാണ് പോകുന്നത്. ഇതെങ്ങനെ മാറ്റും? കർത്താവേ, എന്നെക്കൊണ്ട് സാധ്യമല്ല.

ഇതറിഞ്ഞ് ഏറ്റുപറഞ്ഞുകൊണ്ട് പ്രാർത്ഥിക്കണം. വേണ്ട, എന്റെ ജീവിതത്തിൽ ഈ സ്വഭാവത്തോടുകൂടി മുമ്പോട്ടു പോകാൻ സാധിക്കുകയില്ല. നിങ്ങൾ ആത്മാർത്ഥമായി ആഗ്ര ഹിച്ചു പ്രാർത്ഥിക്കുകയാണെങ്കിൽ അക്കാര്യം കർത്താവു സാധിപ്പിച്ചു തരും. പരിശുദ്ധാത്മാവിന്റെ തീയ് നിങ്ങളുടെമേൽ കത്തിക്കത്തി മുഴുവനായിട്ട് രൂപാന്തരപ്പെടുത്തിത്തരും.

പത്രോസും യോഹന്നാനും ദൈവാലയത്തിലേക്കു പോകുമ്പോൾ ഈ മുടന്തൻ അവരെ കണ്ടു.

*"അവൻ പത്രോസും യോഹന്നാനും ദൈവാലയ ത്തിൽ കടപ്പാൻ പോകുന്നതുകണ്ടിട്ട് ഭിക്ഷ ചോദി ച്ചു. പത്രൊസ് യോഹന്നാനോടുകൂടെ അവനെ ഉറ്റുനോക്കി: 'ഞങ്ങളെ നോക്കൂ' എന്നു പറഞ്ഞു. അവൻ വല്ലതും കിട്ടും എന്നു കരുതി അവരെ സൂക്ഷിച്ചു നോക്കി. അപ്പോൾ പത്രൊസ്: "വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളതു നിനക്കു തരുന്നു: നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നുപറഞ്ഞു അവനെ വല ങ്കൈയ്ക്കു പിടിച്ച് എഴുന്നേൽപ്പിച്ചു."*

*അപ്പൊ. പ്രവൃത്തികൾ 3 : 3 – 7*

പത്രോസിന്റെയും യോഹന്നാന്റേയും കൈയിൽ വെള്ളിയും പൊന്നും ഒന്നും ഇല്ല. നീ ഭിക്ഷ യാചിച്ചാണല്ലോ ഞങ്ങളെ നോക്കുന്നത്. പക്ഷേ, അതൊന്നും തരാൻ ഞങ്ങളുടെ കൈയിലില്ല. വെള്ളിയും പൊന്നും ഞങ്ങൾക്കില്ല. പക്ഷേ, കർത്താവായ യേശുവിന്റെ നാമം എന്റെ കൈവശമുണ്ട്. പരി ശുദ്ധാത്മാവ് എന്റെ ഉള്ളത്തിലുണ്ട്. ക്രിസ്തു എന്നിലുണ്ട് ഞങ്ങളെ നോക്കൂ. ഞങ്ങളെ നോക്കൂ എന്നതുകൊണ്ട് അർത്ഥ മാക്കിയത്, ഞങ്ങളിലുള്ള ക്രിസ്തുവിനെ നോക്കൂ എന്നാണ്.

ഒരു മനുഷ്യനെ ആശ്രയിച്ചാൽ നിങ്ങൾ രക്ഷപ്പെടുക യില്ല; വ്യക്തമാണ്. നിങ്ങൾ ആശ്രയിക്കേണ്ടത് കർത്താവായ

യേശുവിനെയാണ്. യേശുക്രിസ്തുവിലേക്കു നിങ്ങൾ നോക്കുക. ക്രിസ്തുവിനെ നിങ്ങൾ കാണുക.

നിങ്ങളുടെ ഹൃദയം ക്രിസ്തുവിലേക്ക് ഉയർത്തുക. അതൊരനുഭവമാണ്. ഞങ്ങളെ നോക്കൂ എന്നാണ് പത്രോസ് പറഞ്ഞത്. കാരണം, പത്രോസിനറിയാം ഹൃദയത്തിൽ ക്രിസ്തു തിങ്ങി നിൽക്കുന്നു എന്ന്. ക്രിസ്തുമയമാണ്. വല്ലതും കിട്ടും എന്നു വിചാരിച്ച് അവൻ അവരെ നോക്കി.

"കർത്താവായ യേശുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്ക എന്നു പറഞ്ഞ് അവന്റെ വലങ്കൈക്കു പിടിച്ച് എഴുന്നേൽപ്പിച്ചു. അവന്റെ കാലും നരിയാണിയും ഉറച്ചു. അവൻ നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ദൈവാലയത്തിലേക്കു പോയി."

വരൾച്ച മാറി. അവന്റെ കൈയിൽ പിടിച്ചതു പത്രോസാണ്. അവനെ എഴുന്നേൽപ്പിച്ചതു പത്രോസാണ്. പക്ഷേ, അവന്റെ കൈയിൽ പിടിച്ചത് കർത്താവായ യേശുക്രിസ്തുവായിരുന്നു. അതുകൊണ്ടല്ലേ പൗലോസ്ശ്ലീഹാ നടന്നു പോകുമ്പോൾ പൗലോസ്ശ്ലീഹായുടെ നിഴൽ ഉള്ളേടത്തു രോഗിയെ കൊണ്ടുനിർത്തിയാൽ രോഗി എഴുന്നേൽക്കുമായിരുന്നത്.

പൗലോസ്ശ്ലീഹായുടെ ഉള്ളത്തിൽ യേശുക്രിസ്തു മുഴുവനായി തിങ്ങി നിറഞ്ഞിരുന്നു. നിങ്ങൾ ക്രിസ്തുമയമായിത്തീരാൻ ആഗ്രഹിക്കണം. എന്നെ ആരും കാണണ്ട. എന്നെ ആരും പ്രശംസിക്കണ്ട. എനിക്ക് ഒരിടത്തും പോയി വിളങ്ങണ്ട. ഇവിടെ, ഈ ഭൂമിയിൽ വിളങ്ങിയതുകൊണ്ട് ഒരു കാര്യവുമില്ല. അക്കരെ ചെല്ലുമ്പോൾ കർത്താവ് കാണുന്നതുപോലെയാണ് കാര്യങ്ങൾ. ആരെല്ലാം പ്രശംസിച്ചാലും ഒരു പ്രയോജനവുമില്ല. ഹൃദയം കാണുന്ന യേശുവേ, ക്രിസ്തു എന്നിൽ നിറഞ്ഞു നിൽക്കുന്ന ഭാഗ്യം തരണേ. എനിക്ക് യേശു മയമായിത്തീരണം. യേശുവിന്റെ പ്രതിനിധിയായിത്തീരണം. ഇങ്ങനെ നിങ്ങൾ സമർപ്പിക്കണം.

നിത്യനായ ദൈവത്തിന്റെ സ്ഥാനാപതിയായി, ദൈവത്തിന്റെ പ്രതിപുരുഷനായി നിൽക്കുക എന്നത് വലിയ പദവിയാണ്. വലിയ ഭാഗ്യമാണ്. കർത്താവേ, എന്നെ മുഴുവനായി ഒരു ആത്മീയനാക്കി മാറ്റണമേ എന്ന് പ്രാർത്ഥിക്കൂ. കർത്താവേ, ഞാൻ പൂർണ്ണമായി ആത്മീയനാകുന്നത് നിന്റെ വേല ചെയ്യാനല്ല. എന്റെ ആത്മീയത്വം മറ്റുള്ളവർ കാണാൻ വേണ്ടിയല്ല. കർത്താവേ, ഒരേ ഒരു ലക്ഷ്യം. ഹൃദയം കാണുന്ന ക്രിസ്തു എന്നിൽ പ്രസാദിക്കണം. ഒരുനാൾ ഞാൻ കടന്നുവരുമ്പോൾ “നല്ലവനും വിശ്വസ്തനുമായ ദാസനേ,” എന്ന തിരുശബ്ദം കേൾക്കാൻ എനിക്കിടയാകണം. ഈ ഒരു ദാഹം നമുക്കു വരണം.

നിങ്ങൾക്കിപ്പോൾ എന്താവശ്യമാണ് നടന്നു കിട്ടേണ്ടത്? ആ മുടന്തനാവശ്യം കുറച്ചു ഭിക്ഷ കിട്ടണം എന്നുള്ളതായിരുന്നു. പക്ഷേ, നിത്യനായ ദൈവം അവന്റെ ജന്മനാ ഉള്ള മുടന്ത് മാറ്റിക്കൊടുക്കുകയാണ് ചെയ്തത്.

നിന്റെ ജന്മനാ ഉള്ള മുടന്ത് നിന്റെ പാപമാണ്. ജനിക്കുമ്പോൾ തന്നെ പാപത്തോടുകൂടിയാണ് നീ ജനിച്ചത്. നിന്റെ പാപം മാറ്റിത്തരുന്നു, മുടന്ത് മാറ്റിത്തരുന്നു. നിനക്ക് സുഗമമായി നടക്കാനുള്ള കഴിവ് തരുന്നു. വിശുദ്ധന്മാരുടെ നിരയിൽ നിൽക്കുവാനുള്ള കൃപ തരുന്നു. ഒരുനാൾ ഈ ഭൂമിയിൽ നിന്നു നീ കടന്നുപോകുമ്പോൾ അക്കരെ ദേശത്തേക്ക് മാലാഖമാർ നിന്നെ കൂട്ടിക്കൊണ്ടു പോകുന്നു. കർത്താവിന്റെ കൂടെ സ്വർണ്ണത്തെരുവീഥിയിൽക്കൂടി നീ നടക്കുന്നു.

ആദാമിന്റെ കൂടെ ദൈവം ഏദെൻതോട്ടത്തിൽക്കൂടി നടന്നതുപോലെ നിത്യനായ ദൈവത്തിന്റെ കൂടെ നമുക്കും നടക്കാം. കർത്താവ് നമ്മെയും ചേർത്തണച്ചു നടത്തും. കണ്ണീരില്ലാദേശത്തേക്ക്, രോഗമില്ലാദേശത്തേക്ക്, അംഗഭംഗമില്ലാത്ത ദേശത്തേക്ക് നാം എത്തിച്ചേരും. അവിടെ സന്തോഷം മാത്രം. സ്നേഹം മാത്രം.

അവിടെ പരിഭവമില്ല, പരാതിയില്ല, അഭിപ്രായ വ്യത്യാസമില്ല. എന്നാൽ ഇന്ന്, ഈ ഭൂമിയിൽ ജീവിക്കുമ്പോൾ സ്വർണ്ണത്തെരുവീഥിയുടെ അനുഭവത്തിൽ ജീവിക്കാൻ നിങ്ങൾക്ക് താത്പര്യമുണ്ടോ? സ്നേഹം മാത്രമായി ജീവിക്കാൻ. വാക്കിലല്ല, ഹൃദയത്തിൽ സ്നേഹം. പുറമെയല്ല, അകത്ത് സ്നേഹം. യാതൊരു ലാക്കുമില്ലാത്ത സ്നേഹം. ഒന്നും പ്രതീക്ഷിക്കാത്ത സ്നേഹം. പ്രതിഫലം ആഗ്രഹിക്കാത്ത സ്നേഹം.

ആ സ്നേഹം നമ്മിൽക്കൂടി മറ്റുള്ളവരിലേക്ക് പകരാൻ കർത്താവാഗ്രഹിക്കുന്നു. സ്വർഗ്ഗീയസ്നേഹമാകുന്ന ജീവജലം പകരാനുള്ള പൈപ്പായിട്ട് ദൈവം നമ്മെ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു.

ക്രിസ്തുവിന്റെ സ്നേഹമാണു പകരുന്നത്. ക്രിസ്തുവിന്റെ ജീവനാണു പകരുന്നത്. ക്രിസ്തുവിന്റെ ആത്മാവാണ് പകരുന്നത്. യേശുവിങ്കലേക്ക് നിങ്ങളുടെ ഹൃദയം ഉയർത്തുക. കർത്താവേ, നിന്റെ ദിവ്യസ്നേഹം എന്നിലൂടെ പകരണമേ. ആ സ്നേഹത്തിൽക്കൂടി പരിശുദ്ധാത്മാവിന്റെ ശക്തി എന്നിലൂടെ ഒഴുകണമേ. ആ സ്നേഹത്തിൽക്കൂടി പരിശുദ്ധാത്മാവിന്റെ സൗഖ്യം എന്നിലൂടെ ഒഴുകണമേ. അതിന്നായി എന്നെ നീ വിശുദ്ധീകരിക്കണമേ.

അവൻ ചാടിയും തുള്ളിയും കൊണ്ട് ദൈവാലയത്തിലേക്ക് അവരോടൊപ്പം നടന്നു. അവനെ അവിടെ കൊണ്ടുവന്നിരുത്തിയവർ അമ്പരന്നു നോക്കി നിൽക്കുകയാണ്. അവനെക്കൊണ്ട് മുതലെടുത്തിരുന്നവരുടെ ആശ കൈവിട്ടുപോയി. അവൻ നടന്നും തുള്ളിയും കൊണ്ട് അപ്പൊസ്തലന്മാരുടെ കൂടെ ദൈവാലയത്തിലേക്ക് പോയി. ദൈവാലയത്തിൽ ചെന്നിട്ടും അവന് തുള്ളുന്നത് നിർത്താൻ പറ്റിയില്ല. അവൻ തുള്ളിക്കൊണ്ടേ ഇരുന്നു. ജനിച്ചനാൾ മുതൽ ഈ നാൽപ്പതു കൊല്ലവും നടക്കാതിരുന്നവന് ഇപ്പോൾ നടക്കാൻ പറ്റി. അവൻ നടന്നും തുള്ളിയും കൊണ്ട് ദൈവാലയത്തിലേക്ക് പ്രവേശിച്ചു.

ദൈവാലയം ഓരോ മനുഷ്യന്റേയും ജീവിതത്തിൽ ദൈവം തുറന്നു വച്ചിരിക്കുന്ന അനുഗ്രഹത്തിന്റെ കവാടമാണ്. അത് സ്വർഗ്ഗീയമായ അനുഗ്രഹസമൃദ്ധിയാണ്. സ്വർഗ്ഗീയമായ അനുഗ്രഹ സമൃദ്ധിയിലേക്കു കടന്നുവരാനുള്ള വാതിലാണ് ഈ മനോഹരമായ കവാടം. സുന്ദരം എന്ന ഗോപുരവാതിൽ. ഈ ഗോപുരവാതിലിൽക്കൂടി നമുക്ക് അകത്തേക്കു കടക്കാം.

കർത്താവേ, ഇന്ന് ഈ ഗോപുരവാതിലിൽക്കൂടി ഞാനിതാ അകത്തേക്കു വരുന്നു. ഇതുവരേയും നടക്കാതിരുന്ന ഞാനിതാ നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെടുത്തിയും കൊണ്ട് അകത്തേക്കു വരുന്നു. പാപത്തിനടിമയായിരുന്ന ഞാൻ പാപത്തോടു യാത്രപറഞ്ഞുകൊണ്ട് അകത്തേക്കു വരുന്നു. നാഥാ, നീ എന്നെ സ്വീകരിക്കണമേ. കർത്താവേ, നീ എന്നെ കൈക്കൊള്ളണമേ. എന്റെ പാപങ്ങൾ കണക്കിടല്ലേ. യേശുവേ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തത്താൽ എന്റെ പാപങ്ങൾ കഴുകിത്തരണമേ. സ്വർഗ്ഗീയ ആലയത്തിലേക്കു കടക്കാൻ എനിക്കു ഭാഗ്യം തരണമേ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസവീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. Caleb - A brave hero of faith
107. രക്ഷപ്രാപിപ്പാൻ ഞാൻ എന്ത്ചെയ്യേണം?
108. ശുഭമുദ്ര
109. Little Foxes

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

**എല്ലാ ദിവസവും, രാത്രി 8 : 30**
**പവർവിഷൻ TV**

**വെള്ളി രാത്രി 9 : 30**
**ആത്മീയയാത്ര TV**

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**ഞായർ രാവിലെ 6 : 30**
**ജീവൻ TV**

**തിങ്കൾ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ ഉച്ചയ്ക്ക് 2 : 00**
**ആത്മീയയാത്ര TV**

ടി.വി. പ്രോഗ്രാമുകൾ തത്സമയം : **www.crfgospel.tv & YouTube**

ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും: www.crfgospel.org

## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| **രണ്ടാം ശനിയാഴ്ച**<br>**സാക്ഷ്യയോഗം** | 9.00am - 2.00pm<br>4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള**<br>**രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും**<br>**(ബൈബിൾ ക്ലാസ്സ്)** | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച**<br>**(വനിതകളുടെ യോഗം)** | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച**<br>**യുവാക്കന്മാരുടെ യോഗം**<br>(15 വയസ് മുതൽ 35 വരെ) | 6.00pm - 9.00pm |